www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം കന്യാത്വഗീതങ്ങൾ

കോട്ടയം
2001

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# കന്യാത്വഗീതങ്ങൾ

No. 250

കോട്ടയം
2001

www.malankaralibrary.com

G. CHEDIATH (ed+ tr.), MAR APREM - KANYĀTVA GEETHANGAL
A Publication of Oriental Institute of Religious Studies, India
P.B.No. 10, Vadavathoor, Kottayam - 686 010

© G. Chediath, 2001

Price. Rs. 70.00
ISBN: 81-86063-87-0

Type Setting & Printing: WiGi Offset Printers,
Manganam, Kottayam -18, Ph: 570862

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| ആമുഖം | | 5 |
| അവതാരിക | | 7 |
| 1 | കന്യാത്വം - 1 | 9 |
| 2 | കന്യാത്വം - 2 | 14 |
| 3 | കന്യാത്വം - 3 | 20 |
| 4 | തൈലം - 1 | 25 |
| 5 | തൈലം - 2 | 32 |
| 6 | തൈലം - 3 | 39 |
| 7 | തൈലം - 4 | 44 |
| 8 | കർതൃപ്രതീകങ്ങൾ - 1 | 50 |
| 9 | കർതൃപ്രതീകങ്ങൾ - 2 | 54 |
| 10 | കർതൃപ്രതീകങ്ങൾ - 3 | 57 |
| 11 | കർതൃരഹസ്യങ്ങൾ | 60 |
| 12 | കർതൃപരീക്ഷണങ്ങൾ - 1 | 64 |
| 13 | കർതൃപരീക്ഷണങ്ങൾ - 2 | 70 |
| 14 | കർതൃപരീക്ഷണങ്ങൾ - 3 | 74 |
| 15 | സ്നാനം | 79 |
| 16 | നസ്രത്ത് - 1 | 82 |
| 17 | ഷേക്കേം - 1 | 86 |
| 18 | ഷേക്കേം - 2 | 90 |
| 19 | ഷേക്കേം - 3 | 94 |
| 20 | എഫ്രേം നഗരം - 1 | 98 |
| 21 | എഫ്രേം നഗരം - 2 | 102 |
| 22 | സമറിയാക്കാരി - 1 | 106 |

www.malankaralibrary.com


| | | |
|---|---|---|
| 23 | സമറിയാക്കാരി - 2 | 114 |
| 24 | കന്യാത്വം - 4 | 117 |
| 25 | യോഹന്നാൻ ശ്ലീഹാ | 121 |
| 26 | ശിഷ്യകളായ സ്ത്രീകൾ | 128 |
| 27 | സോളമനും ഷേബാരാജ്ഞിയും | 133 |
| 28 | കർതൃപ്രതീകങ്ങൾ - 4 | 136 |
| 29 | കർതൃപ്രതീകങ്ങൾ - 5 | 141 |
| 30 | കർതൃപ്രതീകങ്ങൾ - 6 | 145 |
| 31 | കർതൃജനനങ്ങൾ | 149 |
| 32 | നസ്രത്ത് - 2 | 154 |
| 33 | കാനാ - 1 | 158 |
| 34 | കാനാ - 2 | 162 |
| 35 | ജറീക്കോ | 166 |
| 36 | സഭ | 171 |
| 37 | വിശ്വാസം | 175 |
| 38 | ലോത്തും പെൺമക്കളും | 179 |
| 39 | കൃതജ്ഞതാഗീതം - 1 | 181 |
| 40 | കൃതജ്ഞതാഗീതം - 2 | 184 |
| 41 | കൃതജ്ഞതാഗീതം - 3 | 187 |
| 42 | യോനാ - 1 | 188 |
| 43 | യോനാ - 2 | 191 |
| 44 | യോനാ - 3 | 193 |
| 45 | യോനാ - 4 | 196 |
| 46 | യോനാ - 5 | 199 |
| 47 | യോനാ - 6 | 202 |
| 48 | യോനാ - 7 | 204 |
| 49 | യോനാ - 8 | 206 |
| 50 | യോനാ - 9 | 209 |
| 51 | പ്രകാശം - 1 | 211 |
| 52 | പ്രകാശം - 2 | 216 |

www.malankaralibrary.com

# ആമുഖം

സഭാപിതാവായ മാർ അപ്രേമിൻെറ (+373) *കന്യാത്വഗീതങ്ങൾ* ആദ്യമായിട്ടാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. *പറുദീസാഗീതങ്ങൾ* എന്ന കൃതിയിൽ അപ്രേമിൻെറ ഒരു ലഘുജീവചരിത്രം കൊടുത്തിട്ടുണ്ട്.[1] വിവിധ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗീതങ്ങളുടെ സമാഹാരമാണ് കന്യാത്വഗീതങ്ങൾ. കുറച്ചു ഗീതങ്ങൾ മാത്രമേ കന്യാത്വത്തെപ്പറ്റി ചർച്ചചെയ്യുന്നുള്ളു. 52 ഗീതങ്ങളുടെ ഈ സമാഹാരത്തിലെ തലക്കെട്ടുകൾ മൂലത്തിലില്ല. ഒരേ വിഷയം ചർച്ചചെയ്യുന്ന ഗീതങ്ങൾക്കെല്ലാം ഒരേ രാഗമാണ്. ആദ്യത്തെ മൂന്ന് ഗീതങ്ങളും ഇരുപത്തിനാലാം ഗീതവും കന്യാത്വത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. പഴയനിയമത്തിൽ നിന്ന് കന്യാത്വത്തിന് ചില ദൃഷ്ടാന്തങ്ങൾ എടുത്തു കാണിക്കുന്നു. ജീവവൃക്ഷവുമായി ഒട്ടിക്കപ്പെട്ടവരാണ് കന്യകകൾ. അവർ നിത്യമണവാളൻെറ വധുവും ആലയവും രാജകൊട്ടാരവുമാണ്. അവർ നിത്യസൗന്ദര്യത്തെ നിരന്തരം ധ്യാനിക്കുന്നു. ഉന്നതത്തിൽ കൂടുകെട്ടുകയും ഉയരത്തിൽ പറക്കുകയും ചെയ്യുന്ന വാനമ്പാടിയാണ് കന്യാത്വം.

ഗീതം 4-7 : "തൈലം അഥവാ എണ്ണ, ഒലിവ്, കർതൃപ്രതീകങ്ങൾ" എന്ന സമാഹാരമാണ്. അപ്രേമിൻെറ പ്രതീകാത്മകദൈവശാസ്ത്രം ഇതിൽ വ്യക്തമാണ്. എണ്ണ സൗഖ്യമാക്കുന്നു, ശരീരത്തെ പോഷിപ്പിക്കുന്നു, ആരോഗ്യം പ്രദാനം ചെയ്യുന്നു. അതിൻെറ പ്രതീകത്തിലൂടെ അത് മനസ്സിന് ആരോഗ്യം നൽകുന്നു. കൂദാശകളുടെ സൗഖ്യദായകശക്തിയിലേക്ക് വിരൽചൂണ്ടുന്നതാണ് എണ്ണയുടെ ആരോഗ്യദായകശക്തി! ഗീതം 8-10 കർതൃപ്രതീകങ്ങളും 11-14 കർതൃരഹസ്യങ്ങളും കർതൃപരീക്ഷണങ്ങളും ചർച്ചചെയ്യുന്നു. ഗീതം 8-10 : സുറിയാനി അക്ഷരമാല ക്രമത്തിലാണ് എഴുതിയിരിക്കുന്നത്. അതേരീതിയാണ് ഗീതം 47-49 നും ഉള്ളത്.

1. ജി. ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001 (*OIRSI* - 249) 3ff.

www.malankaralibrary.com

ഗീതം 13-31 : തിരുലിഖിതത്തിലും പ്രകൃതിയിലുമുള്ള കർതൃസാന്നിധ്യം ചർച്ച ചെയ്യുന്നു. ഒരേ രാഗത്തിലുള്ള 18 ഗീതങ്ങളുടെ ഒരു സമാഹാരമാണിത്. യൂദർ, ആരിയർ, മാർസ്യനീത്തർ ആദിയായവരെ അപ്രേം തൻെറ ഗീതങ്ങളിൽ കുറ്റപ്പെടുത്തുന്നു. ഷേക്കേമിനെ സൃഷ്ടിയുടെയും പുറജാതികളിൽ നിന്നുള്ള വിശ്വാസികളുടെ സഭയുടെയും പ്രതീകമായി ഗീതം 17-19-ൽ ചിത്രീകരിക്കുന്നു. സമറിയാക്കാരിയും പുറജാതികളുടെ സഭയുടെ പ്രതീകമാണ് (22-23). സമറിയാക്കാരിയെ വ്യത്യസ്ത വീക്ഷണത്തിലാണ് അപ്രേം കാണുക. അവളെ വ്യഭിചാരിണിയായിട്ടല്ല, നല്ലവളായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. സാറാ, താമാർ എന്നിവരെപ്പോലെയാണവൾ! യേശു അവളുടെ രഹസ്യം വെളിപ്പെടുത്തി. പടിപടിയായി അവിടുന്ന് രക്ഷിച്ചുയർത്തുന്ന മനുഷ്യകുലത്തെ ഈ സ്ത്രീ സൂചിപ്പിക്കുന്നു. ഗീതം 28-30 കർത്താവിൻെറ മൂന്നു കിന്നരങ്ങളെപ്പറ്റിയാണ്: പഴയനിയമം, പുതിയനിയമം, പ്രകൃതി. കർത്താവിൻെറ പ്രതീകങ്ങൾ ഇവ മൂന്നിലും എങ്ങനെ മറഞ്ഞിരിക്കുന്നു എന്ന് വിവരിക്കുന്നു. ഗീതം 32 മുതൽ 41 വരെ കൃതജ്ഞതാ ഗീതങ്ങളാണ്. വിവിധ കാരണങ്ങൾകൊണ്ട് കർത്താവിനു നന്ദിപറയാൻ അപ്രേം നഗരങ്ങളെയും വ്യക്തികളെയും ക്ഷണിക്കുന്നു: നസ്രത്, ഈജിപ്ത്, ബത്സയ്ദാ, കാനാ, നയിൻ, ജറീക്കോ, ഒലിവുമല; ശിമയോൻ എന്ന ആചാര്യൻ, രക്തസ്രാവക്കാരി, യായീറോസിൻെറ മകൾ, കനാൻകാരി, പാപിനി, മാർത്താ, മറിയം. ഗീതം 42-50 യോനായെപ്പറ്റിയും നിനിവേയെപ്പറ്റിയുമാണ്. ഇത് മറ്റൊരു സമാഹാരമാണ്. അവസാനത്തെ രണ്ടെണ്ണം (51-52) മറ്റൊരു സമാഹാരമാണ്.

ഈ സമാഹാരം പ്രസിദ്ധീകരിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്.[2] ഇതിൻെറ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു.

മലങ്കര സെമിനാരി
നാലാഞ്ചിറ, തിരുവനന്തപുരം,
ജൂലൈ 16, 2001

ജി. ചേടിയത്ത്

---

2. Kathleen E. McVey, *Ephrem the Syrian, Hymns,* New York, 1989, p. 259-468; E.Beck, *Des heiligen Ephraem des Syrers Hymnen de Virginitate,* Louvain 1962 (*csco* 223-224).

www.malankaralibrary.com

# അവതാരിക

സുറിയാനി സഭാപിതാവായ മാർ അപ്രേമിൻെറ കൃതികളിൽ സുപ്രധാനമാണ് 'കന്യാത്വഗീതങ്ങൾ'. കവിയുടെയും ദൈവശാസ്ത്രജ്ഞൻെറയും ആധ്യാത്മികാചാര്യൻെറയും സിദ്ധികൾ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന അദ്ദേഹത്തിൻെറ ഈ ഗീതങ്ങൾ ആധ്യാത്മിക ദൈവശാസ്ത്രത്തിന് വലിയ മുതൽക്കൂട്ടാണ്.

ഈ ഗ്രന്ഥത്തിൽ കന്യാത്വത്തെപ്പറ്റി കുറച്ചുഗീതങ്ങളേ ഉള്ളുവെങ്കിലും, ബന്ധപ്പെട്ട മറ്റു പല വിഷയങ്ങളെക്കുറിച്ചുള്ള ഗീതങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കന്യാത്വം ഏറ്റവും വലിയ നിധിയാണെന്നും, അത് ജീവനേക്കാൾ വിലപ്പെട്ടതാണെന്നും, അതു നശിപ്പിക്കുന്നവർക്ക് വലിയ ശിക്ഷയുണ്ടാകും എന്നെല്ലാം അപ്രേം രണ്ടാം ഗീതത്തിൽ ശക്തമായി പറഞ്ഞുവയ്ക്കുന്നു. മനുഷ്യശരീരം പരിശുദ്ധാത്മാവിൻെറ ആലയമാണെന്നും, അധമപ്രകൃതിയെ നിയന്ത്രിച്ച് അതിനെ വിശുദ്ധമായി കാക്കണമെന്നും അതേ ഗീതത്തിൽ ഉപദേശിക്കുന്നു.

കർതൃഗീതങ്ങളിൽ, കർതൃപ്രതീകങ്ങൾ, കർത്താവിൻെറ പരീക്ഷണങ്ങൾ തുടങ്ങി കർത്താവിൻെറ ജീവിതവും പ്രവർത്തനവുമായി ബന്ധപ്പെട്ട നസ്രത്, കാനാ, ജറീക്കോ തുടങ്ങിയ സ്ഥലങ്ങൾ, യോനാ, വിശ്വാസം, സഭ, പ്രകാശം തുടങ്ങിയ പ്രമേയങ്ങൾ ആദിയായവയെല്ലാം പ്രതിപാദിക്കപ്പെടുന്നു.

യായീറോസിൻെറ പുത്രി മുതൽ പീലാത്തോസിൻെറ ഭാര്യവരെയുള്ള, സുവിശേഷത്തിലെ സ്ത്രീകൾ ഈശോയുടെ ശിഷ്യരാണ്. കർത്താവ് നാല്പതുദിവസം പ്രാർത്ഥനയിലും തപസ്സിലും ചെലവഴിച്ച മരുഭൂമി ഭാഗ്യവതിയാണെന്നും നിശ്ശബ്ദതകൊണ്ട് ഒരു കിരീടം അവൾ അവിടുത്തേക്ക് മെനഞ്ഞെടുത്തു കൊടുത്തെന്നും മാർ അപ്രേം പാടുന്നത് മനോഹരമാണ്. തൈലത്തെപ്പറ്റിയുള്ള നാലാംഗീതത്തിൽ മാമോദീസായിൽ സംഭവിക്കുന്ന പുനർജനനത്തിൽ പ്രസവശുശ്രൂഷകനായി പുരോഹിതർ വർത്തിക്കുന്നു എന്നു പാടുമ്പോൾ പച്ചമനുഷ്യത്വത്തോടു തൊട്ടു

www.malankaralibrary.com

നില്ക്കുന്ന പ്രതീകങ്ങൾ ഉപയോഗിക്കുന്നതിൻെറ ഒരു ചെറിയ ഉദാഹരണം മാത്രമാണത്. പതിനൊന്നാം ഗീതമാണ് ഏറ്റവും സുന്ദരമായി എനിക്കു തോന്നുന്നത്. (കർതൃരഹസ്യങ്ങൾ 11:9) ഈശോയുടെ കുരിശുമരണത്തിൻെറയും പീഡാസഹനത്തിൻെറയും പാഠങ്ങൾ പ്രകൃതിയിൽ നിന്നെടുത്ത പ്രതീകങ്ങളിലൂടെ ഇതിൽ അദ്ദേഹം അവതരിപ്പിക്കുന്നത് നോക്കുക:

"ആണികളാൽ കുരിശിൽ തറയ്ക്കപ്പെടുകയും
തുളയ്ക്കപ്പെടുകയും ചെയ്തവനെപ്പോലെ
ഇരുമ്പും മുനയുള്ള ഉപകരണവും കൊണ്ട്
മുത്ത് കുത്തിത്തുളയ്ക്കപ്പെടുന്നു.
ആ തുളയ്ക്കൽവഴി മനുഷ്യർക്ക്
അത് അലങ്കാരവസ്തുവായിത്തീരുന്നു" (പേജ്. 61-62).

ഇതുപോലെതന്നെ കല്ല്, തടി, ഇരുമ്പ്, തങ്കം ഇവയൊക്കെ മനോഹര കലാസൃഷ്ടികളായി തീരുന്നത് കലാകാരന്മാരുടെ കഠിനാധ്വാനത്താൽ രൂപാന്തരപ്പെടുമ്പോഴാണ്. ഗോതമ്പുമണിയുടെയും മുന്തിരിയുടെയും തേനിൻെറയും സുഗന്ധദ്രവ്യങ്ങളുടെയും ചരിത്രം ഈ സത്യം തന്നെ തെളിയിക്കുന്നു:

"യേശുവേ, നിൻെറ കർമങ്ങൾക്കു നാവും
നിൻെറ സഹായങ്ങൾക്കു സ്വരവും,
നിൻെറ സമൃദ്ധിക്ക് അളവും മതിയാകയില്ല.
നിൻെറ പിതാവിനു നിന്നിൽ മഹത്ത്വം".

എന്ന കൃതജ്ഞതാഗീതത്തിൻെറ (39:16; പേജ്.183) മനോഹാരിത ആലപിക്കുന്തോറും വർദ്ധിച്ചുവരികയയേ ഉള്ളു.

മാർ അപ്രേമിൻെറ ഈ മഹദ്ഗ്രന്ഥം വിശ്വസ്തമായി വിവർത്തനം ചെയ്ത് മലയാളികൾക്ക് സംഭാവന ചെയ്ത ബഹു. ചേടിയത്തച്ചനെ ഹൃദയപൂർവം അഭിനന്ദിക്കുകയും അച്ചൻെറ തൂലികയിലൂടെ അപ്രേമിൻെറ ഇതരകൃതികളും മലയാളികൾക്ക് മാതൃഭാഷയിൽ വായിക്കാനിടയാകട്ടെ എന്നാംശിക്കുകയും ചെയ്യുന്നു.

റവ. ഡോ. ജോസഫ് നടുവിലേഴം

പൗരസ്ത്യവിദ്യപഠം
കോട്ടയം
ജൂൺ 20-6-2001

www.malankaralibrary.com

# മാർ അപ്രേം

## ഗീതം 1

### കന്യാത്വം - 1

രീതി : "രാജകീയ വധു"

1. ശരീരമേ, നീ സ്നാനപ്പെട്ടപ്പോൾ ധരിച്ച പുതിയവസ്ത്രം
ആ പഴയമനുഷ്യൻ ഉപയോഗശൂന്യമാക്കാതിരിക്കാൻ[1]
പൂർണമായി വെറുക്കത്തക്ക അവനെ നീ ഉരിഞ്ഞുകളയുക.
കാരണം, അത് അവന് അർഹമായതു നൽകുന്നതിന്
എതിരായിരിക്കും.
അവനെ നീ ഉത്തേജിപ്പിച്ചാൽ
അവൻ നിന്നെ വീണ്ടും ഉപയോഗശൂന്യനാക്കും.
ശരീരമേ, എന്റെ ഉപദേശം അനുസരിക്കൂ;
തന്റെ തഴക്കങ്ങൾകൊണ്ട് അവൻ നിന്നെ ധരിക്കാതിരിക്കാൻ,
നിന്റെ ജീവിതരീതിയാൽ അവനെ ഉരിഞ്ഞുകളയുക.

*പ്രതിസ്തോത്രം: ഭൂവാനങ്ങളിലുള്ള എല്ലാ ശുദ്ധരിൽനിന്നും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ഉണ്ടായിരിക്കട്ടെ.*

---

1. കൊളോ. 3:9

www.malankaralibrary.com



**2.** കാരണം സ്നാനത്താൽ നമ്മുടെ കർത്താവ്
നിൻെറ വാർധക്യത്തെ നവീകരിച്ചു.
ജീവൻെറ നിർമാതാവായ[2] അവിടുന്ന്, തൻെറ രക്തത്താൽ
തൻെറ വാസത്തിന് ആലയം രൂപീകരിച്ച് പണിതുണ്ടാക്കി.
നവീകൃതമായ ആലയത്തിൽ ആ പഴയമനുഷ്യൻ
വസിക്കാൻ അനുവദിക്കരുത്.
ശരീരമേ, ദൈവം നിൻെറ ആലയത്തിൽ വസിക്കുന്നുണ്ടെങ്കിൽ,
നീയും അവിടുത്തെ രാജകീയാരമന ആയിത്തീരും.

**3.** പഠിപ്പിക്കുന്ന തിരുലിഖിതം; പ്രഘോഷിക്കുന്ന പ്രകൃതി:
രണ്ടും മനുഷ്യനെ പ്രബോധിപ്പിക്കുന്നു.
നിയമമില്ലാത്തവനെ അവൻ പാപത്തിലേക്കു നയിച്ചാൽ
പ്രകൃതി അവനെ ഗുണദോഷിക്കുന്നതിനും
നിയമത്തിന് വിധേയനായവനെ[3] പാപത്തിലേക്കു നയിച്ചാൽ
തിരുലിഖിതം അവനെ കുറ്റപ്പെടുത്തുന്നതിനുംവേണ്ടി
അവയ്ക്കിടയിൽ അവൻെറ തിന്മ വയ്ക്കപ്പെട്ടിരിക്കുന്നു.
സാത്താൻ മുറിവേല്പിക്കുന്നു;
എന്നാൽ അവയാകട്ടെ, നമ്മെ സുഖപ്പെടുത്തുന്നു:
ദുഷ്ടതയുടെ ഉപ്പൂറ്റിയിൽ ആത്മാനുതാപം പ്രവേശിക്കുന്നു.

**4.** മത്സരക്കാരെ അവ നിന്ദിച്ചു, അനുതാപികളെ നവീകരിച്ചു,
വിധിയാളന്മാരെ വിധിച്ചു.
വീണ്ടും, മത്സരക്കാരെ അവ കുറ്റപ്പെടുത്തുന്നു;
എന്നാൽ അനുതാപികളെ സുഖപ്പെടുത്തുന്നു.
എല്ലാ തലമുറകളിലും ചെറുപ്പമായിരിക്കുകയും
എല്ലാവരെയും പിൻചെന്ന് എല്ലാ നിമിഷവും ഉപദ്രവിക്കുകയും
ചെയ്യുന്ന ദുഷ്ടനെ അവ സഹിക്കുന്നു.

**5.** മനുഷ്യൻെറ ദുഷിച്ച അപഭ്രംശങ്ങളെ സംബന്ധിച്ച്
പ്രകൃതിയെയും നിയമത്തെയും ശ്രദ്ധിക്കുക;

---

2. 'ആശാരിയായ' എന്ന് പദാർത്ഥം.

3. യഹൂദർക്കു *നിയമവും* യഹൂദേതരർക്ക് സ്വാഭാവികനിയമവും ലഭിച്ചു എന്നു വിവക്ഷ.

www.malankaralibrary.com



കാരണം, ആ ജനം[4] നിയമത്തോടൊപ്പം വ്യഭിചാരം ചെയ്തു;
നിയമം ഇല്ലാത്ത ജാതികൾ[5] തങ്ങളുടെ സ്വാഭാവികബന്ധങ്ങൾക്കു
പകരം, പ്രകൃതിവിരുദ്ധമായി പ്രവർത്തിച്ചു.
വിപ്ലവകാരികൾ തങ്ങളുടെ അനുശാസനങ്ങളെ മാറ്റിമറിച്ചു എന്ന്
പ്രകൃതിയും നിയമവും മനുഷ്യനെതിരെ പരാതിപറഞ്ഞു.[6]

**6.** ശിഷ്യത്വത്തിൻെറ പേരിൽ ദുഷ്ടൻ
ബലഹീനരെ വിവാഹത്തിൽ നിന്നു വിലക്കി.[7]
എന്നാൽ അവർ നടുക്കായപ്പോൾ, തെറ്റുകുറ്റങ്ങളുടെ
നിന്ദനം അവൻ അവർക്കു പിമ്പിൽ നിരത്തി.
ദുരാഗ്രഹത്തിൻെറ കെണിയായ സൗന്ദര്യം
അവൻ വീണ്ടും അവരുടെ മുമ്പിൽ പ്രദർശിപ്പിച്ചു.
വിവാഹാവസ്ഥ സ്വീകരിക്കാൻ ലജ്ജിച്ചതിനാൽ
അവർ പാപക്കെണികളിൽ നിപതിച്ചു.

**7.** ഞങ്ങളുടെ സ്ഥലത്തേക്കിറങ്ങിവരികയും പരദേശിയെപ്പോലെ
ഞങ്ങളോടൊത്തു പാർക്കുകയും ചെയ്യുന്ന കന്യാത്വത്തെ,
ശരീരമേ, നീ എന്തിനു പീഡിപ്പിക്കുന്നു?
ആരെങ്കിലും അവളെ പിന്തുടർന്ന് അവളുടെ കൂട് പൊളിച്ചു
കളഞ്ഞാൽ അവൾക്കത് പിന്നെയും ഉണ്ടാക്കാൻ കഴിയാത്തതിനാൽ,
ഏകകൂട്ടിൽ ഇരുന്ന് വളരുന്ന ഈ വാനമ്പാടി ചിറകടിച്ച്
പെട്ടെന്ന് ഉയരത്തിലേക്ക് പറന്നുയരുന്നു.
അവൾ പോയിക്കഴിഞ്ഞാൽ അവൾ തൻെറ കൂട്
എന്നേക്കുമായി ഉപേക്ഷിക്കുന്നു.[8]

---

4. 'ആമ്മോ' - യഹൂദരെ കുറിക്കുന്നു. നിയമം = യഹൂദർക്കു ലഭിച്ചനിയമം (തോറാ). യഹൂദരെ കുറിക്കാൻ ഏകവചനത്തിൽ *ജനം* എന്നും മറ്റുള്ളവരെ കുറിക്കാൻ ബഹുവചനത്തിൽ *ജാതികൾ* (ജനതകൾ) എന്നും ഉപയോഗിക്കുന്നു.
5. 'ആമ്മേ' - യഹൂദർ അല്ലാത്തവരെ കുറിക്കുന്നു.
6. മനുഷ്യൻെറ സാർവത്രിക പാപാവസ്ഥയെപ്പറ്റിയുള്ള സൂചന: റോമാ 1-2.
7. വിവാഹം വിലക്കുന്ന *എൻക്രത്തീത്തർ* എന്ന ഒരു വിഭാഗം ആദിമസഭയിൽ ഉണ്ടായിരുന്നു; അവർക്കെതിരെയാണ് ഈ പരാമർശം.
8. 'ഒന്നുകിൽ ജീവിതകാലം മുഴുവൻ കന്യാത്വം പാലിക്കണം; അല്ലെങ്കിൽ, ആ ജീവിതരീതി ഉപേക്ഷിക്കണം' എന്ന് അപ്രേം പഠിപ്പിക്കുന്നു.

www.malankaralibrary.com



8. ഈറേ ദൂതന്മാരുടെ[9] ഉറ്റതോഴി ഓടിപ്പോകുമ്പോൾ,
പിശാചുക്കളുടെ സഖി അകത്തു കടക്കുന്നു:
യൗസേപ്പിനെ അനുധാവനം ചെയ്ത കന്യാത്വത്തെ
വെറുക്കുന്ന കാമാസക്തിയാണത്.
കാരണം, കന്യാത്വം ഈറേദൂതന്മാരെ കാമിച്ചു;
അവരുടെ ഔന്നത്യത്തിലേക്കുയരാൻ അവൾ പറക്കുന്നു.
ഈ വിനയാന്വിതയ്ക്കു പകരം, ഉജ്ജ്വലിക്കുന്നവൾ
അകത്തു കടന്ന് അവിടെ പാർക്കുന്നതിൽ കരയാത്തവൻ ആരുണ്ട്?

9. സ്വമനസ്സാ, വ്യഭിചാരം ചെയ്യാഞ്ഞതിനാൽ
സാറാ ഫറവോൻെറ മടിയിൽ പരിപാവനയായിരുന്നതുപോലെ[10]
വയലിൽ വച്ച് ഒരു കള്ളൻ നിന്നെ പിടികൂടി അവമാനിച്ചാൽ,
നീ കളങ്കരഹിതയാണ് എന്നതിൻെറ
സ്പഷ്ടമായ തെളിവാണ് അശുദ്ധൻെറ ബലപ്രയോഗം.
ബലപ്രയോഗത്താൽ മലിനരാക്കപ്പെട്ടവരെ പുരോഹിതനെപ്പോലെ
തൻെറ ഈസോപ്പുകൊണ്ട് മനസ്സ് ശുദ്ധീകരിക്കുന്നു.

10. തൻെറ തലമുറയിൽ ജേതാവായിരുന്ന
മഹനീയ നോഹയെ കീഴടക്കിയ വീഞ്ഞിനെ ഭയപ്പെടുക.[11]
പ്രളയജലത്തെ കീഴടക്കിയവനെ കുറച്ച് വീഞ്ഞു കീഴടക്കി.
ബാഹ്യമായി പ്രളയജലം കീഴടക്കാത്തവനെ
ആന്തരികമായി വീഞ്ഞ് കീഴടക്കി.
കുടുംബനാഥനായ നോഹയെ വിവസ്ത്രനാക്കി
താഴേക്കെറിഞ്ഞ വീഞ്ഞ്
ഏകാന്തവാസിയായ സ്ത്രീയേ,
നിന്നെ എത്രയധികമായി കീഴടക്കുകയില്ല!

11. ബലപ്രയോഗത്താൽ തൻെറ വാർധക്യത്തിൽ
ലോത്തിനെ കീഴടക്കിയ വീഞ്ഞിനുള്ള ആസക്തിയെ

---

9. ഒരു ഗണം മാലാഖമാർ, അവരുടെ ഉറ്റതോഴിയാണ് കന്യാത്വം. 'കന്യാത്വജീവിതം മാലാഖമാരുടെ ജീവിതമാണ്' എന്ന ചൊല്ലുണ്ടല്ലോ.

10. ഉല്പ. 12:10-20

11. ഉല്പ. 9:20-27

www.malankaralibrary.com



നീ ഭയപ്പെടുക.[12]
വീഞ്ഞ് അസാധ്യകാര്യങ്ങൾ പ്രവർത്തിച്ചു;
അതുവഴി സ്ത്രീകൾ ഗർഭിണികളായി.
എന്നാൽ എത്രയധികമായി അത് എളുപ്പമുള്ള
കാര്യങ്ങൾ ചെയ്യുകയില്ല:
മനുഷ്യർ ഇതുവഴി കന്യാത്വത്തിന്റെ
അടയാളങ്ങൾ മോഷ്ടിച്ചേക്കാം.
പെൺമക്കൾ വൃദ്ധന്റെ നിക്ഷേപം കൊള്ളയടിച്ചു;
നീ നിന്റെ നിക്ഷേപം യുവാക്കളിൽ നിന്ന് കാത്തുസൂക്ഷിച്ചാലും.

**12.** ദുഷ്കാമത്താൽ ഉന്മത്തനായവനെക്കാൾ
വീഞ്ഞിനാൽ ഉന്മത്തനായവനാണ് ഭേദം.
മുറുകിയ ബന്ധനങ്ങൾ അവനെ ബലഹീനനാക്കുന്നു.
അവന്റെ ചെങ്കോൽ നിന്ദ്യവും
അവന്റെ വടി ബലഹീനവുമാണ്.
ശാസനയും താക്കീതും അവന്റെ കേൾവിക്ക്
അമ്മൂമ്മക്കഥപോലെയാണ്.
ശകാരം അവന് സന്തുഷ്ടി പകരുന്നു.
മുഖത്തു കാർക്കിച്ചു തുപ്പിയാൽ
അവനത് പനിമഞ്ഞായി കരുതുന്നു.

**13.** അവന്റെ കാതുകളിൽ അടിക്കുന്ന ശബ്ദതരംഗങ്ങൾ
അവന്റെ മനസ്സിലെത്തുന്നില്ല.
അവന്റെ കാതുകളുടെ കവാടങ്ങൾ രണ്ടും തുറന്നിരിക്കുകയാണ്;
ഒരു ചെവിയിൽ കൂടി കേൾക്കുന്ന വാക്ക്
മറ്റേ ചെവിയിൽ കൂടി കടന്നുപോകുന്നു.
അവൻ ശ്രവിക്കുന്നു എന്ന് അവന്റെ ഗുരുവിന് തോന്നിയേക്കാം.
എന്നാൽ അതു സ്വീകരിക്കാൻ ഒരിടം
അവന്റെ മനസ്സിൽ ഇല്ലാത്തതിനാൽ,
തന്റെ താക്കീത് ഉള്ളിൽ നിന്ന് പുറത്തേക്കു
കടന്നുപോകുന്നു എന്ന കാര്യം ഗുരു അറിയുന്നില്ല.

---

12. ഉല്പ. 19:30-38

www.malankaralibrary.com



**14.** അവൻെറ ചിന്തയുടെ വിസ്തൃതമായ ഉൾഭാഗം,
നിറഞ്ഞതും തിക്കിക്കൊള്ളിച്ചതും ഞെരുങ്ങിയതുമാണ്.
അടിച്ചുകയറിയ ഒരു തുള്ളി സ്നേഹത്തിൽ നിന്ന്
ഒരു വലിയ കടൽ ഉണ്ടാകുന്നു.
തകർന്ന കപ്പലിലെ യാത്രക്കാരനെപ്പോലെ
ചിന്തകൾ പൊങ്ങുകയും താഴുകയും ചെയ്യുന്നു.
കപ്പിത്താൻ ഉപേക്ഷിച്ചുകളഞ്ഞ കപ്പൽപോലെ
കാമത്തിരമാലകളിൽ അവൻെറ ചിന്തകൾ ആടിയുലയുന്നു.

# ഗീതം 2

## കന്യാത്വം - 2

അതേ രാഗം

**1.** കുഞ്ഞാടിൻെറ വേഷത്തിൽ സൂത്രശാലിയായ
അമ്നോൻ ആ പെണ്ണാടിനെ സമീപിച്ചു.
അവളുടെ സേവനത്തിലൂടെ അവളെ വഴിതെറ്റിക്കാനായി
പദ്ധതി ഇണക്കിക്കൊണ്ട്, അവൻ തൻെറ പണി നടത്തി.
രോഗം നടിച്ച് അവശനായി കിടന്നവൻ
ക്രൂരത കാട്ടാൻ എഴുന്നേറ്റ്, തൻെറ നിന്ദനത്തിനായി
പരിണമിച്ച കിരീടത്തിൽ കടന്നുപിടിച്ചു.
അവളുടെ കൂട്ടിൽ കന്യാത്വം സുരക്ഷിതമാണെന്ന് കണ്ട്
കാപട്യത്തോടുകൂടി അവളെ തൻെറ ഗുഹയിൽ കയറ്റി.
എന്നിട്ട് അവളെ അവൻ കടന്നുപിടിച്ചു.

*പ്രതിസ്തോത്രം: ജനതകളുടെ[13] ഇടയിൽ കന്യാത്വം പ്രദാനം ചെയ്ത പരിപാവനന് എല്ലാ ശുദ്ധരിൽനിന്നും സ്തുതി ഉണ്ടായിരിക്കട്ടെ.*

**2.** കന്യകയേ, അവൻെറ വിശപ്പ് ഒരു സൂത്രമായിരുന്നു;
എന്നാൽ നീ നിഷ്കളങ്കയായിരുന്നു;

---

13. 'ആമ്മേ' - ജാതികൾ അഥവാ ജനതകൾ (യഹൂദർ അല്ലാത്തവർ).

www.malankaralibrary.com



കാരണം, നിന്നെ തേടിയ അമ്നോൻ ഭക്ഷണം തേടി.
എന്നാൽ യഥാർത്ഥത്തിൽ ആ കൗശലക്കാരൻ
ഭക്ഷണമല്ല തേടിയത്.
ആഹാരത്തിനല്ല അവനു വിശന്നത്;
പിന്നെയോ, ആഹാരത്തിലൂടെ
തൻെറ ജഢമോഹത്തെ അവൻ താലോലിച്ചു.
അതിനവനു വിശന്നു.
തനിക്കു വേണ്ടതു ലഭിക്കാനായി യഥാർത്ഥത്തിൽ
തനിക്കു വേണ്ടാത്ത ഒന്ന് ചതിയൻ തേടി.

3. അവൻ തേടിയത് ഹൃദയങ്ങളായിരുന്നു -
ഹൃദയശൂന്യർക്കായി ബുദ്ധിമാൻ ഹൃദയങ്ങൾ നിർമ്മിച്ചു.
അവനൊരു സർപ്പമായിരുന്നു.
അവൻെറ സൂത്രം അവൾ ശ്രദ്ധിക്കാതിരിക്കാനും
അവളെ മാനഭംഗപ്പെടുത്താനുമായി
അവൻെറ കൗശലത്തിൽ അവൻ രോഗം നടിച്ചു.
കാമാസക്തി വഞ്ചിക്കുകയും
കന്യാത്വത്തെ കളങ്കപ്പെടുത്തുകയും ചെയ്തപ്പോൾ
കടുംകോപം വഞ്ചിക്കുകയും
ദുരാഗ്രഹം നശിപ്പിക്കുകയും ചെയ്തു.

4. തൻെറ മുത്ത് നഷ്ടപ്പെട്ടെന്നു കണ്ട താമാർ
തൻെറ വസ്ത്രം കീറി.
തൻെറ വസ്ത്രത്തിനുപകരം
അവൾക്കു മറ്റൊന്നു സമ്മാനിക്കാമായിരുന്നു.
എന്നാൽ തൻെറ കന്യാത്വത്തിനു പകരം മറ്റൊന്നുണ്ടായിരുന്നില്ല.
കാരണം, മോഷ്ടിക്കപ്പെട്ടാൽ അതിനെ പിന്നെ കണ്ടെത്താനാവില്ല.
കന്യാത്വമേ, ആർക്കും നിന്നെ നഷ്ടപ്പെടുക എളുപ്പമാണ്;
എന്നാൽ നിൻെറ വീണ്ടെടുപ്പ്
എല്ലാറ്റിൻെറയും നാഥനുമാത്രം സാധിക്കുന്നതാണ്.

5. നിശ്ശബ്ദയായിരിക്കുന്നതിൽ താമാർ ഭയപ്പെട്ടു;
എന്നാൽ പുറത്തുപറയാൻ അവൾ ലജ്ജിച്ചു.

www.malankaralibrary.com



നിശ്ശബ്ദയായിരിക്കാനും പുറത്തുപറയാനും
അവൾ അശക്തയായി തീർന്നു.
അതിനാൽ തൻെറ നിഗൂഢമായ
കന്യാത്വാടയാളങ്ങൾ മോഷ്ടിക്കപ്പെട്ടു എന്ന്
ദൃശ്യമായ തുണിക്കഷണം നിശ്ശബ്ദമായി
നിലവിളിക്കുന്നതിനുവേണ്ടി അവൾ തൻെറ വസ്ത്രം കീറി.
തൻെറ ഏറ്റവും വലിയ മുത്തിനുപകരം,
തൻെറ പവിഴക്കൂമ്പാരമൊന്നും അവളെ സമാശ്വസിപ്പിച്ചില്ല.

**6.** രാജകുമാരി നിരവധി സ്വർണാഭരണങ്ങളാൽ[14]
അലംകൃതയായ കന്യക ആയിരുന്നു.
എന്നാൽ അവളുടെ കന്യാത്വം എന്ന ഏകനിധി
അവയെ എല്ലാം ഉല്ലംഘിച്ചു.
അതുകൊണ്ട് മ്ലേച്ഛൻ സ്വർണാഭരണങ്ങളെ നിന്ദിച്ചിട്ട്
മുദ്രകളെ ഉഴുതുമറിച്ചു.
അവൻ രത്നക്കല്ലുകളെ നിരസിച്ചിട്ട്,
കന്യാത്വാടയാളങ്ങളെ മോഷ്ടിച്ചുകളഞ്ഞു.
കന്യാത്വമേ, നിൻെറ വിലയെന്താണെന്ന് കള്ളനറിയാം;
എന്നാൽ നിൻെറ മൂല്യമെന്തെന്ന് നിനക്കറിവില്ല.

**7.** നേരെ നിന്നാൽ തനിക്കവളെ കീഴ്പ്പെടുത്താനാവില്ലെന്നു കണ്ട യോദ്ധാവ്
ധൃതിപിടിച്ച് കിടന്നിട്ട് അവളെ കുനിച്ചുനിർത്തി.
അവൻ ദാമ്പത്യനുകം തകർത്തിട്ട് വ്യഭിചാരത്തിലേർപ്പെട്ടു.[15]
ഉൾമുറിയിൽ വിതച്ച ദുഷ്ടത,
തുറസ്സായ സ്ഥലത്ത് അവൻ കൊയ്തെടുത്തു.
കന്യാത്വം നശിപ്പിച്ചവനെ വാൾ നശിപ്പിച്ചു.
അവളുടെ രക്തവുമായി സ്വയം ബന്ധപ്പെട്ടവൻ
തൻെറ രക്തത്തിൽ കുളിച്ചു.

---

14. 'ഗോമേദകങ്ങളാൽ' എന്നു പദാർത്ഥം.

15. ബലാത്സംഗാനന്തരം തന്നെ വിവാഹം ചെയ്യാൻ താമാർ കേണപേക്ഷിച്ചെങ്കിലും അമ്നോൻ അതു നിരസിച്ചു.

www.malankaralibrary.com



8. ഉൾമുറിയിലും വിജനപ്രദേശത്തും
കന്യാത്വമേ, അവർ പതിയിരിക്കുന്നു.
നീ ഉൾമുറിയിൽ കടന്നപ്പോൾ സൂത്രശാലിയായ അമ്നോൻ
നിന്റെ സമ്പാദ്യം കവർച്ചചെയ്തു.
നീ വയലിലേക്കുപോയി മരുഭൂമിയിൽ വച്ച് എതിർത്തപ്പോൾ,
കള്ളനായ ഷേക്കേം നിന്റെ നിക്ഷേപം കവർച്ച ചെയ്തു.[16]
ഏകാന്തപ്രാവേ, യഥാർത്ഥത്തിൽ നീ എവിടേക്കു പോകും?
നിന്നെ വേട്ടയാടുന്നവർ എല്ലായിടത്തും നിരവധിയാണ്.

9. വന്ധ്യയേ, നിന്നെ വേട്ടയാടിയവർ വേട്ടയാടപ്പെട്ടു.
നിന്നെ മരുഭൂമിയിൽ കണ്ടുമുട്ടിയപ്പോൾ
നിന്നെ കീഴ്പ്പെടുത്തിയ മ്ലേച്ഛനായ ഷേക്കേം
തന്റെ ഭവനത്തിൽവച്ചു തന്നെ കൊല്ലപ്പെട്ടു.
ഉൾമുറിയിൽ പതിയിരുന്ന് നിന്നെ കടന്നുപിടിച്ച അമ്നോനും
വയലിലേക്കു വലിച്ചിഴയ്ക്കപ്പെട്ടു.
നിന്നെ നശിപ്പിച്ചവർ നശിപ്പിക്കപ്പെടുകയും
വേട്ടയാടപ്പെടുകയും ചെയ്തു.
നിന്നെ നശിപ്പിക്കുന്നവർ ഒക്കെയും നശിപ്പിക്കപ്പെടും
എന്നതിന് അവർ ഒരു ദൃഷ്ടാന്തമാണ്.

10. ജഫ്തായുടെ മകൾ വാളിനു തന്റെ കഴുത്ത് കുനിച്ചുകൊടുത്തു;
എല്ലാ അപകടങ്ങളിൽ നിന്നും
വിമുക്തമാക്കപ്പെട്ട അവളുടെ മുത്ത്
അവളോടൊത്തിരുന്ന് അവളെ സമാശ്വസിപ്പിച്ചു.[17]
എന്നാൽ ഇവിടെ തന്റെ മുത്ത് നശിച്ചുപോകുന്ന സ്ത്രീക്ക്
മരണത്തിൽ തന്റെ സഖി, കൊടിയ വേദനയായിരിക്കും.
അവൾ അനുതപിച്ചാലും,
ഉത്ഥാനദിനം ആ ന്യായാധിപന്റെ മുമ്പാകെ
അവൾ ഭയന്നുപോകും.

---

16. ദീനായെ കടന്നാക്രമിച്ചതിന്റെ സൂചന: ഉല്പ. 34

17. ന്യായാ. 11:29-40

www.malankaralibrary.com



**11.** ജഫ്തായുടെ പ്രതിജ്ഞ നിറവേറ്റാൻ,
അയാളുടെ മകൾ മരിക്കാൻ തീരുമാനിച്ചു.
നിങ്ങളുടെ അധരങ്ങൾ ഉച്ചരിച്ച കന്യാത്വ വ്രതങ്ങൾ
നിങ്ങളുടെ നയനങ്ങൾകൊണ്ട് അസാധുവാക്കരുത്.
ജഫ്താ തന്റെ മകളുടെ രക്തം ചിന്തി;
എന്നാൽ നിങ്ങളുടെ കാന്തൻ
നിങ്ങളോടുള്ള സ്നേഹത്തെപ്രതി തന്റെ രക്തം ചിന്തി.
അതുകൊണ്ട് ആ ഏകജാതന്റെ രക്തം,[18]
നിങ്ങളുടെ കവാടം മുദ്ര വച്ചിരിക്കുന്ന
ആ രക്തം വിലയ്ക്കു വാങ്ങി.[19]

**12.** വ്യഭിചാരം ഒഴിവാക്കാൻവേണ്ടി
ഒരു വിവാഹിത മരിക്കാൻ ആഗ്രഹിച്ചു.[20]
തന്റെ പിതാവിന്റെ പ്രതിജ്ഞ നിറവേറ്റാൻ ഒരു കന്യക മരിച്ചു.
ശാപഗ്രസ്തമായ വിതയ്ക്കൽ നടക്കുന്ന,
മോഷ്ടിക്കപ്പെട്ട വിത്ത് സ്വീകരിക്കാതിരിക്കാൻ
കുട്ടികളുള്ള ഒരു കുടുംബിനി മരിക്കാൻ ആഗ്രഹിച്ചു.
തന്റെ ഉള്ളിലുള്ള പാവനശിശു
നിയമരഹിതനാകാതിരിക്കാൻവേണ്ടി,
കന്യക മ്ലേച്ഛമായ വിത്ത് രഹസ്യമായി മോഷ്ടിക്കയില്ല.

**13.** പരിപാവന തരുണീ, ശത്രു നിന്നിൽ പ്രവർത്തിച്ച്
നിന്റെ ശക്തി അപഹരിക്കുകയും
നിന്റെ നല്ല മുളയെ പുറംതള്ളുകയും ചെയ്യാതിരിക്കാനും
നിന്റെ വാർധക്യം ലജ്ജാകരമാകാതിരിക്കാനും,
നിന്റെ വെറുക്കത്തക്ക ജീവിതരീതി നിമിത്തം
നീ അവമാനിക്കപ്പെടാതിരിക്കാനുമായി
ദുരാഗ്രഹങ്ങളുടെ വഴിയില്ലാത്ത വിജനപ്രദേശത്ത്
നിന്റെ യാത്ര പൂർത്തിയാക്കരുത്.

---

18. 'ഏകജാതരക്തം' എന്നു പദാർത്ഥം "ദ്മാ ഈഹീദായാ".
19. കന്യാത്വഗീതം. 3.14; പാഷ. എതിരെ 47.1; മനുഷ്യാവതാരഗീതം 14.12 കാണുക.
20. ദാനി. 13:43(സുസന്ന).

www.malankaralibrary.com



നിൻെറ വാർധക്യം കിരീടം അണിയിക്കപ്പെടാനായി
പോരാട്ടത്തിൽ, നിൻെറ ജീവിതരീതി
യൗവനത്തിൻെറ പ്രകാശമാകട്ടെ.

**14.** കാരണം, ഒരാൾക്കു പ്രായമായി സൗന്ദര്യരഹിതനാകുമ്പോൾ,
യൗവനത്തിലെ പാവനരീതികൾ മനസ്സിൽ കടന്നുവരുന്നു.
അവർ അയാളുടെ വാർധക്യത്തെ ജരാനരകളാൽ വെറുത്തേക്കാം.
എന്നാൽ അരൂപിയുടെ അലങ്കാരങ്ങൾ ആത്മാവിൽ
നിഗൂഢമായിരിക്കുന്നു എന്നു കാണുമ്പോൾ
അവർ ശാരീരികബലഹീനതകളെ അവഗണിക്കുന്നു.
കന്യകയേ[21] നീ വാർധക്യത്തിലെത്തുമ്പോൾ
ബഹുമാനിക്കപ്പെടാനായി, നിൻെറ മഹത്ത്വങ്ങൾ
നിൻെറ ഇന്ദ്രിയങ്ങൾകൊണ്ട് ചിത്രീകരിക്കുക.

**15.** നിൻെറ നയനങ്ങളിൽ ശുദ്ധത ചിത്രീകരിക്കപ്പെടട്ടെ;
നിൻെറ കാതുകളിൽ സത്യത്തിൻെറ ശബ്ദം മാറ്റൊലിക്കൊള്ളട്ടെ.
ജീവൻെറ വചനത്താൽ നിൻെറ നാവ് മുദ്ര കുത്തപ്പെടട്ടെ;
എല്ലാ ദാനധർമ്മങ്ങളും നിൻെറ കൈകളിൽ ഉണ്ടാകട്ടെ.
രോഗീസന്ദർശനത്താൽ നിൻെറ പാദങ്ങൾ പതിയട്ടെ.
നിൻെറ ഹൃദയത്തിൽ നിൻെറ നാഥൻെറ രൂപം ചിത്രീകരിക്കപ്പെടട്ടെ.
രാജാക്കന്മാരുടെ രൂപത്താൽ പലകകൾ ബഹുമാനിക്കപ്പെടുന്നു.
എങ്കിൽ തൻെറ കർത്താവിനെ
തൻെറ എല്ലാ അവയവങ്ങളിലും ചിത്രീകരിക്കുന്നവൻ
എത്രയധികമായി ബഹുമാനിക്കപ്പെടുകയില്ല![22]

21. "കന്യാത്വമേ" എന്നു പദാർത്ഥം.

22. മനുഷ്യാവതാരഗീതം 1.99

www.malankaralibrary.com



# ഗീതം 3

## കന്യാത്വം - 3

അതേ രാഗം

1. ഉഷ്ണകാലത്ത് കാമ്യമായിരിക്കുന്ന
പഴക്കുലയ്ക്കു തുല്യമാണ് യൗവനം.
പഴങ്ങൾ പറിച്ചുകഴിഞ്ഞാൽ, കുല ദൂരെ എറിയപ്പെടുന്നു;
എല്ലാവരും അതിൽ നിന്നു മുഖം തിരിച്ചുകളയുകയും ചെയ്യുന്നു.
എല്ലാവർക്കും കാമ്യമായിരുന്നത് വൃത്തികെട്ടതായി മാറുന്നു.
പെൺകുട്ടീ, നിൻെറ സൗന്ദര്യം പുറത്തുള്ളവരെ കാണിക്കരുത്.
അതിൻെറ രൂപഭംഗി പോയിക്കഴിഞ്ഞാൽ
കാഴ്ചക്കാർ അതിനെ നിന്ദിക്കും.

*പ്രതിസ്തോത്രം: പോരാട്ടം നടത്തുകയും കന്യാത്വം കാത്തുസൂക്ഷിക്കുകയും ചെയ്ത എല്ലാവരിൽ നിന്നും, കർത്താവേ, നിനക്കും നിൻെറ മിശിഹായ്ക്കും സ്തുതി.*

2. കന്യാത്വമേ, നിൻെറ നാഥൻെറ പക്കലെത്തുന്ന
നിൻെറ ചിറകുകൾ എത്ര വേഗതയുള്ളതാണ്!
നിൻെറ ശത്രുവിൻെറ ഉപദേശത്തിൽ നിന്ന് ഓടിപ്പോകുക,
അവൻെറ ധനം കച്ചവടക്കാർക്കു നഷ്ടം വരുത്തുന്നു.
ഉപദ്രവച്ചരക്കുകൊണ്ട് കച്ചവടം നടത്തിയ
വലിയ ആദത്തിൻെറ നിക്ഷേപങ്ങൾ അവൻ കൊള്ളയടിച്ചു.
കടം തന്നിട്ട് തിരികെ ചോദിക്കാത്തവനോട് വായ്പ വാങ്ങരുത്;
കാരണം, അവൻെറ പണം തിരികെ കൊടുത്താൽ
നീ അവനെ ദരിദ്രനാക്കുകയായിരിക്കും ചെയ്യുക.

3. വലിയ ഭയവും നാണക്കേടും മോഹങ്ങളെ അനുഗമിക്കുന്നു.
അവ ബുദ്ധിമുട്ടിക്കുന്നവയാണ്;
അവ പ്രവർത്തിക്കുന്നവർക്ക്
ജീവിതത്തിലുടനീളം ദുഃഖം ഉളവാകുന്നു.

www.malankaralibrary.com



എന്നാൽ എല്ലാ ദുരാശകളിൽ നിന്നും വിമുക്തരായി
പരിപാവനരായിരിക്കുന്നവർ
മുഖപ്രസാദമുള്ളവരും സന്തുഷ്ടമാനസരും ആയിരിക്കും.
ശരീരമേ, ദുഷ്കാമങ്ങൾ നിന്നെ കീഴ്പ്പെടുത്താതിരിക്കട്ടെ.
അതിൻെറ പ്രവൃത്തികൾ മൃതമാണെങ്കിലും
അതിനെപ്പറ്റിയുള്ള ചിന്ത സജീവമാണ്.

4. എല്ലാവരോടുകൂടെയും എല്ലാവരെപ്പോലെയും
ആകാൻവേണ്ടിയുള്ള അവൻെറ പ്രബോധനം വഞ്ചനയാണ്.
കണ്ണ് തിരിച്ചുകളയുന്നതിനും വായ് നിശ്ശബ്ദമാകുന്നതിനും
കാത് അതിനിഷ്ടമില്ലാത്ത കാര്യം കേൾക്കാതിരിക്കുന്നതിനും
നല്ലവർക്കിടയിൽ തൻെറ സമ്മാനങ്ങൾ വാരിവിതറുന്നു.
അവൻ ഉദരത്തിനു കൈക്കൂലി കൊടുക്കുന്നു;
ഉദരം അവനും നൽകുന്നു.
അവൻെറ നിശ്ശബ്ദവീഞ്ഞ്, അതു കുടിക്കുന്നവർക്ക്
സംസാരശക്തി നൽകുന്നു.
അതിൻെറ യജമാനനു പകരം
അത് അവരുടെ സ്വരങ്ങളിലൂടെ പാടുന്നു.

5. മുമ്പ്, തൻെറ വക്രതയിൽ, തൻെറ കെണിയുടെ അറ്റത്ത്
ഇരയ്ക്കായി ആഹാരം വച്ചുകൊടുത്തു.
കാരണം, ചുംബിച്ചുകൊന്ന യൂദാസിനെപ്പോലെ
അവൻെറ സ്നേഹത്തെ അവൻെറ വെറുപ്പ് അനുഗമിക്കുന്നു.
യൂദാസിലുള്ള അശുദ്ധനെ തള്ളിക്കളയാനായി
പരമപരിശുദ്ധൻ അശുദ്ധയൂദാസിനെ ചുംബിച്ചു.
ദുഷ്ടൻെറ വശീകരണങ്ങൾ
യൂദാസിൻെറ ചുംബനംപോലെ മധുരതരമാണെങ്കിലും
അതിൽ മരണം നിഗൂഢമായി ചേർന്നിരിക്കുന്നു.

6. അവൻ നിന്നിൽ എഴുന്നേറ്റാൽ
നിന്നെ വീഴ്ത്താൻ കഴിവുള്ളവനാണ്.
അവൻ എഴുന്നേറ്റാൽ, അവൻ നിന്നെ അടിച്ചു തറയിൽ വീഴ്ത്തും;
വാത്സല്യവാനേ, അവൻെറ ആഗ്രഹം മരണമാണ്.
എന്നാൽ നിങ്ങളുടെ ശരീരത്തിന് അതിനെ ഉത്തേജിപ്പിക്കാനും

www.malankaralibrary.com



അതിനു പുനർജീവൻ കൊടുക്കാനും കഴിവുണ്ട്.
അതു നിങ്ങളുടെ ശരീരത്തിൽ ജീവിക്കുമ്പോൾ,
അതു തിരിച്ച് ശരീരത്തെ കൊല്ലുന്നു.
ശരീരമേ, അതിൻെറ മരണത്തിന് നീ ജീവൻ കൊടുത്താൽ
നിൻെറ ജീവൻ മൃതമാകും.

7. അഗ്നി നിങ്ങൾക്കൊരു ദൃഷ്ടാന്തമായിരിക്കട്ടെ.
അത് തടിയിൽ നിഗൂഢമായിരിക്കുമ്പോൾ മരിച്ചിരിക്കുന്നു.
എന്നാൽ ഒരു തടിക്കഷണം മറ്റൊന്നുമായി ശക്തിയായി
ഉരസിയാൽ, രണ്ടിൻെറയും നാശത്തിനായി അഗ്നി ജ്വലിക്കുന്നു.
ഉജ്ജ്വലിച്ചു കഴിഞ്ഞാൽ, അതിനെ ജീവിപ്പിച്ച
പദാർത്ഥത്തെ സ്പർശിച്ച് കത്തിച്ചുകളയുന്നു.
ഇതൊരു പ്രതീകമാണ്: ആ തടി അഗ്നിക്കൊരു കല്ലറയാകുന്നു;
തടിയിൽ നിന്ന് അഗ്നിയെ ഉണർത്തിയാൽ,
തടിയെ അഗ്നി വിഴുങ്ങിക്കളയുന്നു.

8. കാരണം, ആശകൾക്കുവേണ്ടിയുള്ള
ആത്മാവിനെപ്പോലെയാണ് നമ്മുടെ സ്വാതന്ത്ര്യം.
അതുവഴി അവ ജീവിക്കുന്നു.
എന്നാൽ അവയെ നീക്കിയാൽ, അവ മരിച്ചതിനു തുല്യമാകും.
അതുകൊണ്ട്, നമ്മുടെ സ്വാതന്ത്ര്യം സ്വയം ഭരിക്കുന്നതാണ്;
എന്തുകൊണ്ടെന്നാൽ അതിൻെറ ഇച്ഛയാൽ
കടങ്ങൾ നിലനില്ക്കുന്നു.
അതിൻെറ ഇച്ഛയാൽ പാപങ്ങൾ ഇല്ലാതാകുന്നു.
പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന ശക്തിയായ
സ്വർഗീയനെപ്പോലെയാണത്.
അവൻ അതു പിൻവലിച്ചാൽ എല്ലാം നിപതിക്കും.

9. നമ്മുടെ ന്യായാധിപൻ നമ്മുടെ കടങ്ങൾ പെട്ടെന്ന്
ആവശ്യപ്പെടാത്തതിനാൽ, അവൻ വളരെ നീതിമാനാണ്.
ഇതുനിമിത്തം അനുതാപം ഉണ്ടാകുന്നു.
അതുകൊണ്ട്, ആരെങ്കിലും അനുതപിച്ചാൽ
അത് അവൻെറ ദുഷ്കർമങ്ങളെ മായിച്ചുകളയുന്നു.

www.malankaralibrary.com



എന്നാൽ അവൻ മത്സരിച്ചാൽ അത് അവനിൽ നിന്ന്
അവൻെറ ന്യായീകരണം എടുത്തു മാറ്റുന്നു.
ഇക്കാരണത്താൽ നിയമകോടതിയിൽ സാക്ഷ്യത്തിനായി,
എല്ലാ പാപങ്ങളോടുംകൂടി ദുഃഖം പ്രത്യക്ഷമാകുന്നു.

10. താല്ക്കാലികമായ ദുഃഖമല്ല
നിലനില്ക്കുന്ന അനുതാപം സമ്പാദിക്കുക.
അതിൻെറ സ്ഥിരതയാൽ അനുതാപം
നമ്മുടെ മുറിവുകൾ ഉണക്കുന്നു.
എന്നാൽ ദുഃഖത്തിന് ഈ പ്രകൃതമാണ്:
അത് താല്ക്കാലികമായി
വേദന ഉളവാക്കുകയും നീക്കുകയും ചെയ്യുന്നു.
ശരീരമേ, നീ കൂടെക്കൂടെ അനുതപിക്കുകയും,
വീണ്ടും പാപം ചെയ്യുകയും ചെയ്യുന്നെങ്കിൽ,
നിൻെറ ബന്ധനത്തിൻെറ മുദ്ര ദുഃഖമാണ്.

11. നയനമേ, വാർധക്യത്തിൻെറ വൈകല്യങ്ങൾ
നിഗൂഢമായിരിക്കുന്ന സൗന്ദര്യത്തെ
മോഷ്ടിക്കാതിരിക്കാൻ ശ്രദ്ധിക്കുക.
കാരണം, യുവതിയുടെ അവയവങ്ങൾ
നയനങ്ങൾക്ക് ആനന്ദം പകരുന്നു;
എന്നാൽ വാർധക്യം അവയെ നിന്ദിക്കുന്നു.
കാരണം, ഒരു കൃത്രിമസൗന്ദര്യം അവരിൽ വസിക്കുന്നു;
യുവത്വത്തിൽ അത് കുടികൊണ്ട് വസിക്കുന്നെങ്കിലും,
അതു പെട്ടെന്ന് കടന്ന്, അതിൽനിന്ന് ഓടിപ്പോകുന്ന സൗന്ദര്യമാണ്.

12. രണ്ടു കള്ളന്മാരുടെ സാന്നിധ്യത്തിൽ നിന്ന്
നിൻെറ മുത്തും പെട്ടെന്ന് നഷ്ടപ്പെടുന്നു.
കാരണം, അത് ഏകാന്തപഥികരായ കച്ചവടക്കാർക്കുള്ളതാണ്;
എന്നാൽ അവർ മലിനരായി തീർന്നാൽ,
സർവനിക്ഷേപങ്ങളെക്കാൾ മഹനീയമായത്
ഇരുവർക്കും നഷ്ടപ്പെടും.
എന്നാൽ വിഡ്ഢി അതു കള്ളനു കൈമാറുന്നു.

www.malankaralibrary.com



മുത്ത് സ്വന്തമാക്കിയവന് അത് നഷ്ടപ്പെടുന്നു.
കള്ളൻെറ സമ്പാദ്യത്തിൻെറ കൂടെ അതു കാണുകയുമില്ല.

**13.** തുറസ്സായ സ്ഥലത്തുവച്ച് കന്യക അവമാനിക്കപ്പെട്ടാൽ
മോശ അവൾക്കുവേണ്ടി അപേക്ഷിക്കുന്നു:
അവൾ ഉച്ചത്തിൽ വിളിച്ചുകൂവി നിലവിളിച്ചെങ്കിലും
ആരും സഹായിക്കാനെത്തിയില്ല.[23]
ശാന്തമായി പിടിച്ചുകൊണ്ടുപോകപ്പെടുകയും
നിലവിളിക്കാതിരിക്കുകയും ചെയ്ത കന്യകയേ,
നിനക്കുവേണ്ടി ആരു മാധ്യസ്ഥ്യം വഹിക്കും?
സമാധാനം നിന്നെ നിയമകോടതിയിൽ വിധിക്കാതിരിക്കാൻ
ശാന്തമായി നിന്നെ പിടിച്ചുകൊണ്ടുപോകുവാൻ
നീ അനുവദിച്ചുകൂടാ.

**14.** ഒരുവൻ തൻെറ ഭാര്യയെ ഉപേക്ഷിച്ചാൽ
അവളുടെ പിതാവ് അവളുടെ കന്യാത്വത്തെ സംബന്ധിച്ചുള്ള
തെളിവു ഹാജരാക്കണം എന്ന് എഴുതപ്പെട്ടിരിക്കുന്നു.
എന്നാൽ നിൻെറ മണവാളൻ
രഹസ്യത്തിൽ കാണുന്ന അത്യുന്നതനാകയാൽ
നിൻെറ വസ്ത്രത്തിലല്ല, പിന്നെയോ, നിൻെറ ശരീരത്തിൽ
നിൻെറ നിഗൂഢനായ കർത്താവിനെ
രഹസ്യമായി നിൻെറ കന്യാത്വത്തിൻെറ
നിഗൂഢതെളിവു കാണിച്ചു കൊടുക്കുക.
ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ കന്യാത്വത്തിനുള്ള തെളിവ്
വസ്ത്രത്തിൽ കാണിക്കുന്നു.
നീയാകട്ടെ, നിൻെറ കന്യാത്വത്തിൻെറ തെളിവ്
നിൻെറ മണവാളനെ കാണിക്കുക.

**15.** "എനിക്കൊരാൾ നഷ്ടപ്പെട്ടെങ്കിലും
ഞാൻ മറ്റൊരാളെ കണ്ടെത്തി" എന്നു പറഞ്ഞ്
സ്വയം സമാശ്വസിച്ചുകൊണ്ട്, നിൻെറ മണവാളനെ നഷ്ടപ്പെടുത്തി,

---

23. ആവ. 22:25-27

www.malankaralibrary.com



അവനുപകരം കള്ള മണവാളനെ നീ സ്വന്തമാക്കുമോ?
അവന്റെ സ്നേഹം വ്യാജമാണ്, വഞ്ചന നിറഞ്ഞതാണ്;
എല്ലാവരിലും വസിക്കുന്നതാണ്;
അതുകൊണ്ട് അവന് നിന്റെ പ്രിയനാകാൻ സാധിക്കുകയില്ല.
നീ രണ്ടുവശത്തുനിന്നും ഉപേക്ഷിക്കപ്പെടുമ്പോൾ,
നിന്റെ ദുഃഖം വർധിക്കുകയേയുള്ളു.

**16.** നീ സത്യമണവാളനെ ഉപേക്ഷിച്ചതിനാൽ,
അവനും നിന്നെ ഉപേക്ഷിച്ചുകളഞ്ഞു.
എന്നാൽ ആ കള്ളൻ നിന്നെ ഉപേക്ഷിച്ചു;
വഴിതെറ്റി അലഞ്ഞുതിരിയാൻ കൈവിട്ടുകളഞ്ഞു.
അതുകൊണ്ട് ഇപ്പോൾ നീ എവിടേക്കു നോക്കും?
ഒരു മാടപ്രാവ് കൂടു തകർത്തിട്ട്
പാമ്പിനെ കാമിച്ച് ഇറങ്ങിപ്പുറപ്പെട്ടു.
ഹവ്വാ കണ്ടെത്തിയത് നീ കണ്ടെത്താതിരിക്കട്ടെ!
മറിച്ച്, അവളിൽ നീ അനുതാപം കണ്ടെത്തുമോ?

# ഗീതം 4

## തൈലം - 1

രാഗം: ഞാൻ ജ്ഞാനത്തോടുകൂടി എന്റെ വായ് തുറക്കും

**1.** എന്റെ കർത്താവേ, നിന്റെ ധനം ആവശ്യക്കാരെ
താല്പര്യപൂർവം അഭിലഷിക്കുന്നു;
സംസാരിക്കുന്നവരുടെ മനസ്സുകളെ
കച്ചവടക്കാരെപ്പോലെ വർദ്ധിപ്പിക്കാനായി
നിന്റെ നിക്ഷേപത്തിന്റെ കവാടം ഞങ്ങൾക്കായി തുറക്കണമെ.
കാരണം, നിന്റെ വെള്ളി വർദ്ധിക്കുന്നു;
പലിശയ്ക്ക് കൊടുക്കപ്പെടുന്നു;
അതിന്റെ കച്ചവടക്കാരുടെ കച്ചവടക്കാരനാണത്.

www.malankaralibrary.com



നിൻെറ താലത്തിൽ ജീവൻെറ നിക്ഷേപധനം കൂട്ടിവച്ചിരിക്കുന്നു.
നേട്ടത്തിൻെറ പിറകെ പോകുന്ന
നിൻെറ വെള്ളിയുടെ സമൃദ്ധി പ്രയോജനപ്രദമാണ്.
മീനാ പത്തിരട്ടിയായി വർദ്ധിക്കുന്നു;
താലന്ത് അഞ്ചിരട്ടിയായി വർദ്ധിക്കുന്നു.[24]

*പ്രതിസ്തോത്രം: മറഞ്ഞിരുന്ന രഹസ്യങ്ങളെ, ഉദിച്ചു പ്രകാശിപ്പിച്ച മിശിഹായ്ക്കു സ്തുതി.*

**2.** എൻെറ കർത്താവേ, എൻെറ നാവിന് നിൻെറ പ്രബോധനം
കച്ചവടക്കാരന് സമ്പത്തു പോലെയായിരിക്കട്ടെ.
കാരണം, എല്ലാത്തരം വിജ്ഞാനവും
നിൻെറ പ്രബോധനത്തെ ആശ്രയിച്ചിരിക്കുന്നു;
ഒലിവിൽ നിന്ന് രഹസ്യങ്ങളുടെ കലവറയും.
അതിൻെറ സമ്പത്തുകൊണ്ട് എൻെറ നാവ് വ്യാപാരം ചെയ്യട്ടെ;
എൻെറ വാക്ക് അതിനൊരു മാധ്യമം ആയിരിക്കട്ടെ.
ആഴത്തിലെന്നപോലെ, അവൻെറ നിഗൂഢരഹസ്യങ്ങൾ
ഞാൻ അതിൽ ഉൾപ്പെടുത്തട്ടെ.
രഹസ്യങ്ങൾക്കായി വിശക്കുന്ന കാതിനു
പോഷണമായി ഞാൻ അവ ശേഖരിക്കട്ടെ.
കാരണം, വെളിപാടിനായി വിശക്കുന്ന നാവിന്
ആവശ്യമായവ നിൻെറ വല ശേഖരിച്ചിരിക്കുന്നു.

**3.** ഞാൻ എൻെറ നോട്ടം പിൻവലിച്ചു;
അതിൻെറ സൗന്ദര്യത്താൽ അത് കീഴടക്കപ്പെട്ടു.
ഞാൻ അതിലേക്ക് എത്തിനോക്കി;
അവിടുത്തെ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന
ഒലിവുമരത്തിൻെറ ഭണ്ഡാഗാരത്തിലേക്കു ഞാൻ ഒളിഞ്ഞുനോക്കി.
അതിൻെറ എണ്ണപോലെ പ്രകാശം കടന്നുവന്നു.
അതിൻെറ ഫലങ്ങൾപോലെ

---

24. ലൂക്കോ 19:16-18; മത്താ. 25:16: 6 ഒബോൾ = 1 ദേനാറാ; 100 ദേനാറ = 1 മീനാ; 60 മീനാ = 1 താലന്ത്.

www.malankaralibrary.com



അത് അവിടുത്തെ പ്രതീകങ്ങൾ വഹിച്ചു.
വെളിവായി ഫലങ്ങളും ഇലകളും വഹിക്കുകയും
നിഗൂഢമായി പ്രതീകങ്ങളും രഹസ്യങ്ങളും വഹിക്കുകയും
അതിൻെറ ദൃശ്യവസ്തുക്കളിലൂടെ ശരീരത്തെയും
അതിൻെറ നിഗൂഢതകളിലൂടെ മനസ്സിനെയും ഉജ്ജീവിപ്പിക്കുകയും
ചെയ്യുന്ന ഈ മഹനീയ മരം വഹിക്കുന്ന
നിഗൂഢവും സുസ്പഷ്ടവുമായ ഫലങ്ങൾ പറിക്കാൻ
ആർക്കാണു കഴിയുക!

**4.** കാരണം, അതിൻെറ എണ്ണയിൽ കടലിൻെറ സാദൃശ്യം കാണാം.
തുറമുഖത്തേക്കെന്നവണ്ണം, സൗഖ്യം പ്രദാനം ചെയ്യാൻ
അത് അവയവങ്ങളിലേക്കുള്ള ഒഴുക്കിനെ ത്വരിതപ്പെടുത്തുന്നു.
എല്ലാ സഹായങ്ങളുടെയും വിതരണക്കാരായ
ശിഷ്യർപോലും അതുവഴി വിജയിച്ചു.
സൗഖ്യദായകാരൂപിയുമായി
അവർ രോഗികളുടെ പക്കലേക്ക് പാഞ്ഞു.[25]
എണ്ണയ്ക്കുള്ളിലൂടെ സഹായം നിറഞ്ഞ കപ്പലുകളായ
അവരുടെ വാക്കുകൾ കടന്നുചെന്നു;
അവ ഉള്ളിലേക്കു പ്രവേശിച്ചു.
രോഗികളുടെ തുറമുഖമായ ശരീരത്തിനുള്ളിൽ
അവരുടെ സൗഖ്യമാക്കൽ പ്രയോജനപ്രദമായി.

**5.** തന്നെക്കൊണ്ട് സർവമഹത്ത്വവും നേടുവാനായി
മിശിഹാ സ്വയം കയ്യാളിച്ചതുപോലെ,
രോഗികൾ സർവവിധ സഹായങ്ങളും പ്രാപിക്കാനായി
എണ്ണ തന്നെത്തന്നെ അവർക്കു നൽകി.
മിശിഹാ ഏകനും ഏകജാതനുമാണ്;
എന്നാൽ എല്ലാ സഹായനാമങ്ങളുമായി
കൂടിച്ചേർന്ന അനേകനാമങ്ങൾ അവിടുത്തേക്കുണ്ട്.
എണ്ണയും ഒന്നുതന്നെയെങ്കിലും,
എല്ലാത്തരം രോഗങ്ങളും സൗഖ്യമാക്കാൻ

25. മത്താ. 10:1; ലൂക്കോ 10:8-9

www.malankaralibrary.com



വിവിധയിനം മരുന്നുകളുമായി കലരുമ്പോൾ
അനേകനാമങ്ങൾ സ്വീകരിക്കുന്നു.

6. എന്തുകൊണ്ടെന്നാൽ, എണ്ണ പ്രയോജനങ്ങളിൽ സമൃദ്ധമാണ്;
എല്ലാറ്റിലും എല്ലാമായിരിക്കാൻ അതിനു കഴിയും.
അതു മൃദുലമാണെങ്കിലും ശക്തിയുള്ള മരുന്നുമായി
ചേരുമ്പോൾ ശക്തമായി തീരുന്നു.
അതു ചൂടുള്ളതാണെങ്കിലും,
ദേഹത്തു പുരട്ടുമ്പോൾ തണുപ്പു കിട്ടുന്നു.
എല്ലാവർക്കും എല്ലാമായ മിശിഹായെപ്പോലെയാണത്.
അവിടുന്ന് കാരുണ്യവാനാണെങ്കിലും
സംശയഗ്രസ്തർക്ക് അവിടുന്നു ശക്തിമാനാണ്.
ആരാധകർക്ക് അവിടുന്ന് മാധുര്യവാനാണ്,
അവിടുന്ന് തൻെറ പിതാവിൻെറ മാത്രം ഛായയാണെങ്കിലും,
എല്ലാറ്റിലും ഓരോരുത്തർക്കും അവൻ സദൃശ്യനാകുന്നു.

7. അതുകൊണ്ട് എണ്ണയുടെ പേര് ഒരു പ്രതീകംപോലെയാണ്.
മിശിഹായുടെ നാമം അതിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
എണ്ണയുടെ പേര് കിരീടം ധരിപ്പിക്കപ്പെട്ടു.
കാരണം, അതു മിശിഹായുടെ നാമത്തിൻെറ നിഴലാണ്.
ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ,
അവർ തൈലം പൂശിയപ്പോൾ,
എണ്ണകൊണ്ട് സുഖമാക്കിയപ്പോൾ,
ഗുരുവും അവരെ അനുധാവനം ചെയ്തിരുന്നു.
നിഗൂഢമായി അതു മിശിഹായെ വരച്ചുകാട്ടി.
വസ്ത്രത്തിൻെറ വിളുമ്പിൽ രക്തസ്രാവം അവിടുത്തെ കാണുകയും
അതു നിന്നുപോകുകയും ചെയ്തതുപോലെ
അവിടുന്ന് എല്ലാ രോഗങ്ങളെയും നിഷ്കാസനം ചെയ്തു.

8. തൈലത്തിൻെറ പേരാണ് യഥാർത്ഥത്തിൽ അവിടുത്തെ രഹസ്യവും,
മിശിഹാ എന്ന നാമത്തിൻെറ നിഴലും.
അവൻെറ നാമത്തിൻെറ നിഴൽ
അവരുടെ രോഗികളുടെമേൽ പതിച്ചപ്പോൾ അവർ സുഖപ്പെട്ടു.
അതുപോലെ ശെമഓൻെറ നിഴൽ

www.malankaralibrary.com



രോഗികളുടെമേൽ പതിച്ചപ്പോൾ അവരും സുഖപ്പെട്ടു.[26]
ശിഷ്യരുടെ നിഴൽ സൗഖ്യദായകമാണ് എന്ന ഉറപ്പ്
തൻെറ ശിഷ്യർക്ക് അവിടുന്ന് കൊടുത്തതുപോലെയാണ്
അവിടുത്തെ നാമത്തിൻെറ നിഴലും.
ബാലൻെറ ശരീരത്തിന്മേൽ ഏലീശാ കിടന്ന്
അവന് ജീവൻ തിരികെ കൊടുത്തു,[27]
എന്നാൽ ശെമഓനാകട്ടെ, തൻെറ നിഴൽ വീശിയതേയുള്ളു.

9. അപരിചിതരെ അനുധാവനം ചെയ്ത തൈലം
അവർക്കുവേണ്ടി നിരകളുടെ സ്ഥലത്തെ നിറച്ചു.
വഴിയിൽ അത് ക്ഷീണിതർക്ക് വിശ്രമം നൽകി.
തന്നെ അനുഗമിച്ച ക്ഷീണിതരെ നമ്മുടെ കർത്താവ്
എല്ലായിടത്തും ഉന്മേഷഭരിതരാക്കിയതുപോലെ
ക്ഷീണത്തിൽ തൈലം അവരുടെ തലയിൽ ബാൻഡേജ് കെട്ടുന്നു;
ഉറങ്ങുന്ന ശരീരങ്ങളുടെ ക്ഷീണം തൈലം ഉറക്കത്തിൽ നീക്കുന്നു.
സ്നാനത്തിലെ പൂശലിൽ പാപം നീക്കിക്കളയുന്നു.
ഉറങ്ങുന്ന ശരീരങ്ങളുടെ ക്ഷീണം നീക്കുന്നു;
ഉണർന്നിരിക്കുന്ന ശരീരങ്ങളുടെ പാപം നീക്കിക്കളയുന്നു.

10. തൈലം വാർധക്യത്തിൻെറ ചെങ്കോലും
യുവത്വത്തിൻെറ ആയുധവുമാണ്.
അത് രോഗത്തിൽ താങ്ങിനിർത്തുന്നു;
ആരോഗ്യപ്രദായകമാണ്.
ഒരേ തൈലത്തിന് അനേകം ഉപയോഗങ്ങൾ ഉണ്ട്.
അത് മദ്ബഹാകൾക്കുള്ള മൂറോൻ നൽകുന്നു;
അതു അനുരഞ്ജനത്തിൻെറ അർപ്പണം വഹിക്കുന്നു.
തൻെറ നാഥനെപ്പോലെ,
ആവശ്യക്കാർക്കെല്ലാം എടുത്തുകൊണ്ടുപോകാനായി
നല്ലവർക്കും ദുഷ്ടന്മാർക്കും തൻെറ ഭണ്ഡാരം തുറന്നിട്ടിരിക്കുന്നു;
നീതിമാന്മാർക്കെന്നവണ്ണം പീഡിപ്പിക്കുന്നവർക്കും
സമാശ്വാസം നൽകുന്നു; ഇത് ആരെക്കൊണ്ട് സാധിക്കുന്നതാണ്!

---

26. നട. 5:14-16 27. 2 രാജാ 4:34

www.malankaralibrary.com



**11.** പാപികൾ വ്യാപാരം നടത്തുന്ന തൈലം
ധാരാളമായിട്ടുണ്ട്: പാപമോചനം.
തന്റെ പാദത്തിൽ പൂശിയ പാപിനിയുടെ പാപങ്ങൾ
തൈലം കൊണ്ട് മിശിഹാ ക്ഷമിച്ചു.[28]
തൈലത്തോടുകൂടി മറിയം അവളുടെ പാപം
കർത്താവിന്റെ തലയിൽ ഒഴിച്ചു.
തൈലം അതിന്റെ സുഗന്ധം പരത്തി;
ഭക്ഷണത്തിനിരുന്നവരെ ചൂളയിൽ
എന്നവണ്ണം അത് പരിശോധിച്ചു.
ദരിദ്രരുടെ സംരക്ഷകന്റെ വേഷം കെട്ടിയ
കള്ളനെ അതു വെളിപ്പെടുത്തി.
അത് തലമുറ തലമുറകളായി മറിയത്തിന്റെ മഹത്ത്വം കൈമാറി
അവളുടെ ഓർമ്മ നിലനിർത്താനുള്ള പാലമായിത്തീർന്നു.

**12.** അതിന്റെ ഒഴുക്കിൽ തൈലത്തിന്റെ സന്തോഷം
നിഗൂഢമായിരിക്കുന്നു;
അത് മുഖത്തെ സന്തുഷ്ടമാക്കുന്നു.
ഓരോരുത്തനുമായി ദുഃഖിക്കുന്നതിനും സന്തോഷിക്കുന്നതിനുമുള്ള
എല്ലാ ഭാരങ്ങളും അത് അതിന്റെ ചുമലിൽ ഏറ്റുന്നു.
കാരണം, അത് എല്ലാ സന്തോഷങ്ങളുടെയും കൂടെയുണ്ട്;
സന്താപത്തിലും സന്നിഹിതമാണ്.
ജീവിതസന്തോഷം നിറഞ്ഞ മുഖങ്ങളിൽ അതു പ്രശോഭിക്കുന്നു.
മരണത്തിന്റെ സന്താപമുഖവും
സംസ്കാരത്തിനായി ഇതുകൊണ്ട് ഒരുക്കപ്പെടുന്നു;
മരിക്കുന്നു...... നമ്മുടെ കർത്താവ് ലാസറിനെ പ്രതി
നെടുവീർപ്പിട്ടതുപോലെ[29] അതു ദുഃഖിക്കുന്നു.

**13.** തണുപ്പിന്റെ ദുസ്സഹവേദന
ഒരു രണ്ടാം ചെകുത്താനായിപോലും തീരത്തക്കവിധം,
ഭ്രാന്തുപിടിപ്പിച്ച്, സഹായം നീക്കിക്കളയുന്ന
ശരീരത്തിലെ തണുപ്പിനെ മിശിഹായെപ്പോലെ

---

28. മർക്കോ. 14:3-9

29. യോഹ. 11:35

www.malankaralibrary.com



തൈലത്തിൻെറ ഊർജം നീക്കിക്കളയുന്നു.
പിശാചുക്കളെ ശിക്ഷിക്കുകയും ശരീരങ്ങളെ
സാന്ത്വനപ്പെടുത്തുകയും ചെയ്യുന്ന കർത്താവിനെപ്പോലെ,
തൈലം അവയവങ്ങളെ സാന്ത്വനപ്പെടുത്തി.
രോഗങ്ങൾക്കെതിരെ അപ്രതിരോധ്യ ശക്തി നൽകുന്നു.
അവിടുന്ന് മനുഷ്യനിൽ ഹൃദയമലിഞ്ഞു.
അവൻ ലെഗിയോനെ പീഡിപ്പിച്ചു.
മനുഷ്യനെ ഭീകരനാക്കിയ ഭീകരപിശാചുക്കളെ
അവിടുന്ന് പീഡിപ്പിച്ചു;
കൃപ മനുഷ്യൻെറ മേൽ കാരുണ്യം കാട്ടി.[30]

**14.** പ്രതീകാത്മകമായി ഏദനിലെ നദി
നാല് കൈവഴികളായി വിഭജിക്കപ്പെട്ടിരിക്കുന്നു.[31]
തൈലത്തിൻെറ ഒഴുക്ക്
സഭകളിൽ മഹനീയ പ്രതീകത്തിൽ ഒഴുകുന്നു.
അത് ഏദൻതോട്ടത്തെ നനയ്ക്കുന്നു;
ഇത് വിശുദ്ധസഭയെ പ്രശോഭിപ്പിക്കുന്നു.
അത് മരങ്ങളെ പുഷ്ടിപ്പെടുത്തുന്നു;
ഇതാകട്ടെ ശരീരങ്ങളെയും.
നദികളുടെ മുന്നോടികളായ
ഏദനിലെ അതിന് നാല് നാമങ്ങളുണ്ട്.
സ്നാനകാഹളങ്ങളായി തൈലത്തിന് മൂന്നു നാമങ്ങളുണ്ട്.[32]

**15.** എൻെറ ബലഹീന നാവ് ധൈര്യപ്പെട്ട്,
ഔന്നത്യത്തിൻെറ സമ്പൽ സമൃദ്ധിയെ മലിനപ്പെടുത്തി.
അതിനു കൊടുക്കാൻ കഴിവുണ്ടായിരുന്നിട്ടല്ല;
സ്വീകരിക്കുന്നവർ എടുക്കാൻ അർഹരാണ്.
കാരണം, ഉറവിടം അതിനുള്ളിലുള്ള
കാമ്യമായ നിക്ഷേപം നൽകിയില്ല;

30. മർക്കോ. 5:1-20
31. ഉല്പ. 2:10-14
32. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ദിവ്യനാമങ്ങൾ

www.malankaralibrary.com



ദാഹിക്കുന്ന വായ്കൾക്ക് ദാസനെപ്പോലെ,
അത് നീരൊഴുക്ക് പകുത്തുകൊടുക്കുന്നു.
എൻെറ സംസാരത്തിൻെറ ഒഴുക്ക് മാധുര്യമേറിയതാണെങ്കിൽ
അത് സത്യത്തിൻെറ വകയാണ്.
എന്നാലത് വിരസവും ബലഹീനവും ശക്തിരഹിതവും
ആണെങ്കിൽ, അത് ധരയിൽ നിന്നാണ്.
ഉറവിടം അതിലേക്ക് തിരിഞ്ഞു എന്നുമാത്രം.

**16.** എൻെറ കർത്താവേ, ഒരു വ്യാപരിയായിതീരുകയും
ഒലിവിൻെറ രഹസ്യങ്ങളും തൈലത്തിൻെറ പ്രതീകങ്ങളും
പ്രസാദിച്ച വെള്ളി നിൻെറ മേശപ്പുറത്തു ഇടുകയും ചെയ്ത
ഒരു നാവ് ഞാൻ ഏറ്റുപറയുന്നു.
ഫലങ്ങൾക്കുപകരം രഹസ്യങ്ങൾ നൽകിയ
ഒലിവിൻെറ ശിഖരങ്ങളെ ആരു കണ്ടിട്ടുണ്ട്!
ഇലകൾക്കു പകരം ഒരു പ്രതീകം മുളച്ചുവന്നു.
വീണ്ടും, തൈലം കടലിനു സദൃശ്യമായതും
അതിലെ രഹസ്യങ്ങൾ മത്സ്യത്തിനു സദൃശ്യമായതും
പാടുന്ന നാവ് വിശക്കുന്ന കാതുകൾക്ക്
സദ്യയായതും ആരു കണ്ടിട്ടുണ്ട്!

# ഗീതം 5

## തൈലം - 2

അതേ രാഗം

1. വീണ്ടും, തൈലം ഉയരത്തിലെ പ്രകാശമായി,
നമുക്ക് ഒരു വിളക്ക് സ്ഥാപിക്കുന്നു.
സത്യപ്രകാശമായ മിശിഹായുടെ മഹത്ത്വം
ഗോഗുൽത്തായിൽ നിന്നു പ്രകാശിച്ചു.
പ്രകാശത്താൽ എല്ലാം ക്രമീകരിക്കപ്പെടുന്നു.
മിശിഹായാൽ എല്ലാം വിശദീകരിക്കപ്പെടുന്നു.

www.malankaralibrary.com



പ്രകാശമില്ലെങ്കിൽ എല്ലാം ഉപയോഗശൂന്യമാകും.
മിശിഹായെ കൂടാതെ യാതൊന്നിനും പൂർണത കൈവരുന്നില്ല.
പ്രകാശം ദൃശ്യവസ്തുക്കൾക്കുള്ളതാണ്;
മിശിഹാ നിഗൂഢവസ്തുക്കൾക്കും.

*പ്രതിസ്തോത്രം: എഴുന്നെള്ളിവന്ന മിശിഹായ്ക്കു സ്തുതി;*
*രഹസ്യങ്ങൾ അവയുടെ പൂർത്തീകരണത്തിന് ഓടിയെത്തി.*

**2.** വീണ്ടും, മിശിഹായാലും അവിടുത്തെ ശക്തിയാലും
വിളക്കുകൾ ഇരുട്ടിൽ ചെറുത്തു നില്ക്കുന്നു.
പരിശുദ്ധാത്മാവിനാൽ പ്രവാചകർ
ജനത്തിൻെറ ഇടയിൽ പ്രബലരായിരുന്നു.
സൂര്യൻ തൻെറ രശ്മികളാൽ കടന്നുവന്ന്
അന്ധകാരത്തെ ദൂരീകരിക്കുന്നതുവരെ
ഇരുട്ടിനോടുള്ള പോരാട്ടത്തിൽ
എണ്ണ വിളക്കുകൾക്കു ശക്തി പകരുന്നു.
തന്നിൽനിന്ന് പുറപ്പെടുന്ന പന്ത്രണ്ട് കിരണങ്ങളാൽ
തെറ്റിനെ നീക്കിക്കളയുന്ന സൂര്യൻ കടന്നുവരുന്നതുവരെ,
സത്യംകൊണ്ട് തെറ്റിനെ കീഴമർത്താനായി
ആത്മാവ് പ്രവാചകരെ ബലപ്പെടുത്തി.

**3.** വീണ്ടും, സമാഗമ കൂടാരത്തിൽ
കത്തിപ്രകാശിക്കുന്നതിന് എണ്ണ സഹായിച്ചു.
നമ്മുടെ കർത്താവിൻെറ പ്രതീകത്തിൽ,
ഏഴ് ആത്മാക്കളുടെ ഏഴു വിളക്കുകൾ പ്രകാശിച്ച[33]
ഏഴു കവരങ്ങളുള്ള വിളക്കുതണ്ടിൽ
എണ്ണയുടെ ഒഴുക്ക് ഏഴ് തിരികളെ ഉജ്ജ്വലിപ്പിച്ചു.
ഏഴു കവരങ്ങളുള്ള വിളക്കുതണ്ട്
ഏഴു ശോഭകളോടെ പ്രകാശം പരത്തി;
അതുവഴി സമാഗമകൂടാരം പ്രകാശിച്ചു.
നമുക്കായി സൃഷ്ടിയെ മുഴുവൻ പ്രകാശിപ്പിക്കുന്ന
ഏഴ് വിശുദ്ധ ജ്വാലകളുടെ പ്രകാശദാതാവിനെ മറിയം പ്രസവിച്ചു.

---

33. വെളി. 3:1; 4:5; 5:6

www.malankaralibrary.com



**4.** മിശിഹായെപ്പോലെ തിരകളുടെമേൽ
ഓളം വെട്ടിനിൽക്കാൻ എണ്ണയ്ക്കു കഴിയും.34
തിരകൾക്കുമുകളിൽ നടക്കാൻ ശെമഓന്
നാഥൻ ശക്തി കൊടുത്തതുപോലെ
ജലത്തിനുമുകളിൽ കത്തിപ്പടരാൻ
അത് ജ്വാലയ്ക്കും ശക്തി നൽകി.
ശെമഓൻ കടൽ ജലത്തിലെന്നവണ്ണം
ജലത്തിനുമീതേ മങ്ങിഅണഞ്ഞുകൊണ്ടിരുന്ന ജ്വാലയെ
മിശിഹായെപ്പോലെ എണ്ണ ഉജ്ജ്വലിപ്പിക്കുന്നു.
എണ്ണ തന്റെ ജ്വാലയാൽ ഭവനത്തെ പ്രകാശിപ്പിക്കുന്നു;
മിശിഹാ ശെമഓനിലൂടെ മനുഷ്യവാസമുള്ള ധരയെ പ്രകാശിപ്പിച്ചു.

**5.** വീണ്ടും, എണ്ണ സഹായിക്കുന്നു.
ഇരുട്ടിൽ തന്റെ പ്രകാശം പരത്താൻവേണ്ടി
പ്രകാശവൃത്തം വലുതാക്കുവാൻ ഒരു വിളക്കിൽപോലും
അതു സഹായിക്കുന്നു.
സൂര്യാസ്തമയാനന്തരം, കണ്ണുകൾ പ്രകാശത്തിനായി
ഇരുട്ടിൽ ദാഹിക്കുന്നതിനാൽ വിളക്കാവശ്യമാണ്.
പ്രകാശം ലഭിക്കാതിരുന്ന കൃഷ്ണമണികളെ
അതു സമാശ്വസിപ്പിക്കുന്നു.

**6.** അതുകൊണ്ട് ഇരുട്ടു ചതിച്ച കണ്ണിന്റെ
ഓംബുഡ്സ്മാനെപോലെയാണ് വിളക്ക്.
പകലിനെക്കാൾ ദൈർഘ്യമേറിയ രാത്രിയുള്ള നവംബർ മാസത്തിൽ,
പകൽ ചുരുങ്ങിയതിനാൽ അധ്വാനിക്കാൻ സമയം കുറവാണ്.
അപ്പോൾ രാത്രിയുടെ ദൈർഘ്യം കുറച്ച്
അധ്വാനിക്കാൻ സഹായിക്കുന്നത് വിളക്കാണ്.
അങ്ങനെ ദൈർഘ്യം കുറഞ്ഞ പകൽ വരുന്നതുവരെ
നീണ്ട രാത്രിയിൽ അധ്വാനിക്കാൻ അത് കഴിവുറ്റതാക്കുന്നു.
സത്യം ദൈർഘ്യത്തെ വിധിച്ചു;
രാത്രി ദൈർഘ്യം കൂടിയതാക്കിയത് പ്രകാശം വീണ്ടെടുത്തു.

---

34. മത്താ. 14:22-33

www.malankaralibrary.com



7. രാത്രിയെയും പകലിനെയും അളന്നുനോക്കി
ഒരേ അനുപാതത്തിൽ അവയെ ആക്കുവാൻ
ഒരു ത്രാസുപോലെയായിത്തീർന്ന ശുഷ്കാന്തി ആരു കണ്ടിട്ടുണ്ട്?
കാരണം, തൻെറ ജോലി പൂർത്തിയാക്കാൻ കഴിയാത്തതിൽ
ദൈർഘ്യം കുറഞ്ഞ പകൽ പ്രയത്നശാലികളെ ദുഃഖിപ്പിച്ചു.
നീണ്ട രാത്രി ഭീരുക്കളുടെ സന്തോഷം വർധിപ്പിച്ചു.
എന്നാൽ വിളക്കും പ്രയത്നശാലികളുംകൂടി രാപകലുകളുടെ
ദൈർഘ്യം തുല്യാനുപാതത്തിലാക്കി.
അങ്ങനെ അലസത ശ്രേഷ്ഠരെ ദുഃഖിപ്പിച്ചില്ല;
നഷ്ടത്തിൽ ഭീരുക്കൾ സന്തോഷിച്ചുമില്ല.

8. പ്രകാശത്തിൻെറ ഭക്ഷണമാണ് ഇരുട്ട്.
കാരണം, ഇരുട്ടിനെ കണ്ടാലുടൻ പ്രകാശം വെട്ടിവിഴുങ്ങുന്നു.
തൻെറ ജീവനാൽ മരണത്തെ വിഴുങ്ങുന്ന
മിശിഹായുടെ വെളിപ്പെടുത്തപ്പെട്ട പ്രതീകമാണിത്.
വീണ്ടും, ഇരുട്ടിൽ നഷ്ടപ്പെട്ടവയെ വിളക്കു കണ്ടുപിടിക്കുന്നു.
നഷ്ടപ്പെട്ട ആത്മാവിനെ മിശിഹായും കണ്ടെത്തുന്നു.
നമുക്ക് നഷ്ടപ്പെട്ട വസ്തുക്കൾ വിളക്ക് തിരിച്ചുതന്നു.
മിശിഹാ നമ്മുടെ നിക്ഷേപങ്ങൾ തിരികെ തന്നു.
വിളക്ക് നാണയം കണ്ടുപിടിച്ചു;
മിശിഹാ ആദത്തിൻെറ സാദൃശ്യവും കണ്ടെത്തി.

9. മങ്ങിക്കത്തുന്ന വിളക്ക് സ്നാപകയോഹന്നാൻെറ പ്രതീകമാണ്;
രണ്ടിനും ചുരുങ്ങിയ സമയമേയുള്ളു.
വിളക്ക് കണ്ണിൻെറ മണവാളനല്ല; യോഹന്നാൻ സഭയുടേതുമല്ല.[35]
അവർ രണ്ടു മണവാളന്മാരുടെയും സ്നേഹിതരും
രണ്ടു മണവാട്ടികളുടെയും പ്രിയപ്പെട്ടവരുമാണ്.
അവർ മണവാളന്മാരല്ല;
ഏകജാതനായ മണവാളൻെറ ഛായയാണവർ.
കണ്ണ്, അവളുടെ യഥാർത്ഥമണവാളനായ സൂര്യൻെറ രൂപം
വിളക്കിൽ കാണുന്നു.
സഭ, തൻെറ സത്യമണവാളൻെറ രൂപം യോഹന്നാനിൽ ദർശിച്ചു.

---

35. യോഹ. 3:27-30

www.malankaralibrary.com



10. പ്രതീകാത്മകമായി എണ്ണ വിളക്കിന്റെ പ്രകാശത്തെ ധന്യമാക്കുന്നു.
തന്നോട് വിവാഹവാഗ്ദാനം ചെയ്ത കന്യകകളുടെ വിളക്കിനെ
മിശിഹാ പുഷ്ടിപ്പെടുത്തുന്നു.
ദൃശ്യ വിളക്കുകളിൽ നിന്ന്വിളക്കുകൾ പ്രതീകങ്ങൾ എടുക്കുന്നു.
കാരണം, കുറച്ചെണ്ണ മാത്രമുള്ള
വിളക്കുകളുടെ പ്രകാശം ചെറുതായിരിക്കും.
മണവാളന്റെ നാഴിക നമുക്ക് അറിയാത്തതിനാൽ,
കന്യകകളായ നിങ്ങൾ ഞങ്ങളുടെ കാവൽക്കാരായിതീർന്നിരിക്കുന്നു.
അങ്ങനെ നിങ്ങളുടെ വിളക്കുകൾ പ്രകാശിക്കണം.
നിങ്ങളുടെ ഓശാനകൾ മഹത്ത്വപ്പെടണം.[36]

11. ഭക്ഷിക്കുന്നവരെ ആഹാരത്തോടു കൂടിയുള്ള എണ്ണ
അതിന്റെ കർത്താവിനെപോലെ സന്തുഷ്ടരാക്കുന്നു,
തന്നെ ഭക്ഷിക്കുന്നവരെ തന്റെ എല്ലാവിധ സഹായങ്ങളുടെയും
രുചികളോടുകൂടെ അവനും സന്തുഷ്ടരാക്കുന്നു.
മൃതരുടെ ഭവനത്തിൽ നിന്ന്
മിശിഹാ രോഗികൾക്ക് സൗഖ്യം നൽകുന്നു.
തുപ്പൽ തെറിപ്പിച്ച് കെടുത്തിയ വിളക്ക്
എണ്ണകൊണ്ട് ഉജ്ജ്വലിപ്പിക്കാം.
വീർപ്പുമുട്ടിയ വിളക്കുകൾ
എണ്ണകൊണ്ട് മരണത്തിൽ നിന്നു കരകയറുന്നു.
കാരണം, ദൈവത്തിന്റെ സഹായങ്ങൾ
തന്റെ ഇടിമിന്നലിനെക്കാൾ വേഗതയുള്ളവയാണ്.

12. വളരുകയും തളരുകയും ചെയ്യുന്നതിനാൽ
നമ്മുടെ ശരീരം വിളക്കിനു സദൃശ്യമാണ്.
നമ്മുടെ കർത്താവിന്റെ പ്രതീകങ്ങൾ കാണിക്കുന്നതിനാൽ,
നമ്മുടെ എണ്ണ നമ്മുടെ മിശിഹായ്ക്കു സദൃശ്യമാണ്.
നമ്മുടെ ലോകം നമ്മുടെ വിളക്കിനു സദൃശ്യമാണ്.
അവ രണ്ടും ഹെസെക്കിയായ്ക്കു സദൃശ്യമാണ്.

36. മത്താ. 25:1-13

www.malankaralibrary.com



എൻെറ സഹോദരരേ, ഈ മൂന്നു പ്രതീകങ്ങളും
എങ്ങനെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു എന്ന് കേൾക്കുവിൻ.
വിളക്ക് എണ്ണകൊണ്ട് കത്തുന്നു.
ഹെസക്കിയാ സൂര്യനെ കൊണ്ട് എഴുന്നേറ്റു.
എന്നാൽ കരുണയുടെ വെള്ളപ്പാച്ചിലായ മിശിഹാവഴി
ലോകം ഉണർന്ന് പ്രകാശിതമായി.

**13.** എണ്ണ വാളിൻെറ വായ്ത്തലയെ മിനുക്കുന്നു.
മിശിഹാ മനസ്സിനെ സംസ്കരിക്കുന്നു.
വാൾ കൊലയാളിയെ വിറപ്പിക്കുന്നു;
സത്യത്തിൻെറ നാവ് സംശയഗ്രസ്തരെ വിറപ്പിക്കുന്നു.
വാളിലുണ്ടാകുന്ന തുരുമ്പിൽ നിന്ന്
വാളിനെ എണ്ണ സംരക്ഷിക്കുന്നു.
മണ്ണുമായുള്ള സമ്പർക്കം അതിന് ഉപദ്രവം ചെയ്യുന്നു.
ഒരു ഗർഹണീയ പ്രതീകം!
ശ്രദ്ധക്കുറവുകൊണ്ടുണ്ടാകുന്ന കീടത്തെപ്പോലെ,
നിഷ്ഠയില്ലായ്മ വഴി ഉണ്ടാകുന്ന ഉപദ്രവങ്ങളെ
മിശിഹാ ഹൃദയത്തിൽ വസിച്ചുകൊണ്ട് തടയുന്നു.

**14.** അതുകൊണ്ട്, കന്യാത്വത്തെ സ്നേഹിക്കുന്ന
ദൈവത്തിൻെറ പ്രതീകമാണ് എണ്ണ:
മിഖായേൽ ഭവനത്തിൻെറ രഹസ്യപുത്രിയും
ഗബ്രിയേൽ ഭവനത്തിൻെറ ബന്ധുക്കാരിയും.
സാറായെയും റിബേക്കായെയും റാഹേലിനെയുംപോലെ
എണ്ണ വന്ധ്യകളെ സാന്ത്വനപ്പെടുത്തുന്നു.
ലെയായെയും സിൽപായെയും ബിൽഹാഹിനെയുംപോലെ
കുട്ടികളെ പ്രസവിക്കുന്ന സ്ത്രീകളെയും
അതു ശക്തിപ്പെടുത്തുന്നു.
കാരണം, എണ്ണയ്ക്ക് വിവാഹം പാവനമാണ്.
ധരയിൽ നട്ട മുന്തിരിയാണ് വിവാഹം.
ഫലങ്ങൾപോലെ, കുഞ്ഞുങ്ങൾ അതിൽ തൂങ്ങിക്കിടക്കുന്നു.

www.malankaralibrary.com



15. വീണ്ടും, എണ്ണ, പീഡിപ്പിക്കപ്പെടുകയും ദ്വേഷിക്കപ്പെടുകയും
ചെയ്ത യാക്കോബിൻെറ സാദൃശ്യമായിത്തീർന്നു.
...........
വടി, .... സ്പഷ്ടമായി;
എണ്ണയും അവൻെറ പ്രതീകവും നിഗൂഢമായും.
സന്ദേശവാഹകനെപ്പോലെ എണ്ണ ഒഴുകി;
ഉപമകൾ എഴുതി ഉണ്ടാക്കി;
നമ്മുടെ കർത്താവിലൂടെ അവയുടെ അർത്ഥം സുവ്യക്തമായി.
യാക്കോബ് മുദ്രകുത്തിയ കല്ലിനുപകരം[37]
ആത്മാവ് ദൈവത്തെ വരിച്ചു.

16. കാരണം, എണ്ണ പ്രതീകങ്ങളുടെ
ഭണ്ഡാഗാരത്തിൻെറ താക്കോലായിതീർന്നു.
മനുഷ്യനായിതീർന്ന ദൈവത്തിൻെറ സാദൃശ്യങ്ങൾ
അതു നമുക്കു വരച്ചുകാട്ടുന്നു.
സൃഷ്ടിമുഴുവൻ, തന്നിൽ നിഗൂഢമായിരിക്കുന്ന
പ്രതീകങ്ങളെല്ലാം അവനു നൽകി;
തിരുലിഖിതങ്ങൾ അവയുടെ ഉപമകളും നൽകി.
അവയെല്ലാം അവനിൽ സുവ്യക്തമായി.
ലിഖിതങ്ങൾ തങ്ങളുടെ മുൻകുറികളും
നിയമം തൻെറ നിഴലുകളും നൽകി.[38]
ഒലിവുമരം തൊലി ഉരിഞ്ഞ്
തന്നിലുള്ള പ്രതീകങ്ങളുടെ ശ്രേഷ്ഠത മിശിഹായ്ക്ക് നൽകി.

---

37. ഉല്പ. 28:18

38. ലിഖിതങ്ങൾ (കെത്തുബിം), നിയമം (തോറാ).

www.malankaralibrary.com



# ഗീതം 6

## തൈലം - 3

അതേ രാഗം

**1.** സ്വർഗീയനു സദൃശ്യമായ എണ്ണ
രാജത്വം പ്രദാനം ചെയ്യുന്ന വസ്തുവായിത്തീർന്നു.
ദൈവം മലമുകളിൽ ഇറങ്ങിവന്ന്
മോശയെ പ്രശോഭിപ്പിച്ചതുപോലെയും
അഭിഷേക കൊമ്പിൽനിന്ന് നിഗൂഢമായി
സോളമൻ ശോഭ ധരിച്ചതുപോലെയും[39]
അഭിഷേക കൊമ്പിൽനിന്ന് സമൂഹത്തിന്റെ[40] അധിപന്റെമേൽ
ഒരു പാവനമേഘം വന്നിറങ്ങി.
അത് സ്വജനത്തിൽനിന്ന് ജാതികളിലേക്ക് ഇറങ്ങിപുറപ്പെട്ടു.
കുറെപ്പേർക്കു പകരം അനേകർ അഭിഷിക്തരാകുകയും
ശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

*പ്രതിസ്തോത്രം: പുത്രനായ മിശിഹായുടെ പ്രതീകങ്ങൾ ദർശിക്കാൻ ജാതികൾക്കു നയനങ്ങൾ നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** വീണ്ടും, ഉറവിടങ്ങളായി സക്കറിയാ രണ്ട് ഒലിവുശാഖകൾ ദർശിച്ചു;
ഒന്നിൽനിന്നു പൗരോഹിത്യവും
മറ്റൊന്നിൽനിന്ന് അതിന്റെ സഖിയായ രാജത്വവും ഒഴുകുന്നു.[41]
അടിമത്തത്തിൽ രണ്ടിന്റെയും സമ്പാദ്യം ഒഴുകുകയും
രണ്ട് ശാഖകൾ നൽകുകയും ചെയ്തു:
മലിനരും ക്ലേശിതരുമായ ജനത്തിന്
അടിമത്തത്തിനുശേഷം പാപമോചനവും രക്ഷയും.
വീണ്ടും, അവൻ രണ്ടുടമ്പടികൾ നൽകി:
മലിനരും പീഡിതരുമായ ജാതികൾക്ക് ശുദ്ധീകരണവും രക്ഷയും.

---

39. 1 രാജാ. 1:39
40. ഇസ്രായേൽ ജനത്തിന്റെ
41. സക്ക. 4:11-14

www.malankaralibrary.com



3. വീണ്ടും, മൃത്യുഭവനത്തിൽനിന്ന് ആദ്യജാതനായിതീർന്ന
നമ്മുടെ കർത്താവിന്റെ സാദൃശ്യത്തിൽ,
ജലപ്രളയത്തിൽ മുങ്ങിപ്പോയ മരങ്ങളുടെ ഇടയിൽ
ഒലിവുമരം ആദ്യജാതനായിത്തീർന്നു.
ഒലിവുമരം ജലപ്രളയത്തിലൂടെ കടന്നുപോയെങ്കിലും
മറ്റുള്ളവയ്ക്കു മുൻപ് ജീവൻ പ്രാപിച്ചു.[42]
എല്ലാവരുടെയും നവജീവന്റെ അച്ചാരമായി
അത് ഉയർന്ന് തളിരിട്ടു.
നാം വസിക്കുന്നിടം കാംക്ഷിക്കുന്ന മാടപ്രാവ്
അത് കാണുകയും താല്പര്യപൂർവം കാമിക്കുകയും ചെയ്തു.
പ്രളയത്തെ അതിജീവിച്ച ഒരു സത്യമുണ്ടെന്ന് പ്രാവ് വിളിച്ചറിയിച്ചു;
അതിന്റെ ചുണ്ടിൽ ഒലിവുമരം ഒരാശംസ അയച്ചു.

4. ഒലിവുമരം തിരകളുടെ ഇടയിലൂടെ കടന്നു;
രാജാവിനെപ്പോലെ ഉയർന്ന് തന്റെ സമാധാനവാഹകനെ അയച്ചു.
അടയ്ക്കപ്പെട്ടിരുന്നവർക്ക് സദ്വാർത്ത നൽകുകയും
നിശ്ശബ്ദരായിരുന്നവരുടെ അധരങ്ങളിൽ
സ്തുതി ഉല്പാദിപ്പിക്കുകയും ചെയ്തു.
അതിൽനിന്ന് എല്ലാവരുടെയും നയനങ്ങളെ പ്രകാശിപ്പിച്ച
ഒരില എന്ന സമാശ്വാസം കൊത്തിയെടുക്കപ്പെട്ടു.
കോപം പരാജയപ്പെട്ടെന്നും കാരുണ്യം വിജയിച്ചെന്നും
അത് നോഹയെ അറിയിച്ചു.
ശബ്ദരഹിതമായിരുന്നെങ്കിലും ഇലയുടെ ദർശനം
ദു:ഖിതരിൽ സന്തോഷം വിതച്ചു.
അവർക്കത് സമാധാനക്കണ്ണാടിയായിരുന്നു;
അതിൽ അവർ ധരയുടെ സമാധാനം ദർശിച്ചു.

5. ഒലിവുമലയുടെ ഇറക്കത്തിൽ
ഈന്തപ്പനകളും ഒലിവുമരങ്ങളും പങ്കെടുത്തു:
രണ്ടിന്റെയും ഇലകൾ നമ്മുടെ കർത്താവിനുചിതമല്ല.
..... അവിടുന്ന് തന്റെ വസ്ത്രം ഉരിഞ്ഞുകളഞ്ഞു.

---

42. ഉല്പ. 8:10-11

www.malankaralibrary.com



...ഒരു മധുരസ്വരം
ഒരു മധുരസ്വരമാണു കർത്താവിനുചിതം...
ഒലിവുമരം... കത്തുന്ന വിളക്കുകളുടെ കവാടങ്ങൾ!
ഓശാനകളോടുകൂടി സ്തുതിക്കുന്ന ശിശുക്കളെ
ഈന്തപ്പനകൾ അതിൻെറ കൊമ്പുകൾ കൊണ്ട് ധന്യരാക്കുന്നു.[43]

6. കാരണം, ഒലിവുമരം സ്നാപകയോഹന്നാനെപ്പോലെയാണ്.
അവൻ തൻെറ നാഥൻെറ പ്രതീകം വരച്ചുകാട്ടി.
മിശിഹാ രാജാവ് എഴുന്നെള്ളി പ്രകാശിച്ചു;
തൻെറ നാഥനെ എതിരേല്ക്കാൻ
ഒലിവിൻ കൊമ്പുകളേന്തിയ കുട്ടികളോടുകൂടി
ഒലിവുമരം ഇറങ്ങിപ്പുറപ്പെട്ടു.
ഒലിവിൻെറ ശിഖരങ്ങൾ മുറിച്ച് വിതരണം ചെയ്തു.
തൻെറ നാഥൻ വസ്ത്രം ഉരിഞ്ഞ്
പങ്കിട്ടു നൽകുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു.[44]
പ്രതീകങ്ങളെ പൂർത്തീകരിക്കാൻ എഴുന്നെള്ളിയവനു
പ്രതീകങ്ങൾ വഹിച്ച ഒലിവുമരം സാക്ഷ്യം നൽകി.
മരണത്തെ കീഴടക്കാനിരുന്ന കൊല്ലപ്പെട്ടവനുവേണ്ടി
അത് തൻെറ ശിഖരങ്ങൾകൊണ്ട് ഒരു കിരീടം കൊടുത്തുവിട്ടു.

7. പ്രളയത്തിൽ പ്രാവ് നോഹയെ സമാശ്വസിപ്പിച്ചു;
പ്രാവിൻെറ സഖിയായ മറിയം[45] ഇലയ്ക്കുപകരം
മേൽത്തരം തൈലംകൊണ്ട്
പുത്രൻെറ മരണത്തിൻെറ പ്രതീകം ചിത്രീകരിച്ചു
അവൾ അവൻെറമേൽ ഒഴിച്ച എണ്ണക്കുപ്പി
അവനിൽ പ്രതീകങ്ങളുടെ നിക്ഷേപം വർഷിച്ചു
ആ നിമിഷം എണ്ണയുടെ പ്രതീകങ്ങൾ മിശിഹായിൽ അഭയംതേടി.
എണ്ണയുടെ പ്രതീകങ്ങളുടെ സൂക്ഷിപ്പുകാരൻ,
പ്രതീകങ്ങളുടെ നാഥനുവേണ്ടി പ്രതീകങ്ങൾ പൂർത്തിയാക്കി.
സൃഷ്ടി അവിടുത്തെ പ്രതീകങ്ങൾ രൂപീകരിച്ചു.
മറിയം[46] അവൻെറ അവയവങ്ങളെ രൂപീകരിച്ചു.

---

43. മർക്കോ. 11:1-11
44. മക്കോ. 15:20
45. മറിയം മഗ്ദലേന
46. യേശുവിൻെറ അമ്മ മറിയം.

www.malankaralibrary.com



**8.** അതുകൊണ്ട്, നിരവധി ഉദരങ്ങൾ ഏകജാതനെ പ്രസവിച്ചു.
വേദനയോടുകൂടി ശാരീരിക ഉദരം അവനെ പ്രസവിച്ചു.
പ്രതീകങ്ങളിലൂടെ സൃഷ്ടി അവനെ പ്രസവിച്ചു.
അവൻ അവയവങ്ങളുള്ള ഒരു ശരീരവും
മഹത്ത്വത്തിന്റെ മറ്റൊരു ശരീരവും ധരിച്ചു.
നിത്യശക്തി ക്ഷീണിക്കുന്നില്ല.
അവിടുന്ന് പ്രവർത്തിച്ചെങ്കിലും നമുക്കു വിശ്രാന്തി നൽകി.
കാരണം, തന്റെ ഔന്നത്യത്തിന്റെ പ്രതീകങ്ങൾ വഹിക്കുക
സൃഷ്ടികൾക്ക് ശ്രമകരമായിരുന്നു.
അവനെ വഹിച്ച ഉദരത്തിന് എന്നപോലെ
അവന്റെ പ്രതീകങ്ങൾ അവയ്ക്കും ഭാരമുള്ളവയായിരുന്നു.

**9.** പുരോഹിത പുത്രനായ യോഹന്നാനെപ്പോലെ
എണ്ണ പൗരോഹിത്യത്തിന്റെ ബന്ധുവാണ്.
മുമ്പ് ശബ്ദം നിലച്ചിടത്ത്, ശ്രവണത്തിന് അവൻ പാത തുറന്നു.
സംസാരിക്കുന്നവന്റെ താല്പര്യം വരച്ചുവയ്ക്കുന്നതിനായി,
വാക്ക് ചെവിയിലേക്കൊഴുക്കുന്നു
എന്നാൽ, യോഹന്നാൻ തുറന്ന ഈ പാതയിൽ
നിഗൂഢപിതാവിന്റെ വചനം ഒഴുകി.
തന്നെ അയച്ചവന്റെ പ്രതീകത്തെ അവൻ ചിത്രീകരിച്ചതിനാൽ
ജാതികളുടെ വികൃതഭാവത്തെ അവൻ സൗന്ദര്യമുള്ളതാക്കി.
അങ്ങനെ അവിടുത്തെ സൗന്ദര്യം അവർ സ്വന്തമാക്കി.

**10.** എല്ലാറ്റിനെയും ഭയപ്പെടുത്തുന്ന സിംഹത്തെ,
ഉറച്ചുനില്ക്കുന്ന ഒലിവുമരം ഭയപ്പെടുന്നില്ല.
വിറങ്ങലിക്കുന്ന തണുപ്പുകാലത്തിന്റെ കാഠിന്യത്തിൽ
അതിന്റെ ഇലകൾ, ഉറപ്പുള്ളവരെപ്പോലെ,
കൊഴിയാതെ നില്ക്കുന്നു.
ഒലിവുമരമായ മിശിഹായിൽ ഉറച്ചുനിന്നവരുടെ പ്രതീകമാണത് .
മതപീഡനത്തിൽ സംശയിക്കുന്നവർ മരങ്ങളിൽ ഉറച്ചുനില്ക്കാതെ
കൊഴിഞ്ഞുവീഴുന്ന ഇലകളെപ്പോലെയാണ്.
എന്നാൽ, ഒലിവുമരത്തിന്റെ ഇലകൾ തണുപ്പുകാലത്ത്
പരിപൂർണമായി തണ്ടോടു ചേർന്നിരിക്കുന്നതുപോലെ
അഭിഷിക്തർ മിശിഹായുമായി ചേർന്നിരിക്കുന്നു.

www.malankaralibrary.com



**11.** വീണ്ടും, വളവില്ലാതിരിക്കുകയും
പോരാട്ടത്തിനുതകുകയും ചെയ്യുന്ന ഒലിവ്
ദൈവത്തിൻെറ പ്രതീകമാണ്.
കാരണം, അത് ആരംഭം എത്തിപ്പിടിക്കുന്നു;
അന്ത്യത്തെയും സംരക്ഷിക്കുന്നു...

**12.** പോരാട്ടത്തിൽ എണ്ണ ജേതാവിന് കിരീടം നൽകുന്നു.
എൻെറ സഹോദരരേ, സത്യംതന്നെയായ മിശിഹാ
നമുക്ക് യഥാർത്ഥ സ്വാതന്ത്ര്യം നൽകുന്നു.
കാലിക കിരീടം ലഭിക്കുന്ന മല്ലന്മാർ താല്ക്കാലികമായതു നേടുന്നു.
ഭാരത്തിൽനിന്ന്.... മിശിഹായാകട്ടെ,
സ്തുതിയുടെ കിരീടംകൊണ്ട് സ്വതന്ത്രമാക്കുന്നു.
തൻെറ സഭയെ പാപത്തിൻെറ അടിമത്തത്തിൽനിന്ന്
തൻെറ വിജയത്താൽ അവിടുന്ന് സ്വതന്ത്രയാക്കി.

**13.** മല്ലന്മാർ എണ്ണ ദേഹത്തു തേച്ചുപിടിപ്പിക്കുന്നു...
ശിഷ്യൻ ... പഠിക്കുന്നു.
പരാജയപ്പെട്ടാൽ അവൻ ലജ്ജിക്കുന്നു...
മല്ലൻ... അവൻെറ സ്നേഹിതൻ പ്രകീർത്തിക്കപ്പെടുന്നു.
തൻെറ സ്നേഹിതനിൽനിന്നു പഠിക്കാൻ
കൂട്ടാക്കാത്തവൻ പഠിക്കുന്നു.
എങ്കിൽ... ആരാധിക്കപ്പെടുന്നു; എങ്കിൽ... മഹത്ത്വീകരിക്കപ്പെടുന്നു.

**14.** പരുപരുത്ത കാഠിന്യത്തെ എണ്ണ മിനുസമുള്ളതാക്കുന്നു.
അതിനെ പൊതിഞ്ഞിരിക്കുന്ന കഠിന ശക്തികളോട്
മാധുര്യമായിരിക്കാൻ വേണ്ടിയാണിത്.
എന്നാൽ ഒന്നിനു പകരം രണ്ടടികൊള്ളാനും
അതികാഠിന്യത്തെ മാധുര്യവുമായി കൂട്ടിക്കലർത്താനും
ഒരു മൈലിനു പകരം രണ്ടുമൈൽ പോകാനുമായി
മിശിഹാ നമ്മെ പീഡനവിധേയരാക്കി... [47]

47. മത്താ. 5: 39-41

www.malankaralibrary.com



# ഗീതം 7

## തൈലം - 4

അതേ രീതി

1. അനുതാപവും സ്ഥിരോത്സാഹവും:
ഇരുലോകങ്ങൾക്കും അവ ആവശ്യമാണ്.
ധരയിലെ അധ്വാനത്തിന് പരിശ്രമശാലികൾ,
ആത്മീയവേലയ്ക്ക് അനുതാപികൾ.
ധനവാനായി തീർന്നില്ലെങ്കിലും
പരിശ്രമശാലിയുടെ സമൃദ്ധി നിലനില്ക്കും.
പരിപൂർണമായി പരാജയപ്പെട്ടാലും, അനുതാപി വിജയിക്കും.
അരിഷ്ടരും പാപികളും പൂർണമായി ദുഷ്ടനാമം ധരിക്കുന്നു;
അലസർക്ക് ലജ്ജയും പാപികൾക്കു കുറ്റപ്പെടുത്തലും.

*പ്രതിസ്തോത്രം: ഞങ്ങളുടെ രക്ഷകാ, ഞങ്ങൾക്ക് നിന്നിൽ എത്രമാത്രം അത്ഭുതപ്പെടാനാകും? നിൻെറ മഹത്ത്വം ഞങ്ങളുടെ നാവിനെക്കാൾ മഹനീയമാണ്.*

2. ഒക്ടോബർമാസം ക്ഷീണിതരെ പൊടിയിൽനിന്നും
ചൂടുകാലത്തെ അഴുക്കിൽനിന്നും ഉജ്ജീവിപ്പിക്കുന്നു.
മരങ്ങളെയും പഴങ്ങളെയുംപോലും അതിൻെറ മഴ നനയ്ക്കുകയും
അതിൻെറ മഞ്ഞ് പൂശുകയും ചെയ്യുന്നു.
ഉപവാസകരെ ഏപ്രിൽമാസം ഉജ്ജീവിപ്പിക്കുകയും,
പൂശുകയും മുക്കുകയും വെണ്മയുള്ളവരാക്കുകയും ചെയ്യുന്നു.
അത് നമ്മുടെ ആത്മാക്കളിൽനിന്ന്
പാപത്തിൻെറ അഴുക്ക് പാടേ നീക്കുന്നു.
ഒക്ടോബർ നമുക്കുവേണ്ടി എണ്ണ ഒഴുക്കുന്നു;
ഏപ്രിൽ നമുക്കുവേണ്ടി കാരുണ്യം വർദ്ധിപ്പിക്കുന്നു.
ഒക്ടോബറിൽ ഫലശേഖരണം നടക്കുന്നു;
ഏപ്രിലിൽ കടങ്ങൾ ക്ഷമിക്കപ്പെടുന്നു.

www.malankaralibrary.com



**3.** ജസബേൽ നീതി നിഷേധിച്ചതിനാൽ,
ധര അവളുടെ ഫലശേഖരണം നിഷേധിച്ചു.
കിങ്കരന്മാർ അവൾക്ക് നേടിക്കൊടുത്ത കൃഷിസ്ഥലത്തെ
ഒരു കുറ്റപ്പെടുത്തൽ നഷ്ടപ്പെടുത്തി.
അവളുടെ കിങ്കരന്മാർ നീതി നിഷേധിച്ചതിനാൽ
അത് വിത്തുകളെ അതിനുള്ളൽ അടച്ചുകളഞ്ഞു.[48]
അതു വഹിച്ചവൾ വന്ധ്യയായിത്തീർന്നു;
അത് അവളുടെ പതിവല്ലായിരുന്നു.
ഒന്നുമില്ലാതിരുന്ന ഭരണിയും കൊമ്പും നിറഞ്ഞ് ഫലസമൃദ്ധമായി.
അത് അവയുടെ പ്രകൃതമല്ലായിരുന്നു
കാരണം, ധരയെ ദുഃഖിപ്പിച്ച സ്വരം
വന്ധ്യഉദരങ്ങളെ ഫലസമൃദ്ധമാക്കി.

**4.** ധരയിൽ പട്ടിണി വർദ്ധിച്ചു; ഭക്ഷണദൗർലഭ്യം രൂക്ഷമായി.
നിറഞ്ഞുകിടന്ന ധാന്യക്കലവറകൾ ശൂന്യമായി;
അറകളിൽ ഒന്നുമില്ലാതായി.
നുകംപോലെ ഏലിയാ മാവും എണ്ണയും ചേർത്തു.[49]
രഥത്തിൽ എടുക്കപ്പെടുകയും മരണത്തെ കീഴടക്കുകയും
ചെയ്തവൻ[50] രണ്ട് പ്രതീകങ്ങളിൽ പട്ടിണിയെ അതിജീവിച്ചു.
മേഘങ്ങളുടെ നാഥൻ തൻെറ ജലസംഭരണിയിൽനിന്ന്
സമൃദ്ധിയുടെ കിരീടം നൽകിയതിനാൽ,
അതിൻെറ അവസാനം മഴ പെയ്തു.[51]

**5.** ദൃശ്യമായ ചായങ്ങൾകൊണ്ട് രാജാവിൻെറ പടം വരയ്ക്കപ്പെടുന്നു;
ദൃശ്യമായ എണ്ണകൊണ്ട് നമ്മുടെ നിഗൂഢരാജാവിൻെറ
നിഗൂഢഛായ ചിത്രീകരിക്കപ്പെടുന്നു.
അധഃപതിച്ച ആദ്യമനുഷ്യൻെറ ഛായയിൽനിന്ന്
തൻെറ ഉദരത്തിൽ ഉല്പാദിപ്പിക്കാനായി
സ്നാനം രൂപീകരിക്കുന്ന ചിത്രീകരണങ്ങൾകൊണ്ട്
ഒരു പുതിയ ഛായ കൊത്തിയുണ്ടാക്കുകയും

---

48. 1 രാജാ. 21
49. 1 രാജാ. 17:8-16
50. 2 രാജാ. 1-12
51. 1 രാജാ. 18:45-46

www.malankaralibrary.com



പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും
മൂന്നു മഹനീയ നാമങ്ങൾ എന്ന റൂശ്മാകളാൽ
അവയെ പ്രസവിക്കുകയും ചെയ്യുന്നു.

6. അതുകൊണ്ട് എണ്ണ പരിശുദ്ധാത്മാവിൻെറ
സ്നേഹിതനും ശുശ്രൂഷകനുമാണ്.[52]
ശിഷ്യനെപ്പോലെ അത് അവളെ അനുഗമിക്കുന്നു
കാരണം, അതിനാൽ അവൾ പുരോഹിതരെയും
അഭിഷിക്തരെയും മുദ്രകുത്തുന്നു.
കാരണം, പരിശുദ്ധാത്മാവ് അഭിഷിക്തനാൽ
തൻെറ ആടുകളെ മുദ്രയിടുന്നു.
മുദ്രമോതിരത്തിൻെറ പ്രതീകത്തിൽ,
മുദ്ര പതിപ്പിക്കുന്ന മെഴുകിൽ
അതിൻെറ മുദ്ര പതിയുന്നു.
അതുപോലെ പരിശുദ്ധാത്മാവിൻെറ നിഗൂഢമായ അടയാളം
തൈലത്താൽ, മാമോദീസായിലെ പൂശലും
മുക്കുന്നതിലെ മുദ്രയും വഴി ശരീരങ്ങളിൽ പതിയപ്പെടുന്നു.

7. വേർപാടിൻെറ തൈലത്താൽ കറകൾ നിറഞ്ഞ ശരീരങ്ങൾ
പാപമോചനാർത്ഥം പുശപ്പെടുമ്പോൾ
കല്ലിൽ അടിക്കാതെ തന്നെ അവ വെണ്മയുള്ളതായിതീരുന്നു.[53]
മലിനരായി കടങ്ങളോടുകൂടി അവർ ഇറങ്ങി.
മാമോദീസാ എന്ന മറ്റൊരുദരം അവൾക്കുള്ളതിനാൽ
ശിശുക്കളെപ്പോലെ ശുദ്ധിയുള്ളവരായി അവർ പൊങ്ങിവന്നു.
നാമാനെ നദി ശുദ്ധീകരിച്ചതുപോലെ[54]
മാമോദീസായിലെ ജനനം പഴയമനുഷ്യനെ നവീകരിക്കുന്നു.
ഓ, പ്രസവവേദനകൂടാതെ അനുദിനം
രാജകുമാരന്മാരെ പ്രസവിക്കുന്ന ഉദരം!

---

52. 'അവളുടെ ശുശ്രൂഷകനും' എന്നു പദാർത്ഥം. 'റൂഹാ' എന്ന പദം സ്ത്രീലിംഗമായതിനാലാണിത്. തുടന്ന് അവൾ എന്നു മൂലത്തിൽ.

53. നദിയിൽ കൊണ്ടുപോയി കല്ലിൽ അടിച്ച് വസ്ത്രം വെളുപ്പിക്കുന്ന സാദൃശ്യം.

54. 2 രാജാ 5:1-14

www.malankaralibrary.com



8. ഈ ഉദരത്തിൻെറ പ്രസവശുശ്രൂഷകനാണ് പൗരോഹിത്യം.
അഭിഷേകം അവളുടെ മുമ്പിൽ ഓടിയെത്തുന്നു.
പരിശുദ്ധാത്മാവ് അവളുടെ ഒഴുക്കിലേക്ക് ധൃതിപ്പെട്ടുവരുന്നു.
ലേവ്യരുടെ കിരീടം അവളെ ചുറ്റുന്നു.
മഹാപുരോഹിതൻ അവളുടെ ശുശ്രൂഷകനായി;
നഷ്ടപ്പെട്ടതിനെ അവൾ കണ്ടെത്തിയതിൽ
ഈറേ ദൂതന്മാർ[55] സന്തോഷിക്കുന്നു.
പ്രസവാനന്തരം ബലിപീഠത്താൽ പരിപോഷിപ്പിക്കപ്പെടുകയും
പ്രബുദ്ധമാക്കപ്പെടുകയും ചെയ്യുന്ന ഉദരം!
ഉടൻതന്നെ പാലിനു പകരം
പരിപൂർണ്ണമായ അപ്പം തിന്നുന്ന ശിശുക്കൾ!

9. എല്ലാ സഹായങ്ങളുടെയും ഉറവിടമായ മിശിഹാ
വേദനകളുടെ ഉറവിടമായ ശരീരത്തെ അനുധാവനം ചെയ്തു.
പ്രളയജലം അശുദ്ധരെ തുടച്ചുനീക്കിയതുപോലെ
തൈലം കടങ്ങൾ തുടച്ചുനീക്കുന്നു.
നീതിമാനെപ്പോലെ പ്രളയജലം
നീതിപൂർവം ദുഷ്ടരെ തുടച്ചുനീക്കുന്നു.
അവർ തങ്ങളുടെ ദുഷ്കാമത്തെ കീഴടക്കാഞ്ഞതിനാൽ,
അതിൽ ധരയെ മുക്കിയവർ മുങ്ങിച്ചത്തു.
എന്നാൽ കാരുണ്യവാൻെറ സാദൃശ്യത്തിൽ,
മാമോദീസായിൽ തൈലം നമ്മുടെ കടങ്ങൾ മായിച്ചുകളയുന്നു.
പാപം ജലത്തിൽ മുങ്ങിപ്പോയതിനാൽ,
ദുഷ്കാമത്താൽ അതിനെ പുനർജീവിപ്പിക്കാതിരിക്കാം.

10. എണ്ണ അതിൻെറ സ്നേഹത്താൽ,
തൻെറ ആവശ്യത്തിൽ തൻെറ ജീവനെ വെറുക്കുകയും
ജലത്തിലേക്കിറങ്ങി അതിൽ സ്വയം അടക്കം ചെയ്യുകയും
ചെയ്യുന്ന നീന്തൽകാരൻെറ സഖിയായിത്തീർന്നു.
താണുപോകാത്ത പ്രകൃതമുള്ള എണ്ണ,
താണുപോകുന്ന പ്രകൃതമുള്ള ശരീരത്തിൻെറ പങ്കുകാരനാകുന്നു.

---

55. മാലാഖമാരുടെ ഒരു ഗണം.

www.malankaralibrary.com



ആഴത്തിൽനിന്ന് സമ്പത്തിൻെറ നിക്ഷേപം പൊക്കിയെടുക്കാൻ
അത് താഴേക്കു നീന്തിത്താണു.
മരിക്കാത്ത പ്രകൃതമുള്ള മിശിഹാ മർത്യശരീരം ധരിച്ചു;
അവിടുന്നു താഴേക്കു നീന്തിത്താണ് ജലത്തിൽനിന്ന്
ആദാമ്യകുലത്തിൻെറ സജീവനിക്ഷേപം പൊക്കിയെടുത്തു.

**11.** അനാഥർ വില്ക്കപ്പെടാതിരിക്കാനായി അവർക്കു പകരം
എണ്ണ വില്പനയ്ക്കായി സ്വയം കയ്യാളിച്ചു.[56]
മുകുളങ്ങൾ കണക്കെ, സ്വാതന്ത്ര്യത്തിൻെറ വേരിൽനിന്ന്
രണ്ടു സഹോദരന്മാരെ പറിച്ചെടുക്കാനും
അടിമത്തത്തിൻെറ വേരിലേക്ക് അവരെ ഒട്ടിച്ചുചേർക്കാനും
മുതിർന്ന ശക്തിയെ തടഞ്ഞ സംരക്ഷകനെപോലെ
ആയിരുന്നു അത് അനാഥർക്ക്.
കടക്കാർക്കെതിരെ നിലവിളിക്കുന്ന പ്രോമിസറിനോട്ടിനെ
എണ്ണയുടെ കടംവീട്ടൽ നിശ്ശബ്ദമാക്കി.
ഒരമ്മയിൽനിന്ന് അവളുടെ കഞ്ഞുങ്ങളെ
വെട്ടിമാറ്റാൻ വന്നവരെ അത് വെട്ടിമാറ്റി.

**12.** എണ്ണ തൻെറ സ്നേഹത്താൽ മിശിഹായുടെ പ്രതീകമായി
തൻേറതല്ലാത്ത കടങ്ങൾ വീട്ടി.
ഭൗമികശരീരത്തിൽ ജനതകൾക്കുവേണ്ടി
നിക്ഷേപം കണ്ടെത്തപ്പെട്ടതുപോലെ
കടക്കാർക്കുവേണ്ടി മൺപാത്രത്തിൽ
സ്വാതന്ത്രനിക്ഷേപം കണ്ടെത്തി.
പ്രഭുക്കന്മാരെ സ്വതന്ത്രരാക്കുവാൻ
വില്പനയ്ക്കായി എണ്ണ അടിമയായിത്തീർന്നു.
പാപത്തിൻെറ അടിമകളായിരുന്നവരെ സ്വതന്ത്രരാക്കുവാൻ
വില്പനയ്ക്കായി മിശിഹാ അടിമയായിത്തീർന്നു.
പേരിലും പ്രവൃത്തിയിലും മിശിഹായെ എണ്ണ വരച്ചുകാട്ടി.

**13.** എണ്ണ അങ്ങയെ പൂർണ്ണമായി അംഗീകരിക്കുന്നു;
കാരണം, എണ്ണ എല്ലാവരെയും ജീവിപ്പിക്കുന്നു.

---

56. 2 രാജാ. 4:1-7

www.malankaralibrary.com



എല്ലാറ്റിനെയും ജീവിപ്പിക്കുന്ന മിശിഹായെപ്പോലെ
അതു വർത്തിക്കുന്നു:
ഒഴുക്കിലും ശാഖകളിലും ഇലകളിലും
അത് അവിടുത്തെ ചിത്രീകരിക്കുന്നു
അതിൻെറ ശാഖകളോടുകൂടി കുട്ടികളിലൂടെ
അത് അവിടുത്തെ പ്രകീർത്തിച്ചു;
അതിൻെറ ഒഴുക്കിലൂടെ അത് മറിയംവഴി
അവിടുത്തെ അഭിഷേകം ചെയ്തു.
ഇലയിലൂടെ പ്രാവുവഴി അത് അവിടുത്തെ ദൃഷ്ടാന്തീകരിച്ചു.
അതിൻെറ ശാഖകളിലൂടെ അവിടുത്തെ വിജയത്തിൻെറ
പ്രതീകം അത് ചിത്രീകരിക്കുന്നു; അതിൻെറ ഒഴുക്കിലൂടെ
അവിടുത്തെ മർത്യതയുടെ പ്രതീകം അത് വരച്ചുകാട്ടുന്നു
അതിൻെറ ഇലയിലൂടെ അവിടുത്തെ ഉത്ഥാനത്തിൻെറ
പ്രതീകം അത് ചിത്രീകരിക്കുന്നു,
മരണത്തെപ്പോലെ പ്രളയജലം അതിനെ ഛർദിച്ചുകളഞ്ഞു.

**14.** എണ്ണ നിറച്ച പാത്രത്തിൽ നോക്കുന്നയാൾ
അതിൽ തൻെറ പ്രതിച്ഛായ ദർശിക്കുന്നു.
നിഗൂഢമായി അതിൽ നോക്കുന്നയാൾ
അതിൻെറ പ്രതീകങ്ങളാൽ മിശിഹായേയും
അവിടുത്തെ നിരവധി സൗന്ദര്യങ്ങളെയും ദർശിക്കുന്നു.
ഒലിവിനും നിരവധി പ്രതീകങ്ങളുണ്ട്...
മിശിഹാ എല്ലാ മുഖങ്ങളുമാണ്.
എണ്ണ കൃത്യം കണ്ണാടിപോലെയാണ്.
ഞാൻ എവിടെല്ലാം നിന്ന് എണ്ണയെ നോക്കിയാലും
അതിനുള്ളിൽ നിന്ന് മിശിഹാ എന്നെ നോക്കുന്നു.

**15.** യഥാർഥത്തിൽ ആരാണ് അടിച്ചുകയറുന്ന തിരകളുടെ ഇടയിൽ
ബലഹീനനായ എന്നെ അടക്കം ചെയ്തത്?
എണ്ണയുടെ തിരകൾ എന്നെ എടുത്ത്
മിശിഹായുടെ താല്പര്യങ്ങൾക്കായി കയ്യാളിച്ചതുപോലെയാണിത്.
മിശിഹായുടെ തിരമാലകൾ എന്നിലടിച്ചു
എണ്ണയുടെ പ്രതീകങ്ങൾക്ക് എന്നെ ഏല്പിച്ചുകൊടുത്തു.

www.malankaralibrary.com



തിരകൾ തിരകളെ സാന്ത്വനപ്പെടുത്തുന്നു.
എന്നാൽ ഞാൻ മധ്യത്തിലാണ്.
ശെമഓനെപോലെ ഞാനും ദുഃഖിതനാണ്;
എന്റെ കർത്താവേ, ശെമഓനോടു ചെയ്തതുപോലെ,
എന്നെയും കോരിയെടുക്കണമെ.[57]
പതിനായിരം തിരമാലകൾ എന്നെ മുക്കിക്കളഞ്ഞു.
കരുണാനിധിയേ, ബലഹീനനായ എന്നെ കോരിയെടുക്കണമെ.

# ഗീതം 8

## കർതൃപ്രതീകങ്ങൾ - 1

രാഗം: "തന്റെ പ്രതീകത്താൽ സമ്പന്നൻ"

**1.** ഭാഗ്യകരമായ മരം: തന്റെ സ്നേഹത്താൽ
അവിടുന്നു നമ്മുടെ പക്കലേക്കു വന്നു.
തടി തടിയെ അലിയച്ചു; ഫലം ഫലത്തെ ഇല്ലായ്മ ചെയ്തു.
ജീവനുള്ളവൻ കൊലയാളിയെ ഇല്ലായ്മ ചെയ്തു.

*പ്രതിസ്തോത്രം: പ്രവാചകന്മാർ വരച്ചു കാണിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** ഏദനിലും മനുഷ്യവാസമുള്ള ഭൂമിയിലും
നമ്മുടെ കർത്താവിന്റെ ഉപമകളാണ്.
അവിടുത്തെ പ്രതീകങ്ങളുടെ സാദൃശ്യങ്ങളെല്ലാം
ശേഖരിക്കാൻ ആർക്കാണു കഴിയുക?
അവയിലെല്ലാം അവിടുന്ന് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

---

57. മത്താ. 14:28-33

www.malankaralibrary.com



3. തിരുലിഖിതം അവനെപ്പറ്റി എഴുതിയിരിക്കുന്നു;
പ്രകൃതി അവനെ വരച്ചുകാട്ടുന്നു.
രാജാക്കന്മാർ അവൻെറ കിരീടവും
പ്രവാചകന്മാർ അവൻെറ സത്യവും
പുരോഹിതന്മാർ അവൻെറ പാപപരിഹാരവും
ചിത്രീകരിച്ചിരിക്കുന്നു

4. അവൻ മോശയുടെ വടിയിലും അഹറോൻെറ ഈസോപ്പിലും
ദാവീദിൻെറ കിരീടത്തിലും ഉണ്ട്.
പ്രവാചകന്മാർക്ക് അവൻെറ സാദൃശ്യമുണ്ട്;
എന്നാൽ ശ്ലീഹന്മാർക്ക് അവൻെറ സുവിശേഷം ഉണ്ട്.

5. വീണ്ടും, ക്ഷീണിച്ച പ്രാവ് ആരംഭത്തിൽ[58]
മരത്തിൽ പറന്നിറങ്ങി വിശ്രമിച്ചു.
ജീവൻെറ വൃക്ഷമേ, ക്ഷീണിച്ച ഉടമ്പടി നിൻെറ പക്കലേക്കുവന്ന്,
നിന്നിൽ അഭയം പ്രാപിക്കുകയും വിശ്രമിക്കുകയും ചെയ്തു.[59]

6. വെളിപാടുകൾ നിന്നെ നോക്കി; പുഞ്ചിരികൾ നിന്നെ കാത്തിരുന്നു;
പ്രതീകങ്ങൾ നിന്നെ പ്രതീക്ഷിച്ചു;
സാദൃശ്യങ്ങൾ നിന്നെ നോക്കിപ്പാർത്തു;
ഉപമകൾ നിന്നിൽ അഭയം തേടി.

7. രക്ഷപെടുത്തുകയും മുക്കിക്കൊല്ലുകയും ചെയ്ത ദണ്ഡിൽ
ദൈവം അങ്ങയുടെ പ്രതീകം വെളിപ്പെടുത്തി.
അതിൻെറ വ്യാഖ്യാനം അങ്ങയുടെ കുരിശിലാണ്.
പീഡകർ അതിനാൽ മുങ്ങിച്ചത്തു;
പീഡിതർ അതിനാൽ എഴുന്നേറ്റു.

8. അവിടുത്തെ ശക്തി മുൻകുറികളെയും
അവിടുത്തെ സത്യം പ്രതീകങ്ങളെയും

---

58. ഉല്പത്തിയിൽ എന്നും വിവർത്തനം ചെയ്യാം: ഉല്പ. 8:6-12

59. ക്ഷീണിച്ച പ്രാവിന് ഒലിവുമരം വിശ്രമം നൽകിയതുപോലെ, ജീവവൃക്ഷമായ മിശിഹാ പഴയനിയമത്തിന് അർത്ഥം നൽകി അതിനെ പൂർത്തീകരിക്കുന്നു.

www.malankaralibrary.com



അവിടുത്തെ വ്യാഖ്യാനം ഉപമകളെയും
അവിടുത്തെ വിശദീകരണം ചൊല്ലുകളെയും പൂർത്തീകരിച്ചു.
അവിടുത്തെ ഉറപ്പ് പ്രയാസമുള്ളവയെ യാഥാർത്ഥ്യമാക്കി.

9. തൻെറ ബലിയാൽ അവിടുന്ന് ബലികളെയും
തൻെറ സുഗന്ധത്താൽ പാനീയ ബലിയെയും
തൻെറ കൊലയാൽ പെസഹാകുഞ്ഞാടിനെയും
തൻെറ അപ്പത്താൽ പുളിപ്പില്ലാത്ത അപ്പത്തെയും
തൻെറ പീഡാനുഭവത്താൽ കയ്പുചീരയെയും നീക്കിക്കളഞ്ഞു.

10. തൻെറ ആരോഗ്യപ്രദായക ഭക്ഷണത്താൽ,
അവൻ മുലകുടി മാറ്റി പാൽ നീക്കിക്കളഞ്ഞു.
യഹൂദ മൂപ്പന്മാർ പഠിപ്പിച്ച ക്ഷാളനവും തളിക്കലും
തൻെറ സ്നാനത്താൽ അവൻ നീക്കിക്കളഞ്ഞു.

11. തൻെറ ഭക്ഷണത്താൽ അവൻ ആഹാരദശാംശങ്ങൾ നിരസിച്ചു.
കാരണം, ആഹാരം അശുദ്ധമല്ല, ചിന്തയാണ് ദുഷിച്ചത്.
അസൂയയും...[60]

12. തൻെറ സത്യത്തിൻെറ വാസ്തവികതയാലും,
തൻെറ പ്രകാശത്തിൻെറ ശക്തിയാലും,
തൻെറ സ്വന്തക്കാരെ തൻെറ സൗന്ദര്യം അവിടുന്നു കാണിച്ചു.
അവൻെറ അലങ്കാരങ്ങൾ എത്തി;
അവന് അവ ഭൂഷണമായിരുന്നു.
അവൻെറ പീഡാനുഭവം സമാഗതമായി;
അവൻ അവ പൂർത്തീകരിച്ചു.

13. സ്നാപകയോഹന്നാനിൽ അവിടുന്ന് ഒരതിർത്തി നിശ്ചയിച്ചു;
പ്രവാചകരെ അവിടുന്നു നിയന്ത്രിച്ചു.
ശ്ലീഹന്മാരെ വിളിക്കുകയും അയയ്ക്കുകയും ചെയ്തു.
പ്രവാചകരെ വിശ്രമിക്കാനായി പറഞ്ഞുവിട്ടു;
ശ്ലീഹന്മാരെ അധ്വാനിച്ച് കഷ്ടപ്പെടാനയച്ചു.

---

60. മർക്കോ. 7:14-23.

www.malankaralibrary.com



**14.** ഹാബേലിൽ നിൻെറ അജഗണം മുദ്രകുത്തപ്പെട്ടിരിക്കുന്നു.
നോഹയിൽ നിൻെറ സഭ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
യാക്കോബിൽ നിൻെറ അജഗണം സൂചിതമായിരിക്കുന്നു.
മോശയുടെ വടിയിൽ നിൻെറ അജഗണത്തിൻെറ വടി
ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

**15.** യാക്കോബിൻെറ ഗോത്രങ്ങളിൽ
നിൻെറ പന്ത്രണ്ടുപേർ മുദ്രകുത്തപ്പെട്ടിരിക്കുന്നു:
യൂദായിൽ നിൻെറ രാജകീയവസ്ത്രവും
ലേവിയിൽ നിൻെറ ധൂപകലശവും
യൗസേപ്പിൽ നിൻെറ പരിപാലനയും.

**16.** ശേതിൽ[61] നിൻെറ സാദൃശ്യം ആഹ്ലാദിക്കുന്നു.
അബ്രഹാമിൽ നിൻെറ ആനന്ദവും.
ഇസഹാക്ക് നിൻെറ കുരിശു വഹിച്ചു.
അവരിരുവരും നിൻെറ സാദൃശ്യം ധരിച്ചു.

**17.** ഗിദയോൻെറ കമ്പിളിയിലും പനിമഞ്ഞിലും
നിൻെറ പ്രബോധനം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
കാരണം, അത് തുള്ളിതുള്ളിയായി താഴേക്കു വീണ്
ജനങ്ങളുടെ വരൾച്ചയെ നനച്ചു.
അവരുടെ ഫലങ്ങൾ നിനക്കു പ്രീതികരമായിരുന്നു.

**18.** നിൻേറത് സത്യപൗരോഹിത്യമാണ് എന്ന
നിൻെറ പിതാവിൻെറ ശപഥം ദാവീദ് രേഖപ്പെടുത്തി.
താല്കാലിക പൗരോഹിത്യം അതോടെ നിന്നുപോയി.
"നീ എന്നേക്കും പുരോഹിതനായിരിക്കും".[62]

**19.** ഈ ശപഥം...
... നിൻെറ അജഗണത്തിൽ നിന്ന്
പ്രപഞ്ചം മുഴുവൻ അനുഗ്രഹം ചൊരിയപ്പെട്ടു.

---

61. 'ശേമിൽ' എന്ന് സുറിയാനി. എന്നാൽ ശേതിനാണ് ഇതു കൂടുതൽ ചേരുന്നത് (ഉല്പ. 5:3).

62. സങ്കീ. 110:4

www.malankaralibrary.com



20. ജനത്തിൻെറ പുരോഹിതരെക്കാൾ ശ്രേഷ്ഠനാണ് മൽക്കീസദെക്ക്.
ജാതികളുടെ ഇടയിൽ അവൻ ഒരു പുരോഹിതനാണ്;
ജാതികളുടെ പക്കലേക്കു വരുന്ന പുരോഹിതനെ
സ്വജനം കൊല്ലുമെന്ന് അവൻ പഠിപ്പിച്ചു.

21. ജാതികളെ വെണ്മയാക്കുന്ന
നിൻെറ ഈസോപ്പിനെപ്പറ്റി അറിയാവുന്നതിനാൽ
ലേവീഗോത്രം നിന്നിൽ അസൂയ പൂണ്ടു.
നീ ലേവ്യപൗരോഹിത്യം അവസാനിപ്പിക്കുകയും
ശ്ലീഹന്മാരെ പുരോഹിതരാക്കുകയും ചെയ്തു.

22. നീ ജാതികളെ പഠിപ്പിക്കും എന്നറിഞ്ഞ സ്വജനം
നിന്നിൽ അസൂയാലുക്കളായി.
കൊലയിലൂടെ നിന്നെ അവർ നിശ്ശബ്ദരാക്കി.
നിൻെറ മരണംതന്നെ സംസാരശക്തിയുള്ളതായി;
അത് പ്രപഞ്ചത്തെ പ്രബോധിപ്പിക്കുകയും
പഠിപ്പിക്കുകയും ചെയ്യുന്നു.

23. നിന്നിലൂടെ മോശയുടെ കൃതികൾ
ലോകമെങ്ങും വ്യാപിക്കുമെന്ന് സദൂക്യർ അറിഞ്ഞിരുന്നു.
അവർ നിന്നെ മരത്തോട് ബന്ധിച്ചെങ്കിലും
നിൻെറ കുരിശ് തിരുലിഖിതം വിശദീകരിക്കുന്നു.

# ഗീതം 9

## കർതൃപ്രതീകങ്ങൾ - 2

അതേ രാഗം

1. സൂര്യൻെറ ആഗമനത്തിൽ വിളക്കുകൾ മങ്ങിമറഞ്ഞുപോയി.
മുൻകുറികളും പ്രതീകങ്ങളും അവസാനിച്ചു.
നിഗൂഢമായ പരിച്ഛേദനം കൊണ്ട്
ദൃശ്യമായ പരിച്ഛേദനം നീക്കപ്പെട്ടു.

www.malankaralibrary.com



*പ്രതിസ്തോത്രം: ആദ്യജാതനായ മിശിഹായേ, നിനക്കു സ്തുതി.*

**2.** മോശയുടെ വിൽപത്രം അവിടുത്തെ സുവിശേഷത്തെ കാത്തിരുന്നു.
പഴയവയെല്ലാം ഓടിഒളിക്കുകയും തൻെറ പുതിയ നിയമത്തിന്
സഹായകമായിത്തീരുകയും ചെയ്തു.

**3.** കാരണം അവൻെറ നിയമം ബലഹീനമാണ്;
അതിൻെറ രാജാക്കന്മാരുടെയും പുരോഹിതന്മാരുടെയും
ചെറിയ മടിത്തട്ടിന് അവിടുത്തെ പ്രതീകങ്ങളുടെ
വലിയ ഒഴുക്ക് ഉൾക്കൊള്ളാൻ സാധ്യമല്ല.

**4.** തിരുലിഖിതത്തിലെ മുൻകുറികളും പ്രതീകങ്ങളും,
വരാനിരിക്കുന്ന ഒരാൾക്കുവേണ്ടിയാണ്
എന്ന് അന്ധർ പറഞ്ഞാൽ, മിശിഹാ വന്നുകഴിഞ്ഞതിനാൽ
അവരുടെ അവമാനം സുസ്പഷ്ടമാണ്.

**5.** മുമ്പുള്ളവരിൽനിന്ന് പ്രതീകങ്ങളുടെ ഈ ഒഴുക്ക്
അവനിലേക്കൊഴുകുന്നതിനാൽ അന്ധർ വഴിതെറ്റുന്നു
വരാനിരിക്കുന്നവനെ അതു വെട്ടിമാറ്റുന്നു.
കാരണം, മിശിഹാ അതു സ്വീകരിച്ചുകഴിഞ്ഞു.

**6.** നീതിമാന്മാരുടെ മടിത്തട്ട് വളരെ ചെറുതായിരുന്നതിനാൽ,
അവിടുന്ന് പ്രതീകങ്ങളുടെ പ്രവാഹം ഒഴുക്കി.
വരാനിരിക്കുന്നവൻ കള്ളനാകയാൽ,
അവനു മുമ്പിൽ പ്രവാഹം നിലച്ചു.
കാരണം, അത് അവിടുത്തെ കടലിൽ കണ്ടുമുട്ടി.

**7.** സത്യത്തിൻെറ കടൽ അതിനെ സ്വീകരിച്ചതിനാൽ,
പ്രതീകങ്ങളുടെ ഈ അരുവിക്ക് അതു നിപതിച്ച കടൽ വിട്ട്
മറ്റൊന്നിലേക്ക് ഒഴുകുക അസാധ്യമായിരുന്നു.

**8.** അത് അത്ഭുതാവഹമായ ഉൾക്കടലാകയാൽ
സൃഷ്ടികൾക്ക് ഇതിനെ നിറയ്ക്കാനാവില്ല.
ഇത് അവയെ എല്ലാം ഉൾക്കൊള്ളുന്നു.
എന്നാൽ അവയാൽ പരിമിതപ്പെടുന്നില്ല.

www.malankaralibrary.com



9. പ്രവാചകന്മാർ തങ്ങളുടെ മഹനീയ പ്രതീകങ്ങൾ
അതിലേക്കൊഴുക്കി.
പുരോഹിതന്മാരും രാജാക്കന്മാരും
തങ്ങളുടെ അത്ഭുതകരമായ മുൻകുറികൾ ഒഴുക്കി.
അവരെല്ലാം അതിലേക്ക് പൂർണമായി ഒഴുക്കി.

10. മിശിഹാ വിജയിയായി ഉത്ഥാനം ചെയ്തു.
പ്രതീകങ്ങളുടെ വിശദീകരണങ്ങളാലും
ഉപമകളുടെ വ്യാഖ്യാനങ്ങളാലും
അവിടുന്ന് എല്ലാ അരുവികളും,
കടൽപോലെ, തന്നിലേക്കു സ്വീകരിക്കും.

11. നദികളൊന്നും കടലിലേക്കു പതിക്കാതിരിക്കാൻ
രാജാക്കന്മാർ എല്ലാവരുംകൂടി ഉദ്യമിച്ചാലും
ഊക്കോടെ നദികൾ കടലിലേക്കൊഴുകും
എന്ന കാര്യം പരിഗണിച്ചാലും.

12. ഈ കടൽ മിശിഹായാകുന്നു.
തിരുലിഖിതത്തിൽ നിന്നൊഴുകുന്ന
ഉറവകളെയും അരുവികളെയും നദികളെയും തോടുകളെയും
എല്ലാം സ്വീകരിക്കാൻ മിശിഹാ ശക്തനാണ്.

13. ആഴമുള്ള ഉൾക്കടലിലേക്കു പതിക്കുന്ന നദികളും
കടലിലെത്തുന്നു; കാരണം, അവയെ ഉൾക്കൊള്ളാൻ
അവയ്ക്കു കഴിവില്ല.

14. വീണ്ടും, മറ്റാരിലെങ്കിലും തിരുലിഖിതം ആരോപിക്കാൻ
മുതിർന്നാൽ, തന്നിൽ അതിന്റെ കഥകൾ പൂർത്തീകരിക്കാൻ
അയാൾ അശക്തനായിരിക്കും.

15. കാരണം, തന്റെ കുരിശാൽ അതിന്റെ പ്രതീകങ്ങളെയും
തന്റെ ശരീരത്താൽ അതിന്റെ മുൻകുറികളെയും
തന്റെ സൗന്ദര്യത്താൽ അതിന്റെ അലങ്കാരങ്ങളെയും
പൂർത്തിയാക്കുന്നത് അവിടുന്നാണ്.
അവയെല്ലാം അവിടുന്ന് പൂർണമാക്കുന്നു.

www.malankaralibrary.com



# ഗീതം 10

## കർതൃപ്രതീകങ്ങൾ - 3

അതേ രാഗം

1. എൻെറ മകനേ, ആദ്യജാതൻെറ ചില ചരിതങ്ങൾ
മഹനീയ മോശയുടേതുമായി താരതമ്യപ്പെടുത്തി
പരിശോധിക്കുകയും കടന്നുപോയ അവൻ
അവയുടെ ശക്തിക്കു തുല്യനല്ല എന്നു കാണുകയും ചെയ്യുക.

*പ്രതിസ്തോത്രം: പ്രവാചകന്മാർ വരച്ചുകാണിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു*

2. മോശ രക്തംകൊണ്ട് ജനത്തെ രക്ഷിച്ചു.
ഈജിപ്തിലെ ഈ അത്ഭുതം
മോശയെ വളരെയധികം തടസപ്പെടുത്തുന്നു.
കാരണം, രക്തം തളിക്കലിലൂടെ തൻെറതന്നെ പ്രതീകമല്ലേ
അവൻ വരച്ചുകാട്ടിയത്.

3. തൻെറ തലമുറയോടൊപ്പം മോശ മരുഭൂമിയിൽ വച്ചു മരിച്ചു.
എന്നാൽ ഈ പ്രതീകത്തിൻെറ പതിവ്
സജീവമായി നിലനില്ക്കുകയും
സത്യകുഞ്ഞാടിനെ ബന്ധിക്കുന്നതുവരെ വരുകയും ചെയ്തു.

4. കുഞ്ഞാട് ജനത്തെ രക്ഷിച്ചതുപോലെ
തൻെറ രക്തം കൊണ്ട് അവിടുന്ന് ജാതികളെ രക്ഷിച്ചു
സ്വേച്ഛാധിപതിയായ ഫറവോൻെറ സ്ഥാനത്ത്
അവിടുന്ന് ദുഷ്ടനെ കീഴടക്കി.
ഈജിപ്തിൻെറ സ്ഥാനത്ത് പാപത്തിൽനിന്ന് അവരെ വിടുവിച്ചു.

5. അതുകൊണ്ട്, ഈ പ്രതീകം ഈജിപ്തിൽ വെറുതെ സംഭവിച്ചു
എന്ന് പറയാൻ എളുപ്പമാണ്.

www.malankaralibrary.com



എന്നാൽ ഈ പ്രതീകം ഒഴുകിയിടത്തുനിന്ന്
സത്യം മാറിപ്പോകുകയില്ല.

6. പരിധിവച്ച് നിയന്ത്രിക്കപ്പെട്ടു എന്ന്
ഉപമകൾ വിളിച്ചു പറയുന്നു.
ജാതികളുടെ ആരംഭത്തോടുകൂടി സ്വജനത്തിന്റെ അന്ത്യമായി
എന്ന് വെളിപ്പെടുത്തപ്പെട്ട അടയാളം ദർശിക്കുവിൻ.

7. ബലിപീഠമോ, ബലിയോ ഇല്ലാത്തതിനാൽ
പൗരോഹിത്യം നീങ്ങിപ്പോയി;
രാജത്വം അവസാനിച്ചു;
സിംഹാസനമില്ല, കിരീടവുമില്ല.
സ്വജനം സ്തബ്ധരായിരിക്കുന്നു.

8. "എന്റെ വലത്തു ഭാഗത്തിരിക്കുക"[63] എന്ന്
ദാവീദ് പാടിയത് എങ്ങനെ പൂർത്തീകരിക്കപ്പെട്ടെന്ന് അന്വേഷിക്കുക.
തന്റെ ഔന്നത്യത്തിൽ പോലും
അവിടുന്നു കാഴ്ചയിൽ ചെറുതാണ് എന്നു കാണുവിൻ.

9. അവൻ എഴുതിയത് വായിക്കുക: "കർത്താവ് അരുൾചെയ്തു".
ഈശായിയുടെ മകനേ, കർത്താവ് ആരോടാണ് അരുൾചെയ്തത്".
എന്നു ഞങ്ങൾക്കു വെളിപ്പെടുത്തുക.
നിന്റെ മകനോടോ, നിന്റെ കർത്താവിനോടോ?

10. ദാവീദ് ആത്മാവിൽ ഇപ്രകാരം വിളിച്ചുപറഞ്ഞു:
"എന്റെ കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു".
ജനത്തിന്റെ രാജാവ് നമ്മുടെ രാജാവിന്റെ സേവകനാണ്.
അവിടുന്ന് അവന്റെ കർത്താവും പുത്രനുമാകുന്നു.

11. അതുകൊണ്ട്, അവിടുത്തെ സ്വഭാവം ഉന്നതമാണ്.
അവിടുത്തെ കാരുണ്യം അനുകൂലമാണ്.
അവിടുന്ന് അവനു കർത്താവും പുത്രനുമായിരുന്നു.

---

63. സങ്കീ. 110:1

www.malankaralibrary.com



തൻെറ സ്വഭാവത്താൽ കർത്താവ്.
തൻെറ കാരുണ്യത്താൽ പുത്രൻ.

12. ജനത്തിനിടയിൽ രാജാക്കന്മാരും ഇടയന്മാരും ഉയർന്നുവന്നു.
അവരെല്ലാം മൺമറഞ്ഞുപോയി.
എന്നാൽ നമ്മുടെ രാജാവിൽ എത്തുന്നതുവരെ,
അവരോടൊപ്പം പ്രതീകങ്ങൾ കടന്നുപോയില്ല.

13. എൻെറ മനസ്സിനെ ക്ലേശിപ്പിക്കാതിരിക്കാനായി
എല്ലാ പ്രവാചകരുടെയും ചരിത്രം ഞാൻ വിട്ടുകളയുന്നു
കാരണം, എൻെറ മനസ്സ് ചെറുതാണ്;
ഈ തുള്ളികൾക്കുപോലും അശക്തവുമാണ്.

14. എൻെറ നാവേ, തിരുലിഖിതം മുഴുവൻെറയും
എല്ലാ പ്രകൃതികളുടെയും ചരിത്രങ്ങൾ
കടലിലേക്കു ഒഴുകിവരുവാൻ അനുവദിക്കുക.
അവയുടെയെല്ലാം അവസാനം അവിടെയാണ്.

15. ആഴത്തിനോ കടലിനോ കൊച്ചരുവികളുടെ സഹായം ആവശ്യമില്ല.
അതിൽ എത്തിച്ചേരുവാൻ
സർവത്ര ക്ഷീണിച്ചവശരായിട്ടാണവ വരിക.
അതിൻെറ മടിത്തട്ടിൽ അവ വിശ്രമിക്കുന്നു

16. സ്വജനത്താൽ പീഡിപ്പിക്കപ്പെട്ട
മിശിഹായിൽ എത്തുക എത്രമാത്രം ആവശ്യമാണെന്ന്
പ്രവാചകരുടെ പക്കലേക്കു വന്നു കാണുക.
ജാതികളുടെ ഇടയിൽ പ്രവാചകർ വിശ്രമിക്കുന്നു.

17. സൗഭാഗ്യക്കടലേ, കൃപയാൽ ഒരുതുള്ളി കാരുണ്യം
എനിക്കു തരിക; ഞാൻ അത് ധരിച്ച്
നിൻെറ ഒഴുക്കുകൊണ്ട് നിന്നിലേക്കു വരട്ടെ.

18. സ്നേഹം നിമിത്തം പ്രതീകങ്ങൾ നിശ്ശബ്ദമായി;
കാരണം, സത്യം സമാഗതമായത് അവ ദർശിച്ചു.
തിരുലിഖിതങ്ങളെല്ലാം പൂർത്തീകരിച്ച

www.malankaralibrary.com



ഉപമകളുടെ ഉടയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
അവ അവിടുത്തെ ചിത്രങ്ങളാണു വരച്ചത്.

# ഗീതം 11

## കർതൃരഹസ്യങ്ങൾ

രാഗം: "സങ്കടപൂർവം നിൻെറ അജഗണം"

1. അവൻെറ വൈരൂപ്യത്തെ നോക്കാൻ
ദുഷ്ടനു വളരെ പ്രയാസമാണ്.
താൻ സുന്ദരനാണെന്ന് സ്വയം കരുതുന്നവനെ
തൻെറ വൈരൂപ്യത്താൽ ഖണ്ഡിക്കുന്നതിന്
കണ്ണാടിസമാനം നന്മ അവൻെറ പക്കലേക്കു വരുന്നു.

*പ്രതിസ്തോത്രം: നിൻെറ കൃപയ്ക്കു സ്തുതി.*

2. പീഡിപ്പിക്കുന്നവൻെറ മേൽപോലും കൃപ വർഷിക്കപ്പെടുന്നു.
ഒരു കാര്യംകൊണ്ട് അവൻ രണ്ടെണ്ണം പഠിക്കാൻ വേണ്ടിയാണിത്:
തൻെറ നാഥൻ മാധുര്യവാൻ ആണെന്നും
താൻതന്നെ കയ്പുനിറഞ്ഞവൻ ആണെന്നും.
അവന് ബോധ്യമുണ്ട്;
അവനത് അറിയുകയും ചെയ്യുന്നു.

3. ഇക്കാരണത്താൽ അവിടുന്ന് നീതിമാന്മാരുടെ
തലമുറയിൽ എഴുന്നെള്ളിയില്ല.
അവർക്കു യോഗ്യത ഇല്ലാഞ്ഞതിനാലല്ല,
പിന്നെയോ, തൻെറ ആഗമനത്തെ തടഞ്ഞ
കയ്പു നിറഞ്ഞവരെ തൻെറ മാധുര്യം
കുറ്റപ്പെടുത്താൻ വേണ്ടിയാണ്.

www.malankaralibrary.com



4. കടൽ മുങ്ങുന്നവനുള്ളതാണ്.[64]
അവൻ എടുത്തു ചാടി അതിൽ താഴുന്നു.
അതിൻെറ ആഴം അവനിടം നൽകുന്നു.
അത് തൻെറ നിധികൾ അവനെ കാണിക്കുന്നു.
അത് അവന് നൽകി അവനെ സമ്പന്നനാക്കുന്നു.
അത് അവനെ വഹിക്കുകയും വളർത്തുകയും ചെയ്യുന്നു.

5. വെട്ടിയെടുക്കുന്ന കല്ലുകൾ കെട്ടിപ്പൊക്കുമ്പോൾ
മനുഷ്യർക്കൊരു സങ്കേതമാകുന്നു.
ആപത്തിലും യുദ്ധത്തിലും
അത് മുമ്പിൽ നിന്ന് അവരുടെ നിക്ഷേപങ്ങളെ സംരക്ഷിക്കുന്നു.

6. തടി ചെത്തിയൊരുക്കിയാൽ കുരിശാകൃതി ഉണ്ടാകുന്നു.
തടി കടലിൽ വഹിക്കുന്നു; വരണ്ട നിലത്ത് വഹിക്കുന്നു.
അതിൻെറ ഉപയോഗങ്ങൾ നിരവധിയാണ്.
അതിൻെറ സഹായങ്ങളാൽ അത് സമ്പന്നമാക്കുന്നു.

7. ബലമുള്ള ഇരുമ്പുപോലും അഗ്നിയിൽ ബലഹീനമാകുന്നു.
അത് അടിച്ചുപരത്താവുന്നതാണ്;
മനുഷ്യശക്തിക്ക് അത് കീഴടങ്ങുന്നു.
അത് അടിച്ചു പരത്തിയാൽ, അധ്വാനത്തിനു ഫലം ലഭിക്കുന്നു.

8. ശ്രേഷ്ഠമായ തങ്കമാകട്ടെ സൂക്ഷ്മതയോടെ
കൈകാര്യം ചെയ്യേണ്ടതാണ്.
അതുകൊണ്ട് പണിയുന്നവർക്കെല്ലാം അതിൻെറ വശങ്ങൾ
നമ്മുടെ കർത്താവിൻെറ പ്രതീകമായി അത് നൽകുന്നു.
അതിനെ അടിച്ചുപരത്തുന്നത് ബഹുമാനത്തിനാണ്;
അതിൻെറ അടിച്ചുപരത്തൽ മഹത്ത്വത്തിനാണ്.

9. ആണികളാൽ കുരിശിൽ തറയ്ക്കപ്പെടുകയും
തുളയ്ക്കപ്പെടുകയും ചെയ്തവനെപ്പോലെ
ഇരുമ്പും മുനയുള്ള ഉപകരണവുംകൊണ്ട്

64. കടൽ - മിശിഹായാണ്; സ്നാനപ്പെടുന്നവനുള്ളതാണ് മിശിഹാ എന്നു വിവക്ഷ.

www.malankaralibrary.com



മുത്ത് കുത്തിത്തുളയ്ക്കപ്പെടുന്നു.
ആ തുളയ്ക്കൽവഴി മനുഷ്യർക്ക്
അത് അലങ്കാരവസ്തുവായി മാറുന്നു.

**10.** ഗോതമ്പുമണിയുടെ വേദന ആർക്കു വിവരിക്കാനാവും?
എത്രമാത്രം ഇടിക്കലിനും പൊടിക്കലിനും
അതു വിധേയമാകുന്നു!
ക്ലേശിക്കുന്നവർക്ക് അതിൻെറ ക്ലേശങ്ങളാൽ
അത് ജീവൻ നൽകുന്നു.

**11.** മുന്തിരി മെതിക്കുന്നവൻെറ പാദങ്ങളും
മുന്തിരിക്കുലകളെ നിന്ദിക്കുന്നു.
മുന്തിരിച്ചാറുകൊണ്ട് അവൻെറ പാദത്തിലെ അഴുക്ക് നീക്കപ്പെടുന്നു.
അതിൽ നിന്നൊഴുകുന്ന മുന്തിരിച്ചാറ് അവനെ മധുരിപ്പിക്കുന്നു.
അത്, അവനോടൊപ്പം പഴക്കംചെന്നാൽ,
അതിൻെറ വീഞ്ഞുകൊണ്ട് അവനെ സന്തുഷ്ടനാക്കുന്നു.

**12.** നാം ഒരു പഴം തിന്നുമ്പോൾ അതിൻെറ വേദനയാൽ
അതിൻെറ രുചി വായിലെത്തുന്നു.
നാം അവിടുത്തെ ശരീരം ഭക്ഷിക്കുമ്പോൾ,
ഭക്ഷിക്കുന്നവരെ ജീവിപ്പിക്കുന്ന
ആ ഫലത്തിൻെറ പ്രതീകമാണിത്.

**13.** എല്ലാവരെയും മധുരിപ്പിക്കുന്ന തേൻ എടുത്തുപയോഗിച്ചാൽ
അതു കഴിയ്ക്കുന്നവർക്കുവേണ്ടി
അതിൻെറ ശക്തി അത് പ്രദാനം ചെയ്യുന്നു.
അത് രോഗം നീക്കുകയും ആരോഗ്യം കൂട്ടുകയും ചെയ്യുന്നു.

**14.** വിജയികളെപ്പോലെ, സുഗന്ധദ്രവ്യങ്ങൾ
അഗ്നിയിലേക്ക് എറിയപ്പെടുന്നു.
തൻെറ മരണത്താൽ തൻെറ ഓജസ്സ് കാട്ടിയ
അതിൻെറ നല്ല നാഥനെപ്പോലെ
അതിൻെറ പരിമളം ഉയരുന്നു.

www.malankaralibrary.com



**15.** അതുപോലെ കൈകൾക്കു പകരം ചിറകുകൾ കൊണ്ട്
പറവകൾ വായുവിൽ അടിക്കുമ്പോൾ,
പിന്നിലുള്ള വായുവിനെ തള്ളിനീക്കുന്നു.
തുണിക്കഷണംപോലെ, വായുവിൻെറ ശക്തിയാൽ
അത് ഉയരത്തിലേക്ക് സംവഹിക്കപ്പെടുന്നു.

**16.** അതുപോലെ കർഷകനും കലപ്പകൊണ്ട് ഭൂമി കീറിമുറിക്കുന്നു.
അതിൻെറ വേദനയിൽ ധര രോഷം കൊള്ളുന്നില്ല.
വേദനയിലൂടെ അതിൻെറ ഉൾഭാഗവും നിക്ഷേപങ്ങളും
അതു തുറന്നുകൊടുക്കുന്നു.

**17.** തന്നെ ക്രൂശിച്ചവർക്ക് കുഞ്ഞാട്
തൻെറ വസ്ത്രം പങ്കിട്ടുകൊടുത്തതുപോലെ
ആട് തൻെറ ശാലീനതയിൽ തൻെറ വസ്ത്രവും മേൽവസ്ത്രവും
രോമം വെട്ടുന്നവർക്കു ഉരിഞ്ഞുനൽകുന്നു.

**18.** തൻെറ ജീവിതത്തിൽ ശാന്തമായിരിക്കുകയും
തൻെറ മരണത്തിൽ അലയ്ക്കുകയും ചെയ്യുന്ന
ആടിൻെറ പ്രതീകം വലുതാണ്.
അതിൻെറ കുറങ്ങുകൾ ആഘോഷത്തിനുള്ളതാണ്;
അതിൻെറ വീണച്ചരടുകൾ ഗാനങ്ങൾക്കും രാഗങ്ങൾക്കും
ഉള്ളതാണ്.

**19.** അതിൻെറ സമയം അജ്ഞാതമാണെന്ന ചൊല്ല് പ്രാചീനമാണ്.
യുവത്വത്തോടൊപ്പം അതു നിന്ദിക്കപ്പെടുന്നെങ്കിലും
അത് യുവത്വം പൂണ്ടിരിക്കുന്നു. അതു ചെറുതാകുന്നു;
അതിനെ വളരെ ബഹുമാനിക്കാനായി അതു വലുതാക്കുന്നു.

**20.** ഇവയെല്ലാം തങ്ങളുടെ പ്രതീകങ്ങളിലൂടെ പ്രബോധിപ്പിക്കുന്നു:
തങ്ങളുടെ ക്ലേശങ്ങളിലൂടെ ഇവ തങ്ങളുടെ സമ്പത്തിൻെറ
ഭണ്ഡാഗാരം തുറക്കുന്നു,
ഉദാരനിധിയുടെ പുത്രൻെറ പീഡാസഹനം
തൻെറ നിക്ഷേപങ്ങളുടെ താക്കോലാകുന്നു.

www.malankaralibrary.com



# ഗീതം 12

## കർതൃപരീക്ഷണങ്ങൾ - 1

രീതി: "അനുവദനീയമെങ്കിൽ ഞാൻ പാടും"

**1.** നമ്മുടെ കർത്താവ് അധ്വാനിക്കുകയും
പോരാട്ടത്തിന് ഇറങ്ങുകയും ചെയ്തു.
ബലപ്രയോഗത്തിനല്ല,
പോരാട്ടത്തിൽ ജേതാവാകുന്നതിനായിരുന്നു.
അതുകൊണ്ട്, അവിടുന്ന് ഉപവസിച്ചു.
ഭക്ഷണത്തിലൂടെ ജയിച്ചവനെ
ഉപവാസത്താൽ അവിടുന്ന് കീഴ്പ്പെടുത്തി.

*പ്രതിസ്തോത്രം: സാത്താൻെറ അഹങ്കാരത്തെ കീഴ്പ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** അവിടുത്തെ വിശപ്പിൽ ദുഷ്ടൻ ഒരവസരം കണ്ടെത്തി
കല്ലുകൾ അപ്പമാക്കുവാൻ അവൻ ആവശ്യപ്പെട്ടു.[65]
സാത്താൻ കല്ലുകൾക്കിടയിൽ ഒരു കല്ലായിത്തീർന്നു.[66]
അവിടുന്ന് ശില്പി ആണെന്ന് കണ്ടപ്പോൾ
അവൻെറ ഹൃദയം പിടഞ്ഞുപോയി
വാദത്തിൽ അവിടുന്ന് അവനെ പരാജയപ്പെടുത്തി.

**3.** ദുഷ്ടൻെറ ഉള്ളിൽ ഈ ചിന്ത ഉദിച്ചു:
"അവൻ ദിവ്യനും വിശക്കുന്നവനുമാണെങ്കിൽ,
'ഈ കല്ലുകൾ അപ്പമാക്കി ഭക്ഷിക്കുക'
എന്നു ഞാൻ പറഞ്ഞാൽ അവൻ എന്നെപ്പറ്റി എന്തും ചിന്തിക്കും?
തൻെറ വിശപ്പിൻെറ വിളി അവൻ എങ്ങനെ സഹിക്കും?"

---

65. മത്താ. 4:2-4
66. യേശുവിൻെറ മറുപടി അവനെ നിശ്ശബ്ദനാക്കി.

www.malankaralibrary.com



4. തൻെറ അഹങ്കാരത്തിലും തൻെറ ചോദ്യത്തിലും
ദുഷ്ടൻ അന്ധനായിരുന്നു.
കാരണം, അവൻ പറഞ്ഞതുപോലെ അവിടുന്നു ദൈവമാണെങ്കിൽ
ദൈവത്തിനു വിശക്കുന്നില്ല എന്ന കാര്യം അവൻ ശ്രദ്ധിച്ചില്ല.
അവിടുത്തെ വഴിതെറ്റിക്കാൻ അവൻ സമീപിച്ചു.
എന്നാൽ അവനു തന്നെ വഴിതെറ്റി.
കാരണം, അവൻ പറഞ്ഞത് അവൻ വിവേചിച്ചില്ല.

5. ആദാമ്യകുടുംബത്തെ ചോദ്യം ചെയ്ത കാര്യം സാത്താൻ ഓർമിച്ചു.
തൻെറ ചോദ്യത്തിലൂടെ അവൻ പ്രേരിപ്പിച്ചു;
ചോദ്യത്തിൽ നിന്ന് അവൻ വിശദീകരണത്തിലേക്കു ചാടി;
അവൻ ചോദിച്ചു, തർക്കിച്ചു, വിശദീകരിച്ചു, കീഴ്പ്പെടുത്തി.
ഇവിടെ അവൻ ചോദിച്ചു പരാജയപ്പെട്ടു.

6. അവൻ അവിടുത്തെ ഉയർത്തി.
അഹന്തയുടെ ഉച്ചകോടിയുടെ പ്രതീകവും
വീഴ്ചയുടെ ആഴത്തിൻെറ മുൻകുറിയുമായ
ഗോപുരമുകളിൽ നിർത്തി.
അവിടുന്ന് താണപ്പോൾ വീഴ്ചയിലേക്ക് താഴ്ത്താനായി
അവിടുന്ന് ഉയർന്നപ്പോൾ അഹങ്കാരത്തിലേക്ക്
അവൻ അവിടുത്തെ ഉയർത്തി.

7. "നിന്നെ രക്ഷിക്കാനായി തൻെറ തൂവലുകൾ കൊണ്ട്" എന്ന്
എഴുതപ്പെട്ടിരിക്കുന്ന സങ്കീർത്തനം[67]
അവനിൽ പൂർത്തിയാകുന്നെങ്കിൽ
മറ്റതിലെന്നപോലെ, ഇതിലും അവൻ അന്ധനായിരുന്നു:
തൂവലിനടിയിലെ വായു ഭൂമിപോലെ തോന്നുന്ന പക്ഷിക്ക്,
യഥാർഥത്തിൽ, താഴെ വീഴാനാവില്ല.

8. അവിടുന്ന് ദൈവമാണോ മനുഷ്യനാണോ എന്ന് കാണുന്നതിനും
ഏതു വഴി തെരഞ്ഞെടുക്കണമെന്നറിയുന്നതിനും
അവിടുത്തെ വീഴ്ത്താനായി അവനൊരു മുടന്തൻ ന്യായം തേടി.

---

67. 91:4

www.malankaralibrary.com



അവിടുന്ന് ദൈവമാണെങ്കിൽ അതു കണ്ടുപിടിക്കാനും
മനുഷ്യനാണെങ്കിൽ, അവനെ വഴിതെറ്റിക്കാനും ആയിരുന്നത്.

**9.** ഇത് നമ്മുടെ യോദ്ധാവിൻെറ പണിയായിരുന്നു:
താൻ ദൈവമാണെന്നുള്ളത് അവിടെവച്ച്
അവിടുന്ന് അവനെ അറിയിച്ചില്ല.
കാരണം, അവിടുന്നു ദൈവമാണെന്ന്
ആരംഭം മുതൽ അവൻ അറിഞ്ഞിരുന്നെങ്കിൽ,
അവൻ ഓടി ഒളിക്കുകയും
പൂർത്തീകരണത്തെ ദുഷിപ്പിക്കുകയും ചെയ്യുമായിരുന്നു.

**10.** അവൻ തെറ്റിലേക്ക് നയിച്ചുകൊണ്ടിരുന്നപ്പോൾ,
അവൻ തെറ്റിനധീനൻ ആയി.
കാരണം, അവിടുന്നു ദൈവമാണെന്നുള്ളത്
അറിയാൻ അവനു കഴിഞ്ഞില്ല.
അവിടുത്തെ മനുഷ്യത്വത്തെപ്പറ്റി ആരാഞ്ഞറിയാനും
അവനു കഴിഞ്ഞില്ല.
കാരണം, ദൈവം എന്ന നിലയിലല്ല അവിടുന്ന്
സ്വയം ഉയർത്തിയത്.
മനുഷ്യൻ എന്ന നിലയിലുമല്ല അവിടുന്ന് സ്വയം താഴ്ന്നത്.

**11.** ആ മരത്തിലൂടെ മനുഷ്യന് ദൈവം ആകാമെന്ന്
ആദത്തെ ബോധ്യപ്പെടുത്തിയതുപോലെ,
ദൈവഭവനത്തിൽനിന്ന് മനുഷ്യന് ദൈവം ആകാമെന്ന്
അവിടുത്തെ ബോധ്യപ്പെടുത്താനാണ്
ദേവാലയഗോപുരത്തിലേക്ക്
അവൻ അവിടുത്തെ ഉയർത്തിയത്.

**12.** ആദിമാതാപിതാക്കൾ അവനെ ശ്രദ്ധിച്ച കാര്യം
അവിടുന്ന് അനുസ്മരിച്ചു.
യുവത്വത്തിന് അവൻെറ ഉപദേശം ഒരു കാപട്യം ആയിരുന്നു.
എന്നാൽ അവനെ കീഴടക്കാനായി വിവേകശാലി കടന്നുവന്നു.
അവനെ കീഴടക്കാൻ വന്ന വിജ്ഞാനത്തിന്
തൻെറ പരീക്ഷണങ്ങൾ കിരീടസമാനമായിരുന്നു.

www.malankaralibrary.com



**13.** അവൻ അവിടുത്തെ ഉയർത്തി ഉയർന്ന മലമേൽ നിർത്തി;
എന്നാൽ അവിടുന്ന് ആവശ്യക്കാരനാണെന്ന്
അവനു ബോധ്യം വന്നതിനാൽ എന്നവണ്ണം
അവൻ, അവിടുത്തെ അഹങ്കാരിയാക്കാൻ,
അവിടുത്തെ നാമം കൊണ്ടു വിളിച്ചില്ല.
ഒരു ദാനം വഴി അവിടുന്ന് അവനെ ആരാധിക്കാനായി,
അവൻ സംഭ്രമിച്ച് അവിടുത്തേക്ക് ഒരു ദാനം നൽകാൻ ഒരുങ്ങി.

**14.** സാത്താൻ ചതിയനാണെന്ന് അറിയാവുന്ന കുശാഗ്രബുദ്ധി
തന്റെ പദ്ധതികളിലൂടെ കുരുട്ടുബുദ്ധിയെ അന്ധനാക്കി;
അവിടുന്ന് പതറാതെ, ശാന്തനായി വർദ്ധിച്ചു.
എല്ലാറ്റിന്റെയും കർത്താവായ ഏകനെ
എല്ലാവരും ആരാധിക്കുന്നതിനാൽ അവിടുന്നു മാത്രമേ
ആരാധനയ്ക്ക് അർഹനായിട്ടുള്ളു എന്ന് അവിടുന്നു കാണിച്ചു.

**15.** ആരംഭത്തിലെ ഈ അടിത്തറയിൽ
നമ്മുടെ കർത്താവ് തന്റെ വിജയം പണിതുയർത്തി
ചതിയൻ തന്റെ അഭിപ്രായം മാറ്റിയെങ്കിലും,
അവിടുന്ന് അവനുമായി സത്യം വച്ചുമാറിയില്ല.
സത്യം സ്വീകരിക്കപ്പെട്ടു; വഞ്ചന തിരസ്കരിക്കപ്പെട്ടു.

**16.** അതുകൊണ്ട് പോരാട്ടത്തിലെ വിഭാഗങ്ങൾ അവനെ കളിയാക്കി
കാരണം, ആരംഭത്തിൽ അവൻ അവിടുത്തെ ദൈവമാക്കി,
അവസാനത്തിൽ, അവൻ അവിടുത്തെ മനുഷ്യനാക്കി.
ആരംഭത്തിൽ അവൻ അവിടുത്തെ ആരാധ്യനാക്കി;
അവസാനത്തിൽ അവൻ അവിടുത്തെ ആരാധിക്കുന്നവനാക്കി.

**17.** അവിടുത്തോട് ആഹാരത്തെപ്പറ്റി ചോദിച്ചകാര്യം ദുഷ്ടൻ ഓർത്തു.
അവിടുന്നു നൽകാഞ്ഞതിനാൽ
അവിടുന്ന് ദരിദ്രനാണെന്ന് അവൻ കരുതി.
അതിനുപകരം അവൻ അവിടുത്തേക്ക് ഒരു ദാനം നൽകി.
എന്നാൽ രാജാവിനെപ്പോലെ
അവിടുന്ന് അത് സ്വീകരിച്ചില്ല എന്ന് അവൻ കണ്ടു.

www.malankaralibrary.com



അവൻ രണ്ടു കാര്യങ്ങൾ കൊണ്ടാരംഭിച്ചു;
എന്നാൽ അവൻ നിരാശനായിപ്പോയി.

**18.** ആരാധനയ്ക്കു പകരമായി തന്റെ സമ്പാദ്യങ്ങളെല്ലാം
വച്ചുമാറുവാൻ ഉദ്യമിച്ചതിൽ
ചതിയൻ തന്റെ അഹങ്കാരത്തിൽ അന്ധനായി.
അവൻ അവിടുത്തെ ദരിദ്രനായി കണക്കാക്കിയതിനാൽ,
അവിടുന്ന് തന്റെ മഹത്ത്വം കാണിച്ചു.
ദുഷ്ടന്റെ സമ്പാദ്യങ്ങളെക്കാൾ സമൃദ്ധമാണ് അവിടുത്തെ കൃപ.
അവിടുന്ന് ആരാധനയിലൂടെ,
തനിക്ക് മുമ്പുണ്ടായിരുന്നവയെല്ലാം വാങ്ങി.

**19.** ഇവയ്ക്കെല്ലാം ഇതായിരുന്നു അവന്റെ ശിക്ഷ:
അവൻ അറിയുന്നതിനു പകരം അവൻ അറിയപ്പെട്ടു.
നമ്മുടെ കർത്താവ് അവനെ സാത്താൻ എന്നു വിളിച്ചു.
എന്നാൽ അവിടുത്തെ എന്തു വിളിക്കണം എന്ന്
അവന് അറിയില്ലായിരുന്നു.
അവൻ അന്വേഷിക്കാൻ വന്നതിൽ അവൻ ക്രുദ്ധനായിരുന്നു.
എന്നാൽ അവൻ അന്വേഷണ വിധേയനാക്കപ്പെട്ടു.

**20.** ക്ലേശകരമായ മാനുഷികാധ്വാനം
കണ്ടെത്തലോടുകൂടി അവസാനിക്കുന്നു.
അധ്വാനിക്കുകയും അന്വേഷിക്കുകയും ചെയ്ത
ദുഷ്ടൻ ക്ഷീണിതനായി.
ഒന്നും നേടാനാകാഞ്ഞതിൽ അവൻ കുണ്ഠിതനായി.
കണ്ടെത്തലിലാണ് മനസ്സിന്റെ വിശ്രാന്തി.

**21.** അവിടുന്ന് പൂർണ്ണനാണോ, ദരിദ്രനാണോ എന്നറിയുവാൻ,
അവൻ ചോദിക്കാൻ പണിപ്പെട്ടു; അഥവാ, രണ്ടു സംഗതികളിൽ
ഒന്ന് തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു.
പൂർണ്ണൻ എന്ന നിലയിൽ അവിടുന്ന് അവനു കൊടുത്തില്ല;
ദരിദ്രൻ എന്ന നിലയിൽ അവിടുന്ന് അവനിൽനിന്ന് സ്വീകരിച്ചില്ല.
അവന്റെ പരാജയത്തെക്കാൾ കഠിനതരമായിരുന്നു ചിന്താക്കുഴപ്പം.

www.malankaralibrary.com



**22.** അവൻ തന്നോടുതന്നെ പറഞ്ഞു:
'ഞാൻ അവിടുത്തെ ദൈവപുത്രൻ എന്നു വിളിച്ച്
അവിടുത്തെ അഹങ്കാരിയാക്കി
എന്നതുകൊണ്ട് ഞാൻ നഷ്ടം വരുത്തിവച്ചു.
ദൈവത്തെപ്പോലെ പ്രവർത്തിക്കാൻ അവനു കഴിവില്ല.
മനുഷ്യനെപ്പോലെ പാപം ചെയ്യാൻ അവൻ ലജ്ജിച്ചു.

**23.** ഞാൻ ഈ കാര്യം ഓർക്കേണ്ടതായിരുന്നു:
കർത്താവിനെപ്പോലെ ഞാൻ ആദ്യത്തെ ആദത്തെ
അഹങ്കാരി ആക്കിയിരുന്നെങ്കിൽ, തൻെറ അഹങ്കാരത്തിൽ
അവൻ ബഹുമാനത്തെ നിന്ദിക്കുമായിരുന്നു;
അങ്ങനെ, തന്നെക്കാൾ മരം ശ്രേഷ്ഠമാണെന്ന്
അവൻ കരുതുകയില്ലായിരുന്നു:
അവൻെറ അഹങ്കാരം അവന് ഒരു സംരക്ഷണം ആകുമായിരുന്നു.

**24.** ഇക്കാരണത്താൽ, മരത്തിലൂടെ മനുഷ്യനെ നിസ്സാരനാക്കാനായി
ഞാൻ മരത്തെ പൊക്കിപ്പറഞ്ഞു. തൻെറ നിസ്സാരത മനസ്സിലാക്കി,
തന്നെത്തന്നെ അവൻ വെറുക്കുകയും
തൻെറ ലജ്ജയ്ക്കായി ശിശുവിനെപ്പോലെ ഓടുകയും
തന്നേക്കാൾ വലിയ മരത്തിൻപക്കലേക്കു കുതിക്കുകയും ചെയ്തു.

**25.** എന്നാൽ ഇയാൾ മുഖസ്തുതി കേട്ടപ്പോൾ ഓടിപ്പോയി.
മത്സരക്കാരെ മടികൂടാതെ അഹങ്കാരം കീഴമർത്തുന്നു.
നല്ല മനുഷ്യൻ സ്തുതിക്കുമ്പോൾ
ദുഷിച്ചമനുഷ്യൻ അടക്കമൊതുക്കത്തിൻെറ കടിഞ്ഞാൺ ധരിക്കുന്നു.
അവൻെറ അഹങ്കാരം തൻെറ പാതയെ തടയുന്നു.

**26.** ഇവനാകട്ടെ ഞാൻ അഹങ്കാരി ആക്കിയതിനാൽ ഓടിപ്പോയി.
വീഴുന്നതിന് അവൻ അശക്തനായിരുന്നു.
വിദ്വേഷത്തോടുകൂടി അവൻ പാപം ചെയ്തുമില്ല.
ഞാൻ അവനെ ദൈവമെന്നു വിളിച്ചു;
അവൻ പാപം ചെയ്യേണ്ടതായിരുന്നു;
എന്നാൽ അവൻ തിരുലിഖിതങ്ങളിലേക്ക് തിരിഞ്ഞു.

www.malankaralibrary.com



**27.** മുഖസ്തുതിയോടുകൂടി നാണക്കേടുണ്ടാകുന്നു.
ബലഹീനനെ ശ്രേഷ്ഠൻ എന്നു വിളിച്ചാൽ
ശ്രേഷ്ഠനാകാൻ അവനു കഴിയില്ല.
വീണ്ടും, അധമനാകുന്നതിൽ അവൻ ലജ്ജിക്കുന്നു.
ഓടിപ്പോകാൻ കൗശലപൂർവം ഞാൻ അവിടുത്തെ നിർബന്ധിച്ചു.

**28.** നിസ്സാരമെന്നു കരുതപ്പെട്ടവ ബഹുമാന്യൻ സന്തോഷപ്രദമാക്കി.
അവർക്കു കാണാനല്ല...
വളയ്ക്കാനുമല്ല...
അവനെ കളിയാക്കാനുമല്ല...
തൻെറ നിന്ദനത്തിൽ അവിടുന്ന് ലജ്ജാരഹിതനായിരിക്കാനാണിത്.

**29.** .........

**30.** ദുഷ്ടൻ കുറേസമയത്തേക്ക് അവിടുത്തെ വിട്ടുപോയി.
ക്രൂശാരോഹണാവസരം അവൻ വീണ്ടും വന്നു.
ക്രൂശിൽ തറച്ചവരുടെ കൈകളാൽ അവൻ അവിടുത്തെ കൊന്നു.
സാത്താനെയും മരണത്തെയും കീഴടക്കാനായി
പോരാട്ടത്തിൽ മരണത്തോടുകൂടി അവിടുന്നു വീണു.

# ഗീതം 13

## കർതൃപരീക്ഷണങ്ങൾ - 2

രാഗം: "എഫ്രാതാ, നീ ഭാഗ്യവതിയാകുന്നു"

**1.** നിന്നെ പ്രലോഭിപ്പിക്കാൻ ധൈര്യം കാട്ടിയ,
സകലരുടെയും പ്രലോഭകനെ എല്ലാ പ്രലോഭനങ്ങളും ചുറ്റുന്നു.
ഉപവാസവും..... അവൻെറ വലിയ വീഴ്ചയാണ്:
നീണ്ട ഉപവാസംവഴി യുവാക്കൾ അവനെ ഞെരുക്കുന്നു;
ഏകാന്തവാസികൾ അവനെ ചുറ്റി കഷണങ്ങളാക്കി വലിച്ചുകീറുന്നു.

www.malankaralibrary.com



ശ്ലീഹന്മാർ തങ്ങളുടെ അസ്ഥികളാൽ അവനെ പീഡിപ്പിക്കുന്നു:
പ്രാർത്ഥനകളാൽ ബന്ധിക്കപ്പെട്ട്, സമയത്തിനു മുൻപ്
അവൻ ഗേഹന്നായിലേക്ക് എറിയപ്പെടുന്നു.

*പ്രതിസ്തോത്രം: നിൻെറ നീതിക്കു സ്തുതി.*

**2.** നിന്നെ കുരിശിൽ ഉയർത്തുകയും
നിനക്കായി വിനാഗിരി കലർത്തുകയും
നിന്നെ കൊല്ലുകയും ചെയ്തവൻ
താഴേക്ക് എറിയപ്പെട്ടിരിക്കുന്നു.
നീ കുടിച്ച കയ്പ് അവൻെറ വായിൽ കയ്പായിത്തീർന്നു.
നിന്നെ കുത്തിയ കുന്തം അവൻെറ ഹൃദയത്തിൽ തറച്ചു;[68]
ഒരു കള്ളൻെറ വലത്തുഭാഗത്ത് അവൻ നിന്നെ കുരിശിൽ തറച്ചു;
എന്നാൽ അവൻ വഞ്ചിക്കപ്പെട്ടു:
ഞങ്ങളെ കൊന്നവനെ, കൊല്ലപ്പെട്ടവൻ കൊന്നുകളഞ്ഞു.
പരീശരിലും സദൂക്യരിലും അവൻ അങ്ങയെ കളിയാക്കി.[69]
എന്നാൽ അവൻ ലോകം മുഴുവൻ നിന്ദ്യനാക്കപ്പെട്ടു.

**3.** വിനാഗിരി കലർത്തിയ തണ്ട്, കുടിക്കാനായി
നിൻെറ നേരെ നീട്ടിയവൻ കൊടിയ ദാഹത്താൽ വലയുന്നു.
അവൻ തൻെറ മധുരപലഹാരങ്ങളും പാനീയങ്ങളും ഓർക്കുന്നു.
അവൻ തടിച്ചുകൊഴുത്ത് ഉരുണ്ടിരിക്കുന്നു.
തടവുകാർ പിൻവാങ്ങുന്നത് അവൻ കാണുന്നു.
തൻെറ ജീവിതം ചുരുങ്ങുന്നതായി അവൻ കാണുന്നു.
വീഞ്ഞു കുടിക്കാത്തവർ അവൻെറ സമൃദ്ധി കുറയ്ക്കുന്നു,
അവൻ ഏതാണ്ട് ഇല്ലായ്മയാകാറായി.

**4.** അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ!
ആരെങ്കിലും മാംസം ഭക്ഷിക്കാതിരുന്നാൽ,
അവനെ വീഴ്ത്തുന്നതുവരെ പിശാചിൻെറ ശരീരം വിഷമിക്കുന്നു.
ഉപവാസകനെ വീഞ്ഞിൽ മുക്കാൻ കഴിയാതെ വന്നാൽ

---

68. യോഹ. 19:29-34

69. മർക്കോ. 15:27

www.malankaralibrary.com



അവൻെറ രക്തം വാർന്നുപോകുന്നു.
വികാരങ്ങൾ ചൂളയിൽ ജ്വലിക്കുന്നതായി കാണാതിരുന്നാൽ
അവൻ പീഡിപ്പിക്കപ്പെട്ട് ജ്വലിച്ചുപോകും.
മാനുഷികവികാരങ്ങൾ നിയന്ത്രണവിധേയമാണെന്നു കണ്ടാൽ
വലിയൊരു വറുചട്ടിയിൽ അവൻ വെന്തുപോകും.

5. ഞങ്ങളെ കൊന്നവൻ നിന്നെ കൊന്നു;
എന്നാൽ നീ അവനെ കൊന്നു.
അവൻ നിന്നെ ക്രൂശിച്ചു;
എന്നാൽ നീ അവനെ ആണികൾകൊണ്ടു ബന്ധിച്ചു.
നിന്നെ ധരിപ്പിച്ച മുള്ളുകൾകൊണ്ട് അവൻ നിന്ദിക്കപ്പെട്ടു.
നിന്നെ അടിച്ച വടികൊണ്ട് അവൻ അടിക്കപ്പെട്ടു.
അവൻ തുപ്പിയപ്പോൾ തുപ്പൽ അവൻെറ മുഖത്തുതന്നെ വീണു.
തൻെറതന്നെ നിന്ദനത്തിനായി അവൻ നിന്നെ തുപ്പി.
ശപിക്കപ്പെട്ടവൻ നിൻെറ വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി.
എന്നാൽ അവൻ ധരിച്ചിരുന്ന കൊത്തുരൂപങ്ങൾ നീ എടുത്തുമാറ്റി.

6. ഒരു അധിക്ഷേപിക്കുന്നവനെ കാണാൻ ഇടയായാൽ
അവൻ ദിവസം മുഴുവൻ സന്തോഷിക്കുന്നു.
വീണ്ടും, കലഹത്തിൻെറ ബഹളം കേട്ടാൽ
കല്യാണവിരുന്നിലെന്നവണ്ണം അവൻ അവിടെ കടന്നുകൂടുന്നു.
വിദ്വേഷമാണ് അവൻെറ അനുദിന ഭോജനം;
വെറുപ്പാണ് അവൻെറ സാധാരണ അത്താഴം;
അസൂയയാണ് അവൻെറ പാനീയം;
കൊലയാണ് അവൻെറ കശാപ്പുകാരൻ;
പരനിന്ദ അവൻെറ റൊട്ടിക്കാരനും.

7. നിന്ദനത്തിൻെറ ശബ്ദം കേൾക്കാതിരുന്നാൽ
അവൻ ചെകിടനാകുന്നു.
കുത്തഴിഞ്ഞ പെരുമാറ്റം കാണാതിരുന്നാൽ
അവൻ അന്ധനായിതീരുന്നു.
തെറ്റിപ്പിരിഞ്ഞവരെ ഐകമത്യത്തിൽ കണ്ടാൽ
തൻെറ ഭാര്യ നഷ്ടപ്പെട്ടവനെപ്പോലെയാണവൻ.

www.malankaralibrary.com



സ്നേഹിതരെ കാണാൻ ഇടയായാൽ,
ഭൂമിയിൽ സ്നേഹം കണ്ടതിനാൽ, അവൻ ദുഃഖിക്കുന്നു.

8. നീ അവൻെറ വാദ്യമേളങ്ങൾ നീക്കിക്കളഞ്ഞു.
അവൻെറ പേക്കൂത്തുകളും വിലാപങ്ങളും കുറഞ്ഞു.
അതുകൊണ്ട് അവൻ നമ്മിൽ പ്രവർത്തിച്ച്
ചോദ്യങ്ങളാൽ പിളർപ്പുണ്ടാക്കുന്നു.
നാം അവനെ സമാശ്വസിപ്പിക്കാൻ
നമ്മെ അവൻ ഒരു കിന്നരം പോലെയാക്കി.
സ്വയം ഉത്തേജിപ്പിക്കാനും, തൻെറ കഥകളും ചോദ്യങ്ങളും
അവനെ സന്തോഷിപ്പിക്കാനും
തൻെറ ഇംഗിതം അവൻ നമ്മിൽ നടപ്പാക്കി.
നിഗൂഢസംഗതികളുടെ അന്വേഷണത്തിൽ
നമ്മുടെ നാവുകൊണ്ട് അവൻ തനിക്കിഷ്ടമുള്ള പാട്ടു പാടി.

9. താർക്കികർക്കു വഴിതെറ്റി; അന്വേഷകരും
ബഹളം ഉണ്ടാക്കുന്നവരും കലഹിക്കുന്നവരും ഉയർന്നുവന്നു.
വിഗ്രഹങ്ങൾ തകർന്നുവീണു.
എന്നാൽ ഇതാ, എല്ലാ ദേവന്മാരെയും പേരുവിളിക്കുകയും
എണ്ണം കൂട്ടുകയും ചെയ്ത വിശ്വാസധ്വംസകർ!
തൻെറ സ്വാതന്ത്ര്യം വില്ക്കുന്ന സ്വാതന്ത്ര്യം
അനേക കർത്താക്കന്മാരെ സേവിക്കുന്നു.
തൻെറ കണ്ണുനീരുകൊണ്ട് തൻെറ പ്രോമിസറിനോട്ട്
തുടച്ചുകളയുന്നവൻ ഭാഗ്യവാൻ.

10. മരുഭൂമിയിൽ വച്ച് അവൻ നിന്നെ പരീക്ഷിച്ചു.
മരുഭൂമിയിലെ അവൻെറ ഉത്സവങ്ങളും ആഘോഷങ്ങളും ഇല്ലാതായി.
കർത്താവേ, ആരാധനകൊണ്ട് നിന്നെ അവൻ
മലയിൽ വച്ചു പരീക്ഷിച്ചു.
മലകൾ അവൻെറ ആരാധനസ്ഥലങ്ങൾ അല്ലാതായിതീർന്നു
അവൻ നിന്നെ ദേവാലയാഗ്രത്തിൽ നിർത്തിയതിനാൽ
നീ അവൻെറ അമ്പലങ്ങളുടെ ഗോപുരങ്ങളെ മറിച്ചിട്ടു.
വേട്ടക്കാരൻ വേട്ടയാടപ്പെട്ടു.
നിനക്കായി വിരിച്ച വലയിൽ അവൻ അറിയാതെ പിടിക്കപ്പെട്ടു.

www.malankaralibrary.com



11. ഇല്ലായ്മയ്ക്കായി അവൻ കൊത്തിയുണ്ടാക്കിയ കല്ലുകൾ
അവൻ നിന്നെ പ്രലോഭിപ്പിച്ച കല്ലുകൊണ്ട് തകർക്കപ്പെട്ടു.
"നീ താഴേക്കു ചാടുക" എന്നു നിന്നോട് പറയാൻ
അവൻ ധൈര്യപ്പെട്ടതിനാൽ,
നീ നിമിത്തം അവൻ താഴെ വീണുതകർന്നു.
ഉന്നതത്തിൽ നിന്നുള്ളവനെ താഴേക്കു വീഴ്ത്താൻ വന്നവനെ
താഴേക്കു വീഴുന്നവൻ താഴെ വീഴ്ത്തി.
ഉയരത്തിലേക്കു കയറിയ ബലഹീനൻ
അവനെ ഉന്നതത്തിൽ നിന്ന് താഴെക്കെറിയുമെന്നറിയാതെ
സാത്താൻ അവനെ ഉയരത്തിലേക്കു കയറ്റി.[70]

# ഗീതം 14

## കർത്താവിൻെറ പരീക്ഷണങ്ങൾ - 3

അതേ രാഗം

1. മരുഭൂമീ, നീ ഭാഗ്യവതിയാകുന്നു.
എല്ലാറ്റിൻെറയും ജേതാവ്, എല്ലാവരെയും വീഴ്ത്തുന്നവനുമായി
നിന്നിൽ പോരാട്ടം നടത്തി.
അവൻെറ പടച്ചട്ടയും നിക്ഷേപവും എടുത്തുമാറ്റുകയും
അവൻെറ തടവുകാരെ വിടുവിക്കുകയും
അവനെ ബന്ധിച്ച് തള്ളിയിടുകയും ചെയ്ത
ഏകൻ മിശിഹായാകുന്നു.
അവൻെറ വഞ്ചനകൾ അവിടുന്ന് വെളിപ്പെടുത്തുകയും
അവനെ പരാജയപ്പെടുത്തുകയും ചെയ്തു.
അവിടുന്ന് ലാളിത്യം ധരിക്കുകയും,
അവനെ ജയിക്കുകയും തട്ടിത്തെറിപ്പിക്കുകയും ചെയ്തു.
ഋജുമാനസർക്കും നിഷ്കളങ്കർക്കുമായി മോശ നിർമിച്ച
ആയുധം ഉപയോഗിച്ച് അവിടുന്ന് അവനെ വിജയിച്ചു.

70. മത്താ. 4:3-6

www.malankaralibrary.com

*ഗീതം 14:2-4*

*പ്രതിസ്തോത്രം: നിന്റെ വിജയത്തിനു സ്തുതി.*

**2.** എല്ലാം അറിയുന്നവൻപോലും വഞ്ചകനെ കീഴടക്കിയത്
തിരുലിഖിതം ഉദ്ധരിച്ചാണ് എന്നു ഗ്രഹിക്കുന്നവൻ ഭാഗ്യവാൻ.
അവിടുന്ന് വീണ്ടും വീണ്ടും ഉദ്ധരിച്ചു;
അവിടുന്നു ലാളിത്യത്തിൽ അഭയം തേടി
എന്നു കണ്ട് ദുഷ്ടൻ വിലപിച്ചു.
കാരണം, മത്സ്യം ജലത്തിൽ സുഖമായി കഴിയുന്നതുപോലെയാണ്
സാത്താൻ തർക്കവിതർക്കങ്ങളിൽ.
തർക്കങ്ങളും കലഹങ്ങളും ഇല്ലെങ്കിൽ
അവൻ കത്തി ഇല്ലാതായിപ്പോകും.

**3.** കാരണം, തന്റെ ഉടമ്പടികളിൽ ലാളിത്യം നൽകിയവൻ
ബലഹീനൻ ആയിരുന്നില്ല.
അവിടുന്ന് തെറ്റിനെതിരെ സത്യം പ്രദാനം ചെയ്തു.
ദുഷ്ടൻ സത്യംകണ്ട് ഭയന്നു.
അതുകൊണ്ട് അവൻ കലഹം ഇളക്കിവിട്ടു,
അത് നമ്മുടെ ഇടയിലേക്ക് ചൊരിഞ്ഞു,
വിദ്വേഷം വളർത്തുന്ന ചോദ്യങ്ങൾ നമ്മുടെമേൽ ഭരണം നടത്തി.
തങ്ങളുടെ ചോദ്യങ്ങൾകൊണ്ട് വർദ്ധിക്കുന്ന നാശത്തിൽ
നമ്മുടെ വഴിപിഴച്ച തലമുറ ലജ്ജിക്കേണ്ടതാണ്.

**4.** 'പ്രകാശം അന്ധകാരത്തെയും ജീവൻ മരണത്തെയും
കീഴ്പ്പെടുത്തി', എന്നു പറഞ്ഞവൻ
'സ്നേഹം വിദ്വേഷത്തെ ജയിക്കുന്നു'
തന്റെ തിരുലിഖിതത്താൽ വഞ്ചന വിജ്ഞാനമായി മാറുന്നു
എന്ന് പഠിപ്പിച്ചു.
നിന്റെ വചനംകൊണ്ട് നാവിനെ ആയുധം ധരിപ്പിക്കുകയും
നിന്റേതിൽനിന്ന് നിന്റെ എതിരാളിക്കെതിരെ ഉദ്ധരിക്കുകയും
ചെയ്യുന്നവൻ ഭാഗ്യവാൻ.
ഞങ്ങളുടെ കർത്താവേ, നിന്റെ പരീക്ഷണത്തിൽ ദുഷ്ടനെതിരെ
മോശയിൽനിന്ന് ഉദ്ധരിച്ച നിന്നെ ഞങ്ങൾ ദർശിക്കട്ടെ.

www.malankaralibrary.com



**5.** താർക്കികർക്ക് ഒരു മാതൃക നൽകാനായി
കർത്താവേ, നീ ചോദ്യം ചെയ്തു; നീയും ചോദ്യം ചെയ്യപ്പെട്ടു.
നിൻെറ വാദമുഖങ്ങൾ സദൂക്യരെ കീഴടക്കി,
നിൻെറ മറുപടി പരീശരെ നിശ്ശബ്ദരാക്കി.
തിരുലിഖിതത്തിൽ എത്രമാത്രം ശക്തി നിഗൂഢമായിരിക്കുന്നു
എന്ന് കാണിക്കാൻ ദുഷ്ടനെതിരെ നീ അതിൽനിന്ന് ഉദ്ധരിച്ചു.
നിൻെറ താഴ്മയുടെ ആയുധം ധരിക്കാൻ
ഞങ്ങളുടെ അഹങ്കാരത്തിനു കഴിവില്ല.

**6.** ജനത്തിനു വെള്ളം നൽകിയ കല്ലിനെ,
സജീവ അപ്പമായ കല്ലിനെ,
വലിയ ബിംബത്തെ തകർത്ത കല്ലിനെ,
സാത്താൻ കല്ലുകൾകൊണ്ട് പരീക്ഷിച്ചു.
കാര്യഗ്രഹണത്തിൽ അന്ധനും വിവരമില്ലാത്തവനും ആകയാൽ,
അവൻ പരീക്ഷിക്കാനിറങ്ങി; അവനൊട്ടും ഭയപ്പെട്ടുമില്ല.
ബിംബത്തിനു പകരം, എല്ലാ ബിംബങ്ങളുടെയും
ഹേതുവായ സാത്താനെ നീ തകർത്തുകളഞ്ഞു.

**7.** ഞങ്ങളുടെ കർത്താവേ, നീ ഗോപുരമുകളിൽ നിൽക്കുന്നതായി
നിന്നെ നോക്കിയവരെല്ലാം കണ്ടു:
ഭോഷന്മാർ നിരസിച്ചുകളഞ്ഞ കല്ലിന്മേൽ കയറിനിന്ന
പരിപൂർണമായ് കല്ല്.
സൂത്രശാലിയായ സാത്താൻ നിന്നെ മുകളിലേക്കു നയിച്ചു;
നിന്നെ തിരിച്ചറിയാതെ, നിൻെറ പ്രതീകത്തിന്മേൽ
അവൻ നിന്നെ നിർത്തി.
കാഴ്ചയ്ക്ക് ആശ്ചര്യകരം: പ്രതീകവും അതിൻെറ പ്രതിച്ഛായയും,
സത്യവും അതിൻെറ നിഴലും.

**8.** സാത്താൻ വിനീതനെ ഉയർന്ന മലയിലേക്കു കയറ്റി;
അതിൻെറ കൊടുമുടിയിൽ അവിടുത്തെ നിർത്തി.
ത്രാസിലെന്നവണ്ണം, അവിടെ അഹങ്കാരവും വിനയവും
തൂക്കിനോക്കപ്പെട്ടു.
അഹങ്കാരി നീതിപൂർവം കീഴടക്കപ്പെട്ടു;

www.malankaralibrary.com



ഉയർത്തപ്പെട്ട വിനീതൻ അവനെ കീഴടക്കി.
ഞങ്ങളുടെ കർത്താവേ, നിന്നെ പരീക്ഷിച്ച സാത്താൻ
നിനക്ക് നിൻെറ പ്രതീകങ്ങൾ നൽകി.

9. മലമുകളിൽ രാജത്വം കാട്ടി നമ്മുടെ കർത്താവിനെ
സാത്താൻ പരീക്ഷിച്ചു.
നിന്ദനത്തിൽ അവൻ അവിടുത്തെ ജാതികൾക്കു രാജാവായി നൽകി.
വാക്കിനോടുകൂടി യാഥാർത്ഥ്യവും കടന്നുവന്നു,
കാരണം, സാത്താൻ ജാതികളെ ജേതാവിനു തിരികെ കൊടുത്തു.
പൊതുമത്സരക്കളികളിലെ കിരീടം,
സ്വീകരിക്കാൻ അർഹതയുള്ള ആളിൻേറതാണ്.
സാത്താനോട് ബലപ്രയോഗം നടത്തിയില്ല,
പിന്നെയോ, നമ്മുടെ കർത്താവ് നീതിപൂർവമാണ് കിരീടം എടുത്തത്.

10. യുഗശത്രുവിനെ ഉറച്ചുനിന്ന് ലജ്ജിപ്പിച്ചവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.
അവിടുന്നു നോക്കി നിൽക്കെത്തന്നെ
അവൻെറ തന്നെ കെണികൾ അവനെ കുടുക്കി.
അവൻെറതന്നെ കൊളുത്തുകളും വലകളും അവനെ പിടികൂടി.
അവൻെറ ബന്ധനങ്ങളും വലകളും അവനെ വരിഞ്ഞുമുറുക്കി.
മോശയുടെ ഏടുകളിൽനിന്നു നീ കടമെടുത്തു;
നിൻെറ ദാസനിൽനിന്ന് നീ മൂന്ന് അമ്പുകൾ എടുത്തു.
അവൻെറ ഉടമ്പടിയായിരുന്നു നിൻെറ വില്ല്.
അതുകൊണ്ട് നിൻെറ കൊലയാളിയുടെ നേർക്കു നീ അമ്പുകളയച്ചു.

11. അപ്പമായിരുന്നു നിൻെറ പേർക്ക് അവൻ എയ്ത അമ്പ്.
അതാണവൻ ആവശ്യപ്പെട്ടത്;
ആദത്തിൻെറ അത്യാർത്തിയുടെ പ്രതീകം!
എല്ലാറ്റിനെയും നിലനിർത്തുന്നവനെ
അപ്പംകൊണ്ട് അവൻ പരീക്ഷിച്ചു.
അവിടുന്നു തൻെറ ഉപവാസത്താൽ
ഭോജനപ്രിയനെ സുഖപ്പെടുത്തി.
...സാത്താൻ....

www.malankaralibrary.com



അവൻെറ ശിഷ്യർ.... മണവാളൻ ചാരിയിരുന്നു.
കല്ലുകൾ അപ്പമാക്കാൻ ആഗ്രഹിക്കാഞ്ഞവൻ
കാനായിൽ വെള്ളത്തെ വീഞ്ഞാക്കി.

**12.** ഉയരത്തിൽ നിന്നു താഴേക്കു ചാടുന്ന യേശു താഴെ വീണ്
ചത്തുപോകുമെന്നു ദുഷ്ടൻ കരുതി.
അവിടുന്ന് ഭയന്ന്, ദേവാലയാഗ്രത്തിൽ നിന്ന്
താഴേക്കു വീഴാൻ അനുവദിക്കുകയില്ല എന്ന് കരുതി,
താഴേക്കു ചാടാൻ അവൻ അവിടുത്തെ പ്രേരിപ്പിച്ചു.
എന്നാൽ അവിടുന്നതു നിരസിക്കുകയും
താഴേക്ക് ചാടാതിരിക്കുകയും ചെയ്തതിനാൽ,
വിനീതനെ കണ്ട്, ബലപ്രയോഗം കൂടാതെ
ദുഷ്ടൻ ഉയരത്തിൽനിന്ന് താഴേക്കു നിപതിച്ചു.

**13.** മാധുര്യവാനായ നമ്മുടെ കർത്താവിനെതിരെ
കയ്പുള്ളവൻ തൻെറ ആവനാഴി നിറച്ച് പതുങ്ങിനിന്നു.
അവിടുന്ന് ബലഹീനപ്രകൃതിയുള്ള ബലഹീനശരീരം
ധരിച്ചിരുന്നതിനാൽ, സാത്താന് തെറ്റിപ്പോയി.
അവൻ അവിടുത്തെ സംബന്ധിച്ച് വഞ്ചിക്കപ്പെട്ടു.
ദുഷ്ടൻ അവിടുത്തെ പടച്ചട്ട കണ്ടിട്ട്
വഞ്ചിക്കപ്പെട്ട ആദത്തിൻെറ പടച്ചട്ടയാണത് എന്ന് തെറ്റിദ്ധരിച്ചു.
അവൻ കീഴടക്കിയ ആയുധങ്ങൾ കൊണ്ടുതന്നെ
അവൻെറ അഹങ്കാരം കീഴമർത്തപ്പെട്ടതിനാൽ
അവൻെറ നിന്ദനം വലുതായിരുന്നു.

**14.** മുനയില്ലാത്ത അമ്പ് നിൻെറ നേരെ പായിച്ച ദുഷ്ടൻ
കൂർത്തുമൂർത്ത അമ്പിൻെറ ലക്ഷ്യമായിത്തീർന്നു.
നീ അവൻെറ നേരെ വിനയത്തിൻെറ അമ്പെയ്തു;
കൂടാതെ, മനപ്രശാന്തതയുടെ മറ്റ് രണ്ട് അമ്പുകളും.
അവൻെറ അശുദ്ധവും അടഞ്ഞതുമായ ചെവികളിലേക്ക്
എയ്ത വിശുദ്ധ അമ്പുകളായിരുന്നു അവ.
ആദാമ്യകുലത്തിൻെറ ലാളിത്യപൂർണമായ അനുസരണത്തെ
ദുഷിപ്പിച്ചവൻെറ ദുഷിപ്പിക്കലിന് പകരം വീട്ടി.

www.malankaralibrary.com



# ഗീതം 15

## സ്നാനം

അതേ രാഗത്തിലുള്ള മൂന്നാമത്തെ ഗീതം

1. വന്ധ്യയുടെ മകനേ,[71] അവിടുത്തെ ശിരസ്സിന്മേൽ വയ്ക്കാൻ
നിൻെറ കൈ യോഗ്യമാക്കപ്പെട്ടതിനാൽ നീ ഭാഗ്യവാനാകുന്നു.
അഗ്നിനാവാലും പരിശുദ്ധാത്മാവിനാലും ജാതികളെ
സ്നാനപ്പെടുത്തിയ സ്നാപകനെ നീ സ്നാനപ്പെടുത്തി.
ഭയന്നുവിറയ്ക്കുകയും സമീപിക്കാതിരിക്കുകയും ചെയ്ത
നിൻെറ വിവേചനവും കല്പിക്കപ്പെട്ടപ്പോൾ അനുസരിച്ച
നിൻെറ ബുദ്ധിയും ഭാഗ്യമുള്ളതാകുന്നു.
സ്വർഗം തുറക്കപ്പെട്ടു; എല്ലാവരെയും ശുദ്ധീകരിക്കുന്നവൻ
സ്നാനപ്പെട്ടതിൽ ദൂതന്മാർ അത്ഭുതപ്പെടുകയും
മഹത്ത്വം കരേറ്റുകയും ചെയ്തു.

*പ്രതിസ്തോത്രം: നിൻെറ പൗരോഹിത്യത്തിനു സ്തുതി.*

2. പ്രവാചകന്മാരിൽ ഏറ്റവും വലിയവനേ, നീ ഭാഗ്യവാനാകുന്നു.
അവരെല്ലാവരും ദൂരെ നിന്നുകൊണ്ട് അവനെ കാംക്ഷിച്ചു.
അവർ അത്യാകാംക്ഷാപൂർവം ആഗ്രഹിച്ചെങ്കിലും
പുത്രനായ മിശിഹായെ കാണാൻ കഴിഞ്ഞില്ല.
എന്നാൽ നീയാകട്ടെ നിൻെറ കൈ അവൻെറ തലയിൽ വച്ചു.
നിയമം ധരിച്ചുകൊണ്ട് നീ തീക്ഷ്ണത കാട്ടി;
മിശിഹായോടുകൂടെ നിന്നുകൊണ്ട് നീ കാരുണ്യം കാട്ടി.
ഏലിയാ നിന്നിൽ ഇറങ്ങിവന്നു; അവൻ മറ്റു രീതിയിൽ വന്നില്ല.
അവനെ നീ പ്രതിനിധീകരിച്ചു.

3. ചെറിയ നദിയായ യോർദ്ദാനേ, നീ ഭാഗ്യവതിയാകുന്നു.
ഒഴുകുന്ന കടൽ നിന്നിലിറങ്ങി സ്നാനമേറ്റു.

---

71. ലൂക്കാ. 1:9

www.malankaralibrary.com



പാപങ്ങളെ വെണ്മയാക്കുന്ന സജീവ പ്രവാഹത്തിൻെറ
ബാഷ്പകണികയ്ക്കുപോലും നീ തുല്യയല്ല.
അവിടുത്തെ ഇറക്കത്താൽ സംശുദ്ധമായതിനാൽ
നിൻെറ ഒഴുക്ക് സൗഭാഗ്യകരംതന്നെ.
കാരണം, നിന്നിൽ സ്നാനപ്പെടാൻ തിരുവുള്ളമായ പരിശുദ്ധൻ
തൻെറ സ്നാനം വഴി ആത്മാക്കളുടെ മോചനത്തിനായി
മാമോദീസാ സ്ഥാപിക്കാൻ നിന്നിലേക്കിറങ്ങി.

4. പരിപാവന യുവാവേ,[72] നീയും ഭാഗ്യവാനാകുന്നു.
നിൻെറ നാഥൻ നിന്നെ ശിശുസമാനം കരുതി.
മുത്ത് നിഗൂഢമായിരിക്കുന്ന പാവനയുവത്വത്തെ
അവിടുന്നു സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തു.
കന്യാത്വമേ, അവിടുന്ന് താണിറങ്ങിവന്ന് നിന്നെ ഉയർത്തി.
ഈറേദൂതന്മാരുടെ മുമ്പാകെ, തൻെറ മടിയിൽ
അവിടുന്ന് നിന്നെ ശ്രേഷ്ഠതപ്പെടുത്തി.
പരിശ്രമം കൂടാതെ ഈറേദൂതന്മാർ ദാനം നൽകി;
എന്നാൽ പോരാട്ടത്തോടുകൂടി നീ അതു നൽകി.[73]

5. സ്നേഹത്താൽ നിറഞ്ഞ്,
നിക്ഷേപത്തിൻെറ താക്കോൽ വഹിച്ച നീ ഭാഗ്യവാനാകുന്നു.
ഒരിക്കലും തുറന്നിട്ടില്ലാത്തതായിരുന്നു ആ നിക്ഷേപം.
നിശ്ശബ്ദതയായിരുന്നു അതിൻെറ മുദ്ര;
എന്നാൽ നിൻെറ ശബ്ദം അതു തുറന്നു.
"അവിടുന്ന് വചനമാണ്" എന്ന് ഞങ്ങൾക്കുവേണ്ടി മൊഴിഞ്ഞ
നിൻെറ വായ് വാഴ്ത്തപ്പെട്ടതാകുന്നു.
ഞങ്ങളെ നിയന്ത്രിക്കാനായി,
ശബ്ദരഹിതവാക്ക് നീ വിശദീകരിച്ചു.
പരിശ്രമശാലികൾക്ക് വാസ്തവത്തിൽ, ദൈവമാണ് 'വചനം';
അന്വേഷകർക്ക് ക്ലേശവും.[74]

---

72. 'യുവത്വമേ' എന്നു പദാർത്ഥം: യോഹ. 13:23-25

73. കന്യാത്വത്തെ അമൂല്യമുത്തായി അപ്രേം പരിഗണിച്ചിരുന്നു: കന്യാത്വഗീതം 2:4-5,10; 3:12.

74. യോഹ. 1:1

www.malankaralibrary.com



6. ആത്മാവ് രൂപീകരിച്ച താക്കോൽ വഹിക്കുന്ന
ശെമഓൻ കേപ്പായേ, നീയും ഭാഗ്യവാനാകുന്നു.
ഉയരത്തിലും ആഴത്തിലും കെട്ടുകയും അഴിക്കുകയും
ചെയ്യുന്ന വാക്ക് മഹനീയവും അവാച്യവുമാണ്.[75]
അവിടുന്നു നിനക്കു നൽകിയ അജഗണം ഭാഗ്യമുള്ളതാണ്.[76]
അവ എത്രമാത്രം വർദ്ധിച്ചിരിക്കുന്നു!
കാരണം, നീ കുരിശിനെ വെള്ളത്തോടുചേർത്തു ബന്ധിച്ചു.[77]
എല്ലാത്തരം കന്യകകളെയും പരിശുദ്ധരെയും
തന്റെ സ്നേഹത്തിൽ അജഗണം പ്രസവിച്ചിരിക്കുന്നു.

7. നിന്റെ സഹോദരസമൂഹത്തിൽ ശിരസ്സും നാവും
ആയിതീർന്നവനേ, നീ ഭാഗ്യവാനാകുന്നു.
സമൂഹം ശിഷ്യഗണം ഉൾക്കൊണ്ട രഥമാണ്.
സെബദിപുത്രന്മാരായിരുന്നു അതിന്റെ നയനങ്ങൾ.
അവിടുത്തെ ന്യായാസനം കണ്ട്, തങ്ങളുടെ യജമാനനോട്
തങ്ങളുടേത് ചോദിച്ച ഇരുവരും വാഴ്ത്തപ്പെട്ടവരാകുന്നു.[78]
ഉറപ്പുള്ള പാറയായ ശെമഓൻ,
പിതാവിൽ നിന്നുള്ള വെളിപാടു ശ്രവിച്ചു.[79]

8. എന്നാൽ കയ്യാഫാസേ, നിനക്കു ഹാ, കഷ്ടം!
നിന്റെ വായ് സത്യത്തിന്റെ അറിയിപ്പുകാരനായിരുന്നു.[80]
അധ്വാനിച്ചു ക്ഷീണിച്ച ജോലിക്കാരനായിരുന്നു അത്.
എന്നാൽ ശമ്പളത്തിനു പകരം അവനു നഷ്ടമാണുണ്ടായത്.
ആവശ്യപ്പെടാതെ പ്രവചിച്ചതിനാൽ അവൻ തള്ളപ്പെട്ടു എന്ന്
പണം കൊടുക്കുന്നയാൾ വിളിച്ചുപറഞ്ഞു.
അനുസരണമുള്ളവൻ ശപിക്കപ്പെട്ടവനിൽനിന്ന്
അനുഗ്രഹത്തിന്റെ ഫലം പറിച്ചെടുത്തു.

---

75. മത്താ. 16:19
76. യോഹ. 21:15-17
77. മത്താ. 14:28-33; യോഹ. 21:7
78. മർക്കോ. 10:35-45
79. മത്താ. 16:13-18
80. യോഹ. 11:49-52

www.malankaralibrary.com



9. എന്നാൽ, മോഷ്ടിച്ചവയുടെ സൂക്ഷിപ്പുസ്ഥലമേ, കള്ളശിഷ്യനേ,
വെള്ളിനാണയത്തിൻെറ ദാസനേ, നിനക്കു ഹാ, കഷ്ടം!
പുറജാതികളുടെ സമ്പത്തിൽ മറഞ്ഞിരുന്ന
നിക്ഷേപത്തെ, ജീവൻെറ നിക്ഷേപത്തെ, നീ അടിയറവച്ചു.
അവിടുത്തെ നോക്കിയിട്ട് ലജ്ജിക്കാതിരുന്ന
നിൻെറ നയനങ്ങൾക്കും അവിടുത്തെ ചുംബിച്ചിട്ട്,
ഭയക്കാതിരുന്ന നിൻെറ അധരങ്ങൾക്കും ഹാ, കഷ്ടം!
നിൻെറ വായിൽ വഞ്ചന ആയിരുന്നു;
നിൻെറ ആശംസയിൽ ചതി ആയിരുന്നു;
നിൻെറ മൂക്കിൽ കൊളുത്തായിരുന്നു.

10. ശുദ്ധമായ ഗോതമ്പുകൂന നിരസിച്ചു തള്ളിക്കളഞ്ഞ
കളകളുടെ നിന്ദ്യനായ പ്രമാണിക്കു ഹാ, കഷ്ടം!
ചൂളയിലെന്നപോലെ, ഗോതമ്പപ്പം
അതിൻെറ സാന്നിധ്യത്തിൽ നിന്ന്
അതിനെ വേർതിരിച്ച് പുറത്തേക്കെറിഞ്ഞു.
ഒരു മരം അവന് ആതിഥ്യമരുളി;
കയ്പുള്ളവൻ വിദ്വേഷത്താൽ പൊട്ടിച്ചിതറി.
മോഷ്ടിച്ച വെള്ളിയുടെ ഭാരം അവനെ പീഡിപ്പിച്ചതിനാൽ,
അവൻ താഴെ വീണ് തല പൊട്ടി നശിച്ചു.

# ഗീതം 16

## നസ്രത്ത് - 1

1. സ്വജനം വെറുത്ത നസ്രത്തേ, നീ ഭാഗ്യവതിയാകുന്നു.[81]
ഞങ്ങളുടെ രാജാവിൻെറ നാമത്താൽ
നിൻെറ നാമം മനോഹരമായിത്തീർന്നു.
ഒരവകാശി വളർന്നുവന്നു;
അവൻ നിൻെറ നാമം സ്വീകരിച്ച് നിന്നാൽ അറിയപ്പെട്ടു.

81. യോഹ. 1:46

www.malankaralibrary.com



കാരണം അവൻ നസ്രായൻ എന്നും വിളിക്കപ്പെട്ടു.[82]
തൻെറ വചനത്താൽ ഹൃദയങ്ങളെ സംസ്കരിക്കുന്നവൻെറ
ശരീരത്തെ പരിപോഷിപ്പിച്ച നിൻെറ ചന്തസ്ഥലങ്ങൾ
അനുഗൃഹീതങ്ങളാകുന്നു. നസ്രത്തിൽ ഒരത്ഭുതം:
എല്ലാറ്റിനെയും വളർത്തുന്നവൻ താഴേക്കിറങ്ങിവന്ന്
ശിശുക്കളോടൊപ്പം വളർന്നു.

*പ്രതിസ്തോത്രം: അവനെ അയച്ചവനു സ്തുതി.*

**2.** വീഞ്ഞുതീർന്നുപോയ നിൻെറ മണവാളനെ പ്രതി,
കാനാ, നീ ഭാഗ്യവതിയാകുന്നു.
അവൻ സ്വർഗീയമണവാളനെ ക്ഷണിച്ചു.[83]
പുതിയ വിവാഹവിരുന്നിലേക്കും ഏദനിലെ ജീവിതത്തിലേക്കും
ജാതികളെ ക്ഷണിച്ചവനെ അവൻ ക്ഷണിച്ചു.
അവിടുത്തെ അനുഗ്രഹത്തിൽ ആനന്ദിച്ച നിൻെറ അതിഥികളും
അവിടുത്തെ വചനത്താൽ നിറഞ്ഞ നിൻെറ ഭരണികളും
ഭാഗ്യമുള്ളവയത്രേ.
സ്വർഗീയാനുഗ്രഹങ്ങൾ ആദ്യമായി മൊട്ടിട്ട് പൂവണിഞ്ഞത്
നിന്നിലാണ്.

**3.** ഒളിഞ്ഞിരുന്ന കൊച്ചുമനുഷ്യാ, നീ ഭാഗ്യവാനാകുന്നു.
കാരണം, നിൻെറ ഭവനത്തിൽ വസിക്കാൻ
ഉന്നതത്തിൽനിന്ന് അവിടുന്നു കടന്നുവന്നു.
നിക്ഷേപം, പരിപാവന നിക്ഷേപം കടന്നുവന്നു.
അനീതിയിലൂടെ നേടിയ സമ്പാദ്യം അവിടുന്ന് ചിതറിച്ചുകളഞ്ഞു.
കൊയ്തെടുക്കാനായി അവിടുന്നു വിതച്ച നിൻെറ ധനം
ഭാഗ്യമുള്ളതാകുന്നു.
പാവപ്പെട്ടവർക്കു വിതരണം ചെയ്യാനായി
നിൻെറ സമ്പാദ്യം നൽകപ്പെട്ടു.
നീ കയറിയ മരത്തിൽ നിന്ന്
അവിടുന്നു നിന്നെ താഴേക്കിറക്കി.
തൻെറ മരത്താൽ അവിടുന്നു നിന്നെ രക്ഷിച്ചു.[84]

---

82. മത്താ. 2:23   83. യോഹ. 2:1-12   84. ലൂക്കാ. 19:1-10

www.malankaralibrary.com



4. മരുഭൂമീ, നീ ഭാഗ്യവതിയാകുന്നു;
നമ്മുടെ കർത്താവ് തൻെറ മേശമേൽ നിനക്കായി
നിശ്ശബ്ദതയുടെ ഒരു കിരീടം മെടഞ്ഞു.
തൻെറ സ്രഷ്ടാവിനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നവനു മാത്രമേ
വർദ്ധിപ്പിച്ച അപ്പത്തെ പരിശോധിക്കാൻ കഴിയൂ.[85]
തൻെറ അനുഗ്രഹങ്ങൾ സ്വീകരിക്കുകയും
തന്നെ പരിശോധിക്കാതിരിക്കുകയും
തൻെറ സന്തുഷ്ടിയിൽ പങ്കുപറ്റുകയും
തൻെറ ജനനത്തെപ്പറ്റി തർക്കിക്കാതിരിക്കുകയും
ചെയ്യുന്നവൻ ഭാഗ്യവാനാകുന്നു.
നമ്മുടെ വിശപ്പ് നമ്മെ അസ്വസ്ഥരാക്കുന്നു.
കാരണം, മനുഷ്യർക്ക് അപ്പം ആവശ്യമാണ്,
എന്നാൽ അതിനെ പരിശോധിക്കാൻ വേണ്ടിയല്ല എന്നു മാത്രം.

5. നമ്മുടെ കർത്താവ് നമ്മുടെ സജീവ അപ്പമായിത്തീർന്നു.
നമ്മുടെ പുതിയ കാസായിൽ നമുക്ക് സന്തുഷ്ടരാകാം.[86]
വരുവിൻ, അന്വേഷണം കൂടാതെ നമുക്കതു ഭക്ഷിക്കാം.
പരിശോധനകൂടാതെ അവിടുത്തെ കാസാ പാനം ചെയ്യാം.
അനുഗ്രഹങ്ങളും ഫലങ്ങളും മാറ്റിവച്ചിട്ട്
അവയുടെ സ്വഭാവം ചർച്ച ചെയ്യുന്നതിന്
കുത്തിയിരിക്കുന്നതാരാണ്?
മനുഷ്യർ ജീവിക്കേണ്ടതാവശ്യമാണ്.
വരുവിൻ, നമുക്ക് ജീവിക്കാം.
അന്വേഷണത്തിൻെറ ആഴത്തിൽ നമുക്കു മരിക്കാതിരിക്കാം.

6. നീ ആരാണെങ്കിലും നീയും ഭാഗ്യവാനാണ്.
നിന്നിൽ വസിച്ച ഒരുകൂട്ടം പിശാചുക്കളെ കർത്താവ് പുറത്താക്കി.[87]
ആയിരക്കണക്കിനു പിശാചുക്കൾ നിന്നിൽ എവിടെ വസിച്ചു എന്ന്
പുത്രനെ പരിശോധനാവിധേയനാക്കുന്ന
പണ്ഡിതരോട് ചോദിക്കുക.

---

85. പുറ. 16; യോഹ.6
86. യോഹ. 6:48-51
87. മർക്കോ. 5:1-20

www.malankaralibrary.com



നിശ്ശബ്ദമാക്കപ്പെട്ട നിൻെറ ക്രമരഹിത ശബ്ദങ്ങളും
വിശ്രമം അനുഭവിക്കുന്ന നിൻെറ തകർന്ന അവയവങ്ങളും
ഭാഗ്യമുള്ളവയത്രേ.
ഉരിയപ്പെട്ടതും നിന്ദിക്കത്തക്കതുമായ ലോകം
നിന്നിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
എന്നാൽ എല്ലാറ്റിനെയും പവിത്രീകരിക്കുന്നവൻ
അതിനെ പവിത്രീകരിച്ചിരിക്കുന്നു.

7. ധൈര്യശാലിയായ അന്ധനേ, നീയും ഭാഗ്യവാനാകുന്നു.
നിൻെറ വലിയ ചങ്കൂറ്റം നിന്നെ പ്രകാശിപ്പിച്ചു.[88]
നിന്നോട് പറഞ്ഞതനുസരിച്ച് നീ മിണ്ടാതിരുന്നെങ്കിൽ,
നിൻെറ മൗനം നിന്നെ ഇരുട്ടിൽ ഇരുത്തുമായിരുന്നു.
പാപി ധൈര്യശാലിയാണെങ്കിൽ കൃപ ലഭിക്കുമെന്നതിനു
നീ ഇതിൽ ഒരു ദൃഷ്ടാന്തവും കാണിച്ചിരിക്കുന്നതിനാൽ,
നിൻെറ ചങ്കൂറ്റം വാഴ്ത്തപ്പെട്ടതാകുന്നു.
ദൈവം വന്ന്, അപേക്ഷകൻെറ ചങ്കൂറ്റത്തിന്,
പതിനായിരം താലന്ത് എഴുതിത്തള്ളി.

8. എബ്രായരുടെ മകനേ, നീയും ഭാഗ്യവാനാകുന്നു.
നിൻെറ കർത്താവ് നിന്നെ സത്യ ഇസ്രായേൽ എന്നു വിളിച്ചു.
സർപ്പവിഷം കയറാത്ത പുതിയ മനുഷ്യൻ!
ഒരു ഋജു മാനസ്സൻ! നിന്നിൽ ആദാം കുറ്റപ്പെടുത്തപ്പെട്ടു.[89]
നീ തോട്ടത്തിൽ വച്ച് സുവിശേഷശബ്ദം ശ്രവിച്ചു,
എന്നാൽ ആദാം ഏദനിൽ നീതിയുടെ സ്വരം കേട്ടു.
പുതുവസ്ത്രധാരിയായി അത്തിമരത്തിൻെറ സമീപത്തുനിന്ന്
നഥാനിയേൽ വിളിക്കപ്പെട്ടു.

9. "എല്ലാം കാണുന്നവനെ ഞങ്ങൾ കണ്ടെത്തി;
നഷ്ടപ്പെട്ട ആദത്തെ കണ്ടെത്താനും
പ്രകാശവസ്ത്രത്തിൽ അവനെ ഏദനിൽ പ്രവേശിപ്പിക്കാനും
അവിടുന്നു വന്നണഞ്ഞു" എന്ന്

---

88. മർക്കോ. 10:46-52

89. യോഹ. 1:43-51

www.malankaralibrary.com



നിന്നോട് വൃക്ഷങ്ങൾക്കിടയിൽ വച്ച് പറഞ്ഞതിനാൽ
നീ ഭാഗ്യവാനാകുന്നു.
അത്തിമരത്തിൻെറ തണലിൻെറ പ്രതീകത്തിൽ
വലിയ നിഴലിലെന്നവണ്ണം ലോകം തപ്പിത്തടയുന്നു.
ലോകത്തിൻെറ പ്രതീകമെന്നവണ്ണം
അത്തിവൃക്ഷത്തിൻെറ കീഴിൽനിന്ന്
നമ്മുടെ രക്ഷകനെ കാണാൻ നീ പുറത്തു കടന്നു.

**10.** ആദാം തന്നിൽനിന്ന് ഓടിയൊളിച്ചു
എന്നു കണ്ട ജീവൻെറ വൃക്ഷം കഠിനദുഃഖത്തിലായി.
അതു കന്യകയായ ധരയിലേക്കു താണ് മണ്ണിനടിയിലായി.
പിന്നീടത് ഗോഗുൽത്തായിൽ ഉയിർത്തു പ്രകാശിച്ചു.
പക്ഷിയെപ്പോലെ, സ്വന്തഭവനത്തിലെത്തിച്ചേരാൻ
മനുഷ്യകുലം അതിനെ പിൻചെന്ന്, അതിൽ അഭയംതേടി.
പീഡിപ്പിക്കുന്നവർ പീഡിപ്പിക്കപ്പെടുന്നു;
പീഡിതരായ പ്രാവുകൾ പറുദീസായിൽ സന്തോഷിക്കുന്നു.

# ഗീതം 17

## ഷേക്കേം - 1

അതേ രാഗത്തിൽ

**1.** കൃപയ്ക്കും നീതിക്കും മധ്യേ അത്ഭുതവാഹമായി
സ്ഥാപിതമായിരിക്കുന്ന ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
യാക്കോബിൻെറ മകളായ ദീനായെപ്രതി നീ വിധിക്കപ്പെട്ടു.
പരിച്ഛേദിതർ നിന്നെ നശിപ്പിച്ച് ശവപ്പറമ്പാക്കി.[90]
നിൻെറ പക്കലേക്കു വന്ന് നിന്നെ സമാശ്വസിപ്പിച്ച
കാരുണ്യവാൻെറ പുത്രൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

90. ഉല്പ. 34:1-31

www.malankaralibrary.com



കാരണം, നീതിമാൻെറ പുത്രന്മാർ തങ്ങളുടെ വാളുകൾ
നിനക്കെതിരെ ഊരി. ഒരു സ്ത്രീ നിമിത്തം അവർ നിന്നെ കൊന്നു
കുഴിച്ചു മൂടി; നിന്നെ മറച്ചുവച്ചു.
ഒരു സ്ത്രീയാൽ നീ ജീവൻ പ്രാപിച്ചു.[91]

*പ്രതിസ്തോത്രം: ഷേക്കേമിനെ ...... വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാര്യഗ്രഹണമുള്ളവർക്കായി,
സൃഷ്ടിമുഴുവൻ നിന്നിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
നിൻെറ പ്രതീകമായി, ജഢങ്ങൾ നിറച്ച്,
സർപ്പം ഹവ്വായിലൂടെ ഭൂമിയെ നശിപ്പിക്കാൻ തുടങ്ങി.
സൃഷ്ടി വാഴ്ത്തപ്പെട്ടതത്രേ!
നിങ്ങൾ ഇരുവരെയും ഒന്നു മറ്റൊന്നിൽ
മുദ്രകുത്തി വരച്ചുകാട്ടിയവൻ
നിൻെറ പ്രതീകത്തിൽ സൃഷ്ടിയെ നവീകരിച്ചു.
ഷേക്കേമേ, നീ പുറജാതികളുടെ സഭയുടെ ആരംഭവും ഉപമയുമാണ്.

**3.** അനുഗൃഹീത നഗരമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, നിൻെറ മലമുകളിൽ ജോഷ്വാ
സുഗന്ധദ്രവ്യം പോലെയായിരുന്നു.[92]
അതുകൊണ്ട് സത്യനാമമായ ഈശോയുടെ
പൂർത്തീകരണത്തിൽ നീ വഞ്ചിക്കപ്പെട്ടില്ല.
ദാസൻെറയും അവൻെറ നാഥൻെറയും നാമങ്ങൾ
അലങ്കരിക്കുന്ന നിൻെറ സൗന്ദര്യം അനുഗൃഹീതമാണ്.
അസൂയാർഹയായ നീ ഭാഗ്യവതിയാകുന്നു.
കാരണം, നിൻെറ കല്ലറയിൽ ജോഷ്വായും
നിൻെറ ഹൃദയത്തിൽ നമ്മുടെ കർത്താവുമാണ്.

**4.** ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
പ്രതീകങ്ങളുടെ സംശുദ്ധ മരംപോലും നിന്നിൽ നടപ്പെട്ടിരിക്കുന്നു.

---

91. സമറിയാക്കാരി സ്ത്രീ: യോഹ. 4:1-42.

92. ജോഷ്വാ 24:29

www.malankaralibrary.com



പ്രതീകങ്ങൾ വഹിക്കുന്ന യൗസേപ്പ് നിന്നിൽ വയ്ക്കപ്പെട്ടു.
അവന്റെ അസ്ഥികളിന്മേൽ തന്റെ
നാഥന്റെ പ്രതീകങ്ങളായിരുന്നു.[93]
നിന്റെ ഉദരം വാഴ്ത്തപ്പെട്ടതാകുന്നു.
അതിൽനിന്ന് അവൻ നമ്മെ ഒളിഞ്ഞുനോക്കുന്നു.
യൗസേപ്പ്... ബർ യൗസേപ്പ് മുദ്രകുത്തപ്പെട്ടു.
നിന്റെ ശാഖകളിൽ നിന്ന് നമ്മുടെ രക്ഷകന്റെ പ്രതീകങ്ങൾ
പറിക്കാൻ ... ആർക്കു കഴിയും?

5. ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ ഗോത്രത്തിനിടയിലാണ്
അഹറോന്റെ പുത്രനായ എലെയാസർ വയ്ക്കപ്പെട്ടിരിക്കുന്നത്.[94]
നദി കടക്കുന്നതിൽനിന്ന് അഹറോൻ തടയപ്പെട്ടു;
എലെയാസർ കടന്നു; അവകാശം വിഭജിച്ച് പങ്കിട്ടുകൊടുത്തു.[95]
നിന്നിൽ മൂന്നു പ്രതീകങ്ങൾ വസിക്കുന്നതിനാൽ നീ ഭാഗ്യവതിയാണ്:
രാജാക്കന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും.
മൂന്നും ചേർന്നവൻ മുകളിൽനിന്ന് നിന്റെ പക്കലേക്കു വന്നു.
നിന്റെ മഹനീയ വ്യക്തികളുടെ അസ്ഥികൾ
അവനിൽ സന്തോഷിച്ചു.

6. തങ്ങളുടെ പ്രതീകങ്ങളാൽ പൂക്കൾ കൊരുത്ത്
പുത്രനെ വരച്ചുകാട്ടിയ നീതിമാന്മാരുടെ അസ്ഥികൾകൊണ്ട്
നിന്റെ നാടുമുഴുവൻ അനുഗ്രഹിക്കപ്പെട്ടതിനാൽ
നീ ഭാഗ്യവതിയാകുന്നു.
പുത്രൻ പ്രവേശിച്ചപ്പോൾ അവർ അവിടുത്തെ കിരീടം ധരിപ്പിച്ചു.
ഭ്രാന്തന്മാർ മുൾക്കിരീടം ചൂടിച്ച രാജാവ്
നിന്റെ പക്കലേക്ക് എഴുന്നെള്ളിയപ്പോൾ
അവകൊണ്ട് നീ അവിടുത്തെ കിരീടം ധരിപ്പിച്ചു.
ജേതാവിനെ തങ്ങളുടെ കല്ലറകളിൽനിന്ന്
കിരീടം ധരിപ്പിച്ചതിന്റെ പ്രതീകങ്ങൾ ആരെങ്കിലും കണ്ടിട്ടുണ്ടോ?

---

93. ജോഷ്വാ 24:32 94. ജോഷ്വാ 24:33 95. ജോഷ്വാ 14:1-19.51

www.malankaralibrary.com



7. നിന്റെ ഗോത്രത്തിനിടയിൽ ക്ഷീണിതർ സമാശ്വസിച്ചു:
യൗസേപ്പ്, ജോഷ്വാ, എലെയാസർ.
ക്ഷീണിച്ച ശാന്തൻ നിന്നിൽ വിശ്രമം കണ്ടെത്തി.
ക്ഷീണിക്കാത്തവൻ, നിനക്കു വിശ്രമം നൽകാൻ ക്ഷീണിച്ചവനായി.
അവൻ വിശ്രമം കണ്ടെത്തിയ നിന്റെ കിണർ വാഴ്ത്തപ്പെട്ടതാകുന്നു.
അവന്റെ വിശ്രമം നിന്റെ വിശ്രമത്തെ മുന്നറിയിച്ചു.
പ്രശാന്തയായ നീ ഭാഗ്യവതിയാകുന്നു;
എല്ലാം ഒഴുക്കിക്കൊടുക്കുന്ന നമ്മുടെ കർത്താവിൽ
നിന്റെ വിശ്രാന്തി വർദ്ധിക്കുന്നു.

8. അസ്ഥികളുടെ നിക്ഷേപം ഉണ്ടാകുവാൻ ഇടയായ
നീ ഭാഗ്യവതിയാകുന്നു.
അവയെ സന്ദർശിക്കാൻ കർത്താവു കടന്നുവന്നു.[96]
നീതിമാന്മാരുടെ അസ്ഥികൾ നിറഞ്ഞ കല്ലറകൾ
സ്വർഗീയ നിക്ഷേപങ്ങളായിരുന്നു.
ശ്രേഷ്ഠരായിത്തീർന്ന നിന്റെ നീതിമാന്മാരുടെ കല്ലറകളും
തുറക്കപ്പെട്ട നിന്റെ കൊട്ടാരങ്ങളുടെ കവാടങ്ങളും
വാഴ്ത്തപ്പെട്ടവയാകുന്നു.
ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, നിന്നിലുള്ള മരിച്ചവരും ജീവിച്ചിരിക്കുന്നവരും
നമ്മുടെ രക്ഷകനെ നോക്കിപ്പാർക്കുന്നു.

9. ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ ജീവനെപ്രതി തന്റെ സ്വന്തം വാക്കുകൾ
സത്യവാൻ ലംഘിച്ചു:
"പുറജാതികളുടെ വഴിയിലൂടെ പോകരുത്;
സമറിയാക്കാരുടെ നഗരത്തിൽ കടക്കുകയുമരുത്".[97]
നിനിവെയെപ്പോലെ, നീതിമാൻ
നിന്നെ മോചിപ്പിച്ചതിനാൽ നീ ഭാഗ്യവതിയാകുന്നു.
അവിടുന്ന് വിധി പ്രസ്താവിച്ചെങ്കിലും, അതിനെ രക്ഷിച്ചു.

96. മത്താ. 10:5

97. യോഹ. 3:10-4:11

www.malankaralibrary.com



നിനിവെയുടെ അനുതാപത്തിൽ യോനാ ദുഃഖിച്ചു;
എന്നാൽ നിന്നിൽ നമ്മുടെ കർത്താവ് സന്തോഷിച്ചു.

10. ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, നിന്റെ കിണറിന്റെ മുകളിൽ
ഇന്ന് ഒരു വിശുദ്ധ ദൈവാലയം പണിയപ്പെട്ടിരിക്കുന്നു.
കാരണം, ഇതാ, "ഞാൻ സജീവജലത്താൽ സ്നാനപ്പെടുത്തുന്നു.
അതാണല്ലോ നിന്റെ വായ് അവിടെവച്ച് ആവശ്യപ്പെട്ടത്.
നിന്റെ കിണറ്റിൽനിന്നു കുടിച്ചവരൊക്കെ
വീണ്ടും ദാഹിക്കുകയും അതിലേക്കു തിരിച്ചുവരികയും ചെയ്തു;
എന്നാൽ എന്റെ സ്നാനം ആവർത്തിക്കേണ്ട ആവശ്യമില്ല".[98]
ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ കിണറിന്മേലും പള്ളിയിന്മേലും
അവിടുത്തെ കൃത്യമായ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

# ഗീതം 18

## ഷേക്കേം - 2

അതേ രാഗം

1. ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, ആ കിണറ്റിൽനിന്നു യാക്കോബും
അവന്റെ മൂക ജന്തുക്കളും കുടിച്ചു.
കിണറിന്റെ മുകളിലുള്ള ആ ദൈവാലയത്തിൽനിന്ന്
മിശിഹാ തന്റെ അജഗണങ്ങളെ കുടിപ്പിച്ചു.
യാക്കോബിന്റെ അജഗണങ്ങൾ ചത്ത് മണ്ണടിഞ്ഞു;
എന്നാൽ മിശിഹായുടെ അജഗണം വർദ്ധിച്ചു
പെരുകികൊണ്ടിരിക്കുന്നു.

---

98. യോഹ. 4:1-15

www.malankaralibrary.com



പ്രതീകങ്ങൾ വിഴുങ്ങപ്പെട്ടു; നിഴലുകൾ പൂർത്തീകരിക്കപ്പെട്ടു.
യേശു എല്ലാറ്റിനും മുദ്രവച്ചു.

*പ്രതിസ്തോത്രം: ഷേക്കേമിനെ പഠിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** ചതിയന്മാരായ സഹോദരന്മാർ നിനക്കൊരു നിബന്ധന വച്ചു;
നിൻെറ മരണകാരണം ആയിത്തീർന്ന നിബന്ധന!
കാരണം, അവർ തങ്ങളുടെ ഉടമ്പടിയെ ബഹുമാനിച്ചില്ല.[99]
ഇതാ, തൻെറ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ സത്യവാൻ!
വിദ്വേഷംമൂലം ഉണ്ടാക്കിയ ഉടമ്പടിക്കു പകരം
ഇതാ, സ്നേഹത്താൽ രൂപീകരിക്കപ്പെട്ട പ്രതീകം.
കൊലയാളികൾക്കുപകരം, ഇതാ കൊല്ലപ്പെട്ടവൻ.
അവൻ കൊല്ലപ്പെട്ടവനാണെങ്കിലും
തൻെറ മരണത്താൽ അവൻ നിനക്കു ജീവൻ നൽകി.

**3.** മുൻതലമുറകൾ എത്രയധികമായി ഇളകിമറിഞ്ഞു;
എന്നാൽ ശാന്തശീലനേ, നീ എല്ലാറ്റിനെയും ശാന്തമാക്കി.
പരിച്ഛേദിതർ പരിച്ഛേദിതരെപ്പോലും നശിപ്പിക്കത്തക്കവിധം
കോപാക്രാന്തരും വിഷലിപ്തരുമായി.
പരിച്ഛേദനം! അതിൻെറ പ്രചാരകർ തന്നെ അതിനെ ഹീനമാക്കി.
കാരണം, അതിനുവേണ്ടി നിലവിളിക്കുന്ന
ദൈവികതീക്ഷ്ണത ഇതല്ലായിരുന്നു.
മനുഷ്യവിദ്വേഷി എന്ന നിലയിൽ ഷേക്കേമിൽവച്ച്
അതിൻെറതന്നെ വാൾ പരിച്ഛേദനത്തെ കുറ്റപ്പെടുത്തി.

**4.** ഓ, സർപ്പത്തെ വിശ്വസിച്ച മാടപ്രാവ്!
ആട്ടിൻകുട്ടി നിൻെറ ലാളിത്യത്തെ രക്ഷിച്ചു.
കാരണം, നിൻെറ ചെന്നായ്ക്കളെ അവിടുന്ന് പ്രതിനിധീകരിച്ചു;
അവിടുന്ന് അവരെ പഠിപ്പിച്ചു.
അവർ അവിടുത്തെ മനുഷ്യത്വം എടുക്കുകയും
അവനുമായി അനുരഞ്ജനപ്പെടുകയും ചെയ്തു.

---

99. ഉല്പ. 34:13-29

www.malankaralibrary.com



അവനെ കൊന്ന എബ്രായ ആടിനു ഹാ കഷ്ടം!
പെണ്ണാട് അവൻെറ നേരേ ചീറിയടുത്തു;
അവൾ തൻെറ രക്ഷ അവനിൽ നഷ്ടപ്പെടുത്തി.
എന്നാൽ തൻെറ പ്രകൃത്യനുസൃത സ്വഭാവം വെടിഞ്ഞ്,
വന്യമൃഗം അവനു വിധേയമായി.

5. യാക്കോബിൻെറ പട്ടണമായ ഷേക്കേമേ,
നീ ഭാഗ്യവതിയാകുന്നു.
യാക്കോബ് നിന്നെ നീതിമാനായ യൗസേപ്പിനു നൽകി.[100]
വിഷയലമ്പടനായ ബർ ഹാമോർ നിന്നെ നശിപ്പിച്ചു.
മഹനീയനായ യൗസേപ്പ് നിന്നെ അവകാശമാക്കി.
ബർ ഹാമോർ യാക്കോബിൻെറ മകളെ വശീകരിച്ച്
ബലാൽസംഗം നടത്തി.
പരമപരിശുദ്ധൻ നിൻെറ മകളെ പഠിപ്പിക്കുകയും
വിനയം അഭ്യസിപ്പിക്കുകയും ചെയ്തു.
ജയാളി നിമിത്തം നിൻെറ സഭയിലെ കന്യകമാർ
തങ്ങളുടെ കിരീടങ്ങൾ നേടി.

6. സ്വജനത്തോടും ജാതികളോടും....പ്രതീകങ്ങൾ
പ്രഖ്യാപിച്ച ... ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, അഹന്തനിറഞ്ഞ പരിച്ഛേദിതർ പോലും
അപരിച്ഛേദിതരിൽനിന്നു ധാന്യം വാങ്ങാൻ ഇറങ്ങിച്ചെന്നു.[101]
പ്രതീകവും അതിൻെറ വിശദീകരണവും നിൻെറ സഭയിലാണ്.
അതിൽ പരിച്ഛേദിതരും അപരിച്ഛേദിതരും വസിക്കുന്നു.
ഈ പട്ടണത്തിൽ തൻെറ പ്രതീകം പൂർത്തീകരിക്കാൻ
യഥാർത്ഥത്തിൽ രക്ഷകൻ യൗസേപ്പിൻെറ പക്കലേക്കു വന്നു.

7. വീണ്ടും, നിൻെറ നാട്ടിൽ ജീവിച്ച ജോഷ്വായിലെ
നിഗൂഢപ്രതീകം പൂർത്തിയാക്കുവാൻ അവൻ പോയി.
കാരണം, അനേകം പുരുഷന്മാരുടെ നിഗ്രഹശക്തി ആയിരുന്ന
റാഹാബ് എന്ന വേശ്യയെ അവൻ രക്ഷിച്ചു.[102]

---

100. ഉല്പ. 33:19; ജോഷ്വാ 24:32
101. ഉല്പ. 42
102. ജോഷ്വാ 2:1-21; 6:17-25

www.malankaralibrary.com



അനേകം പുരുഷന്മാരുടെ വകയായിരുന്ന
നിൻെറ മകളെ അത്യുന്നതനായ യേശു സ്വതന്ത്രയാക്കി.[103]
റാഹാബ് തൻെറ സ്വന്തക്കാരെ മാത്രമേ രക്ഷിച്ചുള്ളു;
എന്നാൽ നിൻെറ മകൾ അനേകരെ രക്ഷിച്ചു.

8. കൂടാതെ, ജോഷ്വായോടുകൂടെ നദി കടക്കുകയും
യേശുവിനെ അനുഗമിച്ച ശ്ലീഹന്മാരുടെ പ്രതീകമായി
പ്രതീകാത്മകമായി അവനെ അനുഗമിക്കുകയും ചെയ്ത
പുരോഹിതനായ എലെയാസറിൽ നിഗുഢമായിരുന്ന പ്രതീകം
പൂർത്തീകരിക്കാൻ അവിടുന്ന് നിൻെറ നാട്ടിലേക്കു വന്നു.[104]
ലേവ്യരെപ്പോലെ ശിഷ്യർ ലോകത്തിൽ പുരോഹിതരായിരുന്നു.
കാമ്യനായ നീ വാഴ്ത്തപ്പെട്ടവനാകുന്നു;
നിൻെറ പ്രതീകങ്ങളിൽ സത്യം പ്രകാശിക്കുകയും
പ്രശോഭിക്കുകയും ചെയ്യുന്നു.

9. ഭാഗ്യവതീ, നിനക്ക് അനുഗ്രഹങ്ങൾ വർദ്ധിച്ചിരിക്കുന്നു.
... നിൻെറ മൃതർ അനുഗ്രഹങ്ങൾ വഹിക്കുന്നു.
ഇതാ, ... അവരുടെ അസ്ഥികൾ...
അസ്ഥികൾക്കു പകരം... നിൻെറ ഉള്ളിലെ നിഗൂഢതകൾ
പ്രതീകങ്ങൾ പ്രകാശിക്കുന്നു.
കർത്താവു രക്ഷിച്ചവരുടെ അസ്ഥികൾപോലും ജീവൻ പ്രാപിക്കുന്നു.
ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
കാരണം, പ്രതീകങ്ങളും അസ്ഥികളും നിൻെറ ഉള്ളിൽ മുഴങ്ങുന്നു.

10. ദരിദ്രരെപ്പോലെ, എല്ലാ ഗോത്രങ്ങളും ആവശ്യത്തിലായിരുന്നാലും
നിൻെറ ഗോത്രം സമ്പന്നമായിരിക്കും.
കാരണം, എഴുതപ്പെട്ടിരിക്കുന്നതുപോലെ,
തൻെറ നിക്ഷേപത്തിൽനിന്ന് പുതിയതും പഴയതും
അവൻ പുറത്തുകൊണ്ടുവന്നിരിക്കുന്നു.[105]
നിൻെറ മഹനീയ കിരീടം വാഴ്ത്തപ്പെട്ടതാകുന്നു.
അതെത്ര അസൂയാവഹം!

---

103. യോഹ. 4:16-18; 7:53-8:11

104. ജോഷ്വാ 3:3-6; 4:16-18

105. മത്താ. 13:52

www.malankaralibrary.com



നേരത്തെയുള്ള രത്നങ്ങൾ അതിലുണ്ട്;
അവ എത്ര മനോഹരമായിരിക്കുന്നു.
യൗസേപ്പ്, ജോഷ്വാ, പുരോഹിതനായ അഹറോൻെറ പുത്രൻ,
നമ്മുടെ കർത്താവ്, അവിടുത്തെ മുന്നോടികൾ.

# ഗീതം 19

## ഷേക്കേം - 3

അതേ രാഗത്തിലുള്ള ഏഴാമത്തേത്

**1.** യൂദയാനാട് പീഡിപ്പിച്ച പ്രകാശം സന്ദർശിച്ച ഷേക്കേമേ,
നീ ഭാഗ്യവതിയാകുന്നു.
തങ്ങളുടെ ഇടയിൽ നിന്ന് കടന്നുപോകണമെന്ന്
കൃപകളുടെ ഉറവിടത്തെ സമീപിച്ച് മറ്റുള്ളവർ ആവശ്യപ്പെട്ടു.[106]
മഹനീയ സുഗന്ധദ്രവ്യങ്ങളുടെ കലവറ
ശ്വസിച്ച് തൃപ്തരാകുന്നതിനും
അവിടുത്തെ പ്രവൃത്തികളുടെ ശക്തി
തങ്ങളുടെ ഇന്ദ്രിയങ്ങളിൽ പ്രസരിക്കുന്നതിനും വേണ്ടി
ചുറ്റിനിന്ന് അപേക്ഷിച്ച നിൻെറ മക്കൾ അനുഗൃഹീതരാകുന്നു.

*പ്രതിസ്തോത്രം: ഷേക്കേം പട്ടണം വാഴ്ത്തപ്പെട്ടതാകുന്നു.*

**2.** കിരീടം ധരിച്ച വധുവേ, നീ ഭാഗ്യവതിയാകുന്നു.
സീയോൻ വെറുത്ത മണവാളൻ നിന്നിലേക്കു കടന്നുവന്നു
സൗഖ്യം ലഭിച്ച മുടന്തൻ സന്തോഷിച്ച് നിന്നിൽ തുള്ളിച്ചാടി;
ചെകിടർ സന്തോഷത്താൽ ആർപ്പുവിളിച്ചു;
ഊമർ സ്തുതികൾ ആലപിച്ചു.
വിവാഹവിരുന്നിൽ നിൻെറയാളുകളും എണ്ണപ്പെട്ടിരിക്കുന്നു.[107]

---

106. മത്താ. 8:34    107. മത്താ. 21:1-14

www.malankaralibrary.com



നഗരങ്ങൾ ഓശാനകളോടുകൂടി അവിടുത്തേക്ക് സ്തുതികൾ പാടി.
നിൻെറ സന്തോഷപ്രദമായ ആർപ്പുവിളികേട്ട്
സീയോൻെറ കാതുകൾ രോഗബാധിതമായി;
നിൻെറ ശബ്ദം അവളുടെ സന്നിധിവരെ എത്തി.

3. അവൾ ഒരു വിഗ്രഹത്തെ കൊത്തിയുണ്ടാക്കി...

4. നിൻെറ ഗോത്രത്തിൻെറ മധ്യത്തിൽ പേടകം
വീണ്ടും സ്ഥാപിതമായി. പുറജാതികൾ അതു കണ്ടു;
എന്നാൽ പരിച്ഛേദിതർ ഭയപ്പെട്ട്, രോഷാകുലരായി.
അവർ തങ്ങളുടെ രാജാവിനെ പീഡിപ്പിച്ചു.
അവിടുന്ന് ഇറങ്ങി, പുറജാതികൾ നിറഞ്ഞ
ഷേക്കേമിലേക്കു കടന്നുവന്നു.
ജോഷ്വായുടെ ഗോത്രത്തിൻെറ ഇടയിൽ,
പുറജാതികൾ അട്ടഹസിക്കാൻ അവിടുന്നിടയാക്കി.
ഗോത്രത്തിൻെറ ഇടയിൽ, നമ്മുടെ രക്ഷകൻ
അവരെ സമാശ്വസിപ്പിച്ചു. പുറജാതികൾ സന്തുഷ്ടരായി;
എന്നാൽ യഹൂദജനം രോഷാകുലരും അസൂയാലുക്കളുമായി.
എല്ലാം അറിയുന്നവനു സ്തുതി.

5. നിൻെറ ഗോത്രത്തിൻെറ ഇടയിൽ
സമാഗമകൂടാരം സ്ഥാപിതമായി;[108]
അതിൻെറ ഉത്സവങ്ങളെല്ലാം നിൻെറ നാട്ടിൽ ആഘോഷിക്കപ്പെട്ടു.
ദൈവം തന്നെ നിന്നിൽ വസിക്കുന്നു എന്നതിനെക്കാൾ
കൂടുതലായി ആരാണ് നിന്നെ കൂടുതൽ
ശ്രേഷ്ഠമായ ബഹുമാനത്തിലേക്കുയർത്തുക?
നീ ഇത്രയധികം ഉയർത്തപ്പെട്ടു
എന്നതിൽ ഇസ്രായേൽ അസൂയാലുവായി;
കാരണം, പേടകം നിൻെറ ഗോത്രത്തിൻെറ ഇടയിലായിരുന്നു.
ജനം.... അതു നിലനിർത്തപ്പെട്ട...

---

108. ജോഷ്വാ 18:1

www.malankaralibrary.com



**6.** ഈ കഴുകൻ...
പ്രതീകാത്മകമായി അവൻ ആഘോഷമായി സംവഹിക്കപ്പെട്ടു.
നിന്റെ ഗോത്രത്തിന്റെ ഇടയിൽ എലെയാസർ സംസ്കരിക്കപ്പെട്ടു;
നിന്റെ മലയിൽ ജോഷ്വായും.[109]
ഒരു മനുഷ്യൻ... എഫ്രേം നിന്നെ മഹത്വീകരിച്ച... ജോഷ്വാ.
അവിടുത്തെ സൈന്യങ്ങളോടുകൂടെ
വിജയപതാകയായ നീ ഭാഗ്യവതിയാകുന്നു.
അവിടുത്തെ ദൂതന്മാർ താഴെക്കിറങ്ങിവന്ന അവനെ ചുറ്റി.[110]

**7.** ജോഷ്വാ ഒരു സമൂഹത്തെ ഒന്നിച്ചുകൂട്ടി;
വളരെ ആഘോഷമായി യൗസേപ്പിനെ വഹിച്ചുകൊണ്ടുവന്ന്
നിന്റെ ഇടയിൽ സ്ഥാപിച്ചു.[111]
അവന്റെ അസ്ഥികളിൽനിന്ന്
അവന്റെ വിജയത്തിന്റെ സൗരഭ്യം ഉയർന്നു.
കാമ്യമായ ഒരു മുകുളവും, ഒരു വിജയശ്രീലാളിത പുഷ്പവും
അഗ്നിയുമായി മല്ലടിച്ച്, അതിനെ കെടുത്തി.
തന്റെ മഹത്വം കൊണ്ട് സ്വയം വലയം ചെയ്ത മുകുളത്തെ
ആരെങ്കിലും എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

**8.** നൂറ് പെണ്ണാടുകളെ കൊടുത്തു വാങ്ങിയ സ്വതന്ത്ര നഗരമേ.[112]
നിന്റെ എണ്ണംപോലും അർത്ഥസംപുഷ്ടമാണ്.
നിന്റെ കിരീടം മുദ്ര വയ്ക്കപ്പെട്ടതും
നിന്റെ മുൻകുറി പൂർത്തീകരിക്കപ്പെട്ടതും
നിന്റെ പ്രതീകം പരിപൂർണ്ണമാക്കപ്പെട്ടതും,
നിന്റെ അളവ് നിറഞ്ഞതുമാണ്.
അബ്രഹാമിനോട് വാഗ്ദാനം ചെയ്ത വാഗ്ദത്തഭൂമി!

---

109. ജോഷ്വാ 24:29-33
110. ജോഷ്വാ 5:13-15
111. പുറ. 13:19; ജോഷ്വാ 24:32
112. ഉല്പ. 33:19; ജോഷ്വാ 24:32

www.malankaralibrary.com



നീതിമാന്മാർ തങ്ങളുടെ സ്വന്തം പണം കൊണ്ട്
തങ്ങളുടെ സ്വന്തം അവകാശം വാങ്ങി.
അവരിൽ അവരുടെ കർത്താവിന്റെ പ്രതീകം കാണാം.
അവിടുന്നു തന്റെ സ്വന്തം രക്തംകൊണ്ട്
തന്റെ അജഗണത്തെ വിലയ്ക്കു വാങ്ങി.
അവിടുന്നു തന്റെ പീഡാനുഭവത്താൽ
തന്റെ അവകാശത്തെ വിലയ്ക്കു വാങ്ങി.

**9.** എഫ്രേം ഗോത്രത്തിനിടയിൽ നീ ഷേക്കേം...
ഭാഗ്യവതികളായ സ്ത്രീകൾ നിന്റെ പ്രതിവിധി വഹിച്ചു...
ഗോത്രങ്ങളുടെ തലവന്മാർ ... എഫ്രേം
യൗസേപ്പിനോടൊത്ത് നിന്റെ രാജ്യം കരയുന്നു;
എലിയാസറിനോടുകൂടെ നിന്റെ പൗരോഹിത്യം
സന്തോഷപൂർവം ആർപ്പുവിളിക്കുന്നു;
ജോഷ്വായോടുകൂടെ നിന്റെ പ്രവാചകത്വവും.
മൂന്ന് ദൗത്യങ്ങളിലും അവിടുന്ന് തന്നെത്തന്നെ പൊതിയുന്ന
ഗോത്രമേ, നീ ഭാഗ്യവതിയാകുന്നു.

**10.** എഫ്രേമിന് കൂലി ഇല്ലാതായി ...
കാരണം, ഞാൻ നിന്നെ നിന്റെ കിരീടം കൊണ്ടുതന്നെ
അലങ്കരിച്ചിരിക്കുന്നു.
ആസ്വാദ്യകരമായ സുഗന്ധദ്രവ്യങ്ങളുടെ കലവറ
ഞാൻ മഹത്ത്വപ്പെടുത്തിയില്ല.
അവന്റെ സുഗന്ധസസ്യങ്ങളുടെ നറുമണം എന്നിലടിച്ചു.[113]
കാരണം, ഞാൻ വഹിക്കുന്ന നാമത്തെ നീ സ്നേഹിച്ചു.
നിന്റെ സഭയിലെ പ്രാർത്ഥനയിൽ എന്നെ അനുസ്മരിക്കണമെ.
എഫ്രേം എന്നാണ് എന്റെ നാമം.
ഹോസിയാ എനിക്കെതിരെ വിളിച്ചുപറയുമ്പോൾ
നിന്റെ സഹായംകൊണ്ട് എന്നെ സമാശ്വസിപ്പിച്ചാലും!

---

113. ഹോശിയാ 4:17-5:14

www.malankaralibrary.com



# ഗീതം 20

## എഫ്രേം നഗരം - 1

അതേ രാഗത്തിലുള്ള എട്ടാമത്തെ ഗീതം

1. എഫ്രേം നഗരമേ, നീയും ഭാഗ്യവതിയാകുന്നു.
നിന്നിൽ നഗരങ്ങളുടെ നാഥൻ മറഞ്ഞിരുന്നു.[114]
കടലിലെ തിരമാലകളെ നിശ്ശബ്ദമാക്കിയവനെതിരെ[115]
വരണ്ട നിലത്ത് തിരകൾ ഉയർന്നുവന്നു.
ശിഷ്യരുടെ ആടിയുലഞ്ഞ പടവിനെ
സ്നേഹപൂർവം സ്വീകരിച്ച നിൻെറ തുറമുഖം
വാഴ്ത്തപ്പെട്ടതാകുന്നു.
നാവികൻ നിൻെറ ശാന്തമായ തുറമുഖം കണ്ടു.
തൻെറ പ്രബോധനങ്ങളാൽ അവിടുന്നു നിന്നെ ധന്യയാക്കി.

*പ്രതിസ്തോത്രം: നിന്നെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. യാക്കോബിനെ ഓടിച്ചപ്പോൾ ഹാറാനിലേക്ക് ഓടിപ്പോയി,
മോശ പീഡിപ്പിക്കപ്പെട്ടപ്പോൾ മിദിയാനിലേക്ക് ഓടിപ്പോയി,
ഏലിയാപോലും സാറെപ്തായിലേക്ക് പലായനം ചെയ്തു.[116]
അപരിച്ഛേദിതർ പരിച്ഛേദിതരെ സ്വീകരിച്ചു.
എന്നാൽ തൻെറ നാഥനെ സ്വീകരിക്കാൻ
യോഗ്യയായിത്തീർന്ന നീ ഭാഗ്യവതിയാകുന്നു:
അവിടുന്ന്, തൻെറ ദാസന്മാരായ ക്രൂശാരോഹിതരാൽ
പീഡിപ്പിക്കപ്പെട്ടു. എല്ലാറ്റിനെയും അടക്കിവാഴുന്ന ചെങ്കോൽ
മറച്ചുവച്ച നീതിമാൻ പീഡിപ്പിക്കപ്പെട്ടു.

---

114. യോഹ. 11:54

115. മക്കോ. 6:45-52

116. ഉല്പ. 27:42-28:5; പുറ. 2:11-15; 1 രാജാ. 17:8-10

www.malankaralibrary.com



**3.** സത്യകുഞ്ഞാട് എന്നു മിശിഹായെ വിളിച്ച
യോഹന്നാനിൽനിന്ന്[117]
ചെന്നായ്ക്കൾ നേരത്തെതന്നെ കേട്ടിരുന്നു.
അവിടുന്നു പെസഹാകുഞ്ഞാട് ആകാതിരിക്കാൻ
ഈജിപ്തിൽവച്ച് കൊല്ലപ്പെട്ട കുഞ്ഞാട് തെളിച്ച പാത മറക്കാനായി[118] പെരുന്നാളിനു മുമ്പുതന്നെ അവിടുത്തെ കൊല്ലാൻ
അവർ ആഗ്രഹിച്ചു.
എന്നാൽ അവർ കുഞ്ഞാടിനെയും അതിൻെറ പ്രതീകങ്ങളെയും
വഹിക്കുകയും സത്യകുഞ്ഞാടിലേക്കു കൈമാറുകയും ചെയ്തു.

**4.** തൻെറ ദൃശ്യകിന്നരങ്ങളായവരുടെമേൽ
ദുഷ്ടൻ നിഗൂഢമായ ഒരു സൂത്രം പ്രയോഗിച്ചു!
"അവനെപ്രതി വലിയ ബഹളം ഉണ്ടാകാതിരിപ്പാൻ
പെരുന്നാളിൽ അവനെ കൊല്ലേണ്ട".[119]
സാത്താൻ കുഞ്ഞാടിനെ കണ്ടു ഭയചകിതനായി.
അവൻെറ മാസവും അവൻെറ ദിവസവും
അവൻ വളരെയധികം ഭയപ്പെട്ടു.
നീസാൻ ചന്ദ്രനും അതിൻെറ പതിന്നാലാം ദിവസത്തിനും മുമ്പ്
അവിടുത്തെ കൊല്ലാൻ അവൻ തിടുക്കംകൂട്ടി.

**5.** നമ്മുടെ മനസ്സിനെയോ, നമ്മുടെ സ്വാതന്ത്ര്യത്തെയോ
ഒരിക്കലും നിർബന്ധിക്കാൻ താല്പര്യമില്ലാതിരുന്ന
നമ്മുടെ കർത്താവ്
ദുഷ്ടമനുഷ്യരെ എതിർക്കുന്നതിനു പകരം അകന്നുനിന്നു.
അവിടുന്ന് ഒരു സ്ഥലം നിശ്ചയിച്ചപ്പോൾ
ഒരു മുൻകുറി നൽകുകയായിരുന്നു:
തൻെറ മാസവും തൻെറ ദിവസവും സമാഗതമാകുമ്പോൾ,
തൻെറ മഹനീയ രഹസ്യത്തിലേക്ക് താൻ കടക്കും.
.... എന്നു വിളിക്കപ്പെട്ട പട്ടണത്തിലേക്ക്.

---

117. യോഹ. 1:36
118. പുറ. 12
119. മക്കോ. 14:1-2

www.malankaralibrary.com



6. ഈജിപ്തിൽ നിന്നു തൻെറ പ്രതീകം സ്വീകരിക്കാനായി,
ശിശുവായിരുന്നപ്പോൾ അവിടുന്നു പോയതുപോലെ,
തൻെറ മഹനീയപ്രതീകം എടുക്കാനായി
അവസാനം അവിടുന്ന് എഫ്രേം പട്ടണത്തിലേക്കു പുറപ്പെട്ടു.
ആദ്യം അവിടുന്ന് ഈജിപ്തിൽ അഭയം തേടി.
അവസാനം എഫ്രേം ഭവനത്തിൻെറ നഗരത്തിൽ.
അവിടുന്ന് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്തു:
അവിടുന്ന് ഈജിപ്തിൽ ആരംഭിച്ചു; എഫ്രേമിൽ അവസാനിപ്പിച്ചു.

7. യാക്കോബ് തൻെറ കൈകൾ കുരിശാകൃതിയിൽ ആക്കിയപ്പോൾ
ഈജിപ്തിൽ രണ്ട് പ്രതീകങ്ങൾ വരച്ചുകാട്ടി.
എത്ര കാമ്യമായിരുന്നു ആ കാഴ്ച,
എത്ര മോഹനീയമായിരുന്നു ആ പ്രതീകം;
എത്ര മഹനീയമായിരുന്നു ആ മുൻകുറി;
എത്ര സ്പഷ്ടമായിരുന്നു ആ കുരിശ്.
അവൻ തൻെറ കരങ്ങൾ കുരിശാകൃതിയിലാക്കി മഹനീയ
കുരിശിനെയും അതിൽ തറയ്ക്കപ്പെട്ടവനെയും[120] ചിത്രീകരിച്ചു.
ജീവദായകമായ കുരിശ് ചിത്രീകരിക്കപ്പെട്ട
ശിശുവിൻെറ ശിരസ്സ് വാഴ്ത്തപ്പെട്ടതാകുന്നു.

8. ആ നാമം അവൻെറ നഗരത്തിനു നൽകി;
അത് എഫ്രേം പട്ടണം എന്നു വിളിക്കപ്പെട്ടു.
പട്ടണവും എഫ്രേമിൻെറ നാമം
കാത്തുസൂക്ഷിക്കുന്നതിനായിരുന്നു അത്.
കർത്താവിൻെറ പ്രതീകം അതിന് ഭരമേല്പിക്കപ്പെട്ടു.
ഈജിപ്തിൽ വച്ച് എഫ്രേമിൻെറ നാമത്തിൽ ചിത്രീകരിക്കപ്പെട്ട
വലിയ പ്രതീകം സ്വയം ധരിക്കുന്നതിന്
നമ്മുടെ രക്ഷകൻ ആ അനുഗൃഹീതനഗരത്തിലേക്കു കടന്നുചെന്നു.

9. ചിത്രീകരിക്കപ്പെട്ട കുരിശ്,
എഫ്രേമിന് ആദ്യജാതൻെറ അവകാശം നൽകി.

---

120. സ്കീപ്പാ

www.malankaralibrary.com



എഫ്രേം നഗരത്തിൽനിന്നു നമ്മുടെ കർത്താവ് തിരിച്ചുപോയപ്പോൾ
അവിടുത്തെ എതിരേല്ക്കാൻ പുറപ്പെട്ട
ജനതകളുടെ ഒരു പ്രതീകമായിരുന്നു അത്.[121]
തങ്ങളുടെ ഈന്തപ്പനകൈകളാൽ
അരാമ്യർ അവനെ മഹത്ത്വപ്പെടുത്തി.
പരിച്ഛേദിതർ നിശ്ശബ്ദരായിരുന്നു;
അതിനാൽ അവർ തിരസ്കൃതരായി.
പ്രതീകം വെളിവാക്കപ്പെട്ടു.
പുറജാതികൾ ആദ്യജാതരായിത്തീർന്നു.
തങ്ങളുടെ ഓശാനകളാൽ അവരായിരുന്നു മുമ്പിൽ.

**10.** ...

**11.** സർവജ്ഞാനിയായ അവിടുന്ന് കാലപൂർത്തിയിൽ
അവയെല്ലാം പൂർത്തീകരിച്ചതു കാണുക.
ജോലിക്കാർപോലും തക്കകാലങ്ങളിലും മാസങ്ങളിലും
ഫലശേഖരണം നടത്തുന്നു.
വിജ്ഞാനിയായ പണിക്കാരൻെറ പ്രതീകങ്ങളും
തക്ക സമയത്തു തന്നെ പൂർത്തീകരിക്കപ്പെടുന്നു.
എല്ലാ പ്രതീകങ്ങളുടെയും സംഭരണി ആയ
പണിക്കാരൻെറ പ്രതീകങ്ങൾ ശേഖരിക്കപ്പെടുന്നു.

**12.** നീ എവിടെ നോക്കിയാലും അവൻെറ പ്രതീകങ്ങൾ കാണാം.
നീ വായിക്കുമ്പോൾ അവൻെറ മുൻകുറികൾ കണ്ടെത്തും.
കാരണം, എല്ലാ സൃഷ്ടികളും അവൻ വഴി സൃഷ്ടിക്കപ്പെട്ടു.
തൻെറ അവകാശങ്ങളിന്മേൽ അവൻ തൻെറ പ്രതീകങ്ങൾ
വരച്ചിരിക്കുന്നു. അവൻ ലോകത്തെ സൃഷ്ടിച്ചപ്പോൾ അവയെ
നോക്കുകയും തൻെറ ച്ഛായകളാൽ അലങ്കരിക്കുകയും ചെയ്തു.
അവൻെറ പ്രതീകങ്ങളുടെ അരുവികൾ തുറക്കപ്പെട്ടു;
അവൻെറ പ്രതീകങ്ങൾ ഒഴുകി അവൻെറ അവയവങ്ങളുടെമേൽ
വർഷിക്കപ്പെട്ടു.

---

121. യോഹ. 12:12-15

www.malankaralibrary.com



# ഗീതം 21

## എഫ്രേം നഗരം - 2

അതേ രാഗത്തിലുള്ള ഒമ്പതാമത്തെ ഗീതം

1. ആ വിദൂരസ്ഥൻ, മരുഭൂമിയുടെ അയൽക്കാരൻ,
ഏകാന്തതയുടെ സ്നേഹിതൻ, നഗരങ്ങളുടെ അധിപൻ,
നിൻെറ നഗരത്തിൽ വിശ്രമം കണ്ടെത്തിയതിനാൽ
എഫ്രേമേ, നീ ഭാഗ്യവതിയാകുന്നു.
അവിടുത്തെ പ്രവേശനത്താൽ അനുഗ്രഹിക്കപ്പെട്ടതും
തൻെറ പാദമുദ്രകളാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ
നിൻെറ കവാടങ്ങൾ അനുഗ്രഹിക്കപ്പെട്ടവയത്രേ.
ലോകമരുഭൂമിയുടെ പ്രതീകമാണ് എഫ്രേമിൻെറ മരുഭൂമി.
കാരണം, എല്ലാവർക്കും സമാധാനം നൽകുന്നവന്
അത് വിശ്രാന്തി അരുളി.

*പ്രതിസ്തോത്രം: എല്ലാറ്റിനെയും സന്തുഷ്ടനാക്കുന്നവൻ ഭാഗ്യവാൻ.*

2. ക്ഷീണിച്ച കർത്താവ് നിന്നിൽ വിശ്രമിച്ചതിനാലും
പീഡിപ്പിക്കപ്പെട്ട സമൂഹം നിന്നിൽ സമാധാനത്തിൽ
ജീവിച്ചതിനാലും നീ ഭാഗ്യവതിയാകുന്നു.
അവളുടെ സഖികൾ ...
വ്യാളത്തിൽ നിന്ന്... മത്സ്യം
സോദോമ്യരായ ചെന്നായ്ക്കളുടെ തലവനായ കയ്യാഫാസ്
അവിടെ ഇല്ലാത്തതിനാൽ അവൻെറ ആടുകൾ സമാശ്വസിച്ചു.
എല്ലാറ്റിനെയും സ്വതന്ത്രമാക്കുന്ന മരുഭൂമിയെ സ്നേഹിക്കുന്ന
താപസർക്ക് ദൈവം നിന്നിൽ ഒരു മുൻകുറി വരച്ചു കാട്ടുന്നു.

3. ഗോത്രങ്ങളുടെ രക്തം കുടിച്ച രാജാവിൽനിന്ന്
മറിയം ഈജിപ്തിലേക്ക് ഓടിപ്പോയി;[122]

---

122. മത്താ. 2:13-18

www.malankaralibrary.com



അതുപോലെ, ക്രോധാക്രാന്തനായ കയ്യാഫാസിൽനിന്ന്[123]
നീ എഫ്രേം നഗരത്തിലേക്ക് ഓടിപ്പോയി.
നിയമജ്ഞരിൽ സീയോൻ അവനെ താറടിച്ചു ദുഷിച്ചു.
പുരോഹിതന്മാരിൽ ജറുസലേം അവനെ പീഡിപ്പിച്ചു.
ഈജിപ്തിൽ അവൻ ഒളിച്ചുപാർത്തു;
അവൻ എഫ്രേമിൽ മറഞ്ഞിരുന്നു.
എഫ്രേമിന്റെ അമ്മ ഒരു ഈജിപ്തുകാരി ആയിരുന്നു.[124]

4. അവിടുന്ന് ഈജിപ്തിലേക്കു പോയി
പ്രതീകങ്ങൾ പൂർത്തിയാക്കിയിട്ടു മടങ്ങി.
പ്രതീകത്തെ പ്രതി അവിടുന്നു നസ്രത്തിലേക്കു പോയി;
അതുപോലെ ഒരു കഴുതക്കുട്ടിയെയും പുറജാതികളെയും കൊണ്ട്
എഫ്രേമിലും ബേഥന്യായിലും
ഒരു പ്രതീകം ഉണ്ടാക്കാൻ അവിടുന്നു പോയി.
അവന്റെ പ്രതീകങ്ങൾ ഒന്നോടൊന്നു ചേർന്നിരിക്കുന്നു.
അവന്റെ മുൻകുറികൾ ഒന്നു മറ്റൊന്നിൽനിന്നു സ്വീകരിച്ചു.
നീസാൻ മാസം പതിന്നാലാം തീയതി
അവിടുന്ന് എല്ലാ പ്രതീകങ്ങളും പൂർത്തിയാക്കി.

5. "എന്റെ കർത്താവേ, ശല്യം കൂടാതെ
നാം ഇവിടെ ആയിരിക്കുന്നതു നല്ലതാകുന്നു;"
നീതിമാന്മാരോടുകൂടെ കൂടാരങ്ങളിൽ കഴിയുക ഉചിതമാണ്;
സംക്ഷോഭം നിറഞ്ഞ ആലയത്തിൽ
യഹൂദരുടെ കയ്പോടുകൂടി കഴിയുന്നതിനെക്കാൾ
മോശയോടും ഏലിയായോടും കൂടെ ആയിരിക്കുക
സമാധാന പൂർണമാണ് എന്ന് സ്നേഹമായും
ക്രൂശാരോഹരുടെ ഉപദ്രവംകൂടാതെയും താബോർ മലമുകളിൽവച്ച്
ശെമഓൻ കർത്താവിനോട് പറഞ്ഞു.[125]

6. എഫ്രേം ...
............

---

123. യോഹ. 11:49-53 124. ഉല്പ. 41:45. 50-52 125. മക്കോ. 9:2-8

www.malankaralibrary.com



.... ഈ പട്ടണം യഹൂദരുടെ നഗരങ്ങളുടെ ഇടയിലല്ല.
നിയമജ്ഞരുടെ കലഹം എവിടെ?
പുരോഹിതരുടെ ഭീഷണികൾ എവിടെ?
"ഈ നഗരം വളരെ ശാന്തമാണ്;
എന്റെ കർത്താവേ, നമുക്കിവിടെ കഴിയാം"
എന്ന് ഒരുപക്ഷേ ശെമഓൻ പറഞ്ഞിരിക്കാം.

**7.** സമസ്ത സൃഷ്ടികളും അവിടുത്തെ നോക്കിയപ്പോൾ,
അങ്ങിൽ തങ്ങളുടെ ആശ്രയം വച്ചു.
അവിടുന്നു വായിച്ചവ അവിടുത്തെ നോക്കിയപ്പോൾ,
തങ്ങളുടെ വ്യാഖ്യാന ഗ്രന്ഥങ്ങൾ അവനു നൽകി.
ഭാഗ്യനഗരമായ എഫ്രേം സന്തോഷപൂർവം
അവിടുത്തെ നോക്കിയപ്പോൾ, താൻ അണിഞ്ഞിരുന്ന പ്രതീകം
തന്റെ ശിരസിൽ നിന്നെടുത്ത് ജേതാവിനു സമർപ്പിച്ചു.

**8.** കൂടാതെ, എഫ്രേം എന്ന നാമം കണക്കുകൂട്ടിയാൽ
മുന്നൂറ്റി മുപ്പത്തൊന്നാണു കിട്ടുക.
അതിന്റെ കണക്കുകൂട്ടലിൽ കുരിശ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
ക്രൂശിതനും തന്റെ അളവ് പതിക്കുന്നു.
വിരിച്ച കൈകളോടുകൂടിയ കുരിശ്.
അവന്റെ നാമം "കുരിശിലും" "ക്രൂശിതനിലും" ആണ്.[126]
കുട്ടീ, ഞാൻ നിന്നിൽ എത്രമാത്രം അലഞ്ഞുനടന്നെന്നോ?
നിന്റെ എല്ലാ ഭാഗത്തുനിന്നും കുരിശുകൾ
എന്റെ നേരേ നോക്കുന്നു.

---

126. അപ്രേം എന്ന പേരിന്റെ അക്ഷരങ്ങൾ കൂട്ടിയാൽ (ആലഫ്, പേ, റീശ്, യൂദ്, മീം) 331 കിട്ടും. സ്ലീബാ എന്ന വാക്കിന്റെ അക്ഷരങ്ങളും (സോദേ, ലോമദ്, യൂദ്, ബേത്, ആലഫ്) സ്കീപ്പാ എന്ന വാക്കിന്റെ അക്ഷരങ്ങളും (സൈൻ, ഖൂഫ്, യൂദ്, പേ, ആലഫ്) കൂട്ടിയാൽ (133+198) അപ്രേം എന്ന വാക്കിന് തുല്യമായ സംഖ്യ കിട്ടും (331). അപ്രേം എന്ന നാമം സ്ലീബായിലും (കുരിശിലും) സ്കീപ്പായിലും (ക്രൂശിതനിലും) സൂചിതം എന്നു വിവക്ഷ.

www.malankaralibrary.com



9. പേഗൻ പുരോഹിതൻെറ മകളായ അശെനാത്തിൻെറ മകനാണു നീ.[127]
അവൾ ജനതകളുടെ സഭയുടെ പ്രതീകമാണ്.
അവൾ യൗസേപ്പിനെയും യൗസേപ്പിൻെറ മകനെയും സ്നേഹിച്ചു.
യഥാർത്ഥത്തിൽ, വിശുദ്ധ സഭ സ്നേഹിച്ചു.
ക്രൂശിതൻ വഴി[128] അവൾക്ക് അനേകം മക്കളുണ്ട്.
ഓരോരുത്തരിലും കുരിശടയാളം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു.
എഫ്രേമിൻെറ പ്രതീകത്താൽ ജലത്തിലെ ജനനത്തിലൂടെ
അവളിലേക്ക് കുരിശുകൾ കുന്നുകൂടുന്നു.

10. സജീവ ക്രോബകളെ ബന്ധിച്ചിരിക്കുന്ന രഥത്തിൽ
കുരിശ് കൊത്തിവച്ചിരിക്കുന്നു.[129]
മനുഷ്യഘടനയിൽപോലും കുരിശിൻെറ പ്രതീകം
കൊത്തിവച്ചിരിക്കുന്നു.
പറവയിലും, ഭൂമിയിലും അതിലുള്ള എല്ലാറ്റിലും
മൂന്നാമതൊരു കുരിശ് കൊത്തിവച്ചിരിക്കുന്നു.
മൂന്നു കുരിശുകൾ എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു.
ശിശുവേ, നീയാണവ വരച്ചിരിക്കുന്നത്.

11. മൂന്നു വലത്തുകൈകൾ പ്രതീകാത്മകമായി നിൻെറ തലയിൽ
വയ്ക്കപ്പെട്ടിരിക്കുന്നതിനാൽ നീ ഭാഗ്യവതിയാകുന്നു.
യൗസേപ്പ് നിനക്കു സമർപ്പിച്ചു;
യാക്കോബ് നിന്നെ അടയാളപ്പെടുത്തി.
അവരുടെ വലത്തുകൈകൾ നിനക്കു കിരീടം നൽകി.
നിഗൂഢമായ സ്വർഗീയ വലത്തുകൈ
സമറിയായിൽ നിനക്കായി ഒരു കിരീടം മെടഞ്ഞു.[130]
ശിശുവേ, നിന്നിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന
പ്രതീകങ്ങൾ മനസ്സിലാക്കാൻ എല്ലാവർക്കും കഴിഞ്ഞില്ല.

---

127. ഉല്പ. 41:45, 50-52
128. സ്കീപ്പാ.
129. എസ. 1:4-25
130. നട. 8:12

www.malankaralibrary.com



# ഗീതം 22

## സമറിയാക്കാരി - 1

അതേ രാഗത്തിൽ

1. നമ്മുടെ കർത്താവ്, ഒരു കർഷകനെപ്പോലെ,
മോശ വിതച്ച വിത്തിനെ നനയ്ക്കാൻ പോകുകയും
അധ്വാനിക്കുകയും ചെയ്തു.
വെളിപാടിനുവേണ്ടി, നിഗൂഢവും സജീവവുമായ ജലം
നൽകുന്നതിനായി,
അവിടുന്നു നേരേ കിണറ്റിനരികിലേക്കു ചെന്നു.
തന്റെ യൗവനകാലത്ത് താൻ എഴുതിയ ഗ്രന്ഥത്തിലൂടെ,
മിശിഹായുടെ പ്രതീകങ്ങൾ വിതച്ച മോശ ഭാഗ്യവാനാകുന്നു.
മിശിഹായുടെ നനയ്ക്കലാൽ മോശയുടെ ഭവനത്തിന്റെ
വിത്തുകൾ വളർന്നുവന്നു.
അവിടുത്തെ ശിഷ്യന്മാർ അത് കൊയ്തെടുത്തു.

*പ്രതിസ്തോത്രം: നിന്റെ താഴ്മയ്ക്കു സ്തുതി.*

2. സാധാരണവെള്ളം കോരുകാരീ, നീ ഭാഗ്യവതിയാകുന്നു.
അവൾ സജീവജലം കോരിയെടുക്കുന്നവളായിത്തീർന്നു.[131]
അവൾ മറ്റൊരുറവ, മറ്റൊരു നിക്ഷേപം കണ്ടെത്തി.
അവനിൽ നിന്നു കാരുണ്യപ്രവാഹം നിർഗളിക്കുന്നു.
അരുവി വറ്റിപ്പോയിരുന്നു; എന്നാൽ അത് നിന്നിലേക്കു
പൊട്ടിയൊഴുക്കി നിനക്കു കുടിക്കാൻ തന്നു.
അവൻ പാവപ്പെട്ടവനായിരുന്നു;
എന്നാൽ നിന്നെ സമ്പന്നയാക്കുവാൻ, നിന്നോട് ജലം ചോദിച്ചു.
നീ നിന്റെ കുടം ഉപേക്ഷിച്ചു; പകരം, ജ്ഞാനത്താൽ നിറഞ്ഞ്
നിന്റെ ജനത്തിനു കുടിക്കാൻ കൊടുത്തു.

---

131. യോഹ. 4:1-42

www.malankaralibrary.com



**3.** അവനിൽനിന്നു സജീവജലം ലഭിച്ച നീ ഭാഗ്യവതിയാകുന്നു.
നീ പറഞ്ഞതുപോലെ, നിനക്കു വീണ്ടും ദാഹിച്ചില്ല.
അവിടുന്നു സത്യത്തെ "സജീവജലം" എന്നു വിളിച്ചു.
കാരണം, അതു ശ്രവിക്കുന്നവർക്കു പിന്നെ ദാഹിക്കുകയില്ല.
സത്യം ഗ്രഹിക്കുകയും പിന്നെ ദാഹിക്കാതിരിക്കുകയും
ചെയ്ത നീ ഭാഗ്യവതിയാകുന്നു.
കാരണം, മിശിഹാ ഒരുവനേയുള്ളു; പിന്നാരും ഇല്ല.
നിനക്ക് അനേകം ഭർത്താക്കന്മാരുണ്ട്;
എന്നാൽ നിനക്ക് അനേകം മിശിഹാമാർ ഇല്ല.
കാരണം, ഏകജാതൻ ഒരുവൻ മാത്രം.[132]

**4.** നിന്റെ ഭർത്താക്കന്മാർ മരിച്ചെന്നും
നിന്റെ നിന്ദനങ്ങൾ നിരവധിയാണെന്നും കണ്ട സ്ത്രീ,
നീ ഭാഗ്യവതിയാകുന്നു.
മരണഭീതിയാൽ, മറ്റ് പുരുഷന്മാർ നീയുമായി
വിവാഹബന്ധത്തിലേർപ്പെടാൻ ഭയപ്പെട്ടു.[133]
ശാരീരികമായി ബന്ധപ്പെടാനല്ല, നിന്റെ നിന്ദനം നീക്കാനായി,
ഭർത്താവിനെപ്പോലെ ഒരുവനെ കാശുകൊടുത്തു വശത്താക്കി.
നീ രഹസ്യമായി ഉണ്ടാക്കിയ ഉടമ്പടിയും ശപഥങ്ങളും
അവിടുന്ന് നിനക്കു വെളിപ്പെടുത്തി;
നീ അവനിൽ വിശ്വസിക്കുകയും ചെയ്തു.[134]

**5.** നിന്റെ ജനം നിന്നെ നിന്ദിച്ചില്ലെങ്കിലും
ഞങ്ങളുടെ ആളുകൾപോലും
നിന്നെപ്പറ്റി അപവാദം പറഞ്ഞതിനാൽ നീ ഭാഗ്യവതിയാകുന്നു.
ഞങ്ങൾ നിന്നെ വേശ്യ എന്നു വിളിച്ചു.
എന്നാൽ നീ അത്തരക്കാരി ആയിരുന്നെങ്കിൽ,
നിന്റെ ദുഷ്കീർത്തി അവിടുത്തെ പക്കൽ എത്തുമായിരുന്നു.
നമ്മുടെ കർത്താവിനോട് തർക്കിക്കാൻ തക്കവിധം

---

132. അഞ്ചു ഭർത്താക്കന്മാർ പഞ്ചഗ്രന്ഥിയെ കുറിക്കുന്നു എന്നും, ആറാമത്തേത് ദോസിതേവൂസിനെ കുറിക്കുന്നു എന്നും ജറോം പറയുന്നു(ലേഖനം 108).

133. തോബിത് 3:7-15; 6:10-8:9.

134. യോഹ. 4:16-19

www.malankaralibrary.com



നിൻെറ ഗ്രഹണശക്തി അനുഗൃഹീതമാണ്.
നിൻെറ ഹൃദയം ദുഷിച്ചതല്ലെന്ന്
നിൻെറ സംഭാഷണം വ്യക്തമാക്കുന്നു.
നീ ഒരു വേശ്യ ആയിരുന്നെങ്കിൽ
എല്ലാറ്റിനും ജീവൻ നൽകുന്നവന്
നിൻെറ നിശ്ശബ്ദത കണ്ണുനീർ കാഴ്ചവയ്ക്കുമായിരുന്നു.[135]

6. കാരണം "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധിച്ചു"
എന്ന് താർക്കികയെപ്പോലെയും പണ്ഡിതയെപ്പോലെയും
എന്നാൽ അടക്കമൊതുക്കത്തോടെ, അവൾ പ്രത്യുത്തരിച്ചു.
അവളുടെ ജനത്തിൻെറ തലവന്മാരും
അബ്രഹാമിൻെറ കുടുംബത്തിൽ നിന്നുള്ളവർ ആയിരുന്നതിനാൽ,
തൻെറ പാപങ്ങളെപ്പറ്റി അപേക്ഷിക്കാൻ അവൾക്കാവശ്യം വന്നില്ല.
കാരണം, നീതിമാന്മാരുടെ സാന്നിധ്യത്തിൽ
അവളുടെ സ്നേഹം ബന്ധിതമായിരുന്നു.
അവിടുന്ന് അവൾക്ക് ഒരു കാര്യം വെളിപ്പെടുത്തിയതിനാൽ,
തർക്കം കൂടാതെ യാഥാർത്ഥ്യം പഠിപ്പിക്കാൻ
അവൾ അവിടുത്തോടപേക്ഷിച്ചു.

7. "കർത്താവേ, നീ ഒരു പ്രവാചകൻ ആണെന്നു ഞാൻ കാണുന്നു"
എന്ന് വ്യക്തമായി പറഞ്ഞുകൊണ്ട് അവൾ വീണ്ടും പ്രത്യുത്തരിച്ചു.
യഥാർത്ഥത്തിൽ, നമ്മുടെ കർത്താവ്
അവൾക്കു തൻെറ നാണക്കേട് വെളിപ്പെടുത്തിക്കൊടുത്തെങ്കിൽ,
തലതാഴ്ത്തി വായ് അടച്ചുപൂട്ടി മാപ്പപേക്ഷിച്ച
പാപിനിയായ സ്ത്രീക്കെന്നവണ്ണം, ഇവളും
ന്യായമായി കർത്തൃ കാരുണ്യത്തിന് അർഹയാകുമായിരുന്നു.
അവൾ അടക്കമൊതുക്കം ഉള്ളവളായിരുന്നു;
എങ്കിലും അവളുടെ ശിരസ്സ് ഉയർന്നിരുന്നു;
അവളുടെ സ്വരം ആധികാരികമായിരുന്നു.

---

135. ലൂക്കോ. 7:36-50

www.malankaralibrary.com



8. അവിടുത്തോട് സത്യം പറയാനും രണ്ടു സംഗതികളിൽ
അവിടുത്തെ പരീക്ഷിച്ചറിയാനുമായി -
അവൾക്കുണ്ടായിരുന്നതെന്താണെന്നും
അവൾക്കില്ലാതിരുന്നത് എന്താണെന്നും
അവളുടെ രഹസ്യങ്ങൾ ഗ്രഹിക്കാൻ
അവിടുത്തേക്കു കഴിയുമോ എന്നറിയാനായി -
"എനിക്കു ഭർത്താവില്ല" എന്ന് അവൾ പറഞ്ഞു.
നമ്മുടെ കർത്താവ് അവ രണ്ടും വെളിപ്പെടുത്തി
അവളെ അത്ഭുതപ്പെടുത്തി:
അവൾക്കു ഭർത്താവുണ്ടായിരുന്നു;
അതുപോലെ ഭർത്താവില്ലായിരുന്നു.
അവൾ ആശ്ചര്യപരതന്ത്രയായി;
അവൾക്കു തികച്ചും ബോധ്യം വന്നു.
അവൾ അത്ഭുതപ്പെടുകയും വിശ്വസിക്കുകയും
അവിടുത്തെ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്തു.

9. എന്റെ നാവേ, അനുസരിക്കുക; നിന്റെ വ്യായാമം നിർത്തുക.
വിശ്രമിക്കാനായി, നിശ്ശബ്ദമായിരിക്കുക.
നിന്ദിക്കപ്പെട്ട സ്ത്രീയുടെ ശമ്പളമില്ലാത്ത വക്കീലായിരിക്കാൻ,
യഥാർത്ഥത്തിൽ, നിന്നെ ആരാണു വിളിക്കുന്നത്?
സ്ത്രീയേ, ദുഷ്ടത നിമിത്തമല്ല നീ താറടിക്കപ്പെട്ടത്;
നിന്നെപ്പറ്റി ദുഷണം പറഞ്ഞവരോടുപോലും
നമ്മുടെ കർത്താവ് ക്ഷമിക്കും.
തിരുലിഖിതങ്ങൾ നിന്നെ സാന്ത്വനപ്പെടുത്തും;
ഞങ്ങളും ഞങ്ങളുടെ തുല്യ ബലഹീനതയോടുകൂടി,
നിന്നെ സമാശ്വസിപ്പിക്കാം.

10. തന്റെ ശിഷ്യരിൽ ഒരാൾപോലും തന്റെകൂടെ നില്ക്കാൻ
നമ്മുടെ കർത്താവ് അനുവദിക്കാതിരുന്ന സ്ഥിതിക്ക്,
നീ ഒരു വേശ്യ ആയിരുന്നെങ്കിൽ,
ഈ പരമപരിശുദ്ധൻ ദൂഷണത്തിന്
അവസരം കൊടുക്കുമായിരുന്നോ?
യായീറോസിന്റെ മരിച്ച മകളുടെ പക്കലേക്ക്

www.malankaralibrary.com



മൂന്നു ശിഷ്യന്മാരെ കൂട്ടിയാണ് അവിടുന്നു പ്രവേശിച്ചത്.[136]
നിൻെറ ബഹുമാന്യതയെ സംബന്ധിച്ച്
പട്ടണത്തിനു മുഴുവൻ ബോധ്യം ഉണ്ടായിരുന്നു.
നിന്നെ സ്വതന്ത്രയാക്കിയവനു സ്തുതി.

**11.** .....
ദുഷണം പറഞ്ഞവർ...... ശരീരം ...
അശുദ്ധർ അവളെ ഏതെല്ലാം തരത്തിൽ എത്രമാത്രം ദുഷിച്ചു
എന്ന് വിവരിക്കുന്നതിൽ തിരുലിഖിതം ലജ്ജിച്ചു.
തൻെറ മഹനീയ പിതാവിനെപ്പോലെ ആയിരിക്കാൻ
അവിടുന്നു മാത്രമേ നിന്നോടൊത്ത് അദ്ധ്വാനിക്കുകയും
നിന്നെ വിശുദ്ധീകരിക്കുകയും ചെയ്തുള്ളു.
സ്ത്രീയെ രൂപീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത്
ആദത്തിൻെറ പക്കലേക്ക് ആനയിച്ചത് അവിടുന്നുതന്നെയാണ്.

**12.** അതുകൊണ്ട്, അവൾ തൻെറ രഹസ്യം മറച്ചുവയ്ക്കുകയും
സജീവ ജലത്തെപ്പറ്റി കേൾക്കുകയും ചെയ്തതിനാൽ,
ഈ അടയാളത്താൽ അവൾ പരീക്ഷിച്ചു:
"അവിടുന്ന് എൻെറ വിവാഹഉടമ്പടി വെളിപ്പെടുത്തിയാൽ
അവിടുന്നൊരു ദിവ്യനാണ്".
നമ്മുടെ കർത്താവ് അവൾക്ക്
അവളുടെ ഈ രഹസ്യം വെളിപ്പെടുത്തുകയും
അവൾക്ക് കുടിക്കാൻ കൊടുക്കുകയും ചെയ്തു;
അവൾ ഭൗമികജലത്തിനായിട്ടല്ല ദാഹിച്ചത്.
മരിച്ചുപോകുന്ന മനുഷ്യനെ അവൾ ഉപേക്ഷിച്ചു;
അവൻെറ സംരക്ഷണം പിന്നെ തേടിയില്ല;
കാരണം, ജീവനുള്ളവൻ അവളെ വരണം ചെയ്തു.

**13.** ആ മനുഷ്യൻ അവളുടെ ഭർത്താവല്ല എന്ന്
അവൾ ശരിയായിട്ടുതന്നെ പറഞ്ഞു;
നമ്മുടെ കർത്താവ് അത് ശരിവയ്ക്കുകയും ചെയ്തു.

---

136. മർക്കോ. 5:21-43

www.malankaralibrary.com



എങ്കിലും അങ്ങനെ ഒരാൾ ഉണ്ടെന്ന് അവിടുന്നു വെളിപ്പെടുത്തി.
അവൻ ഒരു ദുഷ്ടമനുഷ്യനായിരുന്നെങ്കിൽ,
അവൾ അവിടുത്തെ വിശ്വസിച്ചതിനാൽ,
അവളിൽ നിന്നു പൂർണ്ണമായി അത് മറച്ചുവയ്ക്കാൻ
അവിടുത്തേക്കു കഴിയുമായിരുന്നില്ല.
അതുകൊണ്ട് "ഒരാൾ ഉണ്ട്" എന്ന് അവിടുന്ന് അവളോട്
പറഞ്ഞതിൽ നിന്ന് അയാൾ ഒന്നുകിൽ വൃദ്ധനായിരിക്കാം,
അല്ലെങ്കിൽ ദരിദ്രൻ ആയിരിക്കാം.
അവൾ അവൻെറ സംരക്ഷണയിൽ ആയിരുന്നതുപോലെ
അവൻ അവളുടെ തണലിൽ കഴിഞ്ഞിരിക്കാം.

**14.** തങ്ങളുടെ കാതുകളിൽ നിന്ന് "നിന്ദനം നീങ്ങിപ്പോകാനായി"
തങ്ങളുടെ നിന്ദനം നിമിത്തം "ഏഴു സ്ത്രീകൾ ഒരു പുരുഷനെ
സ്വീകരിക്കും"; എന്നാൽ അവൻെറ പേരൊഴിച്ച്
മറ്റൊന്നും അവർ തേടുന്നില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നു.[137]
കാരണം, ഒരു വിധവയോ, വന്ധ്യയോ, ഉപേക്ഷിക്കപ്പെട്ടവളോ,
ആയിരിക്കുക യഹൂദരുടെയും സമറിയാക്കാരുടെയും ഇടയിൽ
ശാപമായിരുന്നു.
എലിസബത്തിൻെറ ഗർഭധാരണംവഴി തൻെറ വന്ധ്യത്വത്തിൻെറ
നിന്ദനം നീങ്ങിപ്പോയി എന്ന് എഴുതപ്പെട്ടിരിക്കുന്നു.[138]

**15.** ഹന്നായുടെ സഹപത്നിയും ഹന്നായുടെ വന്ധ്യത്വം നിമിത്തം
അവളെ വിഷമിപ്പിച്ചുകൊണ്ടിരുന്നു.[139]
മരത്തെയും ഫലത്തെയും, ഭർത്താവിനെയും മക്കളെയും
അടക്കിയവളുടെ നിന്ദനം എത്ര കഠിനതരമാണ്!
ശപിക്കപ്പെട്ട മുന്തിരി, മുകുളങ്ങൾ ഭക്ഷിക്കുന്നവൾ,
മുന്തിരി ചവിട്ടിമെതിക്കുന്നവരെ നശിപ്പിക്കുന്നവൾ,
വിത്തിനെയും വിത്തു വിതയ്ക്കുന്നവനെയും നശിപ്പിക്കുന്ന ഭൂമി
എന്നൊക്കെ അവൾ വിളിക്കപ്പെട്ടിരുന്നു.
മറന്നുകളയാൻ അവളെ അനുവദിച്ചവന് സ്തുതി.

---

137. ഏശാ. 4:1 138. ലൂക്കോ. 1:25 139. 1 സാമു. 1:1-11

www.malankaralibrary.com



16. നമുക്ക് അബ്രഹാമിനെപ്പറ്റി വായിക്കാം.
കാരണം, തൻെറ മകളെപ്പറ്റി നമ്മെ ബോധ്യപ്പെടുത്താൻ
അബ്രഹാമിനു പ്രയാസമില്ല.
അബ്രഹാമും സാറായുംകൂടി ഒരുടമ്പടി ഉണ്ടാക്കി.
ആ രഹസ്യം മറ്റാരും അറിഞ്ഞില്ല.
"അതുകൊണ്ട്, ഞാൻ നിൻെറ സഹോദരൻ ആണെന്ന്
എന്നെപ്പറ്റി പറയുക".[140]
വിശ്വസ്തരായ അബ്രഹാമും സാറായും
നിർബന്ധിക്കപ്പെട്ടപ്പോൾ ഇപ്രകാരം ചെയ്തെങ്കിൽ,
നിർബന്ധിക്കപ്പെട്ടപ്പോൾ അവളും
തൻെറ ചുറ്റുമുള്ളവരുടെ മുമ്പാകെ ഇപ്രകാരം ചെയ്തു.

17. നമ്മുടെ പ്രയോജനത്തിനെന്നവണ്ണം അബ്രഹാമും സാറായും
ഈ പ്രതീകത്തിൽ ഇപ്രകാരം പറഞ്ഞതുപോലെ,
അബ്രഹാമിൻെറ മകളും പറഞ്ഞു.
നമ്മുടെ പ്രയോജനത്തിനാണ്
അവനും അവളും ഇപ്രകാരം പറഞ്ഞത്.
തനിക്കൊരു ഭർത്താവ് ഉണ്ടായിരുന്നിട്ടും സാറാ അതു നിഷേധിച്ചു;
മറ്റവൾ നാട്യഭാവത്തിൽ ഒരാളെ ഭർത്താവായി സ്വീകരിച്ചു.
വരുവിൻ, സംപൂജ്യരായ സ്ത്രീകളുടെ വിവിധതരം തന്ത്രങ്ങളിൽ
നമുക്ക് അത്ഭുതപ്പെടാം.

18. സാറാ ഒരു പുരുഷൻെറ ഭാര്യയാണെന്ന്
ദൈവം വെളിപ്പെടുത്തിയതുപോലെ,
ഈ സ്ത്രീക്കു ഭർത്താവില്ലെന്ന്
അത്യുന്നതൻെറ പുത്രൻ വെളിപ്പെടുത്തി.
സാറാ നിമിത്തം അബീമെലേക്കിൻെറ ഭവനം വിശ്വസിച്ചതുപോലെ,
എല്ലാറ്റിൻെറയും ജീവൻ വീണ്ടെടുക്കുന്നവനെ സ്വീകരിച്ചതുവഴി
അവൾ നിമിത്തം സമറിയാക്കാർ വിശ്വസിച്ചു.

19. തൻെറ ഭർത്താക്കന്മാർ മരിച്ചു എന്നു കണ്ട താമാർ, വളരെ
ലജ്ജാകരമായി, വേശ്യയെപ്പോലെ കവാടത്തിൽ കുത്തിയിരുന്നു.

---

140. ഉല്പ. 20:1-18

www.malankaralibrary.com



താനും ഷേലായും മരിക്കുമെന്ന് യൂദാ ഭയപ്പെട്ടു.[141]
...മുൻകുറി, സമറിയാക്കാർ ഭയപ്പെട്ടു.
താമാർ വഞ്ചിച്ച്, തൻെറ നിന്ദനം ദൂരെയെറിഞ്ഞു.
സമറിയാക്കാരി സ്ത്രീ തൻെറ നിന്ദനം മറച്ചുവച്ചു.
നമ്മുടെ പ്രയോജനത്തിനാണ് താമാറിൻെറ ചതി വെളിപ്പെട്ടത്.
മറ്റവളുടേത് നമ്മുടെ നേട്ടത്തിനും.

**20.** യൂദായിൽ നിന്ന് രാജാവ് എഴുന്നേൽക്കുമെന്ന്
താമാർ ഉറച്ചു വിശ്വസിച്ചു.
അവൻെറ പ്രതീകം അവൾ തട്ടിയെടുത്തു.
ഒരുപക്ഷേ മിശിഹാ തന്നിൽനിന്ന് ഉദിച്ചുവരും എന്ന്
സമറിയാക്കാരുടെ ഇടയിൽ ഈ സ്ത്രീയും പ്രതീക്ഷിച്ചു കാണും.
താമാറിൻെറ പ്രത്യാശ നശിച്ചില്ല.
ഈ സ്ത്രീയുടെ പ്രതീക്ഷയും അസ്ഥാനത്തായില്ല.
അവളിൽ നിന്നെന്നവണ്ണം നമ്മുടെ കർത്താവ്
ഈ പട്ടണത്തിൽ ഉദിച്ചുവന്നു.
കാരണം, അവളിലൂടെ അവിടുന്ന് അവിടെ വെളിപ്പെടുത്തപ്പെട്ടു.

**21.** "മിശിഹാ വരും" എന്ന് താല്പര്യപൂർവം അവൾ പറഞ്ഞപ്പോൾ
"അവൻ ഞാൻ തന്നെ" എന്നു പറഞ്ഞുകൊണ്ട്
അവിടുന്ന് സ്നേഹപൂർവം അവൾക്ക് വെളിപ്പെടുത്തി.
അവിടുന്ന് ഒരു പ്രവാചകനാണെന്നുള്ളത്
അവൾ നേരത്തെതന്നെ വിശ്വസിച്ചിരുന്നു.
അധികം വൈകാതെ,
അവിടുന്ന് മിശിഹാ ആണെന്നുള്ളതും വിശ്വസിച്ചു.
ദാഹാർത്തനെപ്പോലെ കാണപ്പെട്ട വിജ്ഞാനിയേ,
പെട്ടെന്ന് നിന്നെ പ്രവാചകൻ എന്ന് അവൾ വിളിച്ചു;
പിന്നീട് അവിടുന്ന് മിശിഹാ ആണെന്ന് അവൾ മനസ്സിലാക്കി.
പടിപടിയായി അവിടുന്നു നയിക്കുന്ന
നമ്മുടെ മനുഷ്യത്വത്തിൻെറ പ്രതീകം ആണ് അവൾ.

---

141. ഉല്പ. 38:6-30

www.malankaralibrary.com



# ഗീതം 23

## സമറിയാക്കാരി - 2

അതേ രാഗത്തിലുള്ള പതിനൊന്നാം ഗീതം

1. സ്ത്രീയേ, നീ കണ്ടെത്തിയതിനെ സംബന്ധിച്ചുള്ള
നിൻെറ അഭിപ്രായം പ്രകടിപ്പിക്കാൻ മടിക്കാതിരുന്ന
നീ ഭാഗ്യവതിയാകുന്നു.
തൻെറ സ്നേഹത്താൽ നിൻെറ ആവശ്യത്തെപ്രതി
മഹനീയ കലവറതന്നെ സന്നിഹിതനായി.
നിൻെറ പട്ടണവുമായി നിൻെറ നിക്ഷേപം പങ്കുവയ്ക്കുവാൻ
നിൻെറ സ്നേഹം തീക്ഷ്ണത കാട്ടി.
ഭാഗ്യവതിയായ സ്ത്രീയേ, നിൻെറ കണ്ടെത്തൽ,
നഷ്ടപ്പെട്ടതിൻെറ കണ്ടെത്തലായി തീർന്നു.

*പ്രതിസ്തോത്രം: സർവശക്തനു സ്തുതി.*

2. സ്ത്രീയേ, സീയോൻ പുത്രിയെപ്പോലെ, നിൻെറ വേട്ടക്കാരനെ
ക്ഷീണിപ്പിക്കാത്തതിനാൽ നീ ഭാഗ്യവതിയാകുന്നു.
ആ ചെറിയ അടയാളത്താൽ അവൻ നിന്നെ പഠിപ്പിക്കുകയും
വശത്താക്കുകയും ചെയ്തു.
അതിനുപകരം, തൻെറ സമ്പദ്സമൃദ്ധി നിന്നെ കാണിച്ചു.
അങ്ങനെ, നിൻെറ വാക്കുകൊണ്ടു മാത്രമല്ല
അവനിലുള്ള വിശ്വാസം ഉണ്ടായത്.
ശക്തിമത്തായ അടയാളങ്ങൾ അവിടുന്നു കാണിച്ചു.
തൻെറ അത്ഭുതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ,
അവൾക്കുള്ള ഭാഗ്യകരമായ അടയാളം തുലോം ചെറുതായിരുന്നു.

3. എല്ലാവർക്കും കുടിക്കാൻ കൊടുക്കുന്നവൻ എന്ന നിലയിൽ
കിണറ്റിൻ കരയിൽ ഇരുന്നവൻെറ മഹനീയ ഉറവ
തിരുഹിതപ്രകാരം ഓരോരുത്തരിലേക്കും ഒഴുകുന്നു.
കുടിക്കുന്നവർക്കനുസൃതമായി വിവിധ അരുവികൾ.

www.malankaralibrary.com



കുടിക്കുന്നവർക്കായി ഓരോ തവണയും കിണറ്റിൽനിന്ന്
വ്യത്യാസമില്ലാത്ത ഒരേ പാനീയമായി മുകളിലേക്കു വരുന്നു.
സജീവമായ ഉറവ വിവിധ ജനപദങ്ങൾക്ക്
വിവിധ അനുഗ്രഹങ്ങൾ ഒഴുക്കുന്നു.

4. സ്ത്രീയേ, മറിയത്തിലെന്നപോലെ
ഒരു മഹനീയ അത്ഭുതം നിന്നിൽ ഞാൻ കാണുന്നു.
അവൾ തന്റെ ഉദരത്തിൽ നിന്ന് ഒരു ശിശുവായി
ബേത്‌ലഹേമിൽ അവിടുത്തെ ശാരീരികമായി പ്രസവിച്ചു.
എന്നാൽ, നീയാകട്ടെ, നിന്റെ വായ്കൊണ്ട്
അവന്റെ പിതൃനഗരമായ ഷേക്കേമിൽ
പ്രായപൂർത്തിവന്ന ആളായി അവിടുത്തെ വെളിപ്പെടുത്തി.
സ്ത്രീയേ, ഇരുട്ടിൽ ഇരുന്നവർക്ക് നിന്റെ അധരങ്ങൾകൊണ്ട്
പ്രകാശത്തെ ജനിപ്പിച്ച നീ ഭാഗ്യവതിയാകുന്നു.

5. നസ്രത്തിലെ ദാഹാർത്തഭൂമിയായ മറിയം
തന്റെ കാതുകളിലൂടെ നമ്മുടെ കർത്താവിനെ ഗർഭം ധരിച്ചു.
സ്ത്രീയേ, ജലത്തിനായി ദാഹിച്ച നീയും
നിന്റെ കേൾവിയിലൂടെ പുത്രനെ ഗർഭം ധരിച്ചു.
ലോകത്തിനു പാനീയം നൽകിയ ഉറവയിൽ നിന്നു പാനം ചെയ്ത
നിന്റെ കാതുകൾ ഭാഗ്യമുള്ളവ.
മറിയം അവനെ പുൽക്കൂട്ടിൽ കിടത്തി.
നീയാകട്ടെ, അവനെ ശ്രോതാക്കളുടെ കാതുകളിൽ എത്തിച്ചു.

6. സ്ത്രീയേ, അവിടുന്നു നിന്റെ നിഗൂഢഹൃദയം കാണുന്നതിനായി,
നിന്റെ വാക്ക് ഒരു കണ്ണാടി ആയിത്തീർന്നു.
"മിശിഹാ വരും; അവിടുന്നു വരുമ്പോൾ
ഞങ്ങൾക്കെല്ലാം തരും" എന്നു നീ പറഞ്ഞല്ലോ.
സൗമ്യയായ സ്ത്രീയേ, ഇതാ, നീ കാത്തിരുന്ന മിശിഹാ.
നിന്റെ ശബ്ദത്താൽ...
നിന്റെ പ്രവചനം പൂർത്തീകരിക്കപ്പെട്ടു.

7. സ്ത്രീയേ, തങ്ങളുടെ സുവിശേഷത്താൽ
ശ്ലീഹന്മാർ പോലും ഫലം പുറപ്പെടുവിക്കുന്നതിനു മുമ്പേ

www.malankaralibrary.com



നിൻെറ സ്വരം ഫലം പുറപ്പെടുവിച്ചു.
പുറജാതിക്കാരുടെയും സമറിയാക്കാരുടെയും ഇടയിൽ
അവിടുത്തെപ്പറ്റി അറിയിക്കുന്നതിൽ നിന്ന്
ശ്ലീഹന്മാർ വിലക്കപ്പെട്ടിരുന്നു.
അവിടുന്ന് തുറന്ന് മുദ്രകുത്തിയ നിൻെറ
അധരം അനുഗൃഹീതമാകുന്നു.
വിതയ്ക്കാനായി ജീവൻെറ കലവറ
അവിടുന്നെടുത്ത് നിനക്കു നൽകി.
പാതാളം പോലെ മരിച്ചിരുന്ന നഗരത്തിലേക്ക്
നീ കടന്ന് നിൻെറ മരിച്ചവരെ ജീവിപ്പിച്ചു.

8. സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു.
ആദാമും ഹവ്വായും ...
അനുഗ്രഹക്കുല ... കുലകൾ ...
അതു വിഴുങ്ങാൻ എല്ലാവരും ഓടിയെത്തി.

9. ഹവ്വാ മരണത്തിൻെറ മുന്തിരിയായിത്തീർന്നു
അവളിൽനിന്ന് ആദ്യം മുളച്ചുവന്നത് വേദന ഉളവാക്കി.
ആദ്യം പഴുത്തപഴം ആഗ്രഹത്താൽ പറിച്ചു....
....കാമ്യമായിരുന്നു.
... അവൻ ഭക്ഷിച്ചു...

10. ഷേക്കേമേ, നീ ഭാഗ്യവതിയാകുന്നു.
എല്ലാറ്റിനെയും നിലനിർത്തുന്നവനുവേണ്ടി
അപ്പം വാങ്ങുവാൻ, വിശന്നവർ കയറി;
എന്നാൽ നീ പ്രവേശിച്ച് സജീവമായ അപ്പം നൽകി.
തന്നെത്തന്നെ സൗജന്യമായി വെളിപ്പെടുത്തിയ സത്യം!
വെളുത്ത്, ഭാഗ്യകരമായ കൊയ്തിനുപാകമായി എന്ന്
ഉപമയിൽ പറയുന്ന[142] നിൻെറ വയലുകൾ
അനുഗൃഹീതമാകുന്നു.
ധാന്യമണികൾ പാകമായില്ല;
എന്നാൽ ആത്മാക്കൾ പരിപൂർണമാക്കപ്പെട്ടു.

142. യോഹ. 4:35

www.malankaralibrary.com



അവർ തീക്ഷ്ണതയുള്ളവരായിത്തീർന്നു;
അവർ പാകമായി, നിന്നെപ്പോലെയായി.

11. നീതിമാന്മാരുടെ പ്രിയപ്പെട്ട ഷേക്കേമേ നീ ഭാഗ്യവതിയാകുന്നു.
നിക്ഷേപം... പ്രതീകങ്ങളുടെ കലവറ ...
ജോഷ്വാ, ഷേക്കേമിന്മേൽ നിയമങ്ങളും
വിധിതീർപ്പുകളും നടപ്പാക്കി.
നിന്നിൽ യേശുവും പേരു വിളിക്കപ്പെട്ടു.[143]
ഇത് ... നമ്മുടെ രക്ഷകൻെറ മരം.
യഥാർത്ഥത്തിൽ എത്രയധികം അനുഗ്രഹങ്ങളും
പ്രതീകങ്ങളും നിന്നിലുണ്ടായി.
ഞങ്ങളുടെ പിതൃഭവനമേ, നിന്നെ
ശ്രേഷ്ഠമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# ഗീതം 24

## കന്യാത്വം - 4

അതേ രാഗം

1. കന്യകയേ, നീ ഭാഗ്യവതിയാകുന്നു.
കന്യാത്വം എന്ന പാവനനാമം നിന്നോടുകൂടെ വളർന്ന്
പരിപക്വമാകുന്നു.
നിൻെറ ശാഖകളിൽ ശുദ്ധത ഒരു കൂടുണ്ടാക്കി;
നിൻെറ ഉദരം അവൾക്ക് വസിക്കാനുള്ള പാർപ്പിടമായി തീരട്ടെ.
നിൻെറ ആലയത്തെ കാരുണ്യത്തിൻെറ ശക്തി സംരക്ഷിക്കട്ടെ.
നീ കാഴ്ചക്കാർക്ക് എന്നുമെന്നേക്കും
സൽപ്രേരണ ആയിത്തീരുവാൻ,
ശക്തനായവൻെറ ശബ്ദം നിൻെറ ശത്രുവിനെ നിയന്ത്രിക്കട്ടെ.

143. ജോഷ്വാ 24:1-28

www.malankaralibrary.com



**2.** മുത്തേ.....നീ ഭാഗ്യവതിയാകുന്നു.
..........

**3.** സ്വർഗീയ കുരികിലേ, നീ ഭാഗ്യവതിയാകുന്നു.
നിൻെറ കൂട് പ്രകാശ കുരിശിന്മേലായിരുന്നു.
സർപ്പം കടന്നുവന്ന് നിൻെറ കുഞ്ഞുങ്ങളെ
സംഹരിക്കാൻ ഇടയാകാതിരിക്കാൻ,
ധരയിൽ ഒരു കൂടുകെട്ടാൻ നീ കൂട്ടാക്കിയില്ല.
പറക്കുവാൻ കഴിയുന്ന നിൻെറ ചിറകുകൾ അനുഗൃഹീതമാകുന്നു.
താഴെ ഭൂമിയിൽനിന്ന് സന്തുഷ്ടിയുടെ മണവറയിലേക്കു
പറന്നുകയറിയ വിശുദ്ധ കഴുകന്മാരോടൊപ്പം
നീ വരാൻ ഇടയാകട്ടെ.[144]

**4.** സത്യം നട്ടുവളർത്തിയ മുളയേ, നീ ഭാഗ്യവതിയാകുന്നു.
ജീവവൃക്ഷത്തിലേക്ക് നിൻെറ മരുന്ന്
അവൻ ഒട്ടിച്ചുചേർത്തു.
ജീവഗ്രന്ഥത്തിൻെറ പാനീയം നുകരാനായി
നിൻെറ ഫലം എല്ലായ്പ്പോഴും സന്തോഷിക്കുകയും
ആനന്ദിക്കുകയും ചെയ്യുന്നു.
നിൻെറ ശാഖകൾ അനുഗൃഹീതമാണ്....
പറയപ്പെട്ടു....

**5.** സജീവനുമായി വിവാഹഉടമ്പടി നടത്തിയ വധുവേ,
നീ ഭാഗ്യവതിയാകുന്നു.
മരിച്ചുപോകുന്ന മനുഷ്യനെ നീ കാംക്ഷിച്ചില്ല.
നാളെ നീങ്ങിപ്പോകുന്ന താല്ക്കാലിക കിരീടത്തിൽ
അഭിമാനം കൊള്ളുന്ന വധു ബുദ്ധിഹീനയാണ്.
നിൻെറ മനസ്സിൽ ചിത്രീകരിക്കപ്പെട്ട സൗന്ദര്യത്തോടുള്ള
സ്നേഹത്താൽ വശീകരിക്കപ്പെട്ട
നിൻെറ ഹൃദയം അനുഗൃഹീതമാണ്.
അവസാനിക്കാത്ത അനുഗ്രഹങ്ങളുള്ള മണവറയ്ക്കായി
നീ താല്ക്കാലിക മണവറ വച്ചുമാറി.

---

144. തോമായുടെ നടപടിയിലെ (6-7) ഗീതത്തെ പ്രതിധ്വനിക്കുന്നതാണീ വിവരണം.

www.malankaralibrary.com



6. നിന്നെത്തന്നെ സമർപ്പിച്ച പെണ്ണാട്ടിൻകുട്ടീ,
നീ ഭാഗ്യവതിയാകുന്നു.
..........

7. നീ മറിയത്തിന്റെ മകളായിരുന്നാൽ, നീ ഭാഗ്യവതിയാണ്.[145]
അവൾ ഒരു മനുഷ്യനെയും പരിഗണിച്ചില്ല.
ഒരേഒരു സൗന്ദര്യത്തിലേക്കു നോക്കാനായി
മറ്റെല്ലാറ്റിൽനിന്നും അവൾ മുഖം തിരിച്ചുകളഞ്ഞു.
അവനെ നോക്കിക്കൊണ്ടിരിക്കാൻ
അവൾ അവന്റെ പാദത്തിൽ ഇരുന്നു.
മത്തുപിടിച്ച, അതേസമയം സമചിത്തമായ
അവളുടെ സ്നേഹം വാഴ്ത്തപ്പെട്ടതാകുന്നു.
നീയും നിന്റെ ഹൃദയത്തിൽ മിശിഹായെ രൂപീകരിക്കുകയും
നിന്റെ മനസ്സിൽ അവനെ സ്നേഹിക്കുകയും ചെയ്യുക.

8. ഉയരത്തിൽ എന്നവണ്ണം നിന്നുകൊണ്ട്
മനുഷ്യകുലത്തെ പരിഗണിച്ച ശാന്തതയുള്ള സ്ത്രീയേ,
നീ ഭാഗ്യവതിയാകുന്നു.
ക്ഷീണിച്ചവശയായി, ഭാരമുള്ള നുകത്തിൽ കീഴിൽ
കഠിനഭാരം വഹിക്കുന്നതായി നീ ലോകത്തെ ദർശിച്ചു.
സ്വാതന്ത്ര്യവും, നിന്റെ മണവാളനുള്ള അവസാനിക്കാത്ത
ശുശ്രൂഷ കൊണ്ട് മങ്ങിപ്പോകാത്തതുമായ
നിന്റെ സൗന്ദര്യം ഭാഗ്യമുള്ളതാണ്.
തന്റെ ശോഭയാൽ നിന്നെ അലങ്കരിക്കുകയും
തന്റെ പനിമഞ്ഞാൽ നിന്നെ ഉന്മേഷഭരിതയാക്കുകയും ചെയ്യുന്ന
മണവാളനെ നീ തെരഞ്ഞെടുത്തു.

9. ശ്രേഷ്ഠമായ ദേവദാരുക്കളെയും സൈപ്രസ്സ് മരങ്ങളെയും
പരിഗണിക്കാത്ത ആ പ്രാവും ഭാഗ്യമുള്ളതാണ്.
രാജകുമാരനും നിന്റെ മണവാളനുമായ
അനുഗൃഹീത ഒലിവുമരത്തിന്റെ സ്നേഹത്തിൽ
നീ അഭയം തേടി......

---

145. ലൂക്കോ. 10:38-42

www.malankaralibrary.com



**10.** തൻെറ ഭവനം വിട്ട് ദൈവാലയത്തെ സ്നേഹിച്ച
ഹന്നായും വാഴ്ത്തപ്പെട്ടവളാകുന്നു.[146]
എൺപതു വർഷത്തോളം നിഗൂഢസൗന്ദര്യത്തെ
അവൾ ഉറ്റുനോക്കിക്കൊണ്ടിരുന്നു;
എന്നിട്ടും അവൾക്കു തൃപ്തി വന്നില്ല.
ഏകനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച
അവളുടെ നോട്ടം അനുഗൃഹീതമാകുന്നു.
ബുദ്ധിയും ശ്രദ്ധയും ഇല്ലാത്ത സ്ത്രീകളെ അവൾ ലജ്ജിപ്പിക്കുന്നു.
എന്നാൽ കുലീനസ്ത്രീകളേ,
അടക്കമൊതുക്കം ഉള്ളവർ ആയിരിക്കുവിൻ;
എല്ലാറ്റിൻെറയും കർത്താവിനുവേണ്ടി എല്ലാവരിൽനിന്നും
നിങ്ങളുടെ സൗന്ദര്യം കാത്തുസൂക്ഷിക്കുവിൻ.

**11.** കൊട്ടാരമേ, രാജകൊട്ടാരമേ, നീ ഭാഗ്യവതിയാകുന്നു.[147]
മർത്യജീവികളെക്കാൾ നിൻെറ കവാടം ഉന്നതമാണ്.
മഹനീയ രാജാവ് നിന്നിൽ വസിച്ചു.
അവൻെറ സ്നേഹം നിൻെറ സൗന്ദര്യത്തിന്
ഒരു സംരക്ഷണമായിരിക്കട്ടെ.
ശാപത്തിൻെറ വേദനയിൽനിന്ന് നിൻെറ ഉദരം രക്ഷപ്പെട്ടു.
സ്ത്രീകളുടെ വേദനകൾ സർപ്പംവഴി കടന്നുവന്നതാണ്.[148]
ദുഷിച്ചവൻെറ വേദനകൾ നിൻെറ ഉദരത്തിൽ
ഇല്ലാത്തതിനാൽ, അവൻ ലജ്ജിക്കട്ടെ.

**12.** വിരക്തി പാലിച്ച നീ ഭാഗ്യവതിയാകുന്നു.
കാരണം, ആരംഭത്തിൽ സന്തോഷം ഉണ്ടാകുന്നു,
ഈ ജീവിതാവസാനം ദുഃഖവും.
ഒരു ധീരപ്രവൃത്തി എന്ന നിലയിൽ സന്തോഷപൂർവം
അത് ആരംഭിക്കുന്നു.
ഒരു ചതിയായി സങ്കടപൂർവം അത് അവസാനിക്കുന്നു.
ആരംഭിക്കുമ്പോൾതന്നെ കടന്നുപോകുന്നതും

146. ലൂക്കോ. 2:36
147. യേശുവിൻെറ അമ്മയായ മറിയമാണ് വിവക്ഷ.
148. ഉല്പ. 3:16

www.malankaralibrary.com



ഇല്ലായ്മയായിതീരുന്നതുമായ ഈ ലോകത്തെ വെറുത്ത
നിൻെറ ഹൃദയം അനുഗൃഹീതമാകുന്നു.
ബുദ്ധിയില്ലാത്ത സ്ത്രീക്കു സൗന്ദര്യം വിരിയുന്നു;
അതിൽ അവൾ മതിമറക്കുന്നു.
എന്നാൽ അതു മാഞ്ഞുപോകുകയും
അവളെ ദുഃഖിപ്പിക്കുകയും ചെയ്യുന്നു.

**13.** നിനക്കുവേണ്ടി ദാസനായിത്തീർന്ന കർത്താവിന്
നിന്നെത്തന്നെ വിറ്റ സ്വതന്ത്രയേ, നീ ഭാഗ്യവതിയാകുന്നു.
അലഞ്ഞുനടന്ന്, തൻെറ സ്നേഹത്തെ വ്രണപ്പെടുത്തുന്ന
ഭർത്താവിനെ സ്വതന്ത്ര ശുശ്രൂഷിക്കുന്നു....
ഭാഗ്യവതി..... .....

**14.** .......

# ഗീതം 25

## യോഹന്നാൻ ശ്ലീഹാ

**അതേ രാഗത്തിലുള്ള പതിമൂന്നാമത്തേത്.**

**1.** വെറുപ്പിക്കുന്നവരെയും അലങ്കരിക്കാനായി
അവർക്കുപോലും സ്വയം കയ്യാളിക്കാൻ
തിരുമനസ്സായ കരുണാനിധിയേ,
നിൻെറ ശിഷ്യൻെറ വിശിഷ്ട സൗന്ദര്യത്താൽ
അലംകൃതനാകുവാൻ എന്നെയും യോഗ്യനാക്കണമെ.
നീ സ്നേഹിച്ച ഇവനിൽ[149]
ഞാൻ അഭയം തേടട്ടെ; അതുവഴി ഞാൻ കാരുണ്യം കണ്ടെത്തട്ടെ.
ഞാൻ സ്വീകാര്യനാകുവാനായി,
നീ ലാളിച്ചവനെ ഞാൻ പ്രകീർത്തിക്കട്ടെ.

149. യോഹന്നാൻ ശ്ലീഹായെപ്പറ്റി പരാമർശം: യോഹ.13:23; 19:26; 20:2; 21:7.20.

www.malankaralibrary.com

*ഗീതം 25:2-3*

അർഹമായ കൂലിയേക്കാൾ കൂടുതലായി
കാരുണ്യത്താൽ നീ എനിക്കു പ്രതിഫലം തരുവാനായി
അവൻെറ സ്നേഹം ഞാൻ ആലപിക്കട്ടെ.

*പ്രതിസ്തോത്രം: സർവശക്തനു സ്തുതി.*

**2.** സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു.
നിൻെറ നാഥനും പുത്രനുമായവൻ,
തൻെറ സാദൃശ്യത്തിൽ രൂപീകരിക്കപ്പെട്ടവന്
നിന്നെ ഭരമേല്പിച്ചു.[150]
നിൻെറ ഉദരഫലമായ പുത്രൻ
നിൻെറ സ്നേഹത്തിന് നന്ദികേട് കാട്ടിയില്ല,
പിന്നെയോ, തൻെറ മാർവിൻെറ പുത്രന്[151] നിന്നെ ഭരമേല്പിച്ചു.
അവിടുന്നു ശിശുവായിരുന്നപ്പോൾ നിൻെറ മടിയിൽ
അവനെ നീ താലോലിച്ചു.
തൻെറ മടിയിൽ അവനും യോഹന്നാനെ താലോലിച്ചു.
നീ അവന് ചെയ്തതിനുമുഴുവൻ, അവനെ വളർത്തിയതിൻെറ
കടം, അവിടുന്ന് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ തന്നുതീർത്തു.

**3.** കാരണം, ക്രൂശിതൻ കടങ്ങളെല്ലാം വീട്ടി;[152]
നിൻേറതുപോലും അവൻ കൊടുത്തുതീർത്തു.
നിൻെറ മുലയിൽനിന്ന് അവിടുന്ന് ദൃശ്യമായ പാൽ നുകർന്നു;
എന്നാൽ അവനാകട്ടെ, അവിടുത്തെ മാർവിൽനിന്ന്
നിഗൂഢരഹസ്യങ്ങൾ പാനം ചെയ്തു.
ആത്മധൈര്യത്തോടുകൂടി അവിടുന്ന് നിൻെറ മാർവിനെ സമീപിച്ചു.
ആത്മധൈര്യത്തോടെ അവൻ അവിടുത്തെ സമീപിച്ച്
മാർവിൽ ചാഞ്ഞുകിടന്നു.
അവിടുത്തെ സ്വരത്തിൻെറ മാറ്റൊലി നിനക്കു നഷ്ടപ്പെട്ടതിനാൽ,
നിൻെറ സമാശ്വാസത്തിനായി
അവിടുന്ന് തൻെറ കിന്നരത്തെ നിനക്കു നൽകി.

---

150. മാതാവിനെപ്പറ്റി: യോഹ. 19:26

151. യോഹ. 13:23; 21:20

152. കൊളോ. 2:13-14

www.malankaralibrary.com



4. നമ്മുടെ കർത്താവിനെ വളരെയധികം സ്നേഹിച്ച യുവാവ്
എല്ലാ കാര്യങ്ങളിലും അവിടുത്തെ അനുകരിക്കാൻ
തീക്ഷ്ണമതിയായിരുന്നു:
തൻെറ സംസാരത്തിൽ, തൻെറ വീക്ഷണത്തിൽ,
തൻെറ പെരുമാറ്റത്തിൽ, അവൻ അവിടുത്തെ പ്രതിബിംബിപ്പിച്ചു;
അവൻ അവിടുത്തെ ധരിക്കുകയും
അവിടുത്തോട് സദൃശ്യനാകുകയും ചെയ്തു.
സൃഷ്ടി തൻെറ സ്രഷ്ടാവിനെ ധരിച്ചു.
അവൻ അവിടുത്തോടു സദൃശ്യനായി,
എന്നാൽ അവിടുന്ന് എന്തായിരുന്നുവോ, അതായിതീർന്നില്ല.
കളിമണ്ണിൽ കുശവൻെറ സൗന്ദര്യം എത്രമാത്രം
പതിപ്പിക്കാൻ കഴിയും എന്നത് ആശ്ചര്യകരം തന്നെ.

5. അവിടുന്നു നിന്നെ വിട്ടുപോയി, എന്നാൽ നിന്നെ ഉപേക്ഷിച്ചില്ല;
കാരണം, നിൻെറകൂടെ പാർക്കാനായി
തൻെറ ശിഷ്യനിൽ അവിടുന്നു തിരികെ വന്നു.
സമീപസ്ഥനായിരുന്നെങ്കിലും ദൂരസ്ഥരുടെ പക്കലേക്ക്
സ്വയം അയയ്ക്കാൻ തിരുമനസ്സായവൻ കാരുണ്യവാനാകുന്നു.
അവിടുത്തെ തിരുഹിതം എല്ലാവരുടെയും പക്കലേക്ക്
ഇറങ്ങിചെല്ലുന്നു;
അവിടുന്ന് എല്ലായിടത്തേക്കും തൻെറ സ്നേഹം അയയ്ക്കുന്നു.
അവിടുന്ന് എല്ലാവരിൽനിന്നും മറഞ്ഞിരിക്കുന്നെങ്കിലും,
തന്നെ അന്വേഷിക്കുന്നവർക്കെല്ലാം
പൂർണമായി സന്നിഹിതനാണ്.

6. നീ വളർത്തിയ ശിശുവിൽനിന്ന്
നിൻെറ സ്നേഹത്തിനു പ്രതിസ്നേഹം കിട്ടുന്നില്ല
എന്ന് കണ്ടതിനാൽ,
തൻെറ ശിഷ്യനിൽ നീ അവിടുത്തെ കാണുന്നതിന്
അവിടുന്ന് തൻെറ മുദ്ര പതിച്ചു;
ശുദ്ധിമാൻ നിഷ്കളങ്കനെ പ്രതിനിധീകരിച്ചു.

..........

ഛായ ചിത്രീകരിക്കപ്പെടുക ഉചിതമായിരുന്നു.

www.malankaralibrary.com



വിധിക്കപ്പെടുകയും മിണ്ടാതിരിക്കുകയും ചെയ്ത
നിശ്ശബ്ദനു പകരം വാചാലൻ സ്ഥാനം പിടിച്ചു.

7. രാജാക്കന്മാരുടെ പ്രഭുക്കന്മാർ വാചാലരാണെങ്കിലും
രാജാക്കന്മാരുടെ പ്രതിമകളെല്ലാം നിശ്ശബ്ദമാകുന്നു.
നമ്മുടെ രക്ഷകന്റെ ഛായകൾ അത്ഭുതകരം തന്നെ
കാരണം, അവരുടെ മനസ്സുകളാണ് അവരുടെ വീണകൾ.
ആ മഹനീയ നിശ്ശബ്ദതയുടെ വചനമാണ് അവിടുന്ന്.
അവിടുത്തെ അസ്തിത്വരീതി അവാച്യമാണ്.
സൃഷ്ടികൾ ശബ്ദം പുറപ്പെടുവിക്കുന്നു;
എന്നാൽ ഒന്നു മറ്റൊന്നിൽ വസിക്കുന്ന
പിതാവും പുത്രനും നിശ്ശബ്ദതയാണ്.

8. അത്യുന്നതൻ എത്രമാത്രം സ്വയം വിനീതനാക്കിയെന്നും
ബലഹീനമായ ഉദരത്തിൽ എങ്ങനെ പ്രവേശിച്ച് വസിച്ചെന്നും
അവിടെനിന്നു പുറത്തുവന്നെന്നും
പോഷണം കുറഞ്ഞ പാൽ നുകർന്നെന്നും
അവൾ കണ്ടുകൊണ്ടിരുന്നു.
ഉയരത്തിലേക്കു കരേറി അത്യുന്നതന്റെ മടിയിൽ
ഇരിക്കത്തക്കവണ്ണം അവിടുന്ന് എത്രമാത്രം
വളർന്നെന്ന് കണ്ടതിലും
അവൾ ആശ്ചര്യഭരിതയായി.
ഇത്രമാത്രം കൃപയിൽ വളരാൻ കഴിഞ്ഞു എന്നതിൽ
ഇരുവരും പരസ്പരം അത്ഭുതപ്പെട്ടു.

9. കർത്താവേ, നീ, പരസ്പരം നിരീക്ഷിക്കുമ്പോൾ....
അവർ നിന്നെ കണ്ടു....
നിന്റെ അമ്മ നിന്നെ നിന്റെ ശിഷ്യനിൽ കണ്ടു;
അവൻ നിന്നെ നിന്റെ അമ്മയിൽ കണ്ടു.
കർത്താവേ, നിന്നെ എല്ലാ നാഴികയിലും കാണുന്ന ദാർശനികർ,
ഞങ്ങളുടെ രക്ഷകനായ നിന്നെ
ഞങ്ങളും മറ്റുള്ളവരിൽ കാണുന്നതിന്,
കണ്ണാടിയിലെന്നവണ്ണം ഒരു മുൻകുറിയായി കാട്ടിത്തരുന്നു.

www.malankaralibrary.com



**10.** രാജകുമാരൻ ഇന്ന് വിശുദ്ധ കന്യകകളിൽ വസിക്കുന്നെന്നു
ഞങ്ങളെ പഠിപ്പിക്കാൻ, നീ വസിച്ച ആലയത്തെ ഭയത്തോടും
വാത്സല്യത്തോടുംകൂടെ യുവത്വം ബഹുമാനിച്ചു.
അവൾ ഒരാലയമാണെന്ന് കാണുന്ന വിവരമുള്ള മനുഷ്യർ
നിന്റെ വധുവിനെ അവമാനിക്കുന്നതിൽ ഭയപ്പെടുന്നു.
രാജാവിനെ തന്റെ കൊട്ടാരത്തിൽ അവമാനിക്കാൻ
മുതിരുന്നത് എത്ര ഗൗരവമേറിയതാണ്!

**11.** പ്രതീകാത്മകമായി യൗസേപ്പും യോഹന്നാനും
നിന്റെ അമ്മയുടെ ഉദരത്തെ ബഹുമാനിച്ചു.
പേടകത്തിന്റെ പ്രതീകമാണത്;
അമ്മാനുവേൽ വസിച്ച താല്കാലിക കൂടാരം!
ദൈവത്തെ തന്റെ ആലയങ്ങളിൽ നിസ്സാരമാക്കാതിരിക്കാൻ;
ഇരുവരും നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു.
ഒരു തർക്കം! നമ്മുടെ അന്വേഷണത്തിലൂടെ,
അളവിനതീതമായ ഉയരത്തെ നാം അളക്കുന്നത്
എത്ര ഭീതികരമാണ്!

**12.** അന്വേഷകർക്ക് അളക്കാൻ കഴിയാത്ത ആഴം!
മർത്ത്യർക്ക് എത്തിപ്പിടിക്കാൻ വയ്യാത്ത ഉയരം!
അളന്നുതീർക്കാൻ കഴിയാത്ത നീളം!
അളവിനതീതമായ വീതി!
സ്രാപ്പേന്മാരുടെ ചിറകുകൾ നിനക്കുണ്ടെങ്കിലും,
കാഴ്ചയിൽ കോമളത്വമില്ലാത്തവനായ
പുൽക്കൂട്ടിലെ ശിശുവിനെ അളക്കുവാൻ
ഒരുകാരണവശാലും നിനക്കു കഴിയുകയില്ല.
തന്റെ നിഗൂഢയാഥാർത്ഥ്യത്തിൽ
അവിടുന്നു വലിയവൻ തന്നെയാണ്.

**13.** ശെമഓന്റെ അമ്മായിഅമ്മയേ, നീ ഭാഗ്യവതിയാകുന്നു.
രോഗം ബാധിച്ച നിന്നെ സന്ദർശിക്കാൻ
ഉന്നതത്തിലെ വൈദ്യൻ കടന്നുവന്നു.[153]

---

153. മർക്കോ. 1:29-31

www.malankaralibrary.com



നിൻെറ കൈയിൽ സ്പർശിക്കാനല്ല അവൻ സമീപിച്ചത്;
കാരണം, എല്ലാ സിരകളെയും വിരിച്ചത് അവിടുന്നാണ്.
അവയിലെ പനിയെ അവൻ ശമിപ്പിച്ചു.
പനി രോമകൂപങ്ങളിലൂടെ വിയർത്ത് വിട്ടുമാറി.
തങ്ങളുടെ നാഥൻെറ ദർശനമാത്രയിൽ രണ്ടും
ഏക ശരീരത്തിൽ കീഴടങ്ങുകയും കീഴടക്കപ്പെടുകയും ചെയ്തു.

**14.** നിൻെറ രോഗഗ്രസ്തമായ ശരീരത്തിൽ
നിഗൂഢമായും അദൃശ്യമായ അഗ്നിയായും പനി കടന്നുകൂടി.
ആത്മീയ ജീവികൾക്കു മാത്രം ദൃശ്യമായ ഉന്നതത്തിലെ അഗ്നി
നിൻെറ വൈദ്യൻെറ ശരീരത്തിൽ വസിച്ചു. ഇതൊരത്ഭുതമാണ്;
ഇതേപ്പറ്റി സംസാരക്കാൻ ആർക്കു സാധിക്കും?
ദയയുടെ തീക്ഷ്ണത പ്രവേശിക്കുകയും നിന്നെ തണുപ്പിച്ച്
സുഖപ്പെടുത്തുകയും ചെയ്തു.
അവളുടെ പനിയുടെ കാഠിന്യത്തെ നീക്കിക്കളഞ്ഞ
പരിപൂർണതയിൽ ശ്രോതാക്കൾ അത്ഭുതപ്പെട്ടുപോയി.

**15.** വൃദ്ധയായ ശ്രേഷ്ഠ ഹന്നാ നീ ഭാഗ്യവതിയാകുന്നു.
നിശ്ശബ്ദനായ ശിശു നിന്നെ ഒരു പ്രവാചകി ആക്കി.[154]
അവിടുന്നു തൻെറ വീരകൃത്യങ്ങൾ നിന്നിൽ ആലപിക്കുന്നതിനായി
അവൻെറ നിഗൂഢനിശ്ശബ്ദത നിൻെറ മനസ്സിൽ മുഴങ്ങി.
അവിടുന്ന് ശിശുവായി നിന്നിലൂടെ തൻെറ പ്രവൃത്തികൾ വിവരിച്ചു.
എന്നാൽ പ്രായപൂർത്തിയാകുമ്പോൾ തന്നിൽതന്നെ
അവിടുന്ന് അവ പൂർത്തീകരിക്കും.
ശിശു നിശ്ശബ്ദനായിരുന്നെങ്കിലും എല്ലാ അധരങ്ങളുടെയും
കർത്താവായ അവിടുന്ന് എല്ലാ ഭാഷകളിലും പാട്ടുപാടി.

**16.** ഈ പുരാതനശിശു കണ്ടുമുട്ടിയ നിരീക്ഷണപടുവായ വൃദ്ധയേ,
നീ ഭാഗ്യവതിയാകുന്നു.
വൃദ്ധയേ, എല്ലാ ആത്മാക്കളെയും വരണംചെയ്യാൻ വന്ന ശിശു
ആദ്യമായി നിന്നെ വരണം ചെയ്തു.

---

154. ലൂക്കോ. 2:36-38

www.malankaralibrary.com



അവിടുന്നു നിന്നെ അവരിലെല്ലാം ഒന്നാമത്തവളാക്കി;
നിൻെറ പ്രായാധിക്യത്താൽ, ശിശുത്വത്തെ അവിടുന്ന് അതിൻെറ
യഥാർത്ഥ സ്ഥാനത്തു വച്ചു.
അവിടുന്നൊരു കണ്ണാടി മിനുക്കി; കുട്ടികൾക്ക് അടക്കമൊതുക്കം
അഭ്യസിക്കാൻ അവിടുന്നതിനെ സ്ഥാപിച്ചു.

**17.** സോളമൻ രാജാവ് ആയിരം ഭാര്യമാരെ പൂർണമായി സ്വീകരിച്ചു.
വളരെ നാണംകെട്ട പ്രവൃത്തി![155]
നമ്മുടെ മഹനീയ കർത്താവ് ആയിരമായിരം കന്യകകളിൽ നിന്ന്
ശിഷ്യരെ ഉണ്ടാക്കി - മഹോന്നതവും ശ്രേഷ്ഠവുമായ കാര്യം!
ദാവീദിൻെറ ഈ പുത്രനിൽ ഒരസാധാരണകാര്യം കാണപ്പെട്ടു.
ദാവീദിൻെറ പുത്രാ, നിന്നിലാകട്ടെ, ഒരത്ഭുതകാര്യം നടന്നു.
ഈശായിയുടെ പുത്രാ, നിൻെറ ബീജത്തിൽ നിന്ന്
രണ്ടു പുത്രന്മാർ.....

**18.** സോളമൻ തൻെറ ഹൃദയത്തിൽ
കടിഞ്ഞാണില്ലാത്തവൻ ആയിരുന്നു;
തൻെറ വേരുപോലെ ധരയുടെ ഫലമായിരുന്നു!
പരിപാവനശിശുവിൻെറ ഇച്ഛ സംശുദ്ധമാണ്;
തൻെറ ജനകനെപ്പോലെ സംശുദ്ധമാണ് അവിടുത്തെ പ്രകൃതം!
സംശുദ്ധ കുഞ്ഞാടിൻെറ അജഗണവും സംശുദ്ധമാണ്;
കുത്തഴിഞ്ഞവൻെറ കൂട്ടം കടിഞ്ഞാണില്ലാത്തതും.
ടയറിൻെറ പുത്രിമാർ അവനെ വഴിതെറ്റിച്ചു;[156]
എന്നാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ
ടയറിൻെറ ഒരു പുത്രി അവിടുത്തെ ആരാധിച്ചു.[157]

155. 1 രാജാ. 11:3
156. 1 രാജാ. 11:1-8
157. മക്കോ. 7:25-26

www.malankaralibrary.com



# ഗീതം 26

## ശിഷ്യകളായ സ്ത്രീകൾ

അതേ രാഗത്തിലുള്ള പതിനാലാം ഗീതം

1. തന്റെ അധരങ്ങൾ പ്രഖ്യാപിച്ച അനുഗ്രഹങ്ങളെപ്പറ്റി സംസാരി
ക്കാൻ എന്നെ പ്രേരിപ്പിച്ച കരുണാനിധി എന്റെ വായ് തുറന്നു:
പരിശോധിക്കാനല്ല, പിന്നെയോ, മറിയത്തിൽനിന്ന് ഉദിച്ചുവന്നവൻ
ഹവ്വായുടെ ശിശുസമാനരായ പെൺമക്കളെ നിഷ്കളങ്കയായ
ഹവ്വായിലൂടെ[158] വരച്ചുകാട്ടുന്നു എന്ന് ഏറ്റുപറയാൻ.
അങ്ങുമായുള്ള കൂട്ടായ്മയ്ക്കു ഞാൻ അർഹനാകുവാൻ വേണ്ടി,
ശുദ്ധിമതികളായ സ്ത്രീകളുടെ അനുഗ്രഹങ്ങൾ
അവിടുത്തെ ആഗമനത്തിനു ഞാൻ പാടും.

*പ്രതിസ്തോത്രം: എല്ലാവരിൽനിന്നും നിനക്കു സ്തുതി.*

2. എല്ലാവരും ഭയക്കുന്നവനെ, ഭയം കൂടാതെ ശുശ്രൂഷിച്ച മാർത്താ,
നീ ഭാഗ്യവതിയാകുന്നു.[159]
മനുഷ്യകുലത്തിനു സജീവ അപ്പം സൗജന്യമായി നൽകുന്ന
കലവറയെ നീ പോഷിപ്പിച്ചു.
അവിടുന്ന് ശാന്തയാക്കി, പഠിപ്പിച്ച നിന്റെ സഹോദരിയും
ശക്തി നൽകി ജീവിപ്പിച്ച നിന്റെ സഹോദരനും
അനുഗൃഹീതരാകുന്നു.[160]
വിഭജിതരെയും, ഐക്യമില്ലാത്തവരെയും
ഏകസ്നേഹത്തിൽ ഐക്യപ്പെടുവാനായി
നിങ്ങളിലൂടെ അവിടുന്ന് ഉത്തേജിപ്പിച്ചു.

---

158. മറിയത്തിലൂടെ.
159. ലൂക്കാ. 10:38-42
160. യോഹ. 11:1-44

www.malankaralibrary.com



**3.** മാർത്താ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ വായ് തുറക്കാനുള്ള ആത്മധൈര്യം
സ്നേഹം പ്രദാനം ചെയ്തു.
ഫലം നിമിത്തം മരത്തിനിടയിൽ ഒളിച്ചിരുന്നപ്പോൾ[161]
ഹവ്വായുടെ വായ് അടഞ്ഞുപോയി.
ദൈവം ഭക്ഷണത്തിനിരുന്ന മേശയ്ക്കരുകിൽ
സ്നേഹപൂർവം സംസാരിച്ച നിന്റെ വായ് അനുഗൃഹീതമാകുന്നു.
ദാസന്മാരെ സൽക്കരിച്ച സാറായേക്കാൾ നീ വലിയവളാകുന്നു.[162]
കാരണം, നീ എല്ലാറ്റിന്റെയും കർത്താവിനെ ശുശ്രൂഷിച്ചു.

**4.** വിശുദ്ധപാദം ചുംബിച്ച സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു.[163]
സ്ത്രീകൾ നിന്നെപ്പറ്റി വളരെ അസൂയപ്പെടുന്നു.
പരിശുദ്ധനായ മിശിഹായെ നിന്റെ കൈകൾ അഭിഷേകം ചെയ്തു.
പുരോഹിതന്മാരും രാജാക്കന്മാരും അവന്റെ കൊമ്പ്
അഭിഷേകം ചെയ്തു.
നിന്റെ വേദനകൾ ഭാഗ്യമുള്ളവയാണ്.
വചനം അവയെ സൗഖ്യമാക്കി.
ഒറ്റ ചുംബനത്താൽ നിന്റെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടു.
എല്ലാറ്റിനെയും പവിത്രീകരിക്കുന്ന തന്റെ ശരീരത്തെ
പരിപാവനമായി ചുംബിക്കാൻ
അവിടുന്നു തന്റെ സഭയെ പഠിപ്പിച്ചു.

**5.** സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ സ്വരം നിശ്ശബ്ദരുടെ ഇടയിൽ കാഹളമായിത്തീർന്നു.
അനുഗ്രഹങ്ങളുടെ നാഥനെ വഹിച്ച
പരിപാവനമായ ഉദരത്തിന് നീ ഒരനുഗ്രഹം നൽകി.[164]
മറ്റുള്ളവരുടെ പ്രതിനിധി എന്ന നിലയിൽ,
സംസാരത്തിനിടയിൽ അവൻ നിനക്കു തന്ന അനുഗ്രഹം
അവൻ കയ്യാളിച്ചതിനാൽ നീ ഭാഗ്യവതിയാകുന്നു.
എല്ലാവരും ഇതിനെ അനുഗമിക്കാനായി,

---

161. ഉല്പ. 3:8
162. ഉല്പ. 18:6
163. ലൂക്കോ. 7:38-48
164. ലൂക്കോ. 11:27-28

www.malankaralibrary.com



അവൻ നിനക്കു തന്ന അനുഗ്രഹം
പൂർണതയുടെ ഒരു ഭാഗമായിരുന്നു.

6. സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു:
കരുണയുടെ പ്രവാഹം നിന്നെ കണ്ടുമുട്ടി,
നിന്റെ രക്തപ്രവാഹത്തെ സുഖപ്പെടുത്തി.[165]
നിഗൂഢമരണത്തിന്റെ മൂടൽമഞ്ഞിനെ
ആത്മാക്കളിൽനിന്ന് നീക്കിയ സൂര്യന്റെ
നിഗൂഢമായ പ്രകാശം അടിച്ച്,
മനസ് കാണുന്ന എല്ലാ പുതിയ കോപത്തെയും ഉണക്കിക്കളഞ്ഞു.
നിന്റെ വിരലിന്റെ അഗ്രംകൊണ്ട്
കരുണക്കടലിന്റെ അരുവികളുടെ സൗഖ്യം നീ നുകർന്നു.

7. ദാരിദ്ര്യത്തിൽ ജീവിക്കുന്ന സ്ത്രീയേ, നീ ഭാഗ്യവതിയാകുന്നു.
നീ ഉന്നതത്തിൽ രണ്ടു നിക്ഷേപങ്ങൾ വച്ചു.[166]
മഹത്ത്വം നോക്കിനിന്ന അത്ഭുതമായിരുന്നു അത്.
നിസ്സാരകാര്യത്തിൽ അവിടുത്തെ നയനങ്ങൾ പതിച്ചു.
ദൈവത്തിന്റെ തൂക്കത്തിൽ രണ്ടു ചില്ലിക്കാശുകൾ തൂക്കിയപ്പോൾ
ഒരു താലന്തിനെക്കാൾ ഭാരമുള്ളതായി കാണപ്പെട്ടു.
കാരണം അവൾ വായ്പ കൊടുത്ത ചില്ലിക്കാശ്
അവളുടെ ഉപജീവനത്തിനുള്ള വകയായിരുന്നു.
അവിടെ അവൾ ഒന്നുമില്ലാത്തവളായി നിന്നു.

8. അത്യാഗ്രഹം നിമിത്തം ആരാണ് കുറ്റപ്പെടുത്തപ്പെടാത്തത്?
തെറ്റായ ജീവിതരീതി ആരിലാണ് മറഞ്ഞുകിടക്കാതിരിക്കുന്നത്?
അവൻ ശുദ്ധീകരിക്കപ്പെട്ടിട്ടില്ല എന്ന് കുറ്റപ്പെടുത്തത്തക്കവിധം
ആരാണ് വാരിക്കൂട്ടി വളരെയധികം മാറ്റി വയ്ക്കാത്തത്?
വിധവയേ, നിന്നെപ്പോലെയുള്ള ഒരാൾ നിന്നെ പുകഴ്ത്തട്ടെ.
കാരണം, നിന്നെ നോക്കുവാൻ എന്റെ മനസ്സ് തീരെ ദരിദ്രമാണ്.
വാരിക്കൂട്ടാനുള്ള ഞങ്ങളുടെ അത്യാർത്തിയെ നിന്റെ ദാരിദ്ര്യം
കുറ്റപ്പെടുത്തുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

---

165. മർക്കോ. 5:25-34

166. മർക്കോ. 12:41-44

www.malankaralibrary.com



**9.** കനാൻകാരിയേ, നീയും അപ്രതിരോധ്യനെ നീതിപൂർവം
നിന്റെ ധൈര്യത്താൽ കീഴടക്കി.[167]
സുവിശേഷം പുറജാതികളുടെ നാട്ടിലേക്കു കടക്കാതിരിക്കാൻ,
നീതിമാൻ അവിടെ ഒരതിർത്തി നിശ്ചയിച്ചിരുന്നു.[168]
ഭയരഹിതമായി തടസ്സം നീക്കിയ നീ ഭാഗ്യവതിയാകുന്നു.
അതിർത്തികളുടെ നാഥൻ നിന്റെ വിശ്വാസസ്ഥിരതയെ
പ്രകീർത്തിച്ചു.
ദൂരെ നിന്നുകൊണ്ടുതന്നെ അവിടുന്ന് നിന്റെ മകളെ
നിന്റെ ഭവനത്തിൽ സുഖപ്പെടുത്തി.[169]

**10.** വിധവയേ, നീയും ഭാഗ്യവതിയാകുന്നു.
കാരണം, ലോകം മരിച്ചിരുന്നു, നിന്റെ മകനും മരിച്ചിരുന്നു.[170]
എന്നാൽ അപേക്ഷകൂടാതെ നിന്റെ മകന് ജീവൻ തിരിച്ചുകിട്ടി;
പ്രാർത്ഥന കൂടാതെ സൃഷ്ടി രക്ഷിക്കപ്പെട്ടു.
നിന്റെ നിലവിളിയല്ല വൈദ്യനെ വിളിച്ചുവരുത്തിയത്;
നമ്മുടെ പ്രാർത്ഥനയല്ല രക്ഷകനെ താഴേക്ക് ഇറക്കിയത്.
പിന്നെയോ താഴേക്കിറങ്ങിവന്ന് ലോകത്തിനും യുവാവിനും
ജീവൻ നൽകുവാൻ അവിടുത്തെ പ്രേരിപ്പിച്ചത് കാരുണ്യമാണ്.

**11.** ബാലികേ, നീയും ഭാഗ്യവതിയാകുന്നു.[171]നീ ലാളിത്യത്തിന്റെ
പ്രതീകമാകുന്നു. അവിടുന്നു നിന്നെ ജീവിപ്പിക്കുകയും
പോഷിപ്പിക്കുകയും ചെയ്തു.[172]
കാരണം, ശൈശവത്തിന് പഠനം ആവശ്യമാണ്.
മരിച്ച ബാലിക നിഷ്കളങ്ക സമൂഹത്തിന്റെ പ്രതീകമാണ്.
ബാലികയുടെ പ്രതീകത്തിൽ ഉറങ്ങിക്കിടന്ന,
ജഡമായ യഹൂദ ജനത്തെ നമ്മുടെ കർത്താവ്
മരണത്തിൽനിന്നു ജീവനിലേക്കു കൊണ്ടുവന്നു.
അവിടുന്ന് അവരെ വിളിക്കുകയും
അവളെ ജീവിപ്പിക്കുകുയും ചെയ്തു.

---

167. മത്താ. 15:21-28
168. മത്താ. 10: 5f
169. മർക്കോ. 7:30
170. ലൂക്കോ. 7:11-17
171. മർക്കോ. 5:21-43
172. ലൂക്കോ. 8:55

www.malankaralibrary.com



**12.** സ്ത്രീയേ, പുത്രൻ ഉപവിഷ്ടനായിരിക്കുന്നതു കണ്ട്
അറച്ചുനില്ക്കാതിരുന്ന നീ ഭാഗ്യവതിയാകുന്നു.
അവിടുത്തെ ഇരിപ്പിടം നിന്ദാർഹവും നിസ്സാരവുമായിരുന്നു;
എന്നാൽ മനുഷ്യപുത്രി എന്ന നിലയിൽ നിനക്കു തെറ്റുപറ്റിയില്ല.
തന്റെ ധാരണയിൽ മഹനീയ ന്യായാസനത്തെ
ദർശിച്ച നീ ഭാഗ്യവതിയാകുന്നു;
നിന്റെ വത്സലമക്കൾക്കുവേണ്ടി നീ ഇരിപ്പിടം തേടി.[173]
നമ്മുടെ രക്ഷകന്റെ പക്കലേക്കു തങ്ങളുടെ മക്കളെ
കൊണ്ടുവരുന്ന അമ്മമാർ നിനക്കു തുല്യരാണ്.

**13.** നമ്മുടെ കർത്താവ് ഭൂമിയിൽ ആയിരിക്കെത്തന്നെ
അവിടുത്തെ ഉന്നതത്തിൽ ദർശിച്ച സ്ത്രീയേ,
നീ ഭാഗ്യവതിയാകുന്നു.
നിന്റെ സ്നേഹം പരമോന്നതമാണ്;
അതു സ്വർഗം തുളച്ചുകയറുകയും
വലത്തുഭാഗത്ത് പുത്രനെ ദർശിക്കുകയും ചെയ്തു.
നിന്റെ നോട്ടം അനുഗ്രഹിക്കപ്പെട്ടതാണ്!
അളവിനതീതമായ പർവതത്തെ അളന്ന
അതിന്റെ പരിധി എത്രയോ വലുതാണ്!
അവന്റെ നിസ്സാരതയിൽ, നിന്റെ വിശ്വാസം
അവന്റെ മഹത്ത്വം ദർശിച്ചു.

**14.** എല്ലാവരുടെയും ന്യായാധിപനെ വിധിക്കാൻ ന്യായാസനത്തിൽ
ഇരുന്ന മനുഷ്യന്റെ ഭാര്യയായ ആ സ്ത്രീയും ഭാഗ്യവതിയത്രേ.
സ്വപ്നങ്ങൾ അവളെ ക്ലേശിപ്പിച്ചു;[174] ദർശനങ്ങൾ കീഴ്മേൽ മറിച്ചു.
സ്വപ്നത്തിൽ ഒരു ദൂതന് അവളോടലിവുതോന്നി.
അവൻ അവളിൽ വിശ്വാസം ദർശിച്ചു; അവൻ അതു വർദ്ധിപ്പിച്ചു.
സ്വജനത്തെ ലജ്ജിപ്പിക്കാൻ പുറജാതികളുടെ പുത്രി ഇടപെട്ടു.
"അവൻ ക്രൂശിക്കപ്പെടട്ടെ" എന്നു ജറുസലേം അട്ടഹസിച്ചു.[175]
"അവിടുത്തെ വെറുതെ വിടണം" എന്ന് അവൾ അപേക്ഷിച്ചു.[176]

---

173. മത്താ. 20:20-28
174. മത്താ. 27:19
175. മത്താ. 27:22f
176. മത്താ. 27:19

www.malankaralibrary.com



**15.** സ്ത്രീയേ, നീയും നിൻെറ ഭർത്താവും ഒരത്ഭുതമാണ്.
തൻെറ ന്യായാസനത്തിൽവച്ച് അവൻ തൻെറ കൈകൾ കഴുകി.
നിദ്രയിൽ നല്ല സ്വപ്നത്തിൻെറ അലകൾ....
നിന്നെ ശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയു ചെയ്തു.
ജാതികൾ കഴുകി ശുദ്ധീകരിക്കപ്പെടുകയും
പവിത്രീകരിക്കപ്പെടുകയും പ്രകാശിതരാകുകയും ചെയ്തു;
എന്നാൽ സ്വജനം ആ രക്തത്താൽ കറുത്തിരുണ്ട് മലിനരായി...
ചെമ്മരിയാട്ടിൻകുട്ടി പ്രകാശം ധരിച്ചു;
എന്നാൽ കോലാട്ടിൻകുട്ടി അന്ധകാരം ധരിച്ചു.

**16.** പുത്രനുമായി ചേർന്ന സഭയേ, ശുദ്ധിമതികളായ സ്ത്രീകളേ,
നിങ്ങളെല്ലാം ഭാഗ്യവതികളാണ്.
സ്ത്രീകൾ ബഹുമാനപൂർവം വിവാഹബന്ധത്തിലേർപ്പെടുവാൻ
പരമപരിശുദ്ധൻ എത്രമാത്രം തിരുമനസ്സായി എന്നത് ഒരത്ഭുതംതന്നെ.
അവിടുത്തെ സമൃദ്ധിയിൽനിന്ന് അവർ സ്വീകരിച്ചു;
അവർ അവിടുത്തേക്കു നൽകുകയും അവനെ പോറ്റുകയും ചെയ്തു.
അവിടുത്തെ ദാനം അവർ അവനു നൽകി അവനെ തൃപ്തിപ്പെടുത്തി.
തൻെറ ഗാഢസൗഹൃദത്തിൻെറ ഒരു ശുദ്ധീകൃതപ്രതീകം
അവിടുന്നു നമുക്കു നൽകി.
അവിടുത്തെ ശുദ്ധതയ്ക്ക് സ്തുതി.

# ഗീതം 27

## സോളമനും ഷേബാരാജ്ഞിയും

അതേ രാഗത്തിലുള്ള പതിനഞ്ചാം ഗീതം.

**1.** സോളമൻ തൻെറ വിജ്ഞാനത്തിൽ കിന്നരങ്ങൾ ഉണ്ടാക്കി.
ഷേബായിലെ രാജ്ഞി അതിൽ അത്ഭുതപ്പെട്ടു.
അവൻ പാപത്തിലേക്കു നയിക്കപ്പെട്ടു എന്നു കേട്ട്
അവൾ അവനെ പുച്ഛരിച്ചു.

www.malankaralibrary.com



തന്റെ ഗീതങ്ങളാൽ അവൻ പിശാചുക്കളെ പ്രീണിപ്പിച്ചു.[177]
ദാവീദിന്റെ വിശ്വസ്തപുത്രൻ തന്നെ എഴുന്നെള്ളുകയും
മഹനീയ കിന്നരങ്ങൾ ഉണ്ടാക്കുകയും ചെയ്തു.
സൃഷ്ടി അവിടുത്തെ വാഗ്ദാനങ്ങളുടെ ശബ്ദം
കേൾക്കുകയും ശ്രദ്ധിക്കുകയും
അതീവസന്തുഷ്ടയാകുകയും ചെയ്തു.

*പ്രതിസ്തോത്രം: എല്ലാവരെയും വിജ്ഞാനികളാക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു*

**2.** സോളമൻ പാപം ചെയ്തു...
വിഗ്രഹാരാധനയാൽ മത്തുപിടിച്ച
ബുദ്ധിയില്ലാത്ത ആത്മാവിന്റെ പക്കലേക്ക് വരുവാൻ
നമ്മുടെ കർത്താവ് തിരുമനസ്സായി.
കാഹളത്തോടും പുല്ലാങ്കുഴലോടും കൈമണിയോടും കൂടിയുള്ള
തന്റെ പാട്ടുകൊണ്ട് പിശാച് ആത്മാവിനെ കുടിപ്പിച്ചു.
ദാവീദിന്റെ പുത്രൻ വന്ന്..... .....

**3.** യഹൂദരും മറ്റുള്ളവരും വിവിധ രീതികളിൽ കിന്നരം ഉപയോഗിച്ചു.
പരിച്ഛേദിതർ തങ്ങൾക്കായി മോശയുടെ കിന്നരം
തെരഞ്ഞെടുത്തു; മറ്റുള്ളവർ ഓരോരുത്തരും തങ്ങളുടേതും.
അശുദ്ധർ നിരവധി വിശിഷ്ടോപകരണങ്ങൾ മോഷ്ടിച്ചെടുത്തു.
കീർത്തനങ്ങൾക്കു തുല്യമായി അവർ അതിനെ കരുതി മർമരിച്ചു.
ദൈവദൂഷണത്തിന്റെ പ്രതീകമായി
തേനീച്ചക്കൂട്ടിൽ തേനീച്ചകളെപ്പോലെ അവൾ മർമരിച്ചു.

**4.** സഭയേ, നീ ഭാഗ്യവതിയാകുന്നു.
നിന്റെ സമൂഹം മൂന്നു മഹനീയ കിന്നരങ്ങൾ കൊണ്ടു പാടുന്നു.
മോശയുടെ കിന്നരവും നമ്മുടെ കർത്താവിന്റെ കിന്നരവും
പ്രകൃതിയുടെ കിന്നരവും നിന്റെ വിരലുകൾ മീട്ടുന്നു.

---

177. 1 രാജാ. 10:12f; 11:1-8; 1 സാമു. 16:14-23

www.malankaralibrary.com



നിൻെറ വിശ്വാസം മൂന്നു കിന്നരങ്ങൾ ഉപയോഗിക്കുന്നു;
കാരണം, മൂന്നു നാമങ്ങൾ നിന്നെ സ്നാനപ്പെടുത്തി.
ഒരു നാമത്തിൽ മാത്രം സ്നാനപ്പെടാനോ
ഒരു കിന്നരംമാത്രം ഉപയോഗിക്കാനോ നിനക്കാവില്ല.

**5.** അവ ഒന്നുപോലെയാണെന്നും ഒന്നിൽ നിന്നാണെന്നും
ഒന്നുവഴിയാണെന്നും വിശ്വസിച്ച ഞാനും
മോശയെ ബഹുമാനിച്ചു; പുത്രനെ ആരാധിച്ചു;
പ്രകൃതി ശുദ്ധമാണെന്ന് ഏറ്റുപറഞ്ഞു.
വിശ്വസ്ത നാമങ്ങളിൽ നീ എന്നെ സ്നാനപ്പെടുത്തി,
നീ എനിക്ക് മഹനീയ കിന്നരങ്ങൾ നൽകുകയും ചെയ്തു.
മണവാളനേ, അവ വഴി നിൻെറ വരവിനു ഞാൻ
യോഗ്യനാക്കപ്പെടുകയും ചെയ്തു.
വെളിപ്പെടുത്തപ്പെട്ട നീ...

**6.** തങ്ങളുടെ കല്ലറകളിൽ നിന്നു പുറത്തുവന്ന പരേതർ
തങ്ങളുടെ ഗിതാറുകളിന്മേൽ മഹത്ത്വം പാടും.
തങ്ങളുടെ രഥങ്ങളിൽ ഉന്നതത്തിലേക്കു പറക്കുന്നവർ
തങ്ങളുടെ കിന്നരങ്ങൾ കൊണ്ട് മഹത്ത്വം പാടും.[178]
മാലാഖമാർ തങ്ങളുടെ കുഴലൂതും.
ദുഷ്ടരുടെ വായ് അടഞ്ഞുപോകും
എൻെറ സ്വരം അടഞ്ഞുപോയതിനാൽ,
നിനക്കുവേണ്ടി ഞാൻ പാടുന്നതിനായി,
നീ എന്നിൽ പാടണമെ.
നിൻെറ ആഗമനത്തിനു സ്തുതി.

178. 1 തെസ്സ. 4:16-17

www.malankaralibrary.com



# ഗീതം 28

## കർതൃപ്രതീകങ്ങൾ - 4

അതേ രാഗത്തിലുള്ള പതിനാറാം ഗീതം.

1. എപ്പോഴെങ്കിലും വിസ്മയത്തെയും അത്ഭുതത്തെയും കുറിച്ച്
പാടുകയും പതിനായിരം തന്ത്രികൾ ഉപയോഗിച്ച് നാദം
പുറപ്പെടുവിക്കുകയും പഴയതും പുതിയതും പ്രകൃതിയോടുകൂടി
വിജ്ഞാനത്തിൽ കലർത്തുകയും ചെയ്തിട്ടുള്ളതാരാണ്?[179]
സ്രഷ്ടാവിന്റെ ഛായ അവയിൽ നിഗൂഢമായിരുന്നു;
അവയ്ക്കുമേൽ നീ തെളിവായി അവനെ ചിത്രീകരിച്ചു.
അവയിൽ നിന്നെല്ലാം, എല്ലാറ്റിന്റെയും നാഥൻ,
എല്ലാറ്റിന്റെയും കർത്താവിന്റെ പുത്രൻ, പ്രത്യക്ഷപ്പെട്ടു.

*പ്രതിസ്തോത്രം: നിന്റെ നിഗൂഢതയ്ക്കു സ്തുതി.*

2. ചിതറിക്കിടന്ന പ്രതീകങ്ങൾ നിന്റെ സൗന്ദര്യാർത്ഥം,
നിയമത്തിൽ നിന്ന് നീ ഒന്നിച്ചുകൂട്ടി.
നിന്റെ സുവിശേഷത്തിൽ നീ മാതൃകകളും സ്ഥാപിച്ചു.
പ്രകൃതിയിൽനിന്ന് ശക്തികളും അടയാളങ്ങളും നീ എടുത്തു.
നിന്റെ ചിത്രീകരണത്തിന് നീ ചായങ്ങൾ കലർത്തി.
നീ നിന്നെത്തന്നെ നിരീക്ഷിക്കുകയും
നിന്നെത്തന്നെ ചിത്രീകരിക്കുകയും ചെയ്തു.
തന്റെ പിതാവിനെയും തന്നിൽ വരച്ചുകാട്ടിയ ചിത്രകാരൻ!
രണ്ടുപേരും പരസ്പരം വരച്ചുകാട്ടുന്നു.

3. നിനക്കു തുല്യരല്ലെങ്കിലും, സൃഷ്ടിക്കപ്പെട്ട പ്രവാചകന്മാരും,
രാജാക്കന്മാരും, പുരോഹിതന്മാരും നിന്നെ വരച്ചുകാട്ടി.
സൃഷ്ടിക്കപ്പെട്ട ദാസന്മാർ അതിനു മതിയായവരല്ല,

---

179. പഴയനിയമം (തോറാ), പുതിയനിയമം, പ്രകൃതി.

www.malankaralibrary.com



കാരണം, നിന്നെ ചിത്രീകരിക്കാൻ നിനക്കു മാത്രമേ കഴിയൂ.
നിൻെറ ചിത്രം പൂർണമായി വരച്ചുകഴിഞ്ഞു.
നിൻെറ എഴുന്നെള്ളത്താൽ നീ അതിനെ പരിപൂർണമാക്കി.
എല്ലാ നിറത്തിലും പ്രശോഭിക്കുന്ന ചായങ്ങളുടെ ശക്തിയാൽ
ചിത്രവേലകൾ വിഴുങ്ങപ്പെട്ടു.

4. താല്ക്കാലിക കുഞ്ഞാടിൻെറ ചിത്രം മങ്ങിപ്പോയി.
സത്യകുഞ്ഞാടിൻെറ മഹത്ത്വം ശോഭായമാനമാണ്.
വടിയുടെ ചിത്രീകരണവും വളരെ ബലഹീനമാണ്.
...പ്രകാശകുരിശ് ...നാട്ടി നിർത്തിയ സർപ്പം.
മരുഭൂമിയിൽ അത് ക്രൂശിതശരീരത്തെ ചിത്രീകരിച്ചു.[180]
കടന്നുപോകാത്ത സത്യത്താൽ
താല്ക്കാലിക പ്രതീകങ്ങൾ പൂർണമാക്കപ്പെടുകയും
വിഴുങ്ങപ്പെടുകയും ചെയ്തു.

5. നിന്നിൽ നിന്നുള്ള പുലരിയും നിന്നിൽനിന്നുള്ള ഉദയവും
നിയന്ത്രിക്കപ്പെടുകയും വിഴുങ്ങപ്പെടുകയും ചെയ്തു.......
നിൻെറ ആഗമനത്തിൻെറ പ്രഭയാൽ, നിഴലുകൾ പ്രകാശിതമായി.
പ്രതീകങ്ങൾ അവസാനിച്ചു; എന്നാൽ സൂചിതങ്ങൾ നിലനിന്നു.
നിൻെറ കിരണങ്ങളാൽ പ്രതീകങ്ങളുടെ നൈമിഷികപ്രകാശം
വിഴുങ്ങപ്പെട്ടു. നിൻെറ പ്രതീകങ്ങൾ കടന്നുപോയി;
എന്നാൽ നിൻെറ പ്രവാചകന്മാർ കടന്നുപോയില്ല.
പ്രവാചകന്മാരെ ഗ്രഹിക്കുന്നതിൽ ജനത്തിനു തെറ്റുപറ്റി.
നീ, നീ അല്ലായിരുന്നു എന്ന് അവർ കരുതി.

6. കർത്താവേ, ഒരു പ്രതീകം ഉണ്ടാക്കാൻ നിനക്ക് എളുപ്പമാണ്;
തിരുലിഖിതത്തിനുപോലും ഒരു ഛായയും പലകയും[181] ഉണ്ട്.
രാജാവ് തൻെറ പ്രദേശത്തേക്കു വരുമ്പോൾ
രാജാവിൻെറ പ്രതിരൂപങ്ങൾ നീങ്ങിപ്പോകുന്നില്ല.

---

180. സംഖ്യ 21:8-9; തെർത്തുല്യൻ, മാർസ്യനെതിരെ, 2:22; 3:18. വിഗ്രഹാരാധന, 5.

181. കുർബാനയെപ്പറ്റിയുള്ള പരാമർശമാകാം. ദപ്പാ=മേശ, പലക, അനുസ്മരണത്താൾ, തടികൊണ്ടുള്ള ബലിപീഠം, ബലിപീഠത്തിൽ വയ്ക്കുന്ന ചെറിയ പലകക്കഷണം (തബലീതാ).

www.malankaralibrary.com



രാജാക്കന്മാരെ വധിക്കുന്ന രാജാക്കന്മാർ
അവരുടെ പ്രതിരൂപങ്ങളും നിർമാർജനം ചെയ്ത് നശിപ്പിക്കുന്നു.
നമ്മുടെ രാജാവ് മഹോന്നതനാകയാൽ,
അവിടുത്തെ പ്രതിച്ഛായകൾ അവിടുത്തെ ആലയങ്ങളിലാണ്;
അവ തൻെറ സമ്പാദ്യങ്ങളുടെ ഇടയിലാണ്.

**7.** രാജകുമാരനെ നിയമജ്ഞർ കൊന്നു.
......മറ്റൊരു രാജാവ്
എന്നാൽ, മറ്റൊരു രാജാവിനെ വാഴിക്കാൻ അവർക്കു കഴിഞ്ഞില്ല.
അവർക്കാഗ്രഹം ഉണ്ടായിരുന്നെങ്കിലും
അവിടുത്തെ രാജാവാക്കാൻ അവർക്കു കഴിഞ്ഞില്ല.[182]
അവിടുന്ന് അത് അനുവദിച്ചില്ല എന്ന്
അവർ അറിഞ്ഞിരുന്നെങ്കിൽ!
മൂകമായിരുന്ന നമ്മുടെ കുഞ്ഞാടിൻെറ ആവശ്യം
എത്ര കഠിനമായിരുന്നു!
അവിടുന്നു കൊല്ലപ്പെട്ടെങ്കിലും
സഹായത്തിനായി നിലവിളിച്ചില്ല.[183]

**8.** ദിവ്യകല്പന കൂടാതെ അവർ ഒരു രാജാവിനെ തേടി.[184]
ബലപ്രയോഗത്താൽ ദൈവത്തെ ആനയിക്കാൻ അവർ ആഗ്രഹിച്ചു.
എത്രയോ പ്രാവശ്യം അവർ രാജാക്കന്മാരെ കൊല്ലുകയും
മറ്റുള്ളവരെ വാഴിക്കുകയും,
അവർക്കുശേഷം വേറെ ആളുകളെ വാഴിക്കുകയും ചെയ്തു.
ഏഴുദിവസത്തിനിടയിൽ അവർ രണ്ടു രാജാക്കന്മാരെ കൊന്നു.
മറ്റൊരു രാജാവിനെ വാഴിക്കാതെ ദീർഘനാൾ കഴിഞ്ഞുകൂടി.
"അവൻ കൊല്ലപ്പെട്ടു; ജനത്തിന് വീണ്ടും മറ്റൊരു രാജാവില്ല"
എന്ന്, ഇതാ, ദാനിയേൽ പഠിപ്പിച്ചു.[185]

**9.** ജസബേലിൻെറ വാൾ പ്രവാചകന്മാരെ അറിഞ്ഞുവീഴ്ത്തി.[186]
യേഹുവിൻെറ വാൾ അവളുടെ മക്കളെ വെട്ടിനുറുക്കി.[187]

---

182. യോഹ. 6:15
183. ഏശാ. 53:7
184. 1 സാമു. 10:19
185. 9:26
186. 1 രാജാ. 18:4
187. 2 രാജാ. 10:7-11

www.malankaralibrary.com



കർത്തൃപ്രവാചകർ കൊല്ലപ്പെടുകയും
തിരസ്ക്കരിക്കപ്പെടുകയും ചെയ്തു;
എന്നാൽ രാജകുമാരന്മാർ വെട്ടിനുറുക്കപ്പെടുകയും
കുന്നുകൂട്ടി ഇടപ്പെടുകയും ചെയ്തു.
നിരനിരയായി വന്നു; അത് അവസാനിച്ചില്ല.
രാജാക്കന്മാർ ജനിപ്പിക്കപ്പെട്ടു; അവരും കുറഞ്ഞുപോയില്ല.
നമ്മുടെ ഉറവയെ കുരിശിൽ തറച്ചവരുടെ ഉറവിടം വറ്റിപ്പോയി.
എന്തൊരു നിന്ദ്യമായ കാഴ്ച!

**10.** രാജാവ് ഒരു പ്രദേശത്തു കടന്നുവരുമ്പോൾ;
തന്നെ പ്രതിനിധീകരിച്ച പ്രതിഛായകൾ
വെറും നിഴലുകളായിരുന്നതിനാൽ
അവിടെ തൻെറ പുതിയൊരു പ്രതിഛായ സ്ഥാപിക്കുന്നു.
അവൻെറ ജീവിതം അവസാനിക്കുന്നു;
എന്നാൽ അവൻെറ പ്രതിഛായകൾ നിലനില്ക്കുന്നു.
അവൻെറ ബഹുമാനാർത്ഥം ഒരു പ്രതിഛായ നിർമ്മിക്കുന്നു.
പ്രവാചകന്മാർ നിലനിലക്കുന്നു,
അവിടുത്തെ പ്രതിഛായകൾ നീങ്ങിപ്പോകുന്നില്ല.
എല്ലാ മുൻകുറികളിലും ചിത്രീകരിക്കപ്പെട്ടവൻെറ
ബഹുമാനാർത്ഥം പരിശുദ്ധാത്മാവ്
പ്രതിഛായ കൊത്തിയുണ്ടാക്കുന്നു.

**11.** അവിടുന്ന് മഹനീയവും വ്യതിയാനരഹിതവുമായ സ്വഭാവമാണ്;
എന്നാൽ തൻെറ സ്നേഹത്താൽ, മാറ്റത്തിനു വിധേയനായി.
അവിടുന്ന് നിറക്കൂട്ടുകൾ ധരിച്ചു; എല്ലാ പ്രതീകങ്ങളും
അടയാളങ്ങളും മുൻകുറികളും ജീവിതാവസ്ഥകളും സ്വീകരിച്ചു.
കുരിശിൽ തറച്ചവർ അവിടുത്തെ കണ്ട്, അവമാനിച്ചു.
കളകൾ അവിടുത്തെ കണ്ട് അന്യനാക്കി.[188]
സഭ അവിടുത്തെ കണ്ട്, അവിടുത്തെ സ്വഭാവം അറിഞ്ഞ്,
അവിടുത്തെ മാറ്റത്തെ ആരാധിക്കുന്നു.

---

188. മാർസ്യനീത്തരെപ്പറ്റിയാണ് പരാമർശം.

www.malankaralibrary.com



**12.** തന്റെ സ്വന്തം വാക്കുകളെ സ്വന്തമായിത്തന്നെ
ഖണ്ഡിക്കുന്ന ഒരു പ്രബോധനത്തെ
ദൈവം ദർശിക്കുകയും അവമാനിക്കുകയും ചെയ്തു.
*നന്മയെ* അത് *അന്യം* എന്നു വിളിക്കുന്നു.
അവിടുത്തെ സൃഷ്ടികൾക്ക് എതിരായി എടുക്കേണ്ട ഒരു നാമം!
നമുക്കായി മാർസിയൻ പടച്ചുവച്ച വീക്ഷണങ്ങൾ!
അവൻ നീതിയും നന്മയും തിന്മയും ഒക്കെ നിരാകരിക്കുന്നു!
നിന്റെ ലിഖിതങ്ങൾ അവനെ മൗനിയാക്കട്ടെ;
കാരണം, *അന്യന്റെ* പേരുകളൊന്നും നിന്റെ ഗ്രന്ഥത്തിലില്ല.

**13.** അവിടുത്തേക്ക് അന്യനാമങ്ങൾ ഒന്നുമില്ലെങ്കിൽ,
അന്യനായിരിക്കാനുള്ള പ്രചോദനവും അവിടുത്തേക്കില്ല.
അവിടുത്തെ സത്തയ്ക്ക് ഒരു നാമവും ഇല്ലെങ്കിൽ,
അവിടുത്തേക്കു സ്വന്തമായി ഒരു സ്വഭാവവും കാണുകയില്ല.
നമ്മുടെ കർത്താവിന് ഒരു നാമവും ഒരു സ്വഭാവവും ഉണ്ട്.
അവിടുത്തെ നാമം അവിടുത്തെ സുകൃതത്തെ സൂചിപ്പിക്കുന്നു;
തന്റെ വാക്കിൽ നീതിമാൻ; തന്റെ ദാനങ്ങളിൽ ദൈവം;
തന്റെ നേട്ടങ്ങളിൽ കർത്താവ്.

**14.** എല്ലാറ്റിലും ലഘുവായത് നാമമാണ്.
എന്നാൽ.....
... ...
ആരാധന അർഹിക്കുന്ന,
നമ്മുടെ കർത്താവിന്റെ പ്രവൃത്തികളും നാമങ്ങളും...
നമ്മുടെ ദൈവത്തിന്റെ നാമത്തെ
അവശ്യാവശ്യം ആശ്രയിക്കുന്നു.....

www.malankaralibrary.com



# ഗീതം 29

## കർതൃപ്രതീകങ്ങൾ - 5

അതേ രാഗത്തിലുള്ള പതിനേഴാം ഗീതം.

**1.** അത്യുന്നതൻെറ വചനം താഴേക്കിറങ്ങിവന്ന്
കൈകളുള്ള ഒരു ബലഹീന ശരീരം ധരിച്ചു.
തൻെറ വലത്തുകൈയിലും ഇടത്തുകൈയിലും
അവിടുന്ന് ഓരോ കിന്നരം എടുത്തു.
അവയ്ക്കു സാക്ഷ്യമായി മൂന്നാമതൊരെണ്ണം
അവിടുന്ന് തൻെറ മുമ്പിൽതന്നെ വച്ചു;
കാരണം, തങ്ങളുടെ കർത്താവാണ് അവ വായിക്കുന്നതെന്ന്
മധ്യത്തിലുള്ള കിന്നരം പഠിപ്പിച്ചു.

*പ്രതിസ്തോത്രം: നിൻെറ വിജ്ഞാനത്തിനു സ്തുതി.*

**2.** അവിടുന്ന് കിന്നരം പാടി;
മൂന്നാമത്തേത് അതുമായി യോജിച്ചുപോകുന്നതായിരുന്നു;
മറ്റു രണ്ടിനേയും അത് പൂർണമാക്കി.
അവിടുന്ന് ലാസറിനെ ഉണർത്തി ജീവിപ്പിച്ചപ്പോൾ,[189]
അവൻെറ നേരത്തെയുള്ള സ്വഭാവം മാറിയില്ല.
അതൊരപൂർണ സ്വഭാവം ആയിരുന്നെങ്കിൽ,
എന്തുകൊണ്ട് അതിനെ പൂർണമാക്കി എഴുന്നേൽപ്പിച്ചില്ല?
ജീർണിച്ച് നശിച്ചുപോയതിനെ പുനരുദ്ധരിച്ച്
പൂർണതയിലാക്കുക വളരെ നിസ്സാരകാര്യമായിരുന്നു.

**3.** അതുകൊണ്ട്, ഇവിടെയും, മരിച്ചവനെ ജീവിപ്പിച്ച "*അന്യൻ*"[190]
സ്രഷ്ടാവിനെപ്പോലെയായിരുന്നു.

---

189. യോഹ.11

190. മാർസ്യൻ, യേശുവിൻെറ പിതാവിനുപയോഗിച്ച പദമാണ് 'അന്യൻ'.

www.malankaralibrary.com



അവിടുന്നു പോരാട്ടം നടത്താതിരിക്കുകയും
ജീവൻ മാറ്റാതിരിക്കുകയും ചെയ്യുക മതിയായിരുന്നു;
എന്നാൽ ജീവൻ പ്രാപിച്ചവനെ അവിടുന്നു മാറ്റി.
അവനു ജീവൻ കൊടുത്ത ഒറ്റക്കാര്യത്താൽ
മൂന്നു സംഗതികൾ അവിടുന്നു നമ്മെ പഠിപ്പിച്ചു:
സ്രഷ്ടാവിനെപ്പറ്റി, അവിടുത്തെ ദാസനെപ്പറ്റി....
...

4. അതുകൊണ്ട്, നമ്മുടെ രക്ഷകൻ
മോശയുടെ പഴയ കിന്നരം ഉപയോഗിക്കുകയും
അതിൻെറ പ്രതീകങ്ങൾ വ്യക്തമാക്കുകയും ചെയ്തു.
.........

5. ഞങ്ങളുടെ രക്ഷകാ, താല്ക്കാലിക കിന്നരം, സത്യകിന്നരം
എന്നിങ്ങനെ രണ്ടു കിന്നരങ്ങൾ നിൻെറ കൈകളിലുണ്ട്.
......
അവിടുന്ന് പഴയതും പുതിയതും പാടി.[191]
എങ്ങനെയാണ് പ്രതീകാത്മക വായ്കൾക്ക്
എല്ലാത്തരത്തിലുമുള്ള അത്ഭുതാവഹമായ രുചികളും
വേർതിരിച്ചറിയാൻ കഴിയുന്നത്?
സഹായശബ്ദം രോഗഗ്രസ്തരെ കുറ്റപ്പെടുത്തി;
ആരോഗ്യമുള്ളവരെ വളരെ സന്തുഷ്ടരാക്കി.

6. എന്നാൽ മനുഷ്യരെ സൃഷ്ടിച്ചതിൽ കർത്താവ് ദുഃഖിച്ചു എന്ന്
മോശയുടെ കിന്നരം പാടി.[192]
ഇടത്തുവശത്തെ മക്കൾ ഇതു കേട്ട് അസ്വസ്ഥരായി.
അവിടുത്തെ സ്വഭാവം ദുഃഖത്തിനു വിധേയമാണെന്ന്
അവർ അനുമാനിച്ചു
അതുപോലെ, തന്നിൽനിന്നു കാസാ കടന്നുപോകട്ടെ എന്ന്
നമ്മുടെ രക്ഷകനും വീണമീട്ടി.[193]

---

191. പഴയനിയമവും പുതിയനിയവും.
192. ഉല്പ. 6:7
193. മർക്കോ. 14:36

www.malankaralibrary.com



നേരത്തെ ആ കാസായിൽ അവിടുന്നു സന്തുഷ്ടനായിരുന്നു:
"അത് നിന്നിൽനിന്ന് അകന്നുപോകട്ടെ" എന്നു പറഞ്ഞ
ശെമഓനെ അവിടുന്ന് ഒരു ദുഷ്ടനാമത്തിൽ പൊതിഞ്ഞു.[194]

**7.** "ദൈവം ബലികൾ ഇഷ്ടപ്പെടുന്നു" എന്ന്
മോശ കിന്നരം പാടി. [195]
"പുത്രൻ പിതാവിനൊരു ബലിയാണ്" എന്ന്
ശ്ലീഹന്മാർ അവിടുത്തേപ്പറ്റി പാടി.[196]
.....

**8.** ...

**9.** ഒന്ന് സംസാരശക്തിയുള്ളതും, മറ്റൊന്നു മൂകവും ആയ
രണ്ട് കിന്നരങ്ങളെ ആര് കണ്ടിട്ടുണ്ട്?[197]
എന്നാൽ ഒന്നിന്റെ നിശ്ശബ്ദത, അതിന്റെ പ്രസംഗം,
ബൗദ്ധികജീവികൾ കേട്ടില്ല.
കാരണം, മൂകമായിരുന്നത് പ്രവൃത്തിയിലൂടെ പ്രേരിപ്പിച്ചു;
സംസാരശക്തിയുള്ളത് ശബ്ദത്തിലൂടെയും.
വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവ രണ്ടും
എല്ലാറ്റിന്റെയും കർത്താവിനെ പ്രഘോഷിച്ചു.

**10.** ............
കുറച്ചുപേർ മാത്രം അവയുടെ ശക്തി മനസ്സിലാക്കി.
കിന്നരം വിവശയായി; ഉപമകളുടെ ശക്തി
ശ്രോതാക്കൾ ഗ്രഹിച്ചില്ല.

**11.** സർപ്പം നിന്ദ്യനാണെന്ന് മോശ രേഖപ്പെടുത്തി;[198]
നമ്മുടെ കർത്താവു വന്ന് അതിനു മുദ്രവച്ചു.[199]
സർപ്പത്തെ വെറുത്തതിനാൽ പ്രകൃതി അതിനോടു യോജിച്ചു;

---

194. മത്താ. 16:22
195. ഉല്പ. 8:21
196. എഫേ. 5:2
197. ഒന്നാമത്തേത് പഴയനിയമം, രണ്ടാമത്തേത് പ്രകൃതി.
198. ഉല്പ. 3:14
199. ലൂക്കാ. 10:19

www.malankaralibrary.com



മൂന്നു സ്വരങ്ങൾ ഒന്നിനോടൊന്നു യോജിച്ചു.
സ്രഷ്ടാവിന് ഈ ജീവി ശപ്തനായിരുന്നു.
എന്നാൽ നമ്മുടെ രക്ഷകന് പന്നികളും നിന്ദ്യരായിരുന്നു.[200]
എല്ലാറ്റിൽനിന്നും ബഹുമാനം അർഹിക്കുന്നത്
മനുഷ്യർ മാത്രമേയുള്ളു എന്ന്
പ്രകൃതിയും അവയോട് യോജിച്ചു.

**12.** തെറ്റും കിന്നരങ്ങൾ ഉണ്ടാക്കി
നാട്യഭാവത്തിൽ, മനോഹരമായി മിതത്വം പാടി
കടിഞ്ഞാണില്ലാത്ത മനസ്സുള്ളവർ,
ആന്തരിക പ്രചോദനങ്ങളെ കയറൂരി വിട്ടവർ,
അനിയന്ത്രിത ഇന്ദ്രിയങ്ങളാൽ ഭരിക്കപ്പെടുന്നവർ,
അതു കേട്ട് ശിശുക്കളെപ്പോലെ തുള്ളിച്ചാടി.
നിയമത്തിൻെറ സ്വരം അവർക്ക്
കിന്നരത്തിൻെറ മർമരശബ്ദം ആയിത്തീർന്നു.

**13.** വൃദ്ധനായ മോശയ്ക്ക് ഈ കിന്നരം ഉപയോഗിക്കാൻ
മേലിൽ കഴിയില്ല എന്നു ദൈവം കണ്ടു.
അവിടുന്ന് കാലത്തിനു നിരക്കാത്ത വൃദ്ധനെ നീക്കി
വിശ്രമത്തിനായി പറഞ്ഞുവിട്ടു.
അവിടുന്ന് യേശുവിനെ നോക്കി.
അവൻെറ നാമം പുതിയതും
പ്രവാചകന്മാരുടെ മുഴുവനുമായിരുന്നു ...

200. മർക്കോ. 5:13.

www.malankaralibrary.com



# ഗീതം 30

## കർതൃപ്രതീകങ്ങൾ - 6

1. നമ്മുടെ കർത്താവ് മൂന്നു കിന്നരങ്ങൾ ഉപയോഗിച്ച്
പാടുന്നതായി ആരെങ്കിലും കാണുകയും
അവിടുത്തെ പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ടോ?
ശ്രോതാക്കൾ അകന്നുപോകാതിരിക്കാനായി
അവിടുന്ന് അവയെ ഒന്നിച്ചുചേർക്കുന്നു:
അടയാളങ്ങളും, പ്രതീകങ്ങളും മുൻകുറികളും.
പ്രകൃതിയും തിരുലിഖിതവും നമ്മെ ബോധ്യപ്പെടുത്താനാണിത്.
സംശയഗ്രസ്തരെ ലജ്ജിപ്പിക്കാൻ
ഏക സൃഷ്ടിയുമായി രണ്ട് ഉടമ്പടികളെയും അവിടുന്ന് ബന്ധിച്ചു.

*പ്രതിസ്തോത്രം: സർവജ്ഞനു സ്തുതി.*

2. ദാവീദിന്റെ കിന്നരത്തിൽ തന്നെ
ദാവീദിന്റെ പുത്രന്റെ കിന്നരവും ഉണ്ടായിരുന്നു.
അവൻ കിന്നരം ഉപയോഗിച്ച് പാടിയപ്പോൾ
ശൗലിന്റെ വിഷാദം നിറഞ്ഞ കാതുകൾക്ക്
അത് സഹിക്കാനായില്ല.[201]
തന്റെ ഉള്ളിലുള്ള ദുഷ്ടാരൂപിയാൽ അവൻ ദുഃഖപൂർണനായി.
ശൗൽ ദാവീദിനെതിരെ എന്നതുപോലെ
കളകളുടെയും[202] നിയമജ്ഞരുടെയും കാതുകൾ
ദാവീദിന്റെ പുത്രന് എതിരെ അണിനിരന്നു.

3. എല്ലാറ്റിന്റെയും കർത്താവ് വരുന്നെന്ന് അവർ കേട്ടു;
ബലഹീനമനുഷ്യരായതിനാൽ അവർ കുഴങ്ങി.
ആരോഗ്യമുള്ള കാതുകൾക്കായി ആരോഗ്യമുള്ള രാഗങ്ങൾ
എത്രയധികമായി വർദ്ധിച്ചു....

---

201. 1 സാമു. 19:9-10

202. മാർസ്യനീത്തരാണ് കളകൾ.

www.malankaralibrary.com



എന്നാൽ രോഗഗ്രസ്തമായ കാതുകളെ
പഴയതും പുതിയതും അലോസരപ്പെടുത്തി.
അതുകൊണ്ട് നിയമത്തിലെ സർവസംഗതികളും
രക്ഷകന്റെ മിക്കസംഗതികളും ശ്രദ്ധയിൽപെടുത്താതെ
അവ ഉപേക്ഷിച്ചുകളഞ്ഞു.[203]

4. മോശയുടെ സ്വരം ആണ് നിന്നെ ചിതറിക്കുന്നതെങ്കിൽ,
നമ്മുടെ കർത്താവിന്റെ സ്വരം നിന്നെ കൂട്ടിച്ചേർക്കും.
എന്നാൽ രണ്ടുസ്വരങ്ങളും നിന്നെ അലോസരപ്പെടുത്തുന്നെങ്കിൽ,
അവയുമായി ബന്ധിതമായ പ്രകൃതി സാക്ഷ്യം നൽകും:
കടൽ, കാറ്റ്, കീഴടക്കപ്പെട്ട മരണം, വർദ്ധിപ്പിച്ച അപ്പം-
അതു ഭക്ഷിച്ചവരെ അത് ബോധ്യപ്പെടുത്തി.[204]
എല്ലാവരെയും വിധിക്കുന്നവനെ അന്യനാക്കുന്ന
സംശയാലുക്കൾ പൂഴിമണ്ണ്
തങ്ങളുടെ അപ്പമാക്കുന്നതിനുവേണ്ടിയാണിത്.

5. അനുസരിച്ച മഹാ സമുദ്രത്തെക്കാൾ
കൂടുതൽ പ്രയാസമുള്ളവരല്ല സ്വതന്ത്രരായ മനുഷ്യർ.
കപ്പലുകൾക്കും യാത്രക്കാർക്കുമെതിരെ വായ് പിളർന്ന
കടലിനെ ഒറ്റ വാക്കുകൊണ്ട് അവിടുന്നു ശാന്തമാക്കി.
പ്രകൃതിയിൽ ഉൾപ്പെട്ട കടലിനെ അവിടുന്നു നിർബന്ധിച്ചു.
എന്നാൽ ഇച്ഛാശക്തിയുള്ള തലമുറയെ നിർബന്ധിച്ചില്ല.
ഇവ രണ്ടുകൊണ്ടും അവിടുന്ന് സ്വാതന്ത്ര്യവും ബലപ്രയോഗവും
ഇച്ഛയും പ്രകൃതിയും ചൂണ്ടിക്കാട്ടി.

6. കല്പിക്കപ്പെടുന്നവയുടെ പ്രകൃതി അനുസരിക്കാനുള്ളതാണെന്ന്
കല്പിക്കുന്ന ശക്തി കാണിക്കുന്നു.
പോരാടുന്നവ പൂർണമായും സ്വതന്ത്രമായി പ്രവർത്തിക്കുന്നെന്ന്
പോരാട്ടം പഠിപ്പിക്കുന്നു.
അവിടുന്ന് പന്നിക്കൂട്ടങ്ങളെ നിർബന്ധിച്ചയച്ചു;[205]

---

203. മാർസ്യനീത്തർ പഴയനിയമം പാടെ തള്ളിക്കളഞ്ഞു; പുതിയനിയമത്തിലെ മിക്ക സംഗതികളും വലിച്ചെറിഞ്ഞു.

204. മർക്കോ. 6:30-52

205. മർക്കോ. 5:8-13

www.malankaralibrary.com



എന്നാൽ പഠിക്കാനായി സ്വാതന്ത്ര്യത്തെ നിർബന്ധിച്ചില്ല.
അവിടുന്നു മനുഷ്യരെ എത്രയധികം സ്നേഹിക്കുന്നുവെന്ന്
പിശാചുക്കളെകൊണ്ടും പന്നികളെകൊണ്ടും നമ്മെ പഠിപ്പിച്ചു.

**7.** ലെഗിയോൻ അപേക്ഷിച്ചതുപോലെ, ആ പന്നിക്കൂട്ടത്തിൽ
അവമാനിക്കപ്പെടുവാൻ അവിടുന്ന് അനുവദിച്ചു.
നമ്മുടെ വംശത്തെ അവിടുന്ന് ശ്രേഷ്ഠമാക്കി.
യോഹന്നാനിൽ അവിടുന്നു നമ്മെ ആലിംഗനം ചെയ്യുകയും
തൻെറ മാർവിൽ ചാരിക്കിടത്തുകയും ചെയ്തു.[206]
ദുഷ്ടനു സ്വാതന്ത്ര്യം ഉണ്ടെങ്കിലും,
തൻേറതല്ലാത്ത തരത്തിൽ, അവിടുന്ന് അവനെ നിർബന്ധിച്ചു.
കാരണം, ദുഷിച്ചവൻ തന്നിൽതന്നെ
തൻെറ സ്വതന്ത്ര പ്രവണതകളാൽ നയിക്കപ്പെടുന്നു.

**8.** കടൽകാറ്റിനെക്കാൾ കൂടുതൽ പ്രയാസമുള്ളവളല്ല
താനെന്ന് സിനഗോഗ് പഠിക്കട്ടെ.
കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യത്തെ ശാസിച്ചവൻ,
ആഞ്ഞടിച്ച കൊടുങ്കാറ്റിനെ നിർബന്ധിച്ച് പിടിച്ചുകെട്ടി.[207]
ആ അത്തിമരം പച്ചപിടിച്ചു തഴച്ചുനിന്നു.
നമ്മെ സൗജന്യമായി കാണിക്കാൻ അവിടുന്നതിനെ ശപിച്ചു.[208]
നമ്മുടെ നേർക്കു താൻ ശാന്തനാണെന്ന് പഠിപ്പിക്കാൻ,
കഠിനനായ ന്യായാധിപനെപ്പോലെ അത്തിമരത്തെ നേരിട്ടു.

**9.** അതുകൊണ്ട്, അവിടുന്നു നീതിമാനാണെങ്കിലും
നമ്മോടു കാരുണ്യം ഉള്ളവനാണ്.
യഥാർത്ഥത്തിൽ കർക്കശൻ ആണെങ്കിലും
നമ്മുടെ നേർക്ക് വിനീതനാണ്.
ഈ അത്തിവൃക്ഷത്തെ സംബന്ധിച്ച് കൃപയോടുകൂടിയോ,
നീതിയോടുകൂടിയോ അല്ല അവിടുന്ന് പ്രവർത്തിച്ചത്.
അവിടുന്ന് എന്തുമാത്രം പീഡിപ്പിക്കുന്നു എന്ന്

---

206. യോഹ. 13:25
207. മർക്കോ. 6:45-52
208. മർക്കോ. 11:20-25

www.malankaralibrary.com



പീഡിതർ നിലവിളിക്കട്ടെ ...കൊടുത്തില്ല.
..... തന്നെ ക്രൂശിൽ തറച്ചവരുടെ വൈദ്യൻ.

**10.** ആണികൾ കൊണ്ടു അവർ നിന്നെ തറച്ചു,
എന്നാൽ നീ അവയെ അവരുടെ വേദനകൾക്കുള്ള മരുന്നാക്കി.
അവർ നിന്നെ കുന്തംകൊണ്ടു കുത്തി,
എന്നാൽ നീ അവരുടെ പാപം മായിച്ചുകളയുന്ന വെള്ളം ഒഴുക്കി.[209]
അവരെ ഭയചകിതരാക്കാനും, നിൻെറ രക്തത്തിൽ
അവരുടെ കൈകൾ കഴുകാനും, രക്തവും വെള്ളവും ഒഴുക്കി.
തൻെറ കൊലയാളികൾ ശുദ്ധീകരിക്കപ്പെട്ട് വിശ്രമിക്കുന്നതിന്
കൊല്ലപ്പെട്ടവൻ തൻെറ രക്തത്തിൽ നിന്ന്
അവർക്ക് വെള്ളം കൊടുത്തു.[210]

**11.** മരിക്കുകയും ബന്ധിക്കപ്പെടുകയും ചെയ്തവൻെറ[211]
പുത്രനാണ് നീയും.
അവനെ സജീവപിതാവിൻെറ പുത്രൻ വിമോചിപ്പിച്ചു.
ബന്ധിക്കപ്പെട്ട നല്ലവൻ മോശക്കാരനെ വിമോചിപ്പിച്ചു. ...
ബന്ധിതർ, ബന്ധിക്കപ്പെട്ടവനാൽ വിമോചിതരായി;
ക്രൂശാരോഹിതർ ക്രൂശിക്കപ്പെട്ടവനാൽ രക്ഷിക്കപ്പെട്ടു.
പാപികൾ ശേഖരിച്ച ധാന്യവിളകൾക്ക്
സഹായങ്ങളുടെ അരുവികൾ ഉണ്ടായി.

**12.** നിൻെറ മരണത്തിൻെറ ഫലം ജീവൻെറ തികവാണ്.
നിൻെറ തടവറയിലെ തടവുകാരെ നീ മോചിപ്പിച്ചു.
എൻെറ കർത്താവേ, നിൻെറ ശരീരം നീ ഉരിഞ്ഞുകളഞ്ഞു;
നിനക്കതു നഷ്ടപ്പെട്ടപ്പോൾ
പരേതരുടെ ഇടയിലേക്കു നീ ഇറങ്ങിച്ചെന്ന് അത് അന്വേഷിച്ചു.
നീ നിൻെറ വസ്ത്രം തേടുകയും കണ്ടെത്തുകയും ചെയ്തതിൽ
പാതാളത്തിൽ മരണം അത്ഭുതപ്പെട്ടു.
ഓ, നഷ്ടപ്പെട്ടതിനെ കണ്ടെത്താനായി,
കണ്ടെത്തിയത് നഷ്ടപ്പെടുത്തിയ വിജ്ഞാനി!

---

209. യോഹ. 19:34 210. സ്നാനത്തെപ്പറ്റിയുള്ള പരാമർശം. 211. ആദം

www.malankaralibrary.com



# ഗീതം 31

## കർതൃജനനങ്ങൾ

"സ്തുതി പാടുവാൻ ഞാൻ ഭയപ്പെടുന്നു" എന്ന രാഗത്തിൽ

1. മിശിഹായേ, ശാരീരിക ഉദരത്തിൽ നിന്നു സ്പഷ്ടമായി സംഭവിച്ച
നിൻെറ ജനനത്താൽ നീ സൃഷ്ടിക്കു ജീവൻ നൽകി;
മിശിഹായേ, നിഗൂഢമായ ഉദരത്തിൽനിന്ന് നിത്യമായി പ്രകാശിച്ച
നിൻെറ ജനനത്താൽ നീ ബുദ്ധിയെ വിസ്മയിപ്പിച്ചു.
രണ്ടുതരത്തിൽ നിന്നിൽ ഞാൻ അത്ഭുതപ്പെടുന്നു;
അലഞ്ഞുനടന്നവർ നിന്നിൽ ജീവൻ കണ്ടെത്തി;
എന്നാൽ പരിശോധകർ[212] നിന്നിൽ വഴിതെറ്റിപ്പോയി.

*പ്രതിസ്തോത്രം: എൻെറ കർത്താവേ, നിനക്കും നിൻെറ പിതാവിനും സ്തുതി.*

2. കരുണയുള്ള പിതാവിൻെറ വിശ്വസ്തദാസാ,
തൻെറ കരുണാഭണ്ഡാഗാരത്തിൻെറ താക്കോൽ
നിൻെറ കയ്യിലാണ്. നീ അതു തുറക്കുന്നു;
എല്ലാവരുടെയും കാഴ്ച അകത്തു കടത്തുന്നു.
നീ അതു തുറക്കുന്നു; എല്ലാവർക്കും മോചനം ലഭിക്കുന്നു.
തൻെറ കാഴ്ചവസ്തുക്കൾ നിൻെറ കൈയിൽ തന്നിട്ട്
അതിൻെറ സ്ഥാനത്ത് കരുണ സ്വീകരിക്കുന്നവൻ ഭാഗ്യവാൻ.

3. നിന്നാൽ, അതിപരിശുദ്ധസ്ഥലത്ത്,
അസ്തിത്വം തന്നെ ശുശ്രൂഷിക്കപ്പെടുന്നു.
നീ ബലി അർപ്പിക്കുകയും നൈവേദ്യം ഒഴുക്കുകയും ചെയ്തു.
ഞങ്ങളുടെ ബലിയുടെ ന്യൂനത നിമിത്തം
നീ അതിനെ നിരസിക്കരുതേ.

---

212. ആരിയൻ പാഷണ്ഡികൾ

www.malankaralibrary.com



ഞങ്ങളുടെ പ്രാർത്ഥന ഒരു ബലിയാണ്; കരച്ചിൽ നൈവേദ്യവും.
നിന്റെ കൈയിൽ തന്റെ ബലികൾ മുകളിലേക്ക്
അയയ്ക്കുകയും സുഗന്ധധൂപത്തിന്റെ സൗരഭ്യംകൊണ്ട്
നിന്നെ പ്രസാദിപ്പിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

**4.** ജലസ്നാനത്താൽ പാപങ്ങളെല്ലാം ക്ഷമിക്കുന്ന
ശുദ്ധീകരിക്കുന്ന തളിപ്പ്, ക്ഷമിക്കുന്ന ഈസോപ്പ്!
ലേവ്യരുടെ തളിക്കലുകൾക്കൊന്നും,
തങ്ങളുടെ ബലഹീനമായ ഈസോപ്പുകൊണ്ട്,
ജനത്തിനു മോചനം നൽകാൻ കഴിഞ്ഞില്ല.
കരുണനിറഞ്ഞവൻ തങ്ങളുടെ ഈസോപ്പായിത്തീർന്ന
ജനങ്ങൾ ഭാഗ്യമുള്ളവർ.
തന്റെ കരുണകൊണ്ട് അവിടുന്ന് അവരെ ശുദ്ധീകരിച്ചു.

**5.** അവിടുന്ന് കാമ്യമായ അർപ്പണം ഞങ്ങൾക്കുവേണ്ടി അർപ്പിച്ചു!
പവിത്രീകരിക്കപ്പെട്ട ബലിയായി തന്നെത്തന്നെ അർപ്പിച്ചു!
കാളക്കിടാങ്ങളുടെയും കോലാടുകളുടെയും രക്തം കൊണ്ടുള്ള
നൈവേദ്യം കടന്നുപോയി.
അർപ്പിക്കുന്ന പുരോഹിതനായ അവിടുന്ന് സ്വയം കുഞ്ഞാടായി;
തന്റെ മാധ്യസ്ഥ്യം ധൂപകലശമായിത്തീർന്നവൻ ഭാഗ്യവാൻ.
അത് നിന്നിലൂടെ നിന്റെ പിതാവിന് അർപ്പിക്കപ്പെട്ടു.

**6.** ജനത്തിന്റെ നിയമം ബാഹ്യമായ അഴുക്കുകളെ നീക്കുന്നു.
ജനങ്ങൾക്കുവേണ്ടി അവിടുന്നു തെരഞ്ഞെടുത്ത കൃപ
അവരുടെ കളങ്കങ്ങൾ അവഗണിക്കുന്നു.
കൃപ പാപത്തെ സ്വീകരിക്കുന്നില്ല;
എന്നാൽ കൃപ അനുതാപികളെ സ്വീകരിക്കുന്നു.
കർത്താവേ കറയില്ലാത്ത നിന്റെ സൗന്ദര്യം
ഞങ്ങളുടെ കളങ്കങ്ങളെ സ്വീകരിക്കുന്നില്ല.
നിന്റെ കൈകൊണ്ട് തന്റെ കറകൾ നീക്കി വെടിപ്പാക്കുകയും
പരിപൂർണമായി നിനക്ക് ഇഷ്ടമുള്ളതാക്കി സ്വയം തീർക്കുകയും
ചെയ്യുന്നവൻ ഭാഗ്യവാൻ.

www.malankaralibrary.com



7. ആവശ്യക്കാരുടെ പക്കലേക്കു വന്ന സമൃദ്ധമായ ഭണ്ഡാഗാരം!
ദാഹാർത്തരുടെ പക്കലേക്കൊഴുകിയ വറ്റാത്ത നീരുറവ!
പാവപ്പെട്ടവരുടെ പക്കലേക്കുവന്ന വിജ്ഞാനപ്രദമായ പ്രബോധനം!
സൃഷ്ടിയിൽനിന്ന് തെറ്റിനെ ഓടിച്ച ഓർമ!
മിശിഹായേ, നീ ആരാണെന്നറിയുകയും നിന്നെ സ്വന്തമാക്കുകയും
നീ വിലയ്ക്കുവാങ്ങുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. വെട്ടിമാറ്റപ്പെട്ട പ്രത്യാശ വസിക്കുന്ന നീ അനുഗൃഹീതനാകുന്നു.
ജനതകളുടെ സൗധം പണിയപ്പെട്ട പാറ നീയാകുന്നു.
പതർച്ചവന്ന മനസ്സ് ഏകാഗ്രമാക്കപ്പെട്ട തുലാസ് നീയാകുന്നു.
ബലഹീനരുടെ മുൻപാകെ നില്ക്കുന്ന,
നീതീകരണ മതിൽ നീയാകുന്നു.
എങ്ങനെ, എത്രമാത്രം നീ സ്നേഹിച്ചുവെന്ന് കാണുകയും
അറിയുകയും നിന്നെ ഉപേക്ഷിച്ചതിൽ
കരയുകയും മഞ്ഞളിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

9. വേർതിരിക്കുന്ന, നിരപ്പിന്റെ കവാടം!
ഈ ലോകത്തിൽ എല്ലാവരും ഇതിലൂടെ സത്യത്തിലേക്കു കടക്കുന്നു;
എന്നാൽ മറ്റേ ലോകത്തിൽ ഇത് വേർതിരിക്കുകയും
ജീവനിലേക്കു കടത്തുകയും ചെയ്യുന്നു.
ഈ ലോകത്തിൽ അവിടുത്തെ കാരുണ്യം തുല്യമാകുന്നു;
മറ്റതിൽ തന്റെ ന്യായവിധിയാൽ അവിടുന്ന് വേർതിരിക്കും.
ഓരോ നിമിഷം അവിടുത്തെ പുറംതള്ളലിനെപ്പറ്റി ഓർക്കുകയും
യാത്രാഭക്ഷണം വർദ്ധിപ്പിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

10. സ്വന്തജനത്തിന്റെ സാന്നിധ്യത്തിൽ ജനതകളെ സ്വീകരിക്കാത്ത,
കുറ്റപ്പെടുത്തുന്ന തീച്ചൂള പരിശോധിക്കുകയും, പരീക്ഷിക്കുകയും
വേർതിരിക്കുകയും ചെയ്യുന്നു. സ്വജനം വഞ്ചന കാട്ടി.
അതു വെളിവാക്കപ്പെടുകയും നിരസിക്കപ്പെടുകയും ചെയ്തു.
ജനതകളുടെ സത്യം കടന്നുവന്നു;
അതു വിശ്വസിക്കപ്പെടുകയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.
തന്റെതന്നെ വിധിയാളനായി തീർന്നവൻ ഭാഗ്യവാനാകുന്നു.
നിന്നിൽ അവൻ തന്നെത്തന്നെ കുറ്റപ്പെടുത്തി.

www.malankaralibrary.com



**11.** കീഴമർത്തപ്പെട്ട സ്വതന്ത്രരെ സ്വതന്ത്രരാക്കിയ നുകം
ഒരു നിഗൂഢസേവനം അനുഷ്ഠിക്കുമ്പോൾ മരിച്ചുപോയി.
നുകം പരസ്യസേവനം ചെയ്യുന്നത് അവർ വെറുത്തു.
അവർ തങ്ങളുടെ സ്വാതന്ത്ര്യം വിറ്റു;
അവർ തങ്ങളുടെ സേവനവും വിറ്റു.
നിന്റെ സഹായത്താൽ തന്റെ തടവറ എത്തിപ്പിടിക്കുകയും
നിന്നാൽ തന്റെ തടവറയെ തടവിലാക്കുകയും ചെയ്തവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

**12.** ജനതകൾക്കുവേണ്ടി സ്ഥാപിതമായ തിളങ്ങുന്ന കണ്ണാടി!
അവർ ഒരു നിഗൂഢനയനം സമ്പാദിച്ചു;
അതിനെ സമീപിക്കുകയും ധ്യാനിക്കുകയും ചെയ്തു.
തങ്ങളുടെ വെറുപ്പ് അവർ കണ്ടു;
അവർ തങ്ങളെത്തന്നെ കുറ്റപ്പെടുത്തി.
തങ്ങളുടെ തെറ്റുകൾ അവർ അതിൽ രേഖപ്പെടുത്തി.
തങ്ങളുടെ ആഭരണങ്ങൾ അവർ അതിൽ മിനുക്കി.
നിന്റെ സൗന്ദര്യത്താൽ തന്റെ വിദ്വേഷത്തെ നീക്കുകയും
നിന്റെ ഛായയെ തന്നിൽ പതിക്കുകയും ചെയ്തവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

**13.** മുന്തിരിത്തോപ്പിൽ മഹത്ത്വീകരിക്കപ്പെട്ട കരുണയുടെ മുന്തിരിക്കുല!
അധ്വാനിക്കാതെ ഫലം ശേഖരിച്ചവൻ!
അവിടുത്തേക്ക് കയ്പ് കൊടുത്തവനുമായി തന്റെ മാധുര്യം
അവിടുന്നു പങ്കിട്ടു. അവിടുന്ന് ചവിട്ടി മെതിക്കപ്പെട്ടു;
എന്നാൽ അവിടുന്ന് ജനതകൾക്ക് ജീവന്റെ ഔഷധം നൽകി.
തന്റെ മിതമായ മുന്തിരിയിൽനിന്ന് കുടിക്കാൻ കൊടുക്കുകയും
രഹസ്യത്തിൽ നിന്ദിക്കപ്പെടാതിരിക്കുകയും ചെയ്തവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

**14.** നിന്ദ്യമായ കളകളുടെ ഇടയിൽ വളർന്ന മനോഹരമായ വടി
വിശക്കുന്നവർക്ക് അധ്വാനം കൂടാതെ ജീവന്റെ അപ്പം കൊടുത്തു.
വേദനകളുടെയും മുള്ളുകളുടെയും അപ്പം വിയർപ്പോടുകൂടി
ഭക്ഷിക്കാനുള്ള ശാപം, ആദത്തിൽ അവിടുത്തെ തടവിലാക്കിയ

www.malankaralibrary.com



ശാപം, അവിടുന്നു നീക്കി.
അവിടുത്തെ സൗഭാഗ്യകരമായ അപ്പം ഭക്ഷിക്കുകയും തന്നിൽ
നിന്ന് ശാപം നീങ്ങാൻ ഇടയാകുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

**15.** അലറുന്ന കടലിനെ കീഴടക്കിയ വിദഗ്ദ്ധനായ നാവികൻ!
നിൻെറ മഹനീയമായ മരം ഒരടയാളമാണ്;
അത് ജീവൻെറ ചുക്കാനായിത്തീർന്നു
നിൻെറ കാരുണ്യത്തിൻെറ കാറ്റടിച്ചു;
അലറുന്ന കടലിൽ നിന്ന് സമാധാന തുറമുഖത്തേക്ക്
കപ്പലുകൾ നേരേ പുറപ്പെട്ടു.
തൻെറ ആത്മാവിനുവേണ്ടി നാവികനായി തീരുകയും
തൻെറ നിക്ഷേപം സംരക്ഷിച്ച് കരയിൽ എത്തിക്കുകയും
ചെയ്തവൻ ഭാഗ്യവാനാകുന്നു.

**16.** തൻെറ കരുണയിൽ കരുണാനിധി ചെയ്ത
മറ്റെല്ലാ സംഗതികളും വിവരിക്കാനിരിക്കുന്നതേയുള്ളു.
ഓരോ ദിവസവും അവിടുന്ന് നമുക്കുവേണ്ടി ചെയ്യുന്നത്
നമുക്കു കാണാം!
നാവിന് എത്രമാത്രം രുചികൾ!
നയനങ്ങൾക്ക് എത്രമാത്രം സൗന്ദര്യം!
കാതുകൾക്ക് എത്രമാത്രം സ്വരങ്ങൾ!
മൂക്കുകൾക്ക് എത്രമാത്രം മണങ്ങൾ!
ഈ നിസ്സാരകാര്യങ്ങളിലെ നന്മകൾ താരതമ്യപ്പെടുത്താൻ
ആരേക്കൊണ്ട് സാധിക്കും?

**17.** ഒരു ദിവസം ആയിരക്കണക്കിന് പ്രതിഫലം നൽകാൻ
ആരേക്കൊണ്ടു സാധിക്കും?
ഒരാൾ എത്ര വാചാലനായാലും ഓരോ നാഴികയിലും വാക്കുകൾ
കൊണ്ടും സ്വരങ്ങൾകൊണ്ടും വലിയ പ്രതിഫലം നൽകാൻ
അവനെക്കൊണ്ടാവില്ല.
വഞ്ചിക്കപ്പെട്ട മഹനീയൻ!
അനുദിനം വഞ്ചിക്കപ്പെടുന്നെങ്കിലും,
നന്മ ചെയ്യുന്നതിൽ നിന്ന് അവിടുന്ന് പിന്മാറുന്നില്ല.

www.malankaralibrary.com



# ഗീതം 32

## നസ്രത്ത് - 2

"സ്വർഗീയ സമൂഹം" എന്ന രാഗത്തിൽ

1. നിന്റെ ജനനത്തിന് യോഗ്യയായിതീർന്നതിനാൽ
നസ്രത്ത് നിനക്കു നന്ദി പറയുന്നു.
ഓ, നസ്രായനേ, അവൾ നിന്റെ ശൈശവത്തിന്
ഒരു കിരീടം സമ്മാനിക്കുന്നു;
നിന്റെ നിഗൂഢതയ്ക്ക് അവൾ മറ്റൊരു കിരീടവും സമ്മാനിക്കുന്നു.
ഉദരത്തിലെ നിന്റെ ഗർഭധാരണത്തിലൂടെ
നിന്നെ രൂപീകരിച്ച നാമവും ശരീരവും എന്ന
ശുദ്ധമായി നെയ്തെടുത്ത നിന്റെ വസ്ത്രത്തെപ്പറ്റിയും
ആകർഷകമായി വാർത്തെടുത്ത നിന്റെ കിരീടത്തെപ്പറ്റിയും
അവൾക്കാദ്യമായി അവബോധം ഉണ്ടായി.[213]

*പ്രതിസ്തോത്രം: ഞങ്ങളുടെ കർത്താവേ, നിന്റെ ആഗമനദിവസം, നീതിമാന്മാരോടുകൂടെ നിനക്കു സ്തുതി കരേറ്റുവാൻ എന്നെ യോഗ്യനാക്കണമെ.*

2. ഓ, വൃദ്ധനായ മഹാപുരോഹിതൻ
നിന്റെ ശക്തിയെ വഹിക്കാൻ നിയമിതനായി.[214]
തന്നെ എടുക്കുന്നവർക്കു തുല്യനാകുന്ന എടുക്കപ്പെട്ട വാഹകൻ!
വൃദ്ധകരങ്ങളെ അലങ്കരിക്കുന്ന പൈതലേ,
എന്റെ കർത്താവേ, നിന്റെ അപ്പത്തിൽ നിന്നെ ഉയർത്തുവാൻ

213. മിശിഹായുടെ ദൈവത്വത്തെയും മനുഷ്യത്വത്തെയും പറ്റിയുള്ള പ്രതിപാദനം: ശൈശവം, ശരീരം, വസ്ത്രം എന്നിവ മനുഷ്യത്വത്തെയും, നിഗൂഢത, നാമം, കിരീടം എന്നിവ ദൈവത്വത്തെയും കുറിക്കുന്നു.

214. ശെമഓൻ ആണ് വിവക്ഷ: ലൂക്കാ. 2:25-35.

www.malankaralibrary.com



എന്നെയും അനുവദിച്ചാലും![215]
ഓ, കൈക്കുമ്പിളിൽ നിൻെറ കടലിനെ ഉൾക്കൊള്ളാനും
മടിയിൽ നിൻെറ അഗ്നിയെ വഹിക്കാനും
തിരുമനസ്സാകുകയും ജനിക്കുകയും ചെയ്ത പർവതം!

**3.** അവിടുന്ന് എന്നിൽ വസിക്കുന്നു എന്ന്
എല്ലാ പൈതങ്ങളോടുംകൂടി ഞാൻ ഏറ്റുപറയുന്നു.
നസ്രത്തിൻെറ അനുഗൃഹീത നാമത്തിൽ
അവിടുന്നൊരു ജനത്തെ വിളിച്ചു.[216]
ഭീതിജനകരായ ഈറേമാലാഖമാരുടെ ഇടയിൽ
നീതിമാന്മാരോടുകൂടെ തൻെറ രാജ്യത്തിലേക്കും
തൻെറ മഹത്ത്വത്തിലേക്കും
അവിടുന്ന് എന്നെ പ്രവേശിപ്പിക്കട്ടെ.
......
കുട്ടികളോടുകൂടി...അവിടുന്ന് സന്തോഷിച്ചു.

**4.** രഥത്തിലേക്ക് നീതിമാനായ യൗസേപ്പിനെ ഉയർത്തിയ ഈജിപ്ത്,
അവിടുന്ന് തന്നെ യോഗ്യയാക്കിയതിനാൽ നന്ദി പറയുന്നു.
ഇതാ, യൗസേപ്പിൻെറ കർത്താവ് നിസ്സാരമായ ഒരു മടിയിൽ!
പീഡിപ്പിക്കപ്പെട്ട ശിശുവായ മോശ!
പീഡിപ്പിക്കപ്പെട്ട ശിശുവായ നമ്മുടെ കർത്താവ്!
മോശയെ ഭീഷണിപ്പെടുത്തിയ ഫറവോൻ ലജ്ജിക്കേണ്ടിവന്നു.
നമ്മുടെ കർത്താവിനെതിരെ ഗൂഢാലോചന നടത്തിയ
ഹേറോദേസും ലജ്ജിക്കേണ്ടി വന്നു.
തൻെറ ഉപകരണങ്ങളാൽ സാത്താനും നിന്ദിക്കപ്പെട്ടു.

**5.** സൂര്യനു മുമ്പ് ലേവ്യരുടെ വിളക്ക് അയയ്ക്കപ്പെട്ടു.
ചെറിയവനായി തീർന്ന വലിയവൻെറ മേൽ

---

215. വി. കുർബാനയെപ്പറ്റിയാണ് ചർച്ച; കുർബാന കരങ്ങളിൽ എടുത്തിരുന്നു എന്നതിനുള്ള തെളിവ്.

216. ക്രിസ്ത്യാനികൾ നസ്രായർ (നസ്രാണികൾ) എന്നറിയപ്പെട്ടിരുന്നു.

www.malankaralibrary.com



പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ആവസിക്കുന്നതുവരെ
തൻെറ നാഥനെ സ്നാനപ്പെടുത്താൻ അയയ്ക്കപ്പെട്ട ദാസൻ
കാത്തിരുന്നു.
തന്നെ സ്നാനപ്പെടുത്തിയ യോഹന്നാൻ മഹത്ത്വീകരിക്കപ്പെട്ടെന്നും
തന്നെ കുളിപ്പിച്ച ദാസൻ പവിത്രീകരിക്കപ്പെട്ടെന്നും
തന്നെ സ്വീകരിച്ച നദി വിശുദ്ധീകരിക്കപ്പെട്ടെന്നും
നമുക്കു ബോധ്യം വരണം.

6. അവിടുത്തെ വൈവിധ്യ പരീക്ഷണങ്ങൾ
തൻെറ കിരീടങ്ങളെ വർദ്ധിപ്പിക്കുന്നു.
മരുഭൂമിയിൽനിന്നും മലയിൽനിന്നും ദേവാലയഗോപുരത്തിൽനിന്നും
മൂന്നു കിരീടങ്ങൾ മൂന്നു പ്രാവശ്യം വളരെയധികം സന്തോഷിക്കും.
അലഞ്ഞുതിരിഞ്ഞെങ്കിലും തിരിച്ചുവന്ന
നമ്മുടെ അരൂപിയെപ്രതിയും
കാണാതെപോയെങ്കിലും വീണ്ടും കണ്ടെത്തപ്പെട്ട
നമ്മുടെ ആത്മാവിനെപ്രതിയും
പാപം ചെയ്തെങ്കിലും ക്ഷമിക്കപ്പെട്ട നമ്മുടെ ശരീരത്തെപ്രതിയും
തന്നെ അയച്ച പിതാവിങ്കലേക്ക് അവിടുത്തെ വിജയകിരീടം
ഉയർന്നു.[217]

7. നീ പരാജയപ്പെടുത്തിയ ദുഷ്ടന് ഇത് ദുഃഖകരവും
അസഹനീയവുമാണ്.
അവൻ തിരികെ പോയി തൻെറ അവമാനത്തിൽ
വശീകരണങ്ങൾ നടത്തി;
എന്നാൽ അവൻെറ മത്സരിക്കുന്ന അധരത്തിൻെറ
ദുഷ്ടത ശാസിക്കപ്പെട്ടു.
അവൻെറ ഉപകരണമായ ശിഷ്യനിലൂടെ
അവൻ കീഴടക്കാൻ വന്നെങ്കിലും അവൻ കീഴടക്കപ്പെട്ടു.

---

217. അപ്രേമിൻെറ ചിന്തയിൽ ആത്മാവ് (നഫ്ശാ), ശരീരം (ഫഗ്റാ), അരൂപി (റൂഹാ) എന്നിങ്ങനെ മൂന്നു ഘടകങ്ങളാണ് മനുഷ്യനുള്ളത്. കർത്താവിൻെറ മൂന്നു പരീക്ഷണങ്ങളുടെ മേലുള്ള വിജയം മനുഷ്യൻെറ മൂന്നു ഘടകങ്ങളെ രക്ഷിക്കാനാണ് എന്ന് അപ്രേം കരുതുന്നു.

www.malankaralibrary.com



നിന്നെ ഒറ്റിക്കൊടുത്ത കള്ളനിൽ അവൻ തൂങ്ങി നിന്നു.
നിന്നെ തുപ്പിയ വായ അടയ്ക്കപ്പെട്ടു.
സ്വരൂപിച്ചു വച്ച മടിക്കുത്ത് അഴിഞ്ഞുപോയി.

8. എല്ലാവരുടെയും മുക്കുവന് ബെത്സയ്ദാ ഒരു കിരീടം നൽകി.
അവളുടെ മുക്കുവരെക്കൊണ്ട് മീൻ പിടിപ്പിക്കാൻ
എല്ലാവരുടെയും മുക്കുവൻ അവളെ വീശിപ്പിടിച്ചു.
മുമ്പ് അവർ വയറിനുവേണ്ടി അദ്ധ്വാനിച്ചിരുന്നു;
ഇപ്പോൾ രാജ്യത്തിനുവേണ്ടിയും.
പന്ത്രണ്ട് മുക്കുവർ പുറപ്പെട്ട് ലോകത്തെ വലയിലാക്കി.
അവർ രാജാക്കന്മാരെ കയ്പുകടലിൽനിന്നും
സ്വതന്ത്രരെ ദുരാശകളുടെ ആഴത്തിൽനിന്നും
ദാസന്മാരെ തിന്മയുടെ ചാലുകളിൽനിന്നും വീശിപ്പിടിച്ചു.

9. മുക്കുവരുടെ നഗരം! നിങ്ങൾ കുറച്ചുപേർ മാത്രമേയുള്ളു എങ്കിലും
നിന്റെ മുക്കുവരെക്കൊണ്ട് മനുഷ്യവാസമുള്ള ഭൂമിയെ മുഴുവൻ
നീ നിന്റെ വലയിലാക്കി.
അങ്ങനെ നീ നമ്മുടെ കർത്താവിന്റെ അഗ്നി ലോകത്തിൽ കത്തിച്ചു.
ചുറ്റിപ്പിണഞ്ഞുകിടന്ന, കുറേ മുൾച്ചെടികളുടെ കൂട്ടത്തെ
നീ സംഹരിച്ച് തുടച്ചുനീക്കി.
ജീവശ്വാസമില്ലാത്ത വിഗ്രഹങ്ങളെയും മന്ത്രവാദികളെയും
ഭാവിപറയുന്നവരെയും നീ വിഴുങ്ങിക്കളഞ്ഞു.
അവർ പിന്നീട് ഭാവി പറയുന്നവർക്കും
അതുപോലെയുള്ള അരൂപികൾക്കും കുഴലൂതിയില്ല.
അങ്ങനെ അവരുടെ അടക്കം പറച്ചിൽ അവസാനിച്ചു.

www.malankaralibrary.com



# ഗീതം 33

## കാനാ - 1

അതേ രാഗത്തിലുള്ള രണ്ടാം ഗീതം

1. തൻെറ വിരുന്നിനെ സന്തോഷപ്രദമാക്കിയ നിനക്കു
കാനാ നന്ദിപറയട്ടെ.
മണവാളൻെറ കിരീടത്തെ നീ ശ്രേഷ്ഠമാക്കിയതിനാൽ,
അതു നിന്നെ ശ്രേഷ്ഠമാക്കി.
മണവാട്ടിയുടെ കിരീടം നിൻെറ വിജയത്തിൻെറ ഫലമായിരുന്നു.
അവളുടെ ദർപ്പണത്തിൽ ദൃഷ്ടാന്തങ്ങൾ കണ്ടെത്തപ്പെടുകയും
വിശദീകരിക്കപ്പെടുകയും ചെയ്തു.
കാരണം, നീ നിൻെറ സഭയെ വധുവിൽ ചിത്രീകരിച്ചു.
അവളുടെ അതിഥികളിൽ നിൻേറത് കണ്ടെത്തപ്പെട്ടു.
അവളുടെ സമൃദ്ധിയിൽ അവൻ നിൻെറ ആഗമനം ചിത്രീകരിക്കുന്നു.

*പ്രതിസ്തോത്രം: ഞങ്ങളുടെ കർത്താവേ, നിൻെറ തിരുവസ്ത്രങ്ങളാൽ, നിൻെറ മഹനീയ മണവറയിലേക്കു പ്രവേശിക്കാൻ എന്നേയും യോഗ്യനാക്കണമെ.*

2. അവിടുത്തെ വീഞ്ഞ് വർദ്ധിപ്പിക്കുന്നതിൽ
ആഘോഷം അവിടുത്തേക്കു നന്ദി പറയട്ടെ.
അവിടെ ആറ് അത്ഭുതങ്ങൾ കാണപ്പെട്ടു.
ജലശേഖരണാർത്ഥം മാറ്റിവച്ചിരുന്ന ആറ് കൽഭരണികളിലേക്ക്
തൻെറ വീഞ്ഞൊഴിക്കാൻ രാജാവിനെ അവർ ക്ഷണിച്ചു.
ഞങ്ങളുടെ കർത്താവേ, വധുവിൻെറ സൗന്ദര്യത്തെ
പരിഗണിക്കാതെ, നീ എത്ര സുന്ദരനാകുന്നു എന്ന്
നിന്നെ ധ്യാനിക്കുന്ന അതിഥി ഭാഗ്യമുള്ളവൻ!

3. "താഴേക്കിറങ്ങിവന്ന് എല്ലാവരെയും ക്ഷണിച്ച
സ്വർഗീയ മണവാളനെ എൻെറ അതിഥികളുടെ കൂട്ടത്തിൽ
ക്ഷണിക്കാൻ എനിക്ക് ഭാഗ്യമുണ്ടായതിൽ

www.malankaralibrary.com



ഞാൻ നന്ദിയുള്ളവനാണ്.
അവിടുത്തെ പരിപാവന വിരുന്നിലേക്ക് പ്രവേശിക്കാൻ
ഞാൻ ക്ഷണിക്കപ്പെട്ടു.
അവിടുന്നാണ് മണവാളനെന്നും വേറൊരാളില്ലെന്നും
അവിടുത്തെ മണവറ യുഗങ്ങൾക്കു മുമ്പുള്ളതാണെന്നും
പോരായ്മകൾ ഉണ്ടായിട്ട് അവിടുന്നു നികത്തിയ
എൻെറ സദ്യപോലെയല്ലാത്ത അവിടുത്തെ വിരുന്ന്
ഒന്നിനും കുറവില്ലാതെ സമൃദ്ധമാണെന്നും
തലമുറകളുടെ ഇടയിൽ ഞാൻ ഏറ്റു പറയും".

**4.** നയിൻ നഗരമേ, നീ അവിടുത്തെ ആരാധിക്കുക;
നീ അവിടുത്തേക്ക് ഒരു കിരീടം നൽകിയാലും.[218]
ജീവിക്കുന്ന ആ മരിച്ചവനോടുകൂടി നീ ജീവൻ പ്രാപിക്കട്ടെ.
നമ്മുടെ കർത്താവിൻെറ പ്രവൃത്തി
തൻെറ കിരീടധാരണത്തിൻെറ കിരീടമാണ്.
യുവത്വത്തെ കീഴടക്കിയപ്പോൾ മരണം കിരീടം ധരിച്ചു.
അവൻ തൻെറ കിരീടങ്ങളോടുകൂടി പാതാളത്തിലേക്കു കടന്നു.
അവനെ വിളിച്ച് ജീവിപ്പിച്ച ശബ്ദത്തിന്
അതു തിരികെ നൽകിയപ്പോൾ അവൻ വിജയം പൂർത്തിയാക്കി.

**5.** എല്ലാം കീഴടക്കുന്നവൻ, പൊടിപിടിച്ച നഗരഭിത്തികൾപോലും
മിനുസപ്പെടുത്തി. എല്ലാം തകർക്കുന്നവൻ
കറുത്തിരുണ്ട കവാടങ്ങൾപോലും തിളങ്ങുന്നവയാക്കി.
എല്ലാവരോടും കാരുണ്യം കാണിക്കുന്നവനിൽ,
അലമുറയിടുന്ന കൂട്ടം പോലും സന്തോഷിച്ചു.
മരിച്ചവനെപ്രതി കരഞ്ഞവർ ജീവനുള്ളവനെ പൊക്കി എടുത്തു.
അവിടുന്ന് വിധവയെ സമാശ്വസിപ്പിക്കുകയും
സന്തോഷിപ്പിക്കുകയും ചെയ്തു;
അവിടുന്നു നഗരത്തെ ആമോദിപ്പിക്കുകയും
പ്രകാശിപ്പിക്കുകയും ചെയ്തു.
എന്നാൽ അവിടുന്ന് പാതാളത്തെ
മ്ലാനമാക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു.

---

218. ലൂക്കോ. 7:11-17

www.malankaralibrary.com



**6.** അപ്പം വർദ്ധിപ്പിക്കപ്പെട്ട സ്ഥലം അവിടുത്തേക്കു നന്ദിപറയട്ടെ.[219]
വിശന്നു വലഞ്ഞവർ സംതൃപ്തരായി;
ആഹാരസാധനങ്ങൾ മിച്ചം വന്നു;
അവർ അത് എടുത്തുകൊണ്ടുപോയി.
അവർ കൊണ്ടുപോയ സാധനങ്ങൾ,
അവരുടെ നഗരങ്ങളിൽ നിന്നെപ്പറ്റി പ്രഘോഷിച്ചു.
നിന്റെ ബാർലിഅപ്പം രാജാവിന്റെ മേശയേക്കാൾ
അഭികാമ്യമായിരുന്നു.
അതു ഭക്ഷിക്കാൻ യോഗ്യനായവൻ ഭാഗ്യവാൻ.
കർത്താവേ, ഭയത്തോടുകൂടി നിന്നെ ധ്യാനിക്കാനായി
അതു ഭക്ഷിക്കാതെ അത്ഭുതപ്പെട്ടവൻ ഭാഗ്യവാൻ.

**7.** കാതുകൾ അനുനിമിഷം സത്യം കൊണ്ടു നിറയുന്നതിനും
കണ്ണുകൾ അനുനിമിഷം അടക്കത്താൽ നിറയുന്നതിനും
കൈകൾ നിന്റെ ശരീരത്തെ എടുക്കുന്നതിനും
പാദങ്ങൾ നിന്റെ ഭവനത്തിലേക്കുള്ള പാതയിൽ ചവിട്ടുന്നതിനും
ഇവയെല്ലാം നിന്റെ മഹത്ത്വത്തിനായി ഭവിക്കുന്നതിനും
കൈകളുടെയും പാദങ്ങളുടെയും കാതുകളുടെയും
കണ്ണുകളുടെയും പ്രതീകമായി
രണ്ടു വള്ളങ്ങൾ നിറയെ ഉപമകളായിരുന്നു.[220]

**8.** കടൽ നിനക്കർപ്പിക്കുന്ന മത്സ്യങ്ങൾകൊണ്ട്
നിന്നെ കിരീടം ധരിപ്പിക്കുന്നു.
പുഷ്പങ്ങൾപോലെ അത് എല്ലാത്തരത്തിലുള്ളവയും
കൂട്ടിക്കലർത്തി നിനക്ക് അർപ്പിക്കുന്നു.
അത് പ്രതീകമായി രണ്ടു വള്ളങ്ങൾ നിറച്ചു;
നൂറ്റമ്പതു മത്സ്യങ്ങളുടെ പ്രതീകങ്ങളോടുകൂടെ
അത് ശ്ലീഹന്മാരുടെ വല വലിച്ചുകയറ്റി കൂട്ടിയിട്ടു.[221]
150 സങ്കീർത്തനങ്ങളുടെ വ്യത്യസ്തമായ കിരീടം മെടഞ്ഞ
പ്രവാചകന്മാരുടെ കിന്നരത്തെ അത് പ്രകീർത്തിച്ചു.

---

219. മർക്കോ. 6:30-44; 8:1-10
220. ലൂക്കോ. 5:7
221. യോഹ. 21:11

www.malankaralibrary.com



9. തടസ്സംകൂടാതെയുള്ള വിരിപ്പായി കടൽ ശാന്തമായി.
ഈ ശാന്തമായ വിരിപ്പിലൂടെ നടക്കാൻ
പരിപാവനൻ ഇറങ്ങിച്ചെന്നു.
കടൽ തൻെറ അലകളെ ദൈവത്തിന് ഒരു കിരീടമായി മെടഞ്ഞു.
അവിടുന്ന് ജലത്തിനുമീതേ നടക്കുന്നതുകണ്ട്,
അവിടുത്തെ കിരീടം ധരിപ്പിക്കാൻ ധൃതികൂട്ടി.
അവിടുന്ന് അതിൻെറ അലകൾക്കിടയിൽ കടന്നു;
അത് അവിടുത്തെ വഹിച്ച് ഉയർത്തി നിർത്തി.
സമീപത്തുള്ള കരയിലേക്ക് അവിടുത്തെ ആനയിച്ചു.
കര കടലിനെ പ്രകീർത്തിക്കുകയും
അവിടുത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്തു.

10. കടലിൽ നിനക്ക് കാമ്യമായ ഒരു വഴി സജ്ജീകരിക്കപ്പെട്ടു.
വരണ്ട സ്ഥലത്ത് വ്യക്തമായ വഴി അലങ്കരിക്കപ്പെട്ടു.
നമ്മുടെ കർത്താവിൻെറ പാദങ്ങൾക്കു മുമ്പിൽ
കടൽ അതിലെ അലകളെ ശാന്തമാക്കി.
കര അവിടുത്തെ വഹിക്കുകയും അവൻെറ മുമ്പിൽ
വസ്ത്രങ്ങൾ എടുത്തു വിരിക്കുകയും ചെയ്തു.
തിരമാലകൾ നിന്നെക്കണ്ടു ശാന്തമായി,
വസ്ത്രങ്ങൾ നിന്നെകണ്ടു, അവ വിരിക്കപ്പെട്ടു.
തിരമാലകളും വസ്ത്രങ്ങളും നിന്നെ ബഹുമാനിച്ചു.

11. നുകം ഇല്ലാത്ത, ശക്തിയുള്ള രഥമായ നീ
കടലിനെയും കരയെയും കീഴ്പ്പെടുത്തി; അവ നിന്നെ വഹിച്ചു.
കരയിലൂടെ അലറി നടക്കുന്ന ഒരു കൂട്ടം പിശാചുക്കൾ ഇതു കണ്ടു;
പന്നികളിലേക്ക് അവർ കടന്ന് ഓടി ഒളിച്ചു.[222]
എന്നാൽ അവർ രക്ഷപെട്ടില്ല.
അവരുടെ നിന്ദനം കണ്ട് കര സന്തോഷിച്ചു.
അവരുടെ നാണക്കേട് കണ്ട് കടൽ സന്തോഷത്താൽ തുള്ളിച്ചാടി.
ഉയരവും ആഴവും അവരുടെ തകർച്ച കണ്ടു.

---

222. മക്കോ. 5:1-20

www.malankaralibrary.com



# ഗീതം 34

## കാനാ - 2

അതേ രാഗം

1. എല്ലാറ്റിന്റെയും കർത്താവിനെ സമീപിക്കാൻ
രക്തസ്രാവക്കാരി ഭയപ്പെട്ടു.[223]
പാപികൾക്ക് പ്രതീക്ഷ കൊടുക്കുന്നവൻ
അവൾക്കു ധൈര്യം പകർന്നു.
തന്നിൽ സന്തോഷിക്കുവാൻ അവൾ ആഗ്രഹിക്കുന്നെന്ന്
അവളുടെ താല്പര്യത്തിൽ നിന്ന് അവിടുന്നു മനസ്സിലാക്കി.
അത് അവളുടെ വിശ്വാസത്തെ സ്പർശിച്ചു;
എന്നാൽ അവിടുന്ന് അത് ഇച്ഛരിച്ചതിനാൽ,
അവിടുന്നു സന്നിഹിതനായിരുന്നു.
അവളുടെ രക്തം വാർന്നുകൊണ്ടിരുന്നെങ്കിലും
അവളുടെ സ്നേഹം നിയന്ത്രിക്കപ്പെട്ടു.
അവളുടെ രക്തസ്രാവം അവിടുന്ന് നിർത്തിയതിനാൽ
അവൾ സന്തോഷിച്ചു.
എന്നാൽ അവളുടെ സ്നേഹത്തിന്റെ ഉറവിടം
അവിടുന്ന് ഒഴുക്കിയതിനാൽ അവൾ സന്തോഷിച്ചു.

2. യായീറോസിന്റെ പുത്രി നന്ദി പറയട്ടെ;
അവൾ കിരീടം സമർപ്പിക്കട്ടെ.[224]
യുവതികൾ തങ്ങളുടെ കിരീടങ്ങൾ രാജാക്കന്മാർക്കു നീട്ടുന്നു.
പ്രതിരൂപങ്ങളിൽ യുവതിയായിട്ടാണ്
വിജയം ചിത്രീകരിക്കപ്പെടുന്നത്.
ഹവ്വായുടെ പുത്രിയിൽ ഹവ്വായുടെ മരണത്തെ നീ കീഴടക്കി.[225]
ഹവ്വായ്ക്കുപകരം അവൾ നിന്നെ കിരീടം ധരിപ്പിക്കുന്നു.

---

223. മർക്കോ. 5:25-34
224. മർക്കോ. 5:21-43
225. യായീറോസിന്റെ മകളെ ഉയിർപ്പിച്ചതുവഴി.

www.malankaralibrary.com



അവൾ നീട്ടിയ മഹനീയ കിരീടം സ്വീകരിച്ചാലും;
നിന്നിലൂടെ ഞങ്ങളുടെ സ്തുതികളോടൊപ്പം
അതു നിൻെറ പിതാവിൻ പക്കലേക്ക് കരേറട്ടെ.

3. എനിക്കു പറയാൻ കഴിയുമെങ്കിൽ,
ഞാൻ വലിയൊരത്ഭുതം ദർശിച്ചു:
നിൻെറ മുമ്പാകെ മരിച്ചുകിടന്ന ബാലികയും
നിൻെറ പിമ്പിൽ നീ സുഖപ്പെടുത്തിയ സ്ത്രീയും പ്രതീകങ്ങളാണ്.
നിൻെറ മുമ്പിൽ നിന്നും പിമ്പിൽനിന്നും
അവർ കിരീടങ്ങൾ നീട്ടുന്നു.
നിന്നെ കിരീടം ധരിപ്പിക്കുന്ന പ്രതീകങ്ങൾ,
നിന്നെ അലങ്കരിക്കുന്ന രണ്ട് ഉടമ്പടികളാണ്;
നിന്നെ പ്രകീർത്തിക്കുന്ന പുതിയനിയമവും പഴയനിയമവുമാണ്.

4. ദൂരെയുള്ള എഫ്രേം പട്ടണത്തെ നീ സന്ദർശിക്കുന്നതിൽ
എഫ്രേം ഭവനത്തിൻെറ അവകാശം നിനക്കു നന്ദി പറയുന്നു.[226]
ക്രൂശാരോഹകരിൽനിന്ന് വളരെ അകലെ ആയിരുന്നു ആ പട്ടണം.
ചെന്നായ്ക്കളിൽനിന്ന് നിൻെറ കൂട്ടം രക്ഷപ്പെട്ട് ഉന്മേഷഭരിതരാകാൻ
ഈ പട്ടണം നിൻെറ കപ്പലിന് ഒരു സമാധാന തുറമുഖം
ആയിത്തീർന്നു.
പീഡിപ്പിക്കപ്പെട്ട നിൻെറ അജഗണത്തിൻെറ വിശ്രമാർത്ഥം.
നീ അതിനെ ജീവതുറമുഖത്ത് എത്തിച്ചാലും.

5. ഷേക്കേം അവിടുത്തെ ആരാധിക്കട്ടെ;
അവൾ അവിടുത്തേക്ക് ഒരു കിരീടം നൽകട്ടെ.
കിണറിനരികെ അവിടുന്ന് ഇരുന്നു;[227]
ആഴത്തിൽനിന്ന് അവിടുന്ന് അവളെ ഉയർത്തി.
നിഗൂഢമായ ഒരു ചുഴി അവളെ വിഴുങ്ങിയിരുന്നു;
എന്നാൽ അവൾ മിണ്ടാതിരുന്നു;
കാരണം, കിണറിൻെറ വായ് നിഗൂഢമായി
അവളുടെ പുത്രിയെ പിടിച്ചിരുന്നു.

---

226. യോഹ. 11:54

227. യോഹ. 4:1-42

www.malankaralibrary.com



തെറ്റിന്റെ ആഴത്തിൽനിന്ന് അവിടുന്ന് അവളെ കോരിയെടുത്തു.
അവൾക്കൊന്നുമില്ലാതിരുന്നതിനാൽ തന്റെ വിജ്ഞാനത്തിന്റെ
ആഴത്തിൽനിന്ന്, കോരുന്ന പാത്രം കൂടാതെ
അവിടുന്നവൾക്ക് പ്രബോധനം കുടിക്കാൻ കൊടുത്തു.

**6.** അവൾ മറച്ചു വച്ചിരുന്നവ അവിടുന്ന് അവൾക്ക് വെളിപ്പെടുത്തി;
അതിൽ അവൾ ആശ്ചര്യഭരിതയായി.
വിതയ്ക്കാൻ കൂട്ടാക്കാഞ്ഞ ഉഴവുകാരൻ,
ജോലിക്കാരനെ കൂടാതെ കിടന്ന
ആ ശകാരവയലിനെ തെരഞ്ഞെടുത്തു.
അവൾക്കു നഷ്ടപ്പെട്ട അഞ്ച് ഉഴവുകാരുടെ നാണക്കേട് നീങ്ങി.
ആറാമത്തവൻ മരിക്കാതിരിക്കാൻ അവൾ അവനെ നിർബന്ധിച്ചില്ല.
അവളെ സ്വീകരിക്കാൻ അവനും ഭയപ്പെട്ടു.
നമ്മുടെ കർത്താവാണ് അവരുടെ രഹസ്യം വെളിപ്പെടുത്തിയത്.

**7.** ടയറിന്റെ പുത്രിയും അവിടുന്ന് പ്രവേശിക്കാഞ്ഞ സീദോനും
അവിടുത്തെ ആരാധിക്കട്ടെ.
ദശഗ്രാമങ്ങളിൽനിന്ന് കിരീടങ്ങളെത്തി.[228]
കഫർണാം അവനെ തള്ളിപ്പറഞ്ഞു;
എല്ലാവിധ ശാപങ്ങളാലും അവിടുന്ന് അതിനെയും തള്ളിപ്പറഞ്ഞു.[229]
ധാർഷ്ട്യനാടിനെ ടയറിലും സീദോനിലും[230]
അവിടുന്ന് കുറ്റപ്പെടുത്തി.
നമ്മുടെ കർത്താവ് കനാൻകാരിയെ കളിയാക്കി
അവിടുത്തോട് അപേക്ഷിക്കാനായി അവളുടെ സ്നേഹം
പ്രേരിപ്പിച്ചുകൊണ്ടിരുന്നു.
അവിടുത്തെ ക്രൂശിക്കാനായി നിലവിളിച്ച ജറുസലേമിന് ഹാ, കഷ്ടം!

**8.** സെബദിപുത്രന്മാർ ആവശ്യപ്പെട്ട സ്ഥലം നന്ദിപറയട്ടെ.[231]
അവർ അന്വേഷിച്ചത് അവിടുന്ന് അന്വേഷിച്ചു;
അവർ ചോദിച്ചത് അവിടുന്ന് എടുത്തു.

228. മക്കോ. 7:24-37
229. മത്താ. 11:20-24
230. 'സോദോമിലും' എന്ന് സുറിയാനിയിൽ.
231. മക്കോ. 10:35-45

www.malankaralibrary.com



അവിടുന്ന് അവരുടെ നിക്ഷേപങ്ങൾ കൊള്ളയടിച്ചു;
അവരുടെ നിക്ഷേപം അവരെ കാണിച്ചു.
ബാഹ്യമായി കണ്ടതുപോലെയല്ല
ബുദ്ധിമാന്മാരായ നിഷ്കളങ്കർ അവനെപ്പറ്റി കരുതിയത്.
പീഡിപ്പിക്കപ്പെട്ടവനെ അവർ *"വചനം"* എന്നു വിളിച്ചു.
വിധിക്കപ്പെട്ടവനെ *"കർത്താവ്"* എന്നും *"പുത്രൻ"* എന്നും,
ക്രൂശിക്കപ്പെട്ടവനെ *"ദൈവം"* എന്നും *"മനുഷ്യൻ"* എന്നും വിളിച്ചു.

**9.** ശിഷ്യന്മാർ അധികാരത്തിന്റെ സിംഹാസനത്തിലേക്ക്
കയറാൻ തിടുക്കം കൂട്ടിയപ്പോൾ,
കോപിക്കാതെ നിർദേശങ്ങൾ സ്വീകരിക്കുകയും
ഈറേമാലാഖമാരേപ്പോലെ മുറുമുറുക്കാതെ ശുശ്രൂഷിക്കുകയും
ചെയ്യുന്ന ഒരു ശിശുവിനെ അവിടുന്ന് അവരെ കാണിച്ചു.
മാലാഖമാർക്കു സിംഹാസനങ്ങൾ ഇല്ലാത്തതിനാൽ,
ഔന്നത്യംപോലെ തോന്നിക്കുന്നവ കർത്താവ് നൽകിയില്ല.
ശിശുക്കളെ നോക്കി വലിയവർ ആയിത്തീരുവിൻ[232] എന്നു പറഞ്ഞ്
യഥാർത്ഥ ഔന്നത്യം എന്താണെന്ന് അവിടുന്ന അവരെ ഉപദേശിച്ചു.

**10.** ദാനത്തെക്കാൾ വലുതാണ് സ്വാതന്ത്ര്യം എന്ന നിധി
കൃപാവരദാനത്തേക്കാൾ വലുതാണ് സ്വതന്ത്രേച്ഛയുടെ ഭണ്ഡാരം.
നിങ്ങൾക്കു വലിയവരായി തീരാനുള്ള കഴിവ് നിങ്ങളിലുണ്ട്
എന്ന് നമ്മുടെ കർത്താവ് പറഞ്ഞു.
ആ വലിപ്പം എത്രമാത്രം വർദ്ധിക്കും എന്ന് ആര് അളക്കും?
നമ്മുടെ കർത്താവ് നിയന്ത്രിക്കുന്നു;
അവരുടെ ഇച്ഛയ്ക്കു തന്റെ തിരുഹിതം കീഴ്പ്പെടാതിരിക്കാൻ
അവിടുത്തെ തിരുഹിതം അവരെ പിടിച്ചുനിർത്തുന്നു.
അവർ അവനിൽ നിന്നു പ്രാപിച്ചു;
എന്നാൽ തങ്ങളുടേതുകൊണ്ട് അവർ ശ്രേഷ്ഠരാക്കപ്പെട്ടു.

**11.** മഹത്ത്വം പ്രാപിക്കുകയും എന്നാലത് ഏറ്റെടുക്കാതിരിക്കുകയും
ചെയ്തവർ ധാരാളമായി ബഹുമാനിക്കപ്പെട്ടു.

---

232. മത്താ. 18:1-4; 19:13-15

www.malankaralibrary.com



കാരണം, സമ്പൂർണസ്നേഹം നിന്ദിക്കപ്പെട്ടു;
എന്നാൽ തള്ളിക്കളഞ്ഞില്ല.
അവരുടെ അപേക്ഷ നിരസിച്ചവൻ
അവരുടെ സ്നേഹം വർദ്ധിപ്പിച്ചു.
അവിടുന്ന് മഹത്ത്വം നിഷേധിച്ചു;
എന്നാൽ മഹനീയമായത് അവർക്കു പ്രദാനം ചെയ്തു.
അവരുടെ സ്ഥിരത കാണിക്കാനായി അവിടുന്ന് കവാടം അടച്ചു.
അവർ നിർബന്ധിച്ചെങ്കിലും, അവർക്കു ലഭിച്ചില്ല.
തങ്ങളുടെ മരണത്താൽ അവർ അതു തുറന്ന്
ജീവനോടെ പ്രവേശിച്ചു.

**12.** എന്നാൽ നാമാകട്ടെ, അവിടുത്തെ മഹത്ത്വം ദർശിച്ചു.
അവിടുത്തെ അടിക്കുന്നതായി നമ്മുടെ കണ്ണുകൾ
കണ്ടിരുന്നെങ്കിൽ, നാം രോഗികളായിത്തീരുമായിരുന്നു.
ഹേറോദേസ് കളിയാക്കിയപ്പോഴും
ശിഷ്യന്മാർ അവിടുത്തെ സ്നേഹിച്ചു.
നമ്മുടെ കാലത്ത് രാജാക്കന്മാർ അവിടുത്തെ ആരാധിച്ചു;
എന്നാൽ നാമാകട്ടെ, സംശയഗ്രസ്തരും വിശ്വാസരഹിതരുമാണ്.
തർക്കിക്കുന്ന തലമുറ!
സ്രഷ്ടാവ് ഒരു സൃഷ്ടിയാണെന്നും
കർത്താവ് ഒരു സഹസേവകനാണെന്നും
പറയുന്ന നിങ്ങൾക്ക് എത്രമാത്രം വഴിതെറ്റിപ്പോയി?

# ഗീതം 35

## ജറീക്കോ

അതേ രാഗം

**1.** ജറീക്കോ, അവിടുത്തെ ആരാധിക്കുക;
അവിടുത്തേക്ക് ഒരു കിരിടം നൽകുക.

www.malankaralibrary.com



പൊക്കം കുറഞ്ഞ സക്കായിയുടെ അധരങ്ങളിലൂടെ
സ്തുതി അർപ്പിക്കുക;
ബർ തിമൈയുടെ ശബ്ദത്തിലൂടെ കൃതജ്ഞത അർപ്പിക്കുക.
റാഹാബിൻെറ പകിട്ടേറിയ ചരട് കിരീടത്തിൽ കെട്ടുക.[233]
രക്ഷിക്കപ്പെട്ട റാഹാബിലൂടെ അവിടുത്തേക്കു സ്തുതി പാടുക;
അവിടുത്തെ കണ്ട ബർ തിമൈയിലൂടെ
അവിടുത്തെ മഹത്ത്വപ്പെടുത്തുക.
കീഴടക്കിയ സക്കായിയിലൂടെ അവിടുത്തെ കിരീടം അണിയിക്കുക.

**2.** അവൻ കയറിയ അത്തിമരം ശാപാർഹമായിരുന്നു;
കാരണം, അത് കുറ്റക്കാർക്ക്
നിന്ദനത്തിൻെറ ഇലകൾ വച്ചു നീട്ടിക്കൊടുത്തു.
ജേതാവിൻെറ സ്തുതിക്ക് അത്തിഇലകൾ അപര്യാപ്തമാകയാൽ
കുട്ടികൾ സ്തുതിപ്പിനായി അതിൻെറ ശിഖരങ്ങളിൽ നിന്നെടുത്തില്ല.
വിധിവാചകം കേട്ട കുറ്റക്കാർ അതിൻെറ പക്കലേക്കോടി.
ഉരിയപ്പെട്ട്, നാടുകടത്തപ്പെട്ടവർ അതിൽ അഭയം തേടി.
ഇളകിമറിഞ്ഞ് ഇടറിവീണവർ അതിൽ ഒളിച്ചിരുന്നു.

**3.** അവിടുന്നു തുപ്പിയിടത്തുനിന്ന് ഒരത്ഭുതം പൊട്ടിമുളച്ചു.
കളിമണ്ണിൽനിന്ന് അവിടുന്ന് കണ്ണിനുള്ള മരുന്നുണ്ടാക്കി.
അവിടുന്നു മണ്ണെടുത്തു കണ്ണിൽ പുരട്ടി;
അപ്പോൾ അവ തുറക്കപ്പെട്ടു.
തുപ്പൽ കൊണ്ട് അന്ധൻെറ കണ്ണു തുറന്ന വൈദ്യൻ![234]
അവിടുന്ന് ശാബത് നീക്കിക്കളഞ്ഞതിൽ
പുരോഹിതന്മാർ അസൂയാലുക്കളായി;
കാരണം, അതിൻെറ നീക്കൽ അവരെ ബന്ധിച്ചു.
തർക്കിച്ചവർ ബന്ധിക്കപ്പെടുകയും ഇല്ലാതാകുകയും ചെയ്തു.

**4.** അശുദ്ധരെ വിശുദ്ധീകരിക്കാൻ
അവിടുന്നു ശാബതുകളെ വിശുദ്ധീകരിച്ചു.
വഴിതെറ്റിയവരെ കൂട്ടിച്ചേർക്കാൻ

---

233. ലൂക്കാ. 19:1-10; മക്കാ. 10:46-52; ജോഷ്വാ 2

234. യോഹ. 9

www.malankaralibrary.com



അവിടുന്ന് ദിവസം നിശ്ചയിച്ചു.
ശാബത് അടിച്ചേല്പിക്കുകവഴി
ദൈവകോപം തങ്ങൾക്കെതിരെ ജ്വലിക്കത്തക്കവിധം
അലസർ മടിപിടിച്ചിരിക്കുകയും പാപം ചെയ്യുകയും ചെയ്തു.
തർക്കിക്കുന്നതിൽനിന്ന് അവിടുന്ന് അവരുടെ നാവിനെ ബന്ധിച്ചു.
നന്മചെയ്യാനായി അലസതയിൽ നിന്ന് അവരെ മോചിപ്പിച്ചു.
അങ്ങനെ നമ്മുടെ കർത്താവ് ശാബത് നീക്കിക്കളഞ്ഞു.

5. പാപിനി നന്ദിപറയട്ടെ.
പരമപരിശുദ്ധൻെറ വിരുന്നിലേക്കു കയറി വരാൻ
ലജ്ജിക്കാത്ത അശുദ്ധ![235]
എന്ത് തൻേറടത്തോടുകൂടിയാണ് അവൾ ജനക്കൂട്ടത്തിൻെറ
ഇടയിലൂടെ കടന്നുവന്നത്!
വീഞ്ഞിനുപകരം, വീഞ്ഞിൻെറ സഖിയായ അവളെ
സ്നേഹം മത്തുപിടിപ്പിച്ചു.
കാരണം, അത്യുന്നതൻെറ സ്നേഹം ധരിച്ചവർ
അടിച്ചുപരത്താത്ത ആയുധം ധരിച്ചവർ,
അടിച്ചുപരത്തിയ വാളിനെ നിന്ദിക്കുന്നു.

6. തൻെറ തലമുടികൊണ്ട് അവൾ അവിടുത്തെ വിയർപ്പിൽ നിന്ന്
ഒരനുഗ്രഹം കവർന്നെടുത്തു.
നിൻെറ ശരീരത്തിൽ നിന്നുള്ള അഴുക്ക്
അവളുടെ മനസ്സിനെ സംശുദ്ധമാക്കി.
അനേകരുടെ മരണത്തിന് അവസരമൊരുക്കിയവൾ,
പാപികൾക്ക് അനുതാപത്തിനുള്ള അവസരമായി മാറി.
അവളെ കണ്ട അശുദ്ധർ നിന്നെ മഹത്ത്വപ്പെടുത്തി;
പാപികൾ അവളെ കണ്ട് നിന്നെ പ്രകീർത്തിച്ചു.
വിശുദ്ധർ അവളിൽ അത്ഭുതപ്പെടുകയും
സ്തുതികൾകൊണ്ട് നിന്നെ മൂടുകയും ചെയ്തു.

---

235. ലൂക്കാ. 7:36-50

www.malankaralibrary.com



7. അവളുടെ അലങ്കാരങ്ങളും മുടിയുടെ പിന്നലുകളും
കാഴ്ചക്കാരെ പാപത്തിനിടയാക്കിയിരുന്നു.
എന്നാൽ നിനക്ക് അവ നിന്റെ പാദം തുടച്ച തൂവാലയായിരുന്നു.
നീ കഴുകിയ സ്കറിയോത്താ, നിന്റെ തൂവാലയോടു തെറ്റുചെയ്തു.
അവൾ വിശ്വസിച്ചതിനാൽ, അവൾ നഷ്ടപ്പെട്ട അതേ വസ്തു
കൊണ്ട് അവൾ കണ്ടെത്തപ്പെട്ടു.
അങ്ങനെ, അവളെ വിധിച്ച തൈലം വിജയിച്ചു;
അവളെ അശുദ്ധമാക്കിയ വായ് അവളെ വിശുദ്ധീകരിച്ചു.
അവളെ നികൃഷ്ടയാക്കിയ സൗന്ദര്യം അവളെ പവിത്രീകരിച്ചു.

8. മഹനീയവും വിശുദ്ധവും പ്രശോഭിതവുമായ
നിന്റെ വിരുന്നിലേക്കു കടന്നുവരാൻ ലജ്ജിക്കാതിരുന്ന
വിശുദ്ധ മറിയം നിനക്കു നന്ദി പറയട്ടെ.
ഭയരഹിതനായ ഭീതിജനകനെ സംഭ്രമം കൂടാതെ
നമുക്കു സമീപിക്കാം.
ഭയക്കുന്നവർ അഹങ്കാരികളാണ്;
എന്നാൽ ദൈവമാകട്ടെ എല്ലാവർക്കും നിഷ്കപടനാണ്.
ഭയരഹിതനായ രാജാവും,
സംയുക്തനാണെങ്കിലും അഹങ്കാരിയല്ലാത്ത രാജകുമാരനും
ശിക്ഷിക്കുന്നെങ്കിലും കോപിക്കാത്ത ന്യായാധിപനും
നമുക്കുള്ളത് നല്ല കാര്യമാണ്.

9. മാർത്താ നിനക്കു നന്ദിപറയട്ടെ.
അവളും ശുശ്രൂഷിക്കാതിരുന്ന സഹോദരിയും സഹോദരനും,
മൂന്നുപേരും കൂടി നിനക്കൊരു കിരീടം കൊണ്ടുവരട്ടെ.
അവരൊന്നിച്ച് ഒരെണ്ണംകൊണ്ട് നിന്നെ കിരീടം ധരിപ്പിച്ചു...
സഹോദരങ്ങളുടെ കിരീടം ...
അവൻ ശിരസിലേക്കുയർത്തി ...
തന്റെ സേവനത്താൽ മാർത്താ പ്രശസ്തയായി;
തന്റെ സ്നേഹത്താൽ മറിയത്തെ നീ പ്രശസ്തയാക്കി;
ലാസർ തന്റെ ഉത്ഥാനത്താലും.[236]

---

236. യോഹ. 12:2; ലൂക്കോ. 10:38-42; 7:47; യോഹ. 11:42-52

www.malankaralibrary.com



**10.** മല, അവിടുന്ന് ഇരുന്ന ഒലിവുമല, നന്ദി പറയട്ടെ.
ശിഷ്യന്മാർ അവിടെവച്ച് അവിടുത്തോട് ചോദ്യങ്ങൾ ചോദിച്ചു.[237]
തർക്കങ്ങളുടെ അഴുക്കിൽനിന്നും
നിയമജ്ഞരുടെ വിതർക്കങ്ങളിൽനിന്നും
സത്യത്തിന്റെ തീച്ചൂളയിൽ അവിടുന്നു ചോദ്യം സംശുദ്ധമാക്കി.
അവിടുന്ന് ചോദ്യത്തെ തൂക്കിനോക്കി ഉത്തരം നൽകി.
തൂക്കുകട്ടകൾ കൂടിയുമില്ല, കുറഞ്ഞുമില്ല.
അതുവഴി അധരങ്ങൾ ഉപദ്രവം ചെയ്തില്ല.
അധരങ്ങൾക്ക് ഉപദ്രവം സംഭവിച്ചുമില്ല.

**11.** "വസ്ത്രങ്ങൾ വിരിച്ച ഒരു പുതിയ പാത
നീ നിനക്കായി എന്നിൽ തുറന്നു" എന്ന്
എന്റെ കുട്ടികളുടെ ശാഖകളുമായി ഞാൻ നന്ദി പറയുന്നു.[238]
ഒരു കഴുതക്കുട്ടി നിന്റെ യാത്രയ്ക്ക് പറ്റിയതായിരുന്നു
എന്ന് ഞാൻ ഓർക്കുന്നു.
എന്റെ കർത്താവേ, നിനക്കു മഹത്ത്വം നിഷേധിക്കുകയും
ആർപ്പുവിളിക്കാതിരിക്കുകയും ചെയ്യുന്ന മൂപ്പന്മാർക്കു പകരം
കാഹളം പരേതരെ വിളിച്ചുകൂട്ടട്ടെ.
കല്ലുകൾ ആർപ്പുവിളിക്കുന്നതു കണ്ട്
അവസാനം മൂപ്പന്മാർ നിന്നെ മഹത്ത്വപ്പെടുത്തട്ടെ.[239]

**12.** ആദ്യകാല പുരോഹിതർ
നിന്റെ സൗന്ദര്യം കാംക്ഷിച്ചെങ്കിലും കണ്ടില്ല.
പിന്നെ വന്ന പുരോഹിതർ നിന്റെ സൗന്ദര്യത്തെ വെറുക്കുകയും
നിനക്ക് അഹിതമായതു പ്രവർത്തിക്കുകയും ചെയ്തു.
താഴേക്കിറങ്ങിവരികയും ഇന്ദ്രിയങ്ങളുമായി ചേരുകയും ചെയ്ത
ജീവന്റെ അപ്പമായ നിന്നെ സഭയുടെ പുരോഹിതന്മാരാകട്ടെ,
തങ്ങളുടെ കൈകളിൽ എടുക്കുന്നു.
നിന്നെ പീഡിപ്പിച്ചവർ നിന്നെ വെറുത്തതിനാൽ നിന്ദ്യരാണ്.
എന്നാൽ നിന്നെ താല്പര്യപൂർവം കാംക്ഷിക്കുന്നതിനാൽ,

---

237. മർക്കോ. 13:3-37    238. മർക്കോ. 11:1-10    239. ലൂക്കോ. 19:40

www.malankaralibrary.com



നിന്നെ സ്നേഹിക്കുന്നവർ സുന്ദരരാണ്.
നിന്നെ സ്വന്തമാക്കുന്നതിനാൽ നിന്റെ അവകാശികൾ ധനികരാണ്.

**13.** നിന്നെ വെറുത്ത നാട് ശാപാർഹമാണ്.
നിന്നെ കുരിശിൽ തറച്ച നഗരത്തിലെ വാസസ്ഥലങ്ങൾ
സോദോം പോലെയായി. വിശുദ്ധ നഗരത്തിൽ മൂങ്ങാ മൂളുന്നു.
സീയോൻ വന്ധ്യയായി; എന്നാൽ നിന്റെ സഭ ഫലസമൃദ്ധയാണ്.
അവളിൽ നിന്റെ സമാധാനകാഹളം മുഴങ്ങുന്നു;
അവൾ മോശയുടെ ഗിതാർ മീട്ടുന്നു;
ദാവീദിന്റെ കിന്നരം വായിക്കുന്നു.

# ഗീതം 36

## സഭ

അതേ രാഗത്തിലുള്ള അഞ്ചാം ഗീതം

**1.** തന്റെ ശിഷ്യന്മാർക്കുവേണ്ടി മുറിക്കപ്പെട്ട ആ ജീവനുള്ള അപ്പം
അവിടുന്ന് എന്നിൽ മുറിച്ചെന്ന് എന്റെ നീതിമാന്മാരുടെ
അധരങ്ങളിലൂടെ ഞാൻ ഏറ്റുപറയുന്നു.
അതുപോലെ പാത്രത്തിലെ ജലത്തിൽ അവർ കഴുകപ്പെട്ടെന്നും
ഞാൻ അനുസ്മരിക്കുന്നു.
പന്ത്രണ്ടുപേരുടെ മുമ്പിൽ അവിടുന്ന് ശുശ്രൂഷകനെപോലെ നിന്നു;
അവർക്കുപകരം, അവസാനം തന്റെ സിംഹാസനത്തിന്റെ
മുമ്പാകെ പതിനായിരക്കണക്കിന് ഈറേമാലാഖമാർ നില്ക്കും.
യൂദാസ് എത്രമാത്രം അവിശ്വസിച്ചെന്ന് അവർ സാക്ഷ്യപ്പെടുത്തും.

*പ്രതിസ്തോത്രം: ഒരു സജീവ ബലിയായി നിന്റെ ശരീരം ഞങ്ങൾക്കു നൽകുവാൻ നിന്നെ അയച്ച കാരുണ്യത്തിനു സ്തുതി.*

**2.** അവിടുന്ന് രക്തം വിയർത്ത സ്ഥലം
അവിടുത്തേക്ക് ഒരു കിരീടം നൽകട്ടെ.

www.malankaralibrary.com



വാദകോലാഹലങ്ങളിൽ അവിടുത്തെ രക്തം
താർക്കികരെ വിയർപ്പിക്കട്ടെ.
എല്ലാവരും കുറെയൊക്കെ വിയർക്കുമെങ്കിലും,
അളവില്ലാതെ അവിടുന്നു കൊന്നവൻ അളവില്ലാതെ വിയർത്തു.
...ധരിച്ചു
.... ശരിയായ സമയത്ത്
.... അധ്വാനത്തിൻെറ വിയർപ്പ്.

3. വീണ്ടും, തന്നേക്കാൾ ഉയർത്തപ്പെട്ട ആ വലിയ മലയ്ക്കു
തന്നെ തുല്യയാക്കിയതിൽ
ഗോഗുൽത്താ നിനക്കു നന്ദി പറയുന്നു.[240]
നിൻെറ മഹാജൈത്രയാത്ര കണ്ട് സമാശ്വസിക്കപ്പെടാനും
സകലരുടെയും ന്യായാധിപനായ നിന്നെ
ഭീതിജനകമായ ന്യായാസനത്തിൽ കാണാനും,
ക്രൂശിൽ തറച്ചവർ പ്രതികാരത്തിനായി തൂങ്ങിക്കിടക്കുന്നതും
കയ്യാഫാസ് അവമാനത്തിൽ നില്ക്കുന്നതും
കള്ളൻ ഉദ്യാനത്തിൽ ഉലാത്തുന്നതും കാണാനും
അവൾ കാത്തിരിക്കുന്നു.

4. ഒരു വഴിയാത്രക്കാരൻ കടക്കുകയും തിരിച്ച് ഓടുകയും ചെയ്ത
ഒരു പട്ടണം നിനക്കു നന്ദി പറയട്ടെ.[241]
നിൻെറ വിശദീകരണത്തിലൂടെ പഠിപ്പിക്കാനായി
ക്ലെയോഫാസിൽനിന്ന് നീ നിന്നെത്തന്നെ മറച്ചുവച്ചു.
നിൻെറ ഉത്ഥാനംവഴി അബലരായ കുട്ടികളെ
ഭയപ്പെടുത്താതിരിക്കാൻ വേണ്ടിയായിരുന്നു അത്.
എൻെറ കർത്താവേ, അവരെ പരിപൂർണരാക്കുവാൻ,
അപ്പംകൊണ്ട് നീ മറ കീറിക്കളഞ്ഞു.
എല്ലാവരിൽനിന്നും മറ നീക്കപ്പെടുമ്പോൾ
നിൻെറ ശോഭ അവസാനം പൂർണമായി വെളിപ്പെടും.
അതു നീ തന്നെയാണെന്ന് ക്രൂശാരോഹിതർ കാണും.

---

240. സീനായ് മല

241. എമ്മാവുസ്: ലൂക്കോ. 24:13-35

www.malankaralibrary.com



**5.** നിഗൂഢമായി മൂന്നു ട്രോഫികൾ സജ്ജമാക്കപ്പെട്ടു.
അപ്പവും മീനും കത്തുന്ന തീയും.[242]
ആദാമ്യകുലത്തിൻെറ വിയർപ്പുകൊണ്ടുണ്ടാക്കിയ
അപ്പമായിരുന്നില്ല അത്.
അവിടുന്നു തന്നെ ഒരുക്കിയ മേശ
വാസ്തവത്തിൽ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ?
വെള്ളത്തിൽ നിന്നല്ലാതെ പിടിച്ച മീൻ;
കൈകൾ കൊണ്ട് ചുടാത്ത അപ്പം;
വിറകു കൂടാതെ കൂട്ടിവച്ചിരിക്കുന്ന തീക്കനൽ!

**6.** ശിഷ്യരോടുകൂടി ഭക്ഷിച്ച, അജഗണത്തിൻെറ കർത്താവ്
തന്നെ ശ്രവിച്ച ശെമഓനെ തെരഞ്ഞെടുക്കുകയും
തൻെറ അജഗണത്തെ അവനെ ഭരമേല്പിക്കുകയും ചെയ്തു.
കൂടുതൽ കരുതൽ ഉണ്ടായിരിക്കാനായി
അവിടുന്നു മൂന്നു പ്രാവശ്യം കല്പന ആവർത്തിച്ചു.
സ്നേഹപൂർവം തൻെറ കുഞ്ഞാടുകളെ പരിപാലിക്കണമെന്നും
താല്പര്യത്തോടുകൂടി തൻെറ ആടുകളെ കരുതണമെന്നും
ബഹുമാനപൂർവം തൻെറ പെണ്ണാടുകളെ സംരക്ഷിക്കണമെന്നും
ഉള്ള മൂന്ന് ഉത്തരവുകൾ ഇടയനിൽനിന്ന് അവൻ സ്വീകരിച്ചു.

**7.** തങ്ങൾ ബലഹീനരും പാവപ്പെട്ടവരും
ചെറിയവരും പാണ്ഡിത്യമില്ലാത്തവരും ആണെന്നും
നാടുനിറയെ പണ്ഡിതന്മാരും നേതാക്കന്മാരും ആണെന്നും
അവർ കണ്ടു.
ഇതാ, അഗ്നികൊണ്ടും, മത്സ്യംകൊണ്ടും, അപ്പംകൊണ്ടും
അവിടുന്ന് അവരെ പ്രേരിപ്പിച്ചു.
അധ്വാനം കൂടാതെ സമൃദ്ധി കുന്നുകൂട്ടിയവൻ,
പണസഞ്ചികൂടാതെ, തൻെറ വിജ്ഞാനത്തിൻെറ പാത്രങ്ങളായ
പാമരന്മാരെക്കൊണ്ട് ജനതകളെ പഠിപ്പിച്ചവൻ,
കാണപ്പെട്ട ഭക്ഷണംകൊണ്ട് ഭാവിയിലെ വിരുന്ന് വെളിപ്പെടുത്തി.

---

242. യോഹ. 21:9

www.malankaralibrary.com



8. എല്ലാവരോടും കല്പിക്കുന്നവനെ,
എല്ലാ നിക്ഷേപങ്ങളുടെയുംമേൽ
ഭരണം നടത്തുന്ന വലിയ ഇച്ഛാശക്തിയെ,
ഒരാംഗ്യവും ഒരു കല്പനയും ശുശ്രൂഷിച്ചു.
എല്ലാറ്റിനെയും നിലനിർത്തുന്നവൻെറ മുമ്പിൽ
അത് സമ്പദ്സമൃദ്ധി കുന്നുകൂട്ടി.
വിശപ്പില്ലാഞ്ഞിട്ടും ഭക്ഷിച്ച നമ്മുടെ ദൈവത്തിന്
ഈ ഭക്ഷണം അനുയോജ്യവും ശുദ്ധവും ലഘുവുമായിരുന്നു.
നാം അവിടുത്തെ സത്യത്തിലും സ്നേഹത്തിലും നിലനില്ക്കാൻ
വാത്സല്യത്താൽ മനുഷ്യരോടുകൂടി അവിടുന്ന് ഭക്ഷിച്ചു.

9. കല്ലറയിലേക്ക് വേർപെട്ടുപോയ ലാസറിനെ
അവർ അനുധാവനം ചെയ്തു.
വലിയവൻ ഉയരത്തിലേക്കു പോയി;
രഥങ്ങൾ അവിടുത്തെ അനുധാവനം ചെയ്തു.
അവിടുന്നു ദൂരസ്ഥനും സമീപസ്ഥനും
തൻെറ വെളിപ്പെടുത്തലിൽ നിഗൂഢനുമാണ്.
ലാസർ മരിക്കയും ജീവിക്കയും ഒത്തുചേരുകയും
ഭക്ഷിക്കാൻ ഇരിക്കുകയും ചെയ്തു.
നമ്മുടെ കർത്താവ് പാതാളത്തിലേക്കിറങ്ങുകയും
തിരിച്ചുവരികയും ചെയ്തു.
അവിടുന്ന് തൻെറ സ്വർഗങ്ങളിലേക്കു കരേറി;
എന്നാൽ, ഇതാ, അവിടുന്ന് താഴെയുള്ള ലോകവുമായി
ബന്ധം പുലർത്തുന്നു.
വീണ്ടും, തന്നെ സ്നേഹിക്കുന്നവരോടുകൂടിച്ചേർന്ന്
അവിടുന്നു ഭക്ഷണത്തിനിരിക്കുന്നു.

10. "അവിടുത്തെ കണ്ടതിനാൽ സന്തോഷിക്കുന്ന എല്ലാവരേക്കാളും
കൂടുതലായി ഞാൻ[243] സന്തോഷിക്കുന്നു.
അവിടുന്ന് എൻെറ നാടുകളെ സന്തുഷ്ടമാക്കുകയും
ഉയർത്തുകയും ചെയ്തു. ഞാൻ അവന് അകമ്പടി സേവിച്ചു.

---

243. ഒലിവുമല

www.malankaralibrary.com



"പുറത്തു വരിക" എന്ന് ഞങ്ങളുടെ പരേതരെ വിളിച്ചതുപോലെ,
അവിടുന്ന് മരിച്ചവരെ വിളിക്കുമ്പോൾ,
അവിടുത്തെ സജീവസ്വരം ഞാൻ കേൾക്കാൻ പോകുകയാണ്.[244]
ഇപ്പോൾ ലാസർ മാത്രമേ അവനു പ്രത്യുത്തരം നല്കിയുള്ളെങ്കിലും
അവരെല്ലാം പ്രത്യുത്തരിക്കുകയും പുറത്തു വരികയും ചെയ്യും.
ഒരസ്ഥിപോലും പാതാളത്തിൽ അവശേഷിക്കുകയില്ല.

# ഗീതം 37

## വിശ്വാസം

അതേ രാഗത്തിലുള്ള ഏഴാം ഗീതം.

1. സർപ്പം ഹവ്വായെ മുറിവേൽപ്പിക്കുകയും
അവൾ വൃദ്ധയാകുകയും ചെയ്തു.
അവൻ എല്ലാവർക്കുമെതിരെ മത്സരിച്ചു-
രാജാക്കന്മാർക്കും പുരോഹിതന്മാർക്കും
പ്രവാചകന്മാർക്കും രക്ഷകർക്കും എതിരെ -
ഈശായിയുടെ വേര് സർപ്പത്തെ തളർത്തി.[245]
മറിയത്തിൽനിന്നുള്ള ആദ്യവേര് അവനെ കീഴടക്കി.
പ്രാർത്ഥനകൾ ഉച്ചരിക്കപ്പെട്ടു; അവൻ ബലഹീനനായി.
'ഹൂത്താമ്മാ'[246] അവന്റെ മേൽ പതിച്ചു; അവൻ വരണ്ടുപോയി.
ആദത്തിന്റെ അസ്ഥികൾ പാതാളത്തിൽ
സന്തോഷംകൊണ്ട് കുതിച്ചുചാടി.

2. അവിടുത്തെ ശരീരം നമ്മുടെ ശരീരവുമായി
പുതുതായി കലർത്തപ്പെട്ടു.
അവിടുത്തെ ശുദ്ധരക്തം നമ്മുടെ സിരകളിലേക്കും
അവിടുത്തെ സ്വരം നമ്മുടെ കാതുകളിലേക്കും

---

244. യോഹ. 11:43 245. ഏശാ. 11:1-10 246. സമാപനാശീർവാദം.

www.malankaralibrary.com



അവിടുത്തെ പ്രകാശം നമ്മുടെ കണ്ണുകളിലേക്കും പകർന്നു.
തന്റെ കാരുണ്യത്താൽ അവിടുന്നു പൂർണമായും
നാമുമായി കലർത്തപ്പെട്ടു.
അവിടുന്നു തന്റെ സഭയെ വളരെ സ്നേഹിക്കുന്നതിനാൽ,
അവളുടെ എതിരാളിയുടെ[247] മന്നാ അവൾക്കു നൽകിയില്ല.
അവൾക്കു ഭക്ഷിക്കാൻ കൊടുക്കാൻ
അവനു സജീവ അപ്പം ഉണ്ടായിരുന്നു.[248]

3. ഞങ്ങളുടെ ഉപയോഗത്തിനായി സൃഷ്ടിക്കപ്പെട്ട
ഗോതമ്പ്, ഒലിവ്, മുന്തിരി എന്നീ മൂന്നെണ്ണവും
മൂന്നു രീതികളിൽ പ്രതീകാത്മകമായി നിന്നെ സേവിക്കുന്നു.
മൂന്നു മരുന്നുകൾ കൊണ്ട് നീ ഞങ്ങളുടെ രോഗം സുഖമാക്കി.
മനുഷ്യകുലം ബലഹീനവും ദുഃഖപൂർണവും ആയിത്തീർന്ന്,
പരാജയപ്പെട്ടുകൊണ്ടിരുന്നു.
നിന്റെ അനുഗ്രഹപ്രദമായ അപ്പംകൊണ്ട്
നീ അതിനെ ശക്തിപ്പെടുത്തി;
നിന്റെ മിതമായ വീഞ്ഞുകൊണ്ട് നീ അവളെ സാന്ത്വനപ്പെടുത്തി;
നിന്റെ വിശുദ്ധ മൂറോൻകൊണ്ട് നീ അവളെ സന്തുഷ്ടയാക്കി.

4. നമ്മുടെ ഉപയോഗാർത്ഥം സൃഷ്ടിക്കപ്പെട്ട
ആണാടുകളും പെണ്ണാടുകളും-
ആട്ടിൻരോമം കൊണ്ടുള്ള ഒരു വസ്ത്രം അവിടുന്നു ധരിച്ചു...
പകരം... അവന്റെ നാലു പ്രതീകങ്ങൾ ...
ഇതാ, ഉറവ... അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽനിന്ന്
... നമ്മുടെ സഹായം ...
ഓരോരുത്തന്നും അവനവന്റെ ധാരണയ്ക്കനുസൃതം
കുറവുകൂടാതെ നിന്റെ അരുവി ഒഴുകുന്നു.

5. നിന്റെ താഴ്മയാൽ രക്ഷിക്കപ്പെട്ടതിനാൽ
ശരീരം നിനക്കു നന്ദി പറയുന്നു.
വഴിതെറ്റിയ ആട്! അതിനെ പിച്ചിക്കീറാൻ

---

247. ഇസ്രായേൽ സഭയുടെ

248. യോഹ. 6:35

www.malankaralibrary.com



സിംഹം പതുങ്ങിക്കിടന്നു!
പിച്ചിച്ചീന്തുന്ന ദുഷ്ടമൃഗമാണ് രഹസ്യപാപം.
ആട്ടിൻകുട്ടിയെ രക്ഷിച്ചപ്പോൾ ദാവീദ് സ്വയം സംരക്ഷിച്ചു.[249]
ഞങ്ങളെ വിഴുങ്ങിയെങ്കിലും തൃപ്തിവരാതിരുന്ന മരണത്തിന്
ഞങ്ങളുടെ ശരീരത്തിനുപകരം നീ നിൻെറ ശരീരം നൽകി.
നിന്നെകൊണ്ട് അതിനു മതിയായി; അത് പൊട്ടിത്തെറിച്ചു.

6. ആത്മാവ് നിനക്കു നന്ദിപറയട്ടെ;
അവളുടെ സ്വാതന്ത്ര്യം കൊണ്ട് അവൾ വലിച്ചുവച്ച
കടക്കറകളിൽ നിന്ന് നീ തുടച്ചുവൃത്തിയാക്കിയ
ആ ദുഷിച്ച സാധനം!
അവൾക്കായി അവളുടെ ഇച്ഛ
കറ പുരണ്ട വസ്ത്രം നെയ്തുകൊടുത്തു;
എന്നാൽ കരുണാനിധിയാകട്ടെ
ഒരു പ്രകാശവസ്ത്രം നെയ്ത് അവളെ ധരിപ്പിച്ചു.
പ്രഭാതത്തിൽ പുരോഹിതന്മാർ ഒരു പറവയെക്കൊണ്ട്
ശുദ്ധീകരിച്ചെങ്കിൽ[250] ബുദ്ധിരഹിതമായി പ്രവർത്തിച്ച
ആത്മാവിനെ നീ ശുദ്ധീകരിച്ചു.
നീ അതിനെ നിൻെറ രക്തത്തിൽ കഴുകി,
വെളുപ്പിച്ച്, ശോഭയുള്ളതാക്കി.

7. നിയമജ്ഞരുമായി നമ്മുടെ കർത്താവ് തർക്കിച്ചു.
അവരുടെ ലിഖിതങ്ങൾ ധരിച്ച്,
അവിടുന്നവരെ തർക്കത്തിൽ തറപറ്റിച്ചു.
സത്യത്തിൻെറ മാർകവചമായ സങ്കീർത്തനങ്ങൾകൊണ്ട്
അവിടുന്ന അരമുറുക്കി.
അവിടുന്ന് അവരെ ചോദ്യം ചെയ്തു;
അവർ ഇങ്ങോട്ടും; എന്നാൽ അവിടുന്ന് വിജയിച്ചു.
നിയമമായിരുന്നു[251] അവിടുത്തെ പരിച;
ഏശായാ ആയിരുന്നു അവിടുത്തെ വാളും കുന്തവും;
പ്രവാചകന്മാർ തൻെറ വില്ലിനുള്ള അമ്പുകളും.

---

249. 1 സാമു. 17:34-37 250. ലേവ്യ. 14:1-7 251. തോറാ(പഞ്ചഗ്രന്ഥി)

www.malankaralibrary.com



**8.** അവിടുത്തെ പേരുകൾ അപരിചിതനെ[252]
നിശ്ശബ്ദമായി നിരസിക്കുന്നു;
കാരണം, യേശു ആണ് മിശിഹായും
നമ്മുടെ കർത്താവും നമ്മുടെ ദൈവവും.
സ്രഷ്ടാവിന്റെ നിറഞ്ഞ നിക്ഷേപങ്ങളിൽനിന്ന്
അവിടുന്ന് സ്വീകരിച്ച് സമ്പന്നനായി.
വില്ലുപോലെ ആലയത്തിൽ അവിടുന്നു നീതി അവതരിപ്പിച്ചു:
നിയമജ്ഞരുടെ നേരേ ഭീതികരമായ താക്കീതുകൾ
തൊടുത്തുവിട്ടു.
ഒരു പിശാചിന്റെ നേരേ അമ്പെയ്ത് അവനെ നിശ്ശബ്ദനാക്കി.[253]
മറ്റൊന്ന് ലെഗിയോന്റെ നേർക്കയച്ച് അതിനെ ശിക്ഷിച്ചു.[254]

**9.** "സ്വർഗീയൻ മറ്റൊരു ശരീരത്തോടുകൂടി മറിയത്തിൽ വസിച്ചു"
എന്നു പറഞ്ഞവനെ അവളിൽ നിന്നുള്ള ശരീരം കുറ്റപ്പെടുത്തി.
ആ ശരീരം പരിപൂർണമായിരുന്നു;
എന്നാൽ നമ്മുടെ അപ്പംകൊണ്ട് അത് എങ്ങനെ വളർന്നു?
അതിന് വിയർപ്പും തുപ്പലും കണ്ണുനീരും രക്തം പോലും ഉണ്ട്.
ആരോഹണം ചെയ്ത ശരീരം കളങ്കരഹിതം ആണെങ്കിലും
അതു മരിച്ചതിനാൽ, നമ്മുടെ ശരീരത്തിനു സദൃശ്യമാണ്.
തെറ്റുപേക്ഷിച്ച്, അവയുടെ സ്വഭാവം
ഏകമാണെന്ന് ഏറ്റുപറയുക.

**10.** നിന്റെ സത്യം എന്റെ യുവത്വത്തിൽ ഉണ്ടായിരുന്നു;
നിന്റെ സത്യം എന്റെ വാർദ്ധക്യത്തിലും.
ക്രൂശാരോഹകരുടെ വിഭാഗത്തെ ഞാൻ തള്ളിപ്പുറത്താക്കി.
കൊത്തുരൂപങ്ങളെയും, അപരിചിത ദേവവിഗ്രഹങ്ങളെയും
നമ്മെ ചതിക്കാൻ രൂപീകരിച്ച പുതിയ വഞ്ചനയെയും
ഞാൻ പുച്ഛരിച്ചു തള്ളി.
എന്റെ കർത്താവേ, പഴയതും പുതിയതുമായ
വഞ്ചനകളെ ഞാൻ തള്ളിപ്പറയുന്നു.

---

252. സത്യദൈവത്തിനു മാർസിയൻ നൽകിയ നാമം.
253. മർക്കോ. 1:23-26 254. മർക്കോ. 1:1-20

www.malankaralibrary.com



ഞാൻ വിശ്വസിച്ച പഴയതും പുതിയതുംകൊണ്ട്
ഞാൻ എൻെറ ഗീതങ്ങൾ ആലപിക്കുന്നു.

# ഗീതം 38

## ലോത്തും പെൺമക്കളും

"നിങ്ങൾ സ്നേഹിച്ച ദൈവം" എന്ന രാഗത്തിൽ

**1.** ഓ, ഋജുമാനസനെ ദുഷിച്ച പാനീയം കുടിപ്പിച്ച
ലോത്തിൻെറ പുത്രിമാർ![255]
അവർ ശാരീരിക ബന്ധത്തിനുവേണ്ടി അതു നൽകി;
എന്നാൽ അവനാകട്ടെ, സമാശ്വാസത്തിനു കുടിച്ചു.

*പ്രതിസ്തോത്രം: എല്ലാവരെയും വിധിക്കുന്നവനേ, നിനക്കു സ്തുതി.*

**2.** തൻെറ ദുഃഖം അകറ്റുന്നതിനും
വീഞ്ഞിലൂടെ ഭീകരത മറക്കുന്നതിനും അവൻ കുടിച്ചു;
വീഞ്ഞിലൂടെ അവൻ ഉറക്കത്തിലേക്കു വഴുതി വീണു;
കാരണം, ഉറക്കം ഭയത്തിൽനിന്ന് ഓടിപ്പോകുന്നു.

**3.** സോദോം ഗോമോറായെ നശിപ്പിച്ച
സംഹരിക്കുന്ന ഇടിമിന്നലിൻെറ ഭീകരത മറക്കാൻ അവൻ കുടിച്ചു.
പ്രതികാരം ചെയ്യുന്ന ഇടിമുഴക്കം
ഹൃദയത്തിൽനിന്നു കടന്നുപോകുവാൻ അവൻ കുടിച്ചു മത്തനായി.

**4.** കൊടും ഭീകരതയുടെ ഗംഭീരമുഴക്കം നീക്കപ്പെട്ടു എന്ന്
തൻെറ ഹൃദയത്തിൽ ഉറപ്പുവരുത്താൻ അവൻ കുടിച്ചു.
അവൻെറ ചെവി കൊട്ടിഅടഞ്ഞു;
സോദോമിൽ നിന്നുള്ള ഗർജനം ഹൃദയത്തിൽ ആഞ്ഞടിച്ചു.

---

255. ഉല്പ. 19:30-38

www.malankaralibrary.com



5. കൂട്ടനിലവിളികളും ആഴത്തിൽനിന്നുള്ള അലർച്ചകളും
ഉയരത്തിൽനിന്നുള്ള ഇടിമുഴക്കങ്ങളും ഒച്ചയും കേട്ട്
അവൻെറ പുത്രിമാരുടെ ഹൃദയം തകർന്നുപോയി.

6. ഭൂമിപോലും പ്രകമ്പനംകൊണ്ടു; കാരണം, ദൈവകോപത്തിന്
അതിനെ പ്രകമ്പനം കൊള്ളിക്കാൻ കഴിയും.
പെട്ടെന്ന് ആളിക്കത്തിയ നാലു പട്ടണങ്ങളും
ഏകസ്വരത്തിൽ അലറി വിളിച്ചു.

7. ബുദ്ധിഹീനരായ പെൺകുട്ടികളെ കൃപ നിയന്ത്രിച്ചു.
അല്ലെങ്കിൽ, ആ ഘോര ശബ്ദങ്ങൾ കേട്ട്
ആർക്കു ജീവിക്കാൻ കഴിയുമായിരുന്നു?

8. അവിടെ കടൽ പോലും അലറി...
അതു മൂകയും ചെകിടയുമായി ...
ദൈവകോപം ...
കടലിനും കരയ്ക്കും...

9. പുകപടലം മൂലം അവർക്കൊന്നും കാണാൻ കഴിഞ്ഞില്ല;
സൃഷ്ടിമുഴുവൻ നശിക്കുകയാണെന്ന് ചിന്തിക്കാൻ
പ്രകമ്പനങ്ങൾ മണ്ടികൾക്കിടയാക്കി.

10. ഒരു മൂടൽമഞ്ഞ് അവിടെല്ലാം പരന്നതിനാൽ
അവർക്കൊന്നും തിരിച്ചറിയാൻ കഴിഞ്ഞില്ല.
വളരെ അടുത്തുള്ളവ മാത്രമേ കാണാൻ കഴിഞ്ഞുള്ളു.

11. പുറത്തുള്ളവർക്ക് പുകയിലൂടെയും മൂടൽ മഞ്ഞിലൂടെയും
അകത്തു കടക്കാമായിരുന്നു.
എന്നാൽ ലോത്തിനു പുറത്തേക്കു പോകാൻ കഴിഞ്ഞില്ല;
തൻെറ അഭയസ്ഥാനം വിട്ടിറങ്ങാൻ അവൻ ഭയപ്പെട്ടു.

12. സൃഷ്ടി മുഴുവൻ നശിച്ചെന്ന്,
ഇവയിൽ നിന്നെല്ലാം അവർ അനുമാനിച്ചു.
വൃദ്ധനായതിനാൽ ലോത്ത് നടുങ്ങി.
വിവരമില്ലാത്തതിനാൽ പൊട്ടികളായ പെൺകുട്ടികളും.

www.malankaralibrary.com



13. വൃദ്ധൻ ഭയചകിതനായെങ്കിൽ
യുവതികൾ എത്രയധികമായി ഭയപ്പെടണം!
തന്റെ പുത്രിമാർ നടുങ്ങിപ്പോയതും
തന്റെ ഭാര്യ ഉപ്പുതൂണായി മാറിയതും ലോത്ത് കണ്ടു.

14. വീണ്ട് തങ്ങളെ സമാശ്വസിപ്പിക്കുമെന്നും
എല്ലാ വശത്തുനിന്നും തങ്ങളെ വളഞ്ഞിരിക്കുന്ന
കൊടുംഭീകരതകൾ മറക്കാൻ സഹായിക്കുമെന്നും
വൃദ്ധനും പുത്രിമാരും ചിന്തിച്ചു.

15. മനുഷ്യവാസമുള്ള ഭൂമിയിൽനിന്ന്
ബുദ്ധിയില്ലാത്ത പെൺകുട്ടികൾ ഇറങ്ങി പുറപ്പെട്ടു;
മരുഭൂമി അവരുടെ നേരേ പല്ലിളിച്ചു.... അത് അവരെ കളിയാക്കി.
മനുഷ്യവാസമുള്ള ധരയോട് മരുഭൂമി ചോദിച്ചു...

16. അവർ കരുതി....

17. ... വീഞ്ഞ് വാർധക്യത്തെ സമാശ്വസിപ്പിക്കുന്നു;
ഗർഭധാരണം യുവതികളെയും.

# ഗീതം 39

## കൃതജ്ഞതാഗീതം - 1

1. ഞാൻ സ്വതന്ത്രനാക്കപ്പെട്ടു എന്നു ഞാൻ ഏറ്റുപറയും;
സമൃദ്ധി ലഭിക്കാൻ ഞാൻ അപേക്ഷിക്കും.
പ്രതിഫലം കിട്ടാൻ ഞാൻ അധ്വാനിക്കും;
പൂർണമായി ലഭിക്കാൻ ഞാൻ വിത്തു വിതറും.
കാരണം, നമ്മുടെ കർത്താവ് താഴേക്കു വന്ന്,
കച്ചവടക്കാർക്കു വെള്ളിയും, കൃഷിക്കാർക്കു വിത്തും
പ്രസംഗകർക്കു സത്യവും ശ്രോതാക്കൾക്കു കേൾവിയും നൽകി.

www.malankaralibrary.com

*ഗീതം 39:2-13*

*പ്രതിസ്തോത്രം: നിൻെറ ആഗമനത്താൽ ഞങ്ങളെ സമ്പന്നരാക്കുവാൻ നിന്നെ അയച്ചവനു സ്തുതി.*

**2.** ആത്മാക്കളുടെ പടവുകൾ തിന്മയുടെ ഓളങ്ങളിൽ!
കുറ്റങ്ങളുടെ കടലിൽ നഷ്ടപ്പെട്ട നിക്ഷേപങ്ങൾ!
നീ താഴേക്കു വന്നു ...
അവയുടെ ഓളങ്ങൾക്കവ യോജിച്ചതായിരുന്നു.
അവരുടെ പാതകൾ ...

**3-6.** നഷ്ടപ്പെട്ടു.

**7.** മഹത്ത്വീകരിക്കപ്പെട്ടവൻ...അവർ അവനിൽനിന്നു രക്ഷപെട്ടു.
പോരാട്ടത്തിൽ നീ ദുഷ്ടനെ തറ പറ്റിച്ചു.
ബലഹീനത അവനെ കീഴടക്കി;
ദൗർബല്യം അവനെ പരാജയപ്പെടുത്തി.
നിന്നിൽ അവൻ എല്ലാവരാലും കീഴടക്കപ്പെട്ടു.

**8-10.** നഷ്ടപ്പെട്ടു.

**11.** മനുഷ്യവാസമുള്ള ഭൂമി ഫലരഹിതമായ തണ്ടായി തീർന്നതിനാൽ,
ഈജിപ്തിൽനിന്നുള്ള ഒരു മുന്തിരിയെ മുളപ്പിച്ചു ...
നീ താഴേക്കു വന്ന് നിൻെറ സത്യം ഞങ്ങളുടെ ഹൃദയത്തിൽ നട്ടു.
നിൻെറ സ്നേഹം ഞങ്ങളുടെ ഉള്ളിൽ,
നിൻെറ വാത്സല്യം ഞങ്ങളുടെ തലമുറയിൽ,
നിൻെറ പ്രത്യാശ ഞങ്ങളുടെ ആത്മാക്കളിൽ.

**12.** എല്ലാവരും, ഗേഹന്നായ്ക്കുവേണ്ടവ സജ്ജമാക്കുകയായിരുന്നു.
എല്ലാവരും, നഷ്ടപ്പെടാൻവേണ്ടി ധാരാളമായി നൽകുകയായിരുന്നു.
നീ താഴേക്കുവന്ന്, ജീവഭവനത്തിൻെറയും ശിക്ഷണപാതയുടെയും
രാജ്യത്തിലേക്കുള്ള എളുപ്പവഴിയുടെയും
പ്രവേശനകവാടത്തിൻെറയും വഴികാട്ടി ആയിത്തീർന്നു.

**13.** വീണ്ടു .... ആയിരുന്നു .... ... രുചികൾ ...
നീ ... എല്ലാം നീയായിരുന്നു ...

www.malankaralibrary.com



സത്യം എല്ലാവരെയും വിജ്ഞാനികളാക്കി ...
എല്ലാവരുടെയും ...ചരടും
എല്ലാവരുടെയും ലക്ഷ്യവും ...

**14.** തെറ്റ് .... ഫലം
നീ താഴേക്കുവന്ന് കുറ്റപ്പെടുത്തി ... നിൻെറ തീച്ചൂളയിൽ
... നീൻെറ മർത്യതയാലും മരണം നിൻെറ ജീവനാലും.

**15.** ആദം മുങ്ങിത്താണുപോയി;
ആത്മീയദൂതന്മാർ സഹായിക്കാനായി താഴേക്കുവന്നു;
എന്നാൽ അവൻ മുകളിലേക്കു വന്നില്ല.
പ്രവാചകന്മാർ വന്നു; എന്നാൽ അവൻ എഴുന്നേറ്റില്ല.
ഇരുമ്പുപോലെ താഴേക്കുതാണവനെ
നീ തിരിച്ച് മുകളിലേക്കു കയറ്റി.
ഭാരമുള്ളവനെ നീ പറത്തി;
ഇരുമ്പും തടിയുംപോലെ ഭാരരഹിതനെ നീ മുക്കിത്താഴ്ത്തി.

**16.** യേശുവേ, നിൻെറ കർമങ്ങൾക്ക് നാവും
നിൻെറ സഹായങ്ങൾക്ക് സ്വരവും
നിൻെറ സമൃദ്ധിക്ക് അളവും മതിയാവുകയില്ല.
നിൻെറ പിതാവിന് നിന്നിൽ മഹത്ത്വം;
കാരണം, നീ അവൻെറ പക്കൽനിന്നു താഴേക്കു വന്നു;
ഞങ്ങളുടെ പക്കൽനിന്ന് അവിടേക്കു കയറിപ്പോയി.
അവൻെറ കൃപ നിന്നിലൂടെ താഴേക്കിറങ്ങി വന്നു;
നിന്നിലൂടെ മഹത്ത്വം മുകളിലേക്കു കയറുന്നു.

**17.** എൻെറ കർത്താവേ, നിൻെറ ആരാധകരുടെ ചെറിയ കൂട്ടത്തിന്
ഇത് ഉചിതമാകുന്നു ...
ഉദരങ്ങളിൽ ... അവൻെറ ഗൈഡ് ...
അവൻെറ നിസ്സാരത .... ഒരു അത്ഭുതം ...
മരുഭൂമിയിൽ ... നമ്മുടെ പ്രബോധനത്തിൻെറ
ഈ വഴികാട്ടിയിൽ നിന്ന് ഒരു നിക്ഷേപം.

www.malankaralibrary.com



# ഗീതം 40

## കൃതജ്ഞതാഗീതം - 2

അതേ രാഗം

1. എൻെറ കർത്താവേ, എല്ലാ തലമുറകളിലും
നീതിമാന്മാർ നിൻെറ വരവിനായി ദാഹിച്ചിരുന്നു!
നിൻെറ വെളിപാടിനെ നോക്കിപ്പാർത്തുകൊണ്ട്
അവരെല്ലാം വീണുറങ്ങുന്നു!
നീ താഴേക്കിറങ്ങി വന്ന് അവരുടെ വലിയ അനുസ്മരണ നടത്തി.
ഞങ്ങളുടെ ധാരാളിത്വത്തെ കുറ്റപ്പെടുത്താനായി,
നീ അവരുടെ ആഗ്രഹം വെളിപ്പെടുത്തുകയും
അവരുടെ കാത്തിരുപ്പ് കാണിച്ചുതരികയും ചെയ്തു.

*പ്രതിസ്തോത്രം: നീതിമാന്മാർ കാത്തിരുന്നവൻ ഭാഗ്യവാൻ.*

2. അവരെപ്പറ്റിയും ഞങ്ങളെപ്പറ്റിയും അത്ഭുതപ്പെടാൻ
ഞങ്ങൾ പ്രേരിതരാകുന്നു;
പണ്ടത്തെ മനുഷ്യർ എത്രമാത്രം ദാഹിച്ചിരുന്നു;
മുറുമുറുപ്പു കൂടാതെ അവർ കടന്നുപോയി;
അവർ സ്തുതി പാടി; അവർ കിടന്ന് നിശ്ശബ്ദരായി.
നീ താഴേക്കിറങ്ങിവന്ന് നിൻെറ ഭണ്ഡാഗാരം
പാവങ്ങൾക്കായി തുറന്നു.
എന്നാൽ സമ്പന്നരായി കഴിഞ്ഞപ്പോൾ അവർക്കു വഴിതെറ്റി.
അവർ വഞ്ചിച്ച് മുദ്രയെയും രാജ്യത്തിൻെറ നിക്ഷേപങ്ങളെയും
താഴെയിട്ട് ചവിട്ടി.

3. നിൻെറ ഭണ്ഡാരത്തിൽ നിന്ന് അവർ ചില്ലിക്കാശുകൾ എടുത്തു;
അതുകൊണ്ട് നീതിമാന്മാർ സമ്പത്തിൻെറ താലന്തുകൾ
അവകാശമാക്കി.
നീ താഴേക്കുവന്ന് ഞങ്ങളുടെ ദാരിദ്ര്യത്തിനു വെള്ളിയും
ഞങ്ങളുടെ അച്ചടക്കരാഹിത്യത്തിനു താലന്തുകളും തന്നു;
എന്നാൽ ഞങ്ങൾ നിക്ഷേപങ്ങളിൽനിന്ന് കടങ്ങൾ സ്വന്തമാക്കി.

www.malankaralibrary.com



4. പത്തു താലന്തുകൾ വാങ്ങിയ ആദ്യമനുഷ്യനെപ്പറ്റി
നമുക്ക് അത്ഭുതപ്പെടാം.
അവൻെറ ഭണ്ഡാഗാരം സമ്പദ്സമൃദ്ധമായിരുന്നു;
എന്നാൽ അവൻെറ വായ് നിശ്ശബ്ദമായിരുന്നു.
നികൃഷ്ടൻ...
... അവൻ നിന്നോട് പറഞ്ഞു.

5. സമ്പന്നൻ ആയിരുന്നിട്ടും
അധ്വാനിക്കുകയും സമ്പത്തു വർധിപ്പിക്കുകയും
എന്നാൽ നിശ്ശബ്ദനും ഭയചകിതനുമായിരിക്കുകയും ചെയ്ത,
ആദ്യത്തെ ആളിൽനിന്ന് അവൻ തന്നെത്തന്നെ ദൂരെയകറ്റി.
നീ പ്രകീർത്തിക്കുന്നവൻ ഭാഗ്യവാനാകുന്നു.
നിന്നോട് തർക്കിച്ചുനിന്ന നികൃഷ്ടൻെറ അടയാളങ്ങൾ
ഞങ്ങളിൽ പതിഞ്ഞിരിക്കുന്നു.
അവൻെറ നന്ദികേട് ഞങ്ങളുടെ വായിലും
അവൻെറ തർക്കം ഞങ്ങളുടെ നാവിലും.[256]

6. ആദ്യത്തെയാൾ തൻെറ താലന്ത് ഇരട്ടിയാക്കി;
എന്നാൽ മടിയൻ കുറ്റംപറച്ചിലിൻെറ ശബ്ദം ഇരട്ടിപ്പിച്ചു.
ദാവീദിൻെറ മകനായി കാണപ്പെട്ട ഒരു രണ്ടാം നാബാൽ;
നികൃഷ്ടൻ വെള്ളി കുഴിച്ചിട്ടു.[257]
വിശ്വാസത്തിൻെറ നാഥനെപ്രതി, വിശ്വാസമാകുന്ന ധനം
കാത്തുസൂക്ഷിക്കുകപോലും ചെയ്യാത്ത താർക്കികരെ കുറിച്ച്
നമുക്ക് ആശ്ചര്യപ്പെടാം.

7. എൻെറ കർത്താവേ, വിശ്വാസസാക്ഷികളുടെ
വായിൽ അടിച്ചാലും അവർ നിന്നെ ഏറ്റുപറയും.
അവരുടെ നാവ് അറുത്ത് അംഗഭംഗം വരുത്തിയാലും
അത് നിൻെറ സ്തുതികൾ പാടും.
എൻെറ കർത്താവേ, വിശ്വാസഹീനരുടെ വായ്
തിന്നുകയും തർക്കിക്കുകയും കുടിക്കുകയും

256. മത്താ. 25:21-25    257. 1 സാമു. 25:1-42

www.malankaralibrary.com



വീണ്ടും തർക്കിക്കുകയും ചെയ്യും.
അതു മധുരമുള്ളവ അകത്താക്കിയിട്ട്
കയ്പുള്ളവ പുറത്തേക്ക് വമിക്കുന്നു.

8. ഉപവാസത്തെയും ജാഗരണത്തെയും
തെറ്റ് മലിനമാക്കുന്നതിനാൽ
ഞങ്ങളുടെ ഉപവാസം സത്യവും ഞങ്ങളുടെ ജാഗരണം
സത്യസന്ധതയും ആയിരിക്കട്ടെ. ഭക്ഷണം മലിനമാക്കുന്നില്ലെന്നും
പാനീയം അശുദ്ധമാക്കുന്നില്ലെന്നും,
ഹൃദയത്തിൽ നിന്നുള്ള അശുദ്ധിയാണ് മനുഷ്യരെ
മലിനരാക്കുന്നതെന്നും ഞങ്ങളെ പഠിപ്പിക്കാൻ
നീ താഴേക്കിറങ്ങിവന്നു.

9-10. നഷ്ടപ്പെട്ടു.

11. ഉപദ്രവം ചെയ്യാൻ കഴിവുണ്ടായിരുന്ന ഭാഷകളെയും
ശബ്ദങ്ങളെയും അത്യുന്നതൻ ഇറങ്ങി വന്ന് ചിതറിച്ചു.[258]
അവിടുന്നു പഠിപ്പിച്ചു...
ശിഷ്യരുടെ സത്യം ഒരു മുൻകുറി ആയിരിക്കാൻ
അവിടുന്ന് അവർക്ക് ധാരാളം ഭാഷകൾ നൽകി.

12. തൻെറ കാലഘട്ടത്തിൽ ആ ജനത്തിനിടയിൽ
അവിടുന്ന് സംഭ്രമം ദർശിച്ചു.
അതിനാൽ അവിടുന്ന് ഗോപുരം തകർത്തു...
താർക്കികർക്കുവേണ്ടി.
നമ്മുടെ രക്ഷയുടെ ഗോപുരമായ
സത്യം പണിയപ്പെടാതിരിക്കാൻ ....
... അവർ വിഭജിതരായി.

13. നിൻെറ നീതി നന്ദിപറയട്ടെ.
ഗോതമ്പിൽനിന്ന് പതിരും തെളിഞ്ഞ വീഞ്ഞിൽനിന്ന് മട്ടും

---

258. ഉല്പ. 11:1-9

www.malankaralibrary.com



വേർതിരിക്കപ്പെടുന്നതുപോലെ, അതുവഴി അറിവിൻെറ
കച്ചിയും പൊടിപടലവും വേർതിരിക്കപ്പെടട്ടെ.
സത്യസഭ തെറ്റിൽനിന്ന് ഇപ്രകാരം വേർതിരിക്കപ്പെട്ടു...

# ഗീതം 41

## കൃതജ്ഞതാഗീതം - 3

"തൻെറ മനസിനെ ഉണർത്താത്തവൻ ആരാണ്?" എന്ന രാഗത്തിൽ

1. എല്ലാ വായ്കൾകൊണ്ടും ഞാൻ ആവശ്യപ്പെടുകയും
സർവവിധേനയും ഞാൻ എടുക്കുകയും ചെയ്യും.
ഓരോ അവസരവും എല്ലാ ഗീതങ്ങളിലും മഹത്ത്വം
വർദ്ധിപ്പിക്കുകയും എല്ലാ രാഗങ്ങളിലും പാടുകയും ചെയ്യും.

*പ്രതിസ്തോത്രം: സർവനന്മസ്വരൂപിക്കു സ്തുതി.*

2. നിൻെറ കാരുണ്യത്തെ ഞാൻ ശ്രദ്ധിക്കുന്നു.
നിൻെറ ചിറകിൻകീഴിൽ ഞാൻ അഭയം തേടുന്നു.
എൻെറ മണ്ടത്തരങ്ങളെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നു;
എൻെറ പാപങ്ങൾ നീ തുടച്ചുനീക്കണമെ.
നിൻെറ ഈസോപ്പ് കൊണ്ട് എന്നെ കഴുകണമെ.

3. നീ ശാന്തശീലനാണെന്ന് വെളിപ്പെട്ടിരിക്കുന്നു;
നീ കരുണാനിധിയാണെന്ന് വെളിപ്പെട്ടിരിക്കുന്നു.
നിൻെറ നന്മ വെളിപ്പെട്ടിരിക്കുന്നു;
നിൻെറ മഹത്ത്വം മറഞ്ഞിരിക്കുന്നു.
നിൻെറ കാരുണ്യം പരിപൂർണമാണ്.

4. ഞങ്ങളുടെ മനസ്സ് നികൃഷ്ടമാണ്.
എല്ലാദിവസവും വെള്ളം ഒഴിക്കേണ്ട ആവശ്യമുള്ള
ചെടിക്കു തുല്യമാണത്.
നിന്നെ ഏറ്റുപറയുക ഞങ്ങൾക്ക് എളുപ്പമാണ്.

www.malankaralibrary.com



5. ഞാൻ യാചിക്കുന്നത് എനിക്കു നൽകണമെ.
എനിക്കു കിട്ടുമെന്ന് എനിക്കുറപ്പുണ്ട്.
അന്വേഷിച്ചുകൊണ്ടിരുന്ന ഈ വസ്തുക്കളെ
എൻെറ ഇന്ദ്രിയങ്ങൾ തേടുകയായിരുന്നു.
അപ്രകാരം നിൻെറ കാരുണ്യം തിരുവുള്ളമായി.

6. ...

7. നിൻേറതായിരിക്കാൻ നീ എന്നെ വിലയ്ക്കുവാങ്ങി;
ഞാൻ നിനക്കു നന്ദി പറയുവാൻ എന്നെ നീതീകരിച്ചാലും;
ശുദ്ധിമാന്മാർ തങ്ങളുടെ സ്വരങ്ങൾകൊണ്ട്,
ദൈവികകീർത്തനങ്ങൾ പാടുന്ന കാലമാണിത്.

# ഗീതം 42

## യോനാ - 1

യോനായെക്കുറിച്ചും നിനിവേയെക്കുറിച്ചും

1. യോനാ ഒരു കപ്പൽ വാടകയ്ക്കെടുത്ത് കടലിലേക്കു പോയി.
വെള്ളി കൊടുത്ത് ജലത്തിലുള്ള മുങ്ങൽ അവൻ വിലയ്ക്കുവാങ്ങി.

2. ഒരപരിചിത ശബ്ദം നിനിവേയിൽ മാറ്റൊലിക്കൊണ്ടു;
ഒരു ലക്ഷം ജനം അവിടെ ബിസിനസ് നടത്തിയിരുന്നു.

3. ഒരു നഗ്നസ്വരം അവിടെ വിതയ്ക്കപ്പെട്ടു.
ഒന്നേകാൽ ലക്ഷം മടങ്ങായിരുന്നു അതിൻെറ കൊയ്ത്.

4. കപ്പലിൽ വച്ച് മാനുഷികാധരങ്ങൾ അവനെ പിച്ചിക്കീറി;
ആഴത്തിൽ വച്ച് തിമിംഗലത്തിൻെറ വായ് അവനെ വിഴുങ്ങി.

5. അവൻ സുഖപ്പെടുത്തിയ നിനിവേയിൽ ആയിരങ്ങൾ
അളവില്ലാതെ അവിടുത്തേക്ക് എല്ലാ സ്തുതികളും അർപ്പിച്ചു.

www.malankaralibrary.com



6. ഒരു നല്ല മനുഷ്യനിലൂടെ അവിടുന്ന് അവരെ സുഖപ്പെടുത്തി.
നാവുകളുടെ മേഘം അവിടുത്തെ മഹത്ത്വം വർഷിച്ചു.

7. അതുകൊണ്ട് രണ്ടര ലക്ഷം ജനങ്ങൾ താഴെനിന്ന്
മുകളിലേക്കു മഹത്ത്വം കരേറ്റി.

8. കൽമഴ ഇലകളും ഫലങ്ങളും നശിപ്പിച്ചതിനാൽ
അതിനു വിധേയമായ ശിഖരങ്ങൾ
നഷ്ടം സഹിച്ച് വികൃതമായിരിക്കുന്നു.

9. തന്റെ ഭീഷണികളുടെ കൽമഴയാൽ യോനാ നിനിവേയെ
അടിച്ചിരുത്തി. അവളുടെ ശാഖകൾ വിശിഷ്ടഫലങ്ങൾ കൊഴിച്ചു.

10. മഹത്ത്വ ശബ്ദം ഉയർത്തുവാൻ യോനാ തന്റെ പ്രവചന
പ്രഘോഷണത്താൽ നിനിവേയിലെ ജനങ്ങളെ ഉത്തേജിപ്പിച്ചു.

11. പ്രവാചകൻ ജീവനുള്ള ഒരു സൃഷ്ടിക്കുപകരം, വന്ധ്യയായ
നിനിവേയെ ജനിപ്പിച്ചു; അത് മഹത്ത്വഫലങ്ങൾ പുറപ്പെടുവിച്ചു.

12. കടലിലെ ഒരു തിമിംഗലം അവനെ വിഴുങ്ങി.
സ്ത്രീകൾക്കുപകരം, അത് അവനെ ഗർഭം ധരിച്ച് പ്രസവിച്ചു.

13. അത് കടലിൽ അവനെ ഗർഭംധരിച്ചു; കരയ്ക്ക് അവനെ പ്രസവിച്ചു.
എല്ലാറ്റിനെയും തീറ്റിപ്പോറ്റുന്ന കരയ്ക്ക് അവനെ കയ്യാളിച്ചു.

14. അവൻ സ്വാഭാവികമായി ഗർഭസ്ഥനായി പിറന്നു;
ഒരിക്കൽകൂടി സ്വാഭാവികമല്ലാതെ ഗർഭസ്ഥനായി, പിറന്നു.

15. ഒരു സ്ത്രീ സാധാരണരീതിയിൽ അവനെ ഗർഭം ധരിക്കുകയും
സ്വാഭാവികമായി പ്രസവിക്കുകയും ചെയ്തു.

16. ഒരു മത്സ്യം സ്വാഭാവികമല്ലാത്തരീതിയിൽ അവനെ ഗർഭം ധരിച്ചു;
സാധാരണമല്ലാത്ത രീതിയിൽ പുറത്തുകൊണ്ടുവന്നു.

17. സംസാരശക്തിയുള്ള സ്ത്രീ അവനെ ഗർഭം ധരിച്ചപ്പോൾ,
സംസാരിക്കാത്തവനായി അവൻ അവളിൽ തന്റെ ആരംഭം കുറിച്ചു.

www.malankaralibrary.com



18. എന്നാൽ സംസാരശക്തിയില്ലാത്ത തിമിംഗലം
അവനെ ഗർഭം ധരിച്ചപ്പോൾ,
അതിന്റെ ഉള്ളിൽ സംസാരശക്തിയുള്ള ഒരു മധ്യസ്ഥൻ ഉണ്ടായി.

19. കരയ്ക്ക് ഒരു സ്ത്രീ അവനെ ഗർഭം ധരിച്ചപ്പോൾ,
അവളുടെ പ്രാർത്ഥനകളെപ്പറ്റി അവന് അറിവില്ലായിരുന്നു.

20. കടലിലെ മത്സ്യം അവനെ ഗർഭം ധരിച്ചപ്പോൾ
അവന്റെ പ്രാർത്ഥനകളെപ്പറ്റി മത്സ്യത്തിന് അറിവില്ലായിരുന്നു.

21. അവൻ സ്ത്രീയുടെ ഉദരത്തിൽ ഉരുവായപ്പോൾ
അവൻ സംസാരശക്തിയില്ലാത്ത ജീവിക്ക് തുല്യനായിരുന്നു.

22. ഒരു ജീവി കടലിൽവച്ച് അവനെ ഗർഭം ധരിച്ചപ്പോൾ,
ആ നിശ്ശബ്ദൻ സംസാരശക്തി ഉള്ളവൻ ആയിത്തീർന്നു.

23. സംസാരശക്തി ഉള്ളവളിൽ അവൻ നിശ്ശബ്ദനായിരുന്നു;
എന്നാൽ മിണ്ടാപ്രാണിയിൽ അവൻ വാചാലനായിത്തീർന്നു.

24. കരയ്ക്കുള്ള ഉദരം മാസങ്ങൾക്കുശേഷമാണ് പ്രസവിച്ചത്;
കടലിലെ ഉദരം ദിവസങ്ങൾക്കകം അവനെ പ്രസവിച്ചു.

25. അവന്റെ അമ്മ അവനെ പ്രസവിച്ച് വളർത്തിയപ്പോൾ
തന്റെ ശിശുവിനെപ്രതി അവൾ ഒരു നേർച്ച നേർന്നു.

26. മത്സ്യം അവനെ കടലിൽ പ്രസവിച്ചപ്പോൾ,
ഉദരത്തിലെ ശിശു ഒരു നേർച്ച നേർന്നു.

27. ഉദരത്തിലെ ശിശു തന്റെ ജനനത്തിൽ
നേർച്ച നേർന്നതായി ആരെങ്കിലും കേട്ടിട്ടുണ്ടോ?

28. ഒരാൾ ഒരു ഭ്രൂണമായിത്തീരുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ?
വായിലൂടെ ശിശുവിനെ പ്രസവിച്ചത് ആരു കണ്ടിട്ടുണ്ട്?

29. തന്റെ ഗർഭധാരണത്തിലും ജനനത്തിലും ജീവനിലേക്കുള്ള
തിരിച്ചുവരവിലും ദാസൻ തന്റെ നാഥന്റെ പ്രതീകങ്ങൾ വഹിച്ചു.

www.malankaralibrary.com



**30.** തൻെറ ദൈവത്തിനു പ്രാർത്ഥന അർപ്പിച്ച പുരോഹിതനെ
മത്സ്യത്തിൻെറ ഉള്ളിൽ ആരു കണ്ടിട്ടുണ്ട്?

**31.** മത്സ്യം അവന് ശുദ്ധിയുള്ള ആലയമായിത്തീർന്നു.
യോനായുടെ വായ് ഒരു ധൂപകലശമായിത്തീർന്നു.

**32.** മഹോന്നതങ്ങളിൽ ഇരിക്കുന്ന അത്യുന്നതൻെറ പക്കലേക്ക്
ആഴത്തിൽനിന്ന് സുഗന്ധധൂപം ഉയർന്നു.

**33.** അവൻെറ രക്ഷകൻ താഴേക്ക് ഇറങ്ങിവന്നു;
അവൻ വായുടെ താക്കോലായിത്തീർന്നു.
വാക്കുകളുടെ അറിയിപ്പുകാരനെ നിശ്ശബ്ദത കയ്യാളിച്ചു.

# ഗീതം 43

## യോനാ - 2

അതേ രാഗം

**1.** വലയിൽ കയറ്റി കൊല്ലാനായി ജീവനുള്ള മത്സ്യത്തെ പിടിച്ചപ്പോൾ
ശെമഓൻ സന്തോഷിച്ചു.

**2.** ചത്ത ആയിരക്കണക്കിനു മനുഷ്യർ ജീവിക്കാനായി
തൻെറ വലയെറിഞ്ഞ്, അതിൽ അവരെ പിടിച്ചപ്പോൾ
യോനാ ദുഃഖിച്ചു.

**3.** "കൊല്ലാനായി നീ പിടിച്ചു;
ഇപ്പോൾ ജീവിക്കാനായി ശിഷ്യരെ സമ്പാദിക്കുക"
എന്ന് അവനോട് പറഞ്ഞവനെ ശെമഓൻ അനുസരിച്ചു.

**4.** ഭക്ഷണത്തിനായി മീൻ പിടിച്ചവൻ,
ജനങ്ങൾ ഭക്ഷിക്കപ്പെടാതിരിക്കാൻ അവരെ പിടിക്കാൻ വന്നു.

www.malankaralibrary.com



5. നഷ്ടപ്പെട്ടുപോയി

6. ശെമഓൻ ജീവനുള്ളവയെ കൊല്ലുകയും
മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തു.
അവൻ കൊന്നപ്പോൾ അവൻ പ്രിയങ്കരനായി;
അവൻ ജീവിപ്പിച്ചപ്പോൾ അവൻ ശപ്തനായി.

7. കൊല്ലാനാണ് മത്സ്യത്തെ പിടിച്ചിരുന്നതെങ്കിലും,
ധാരാളം മത്സ്യത്തെ പിടിക്കുമ്പോൾ അവനെ പ്രകീർത്തിച്ചിരുന്നു.

8. അവൻ ജീവനിലേക്കാണു മനുഷ്യരെ പിടിച്ചിരുന്നതെങ്കിലും,
ധാരാളം ആളുകളെ ശേഖരിച്ചപ്പോൾ അവൻ പീഡിപ്പിക്കപ്പെട്ടു.

9. അവൻ ജീവനിലേക്കു കൊണ്ടുവന്നപ്പോൾ,
അവൻ ഒരു സഹായി ആയിരുന്നു.
അവൻ കൊന്നപ്പോഴും അവൻ ഉപദ്രവകാരി ആയിരുന്നില്ല.

10. കാരണം, മത്സ്യത്തിൻെറ ഗതി ഇതാണ്:
അവസാനം അവ ചത്തുപോകുന്നു.

11. എന്നാൽ പാപികളെ സംബന്ധിച്ച്,
മരിച്ചാലും അവർ ജീവനിലേക്കു തിരിച്ചുവരും.

12. അവൻ മീൻ പിടിച്ച് ഭക്ഷണത്തിനായി നൽകി;
എന്നാൽ ജനങ്ങളെ സംഹാരകനിൽനിന്ന് വിടുവിച്ചു.

13. അവൻെറ വല മാനുഷിക വായ്കളെ സന്തുഷ്ടമാക്കി;
അവൻെറ സുവിശേഷം മരണവക്ത്രത്തെ ദുഃഖിപ്പിച്ചു.

14. ഭക്ഷണത്തിനായി നൽകപ്പെട്ടത് ഭക്ഷിക്കുന്നവരെ പോഷിപ്പിച്ചു;
ഭക്ഷണത്തിനായി നൽകപ്പെടാത്തത് സംഹാരകനെ പിച്ചിക്കീറി.

15. മീൻ കയറാനായി അവൻ വലയിൽ പിടിച്ചു;
ജനങ്ങളെ വിഴുങ്ങിയ പാപത്തെ അവൻ കീറിക്കളഞ്ഞു.

www.malankaralibrary.com



16. കടലിൻെറ ഉള്ളിൽ ജീവിച്ച മത്സ്യത്തെ
മരണം കരയിലെത്തിച്ചു.

17. പാപത്തിൻെറ വയറ്റിൽ മരിച്ചുകിടന്ന ജനങ്ങളെ
ജീവനുള്ളവൻ ഉന്നതത്തിലേക്കുയർത്തി.

18. മീൻപിടുത്തം വഴി വിശപ്പകന്നു;
ജനങ്ങളെ പിടിച്ചതുവഴി...

19-21. നഷ്ടപ്പെട്ടു.

# ഗീതം 44

## യോനാ - 3

അതേ രാഗം

1. സോദോം നശിപ്പിക്കപ്പെടാതിരിക്കാൻ അബ്രഹാം പ്രാർത്ഥിച്ചു;
നിനിവേ നശിപ്പിക്കപ്പെടുമെന്നു യോനാ പ്രതീക്ഷിച്ചു.

2. ഈറേദൂതന്മാരെ അവമാനിച്ച പട്ടണത്തിനുവേണ്ടിയാണ്
അബ്രഹാം പ്രാർത്ഥിച്ചത്;
ദൂതന്മാരെ സന്തുഷ്ടരാക്കിയ പട്ടണത്തെ പ്രതിയാണ്
യോനാ രോഷാകുലനായത്.

3. ഞാൻ നിന്നെ അയച്ചെങ്കിലും ഞാൻ പറഞ്ഞതുപോലെ നീ പോയില്ല.
നീ പ്രസംഗിച്ചപ്പോൾ അവർ ഓടിക്കൂടി നിന്നിൽ വിശ്വസിച്ചു.

4. വിഷാദമൂകനായ നീ നുകം ഒടിച്ചു;
എന്നാൽ ആ മത്സരക്കാർ നുകത്തിനു വിധേയരായി.

5. നിൻെറ ജനം എന്താണെന്ന് ജനത്തിൻെറ പുത്രനായ നീ കാണിച്ചു;
എന്നാൽ ജനങ്ങൾ തങ്ങളുടെ സഹോദരങ്ങളെ ഇതു കാണിച്ചു.

www.malankaralibrary.com



**6.** നീ പരിച്ഛേദിതരിൽ ഒരാളാണെന്ന് വിവേകം ചൂണ്ടിക്കാട്ടി;
എന്നാൽ അപരിച്ഛേദിതരുടെ സന്മനസ്സ് അവർ കാണിച്ചു.

**7.** നിൻെറ വംശാവലി അനുസരിച്ച് നീ തികച്ചും അനുയോജ്യനാണ്;
അവർ നിരസിക്കപ്പെട്ടെങ്കിലും അവരുടെ തെരഞ്ഞെടുപ്പ്
അവരിലുണ്ട്.

**8.** ഞാൻ പരിച്ഛേദിതരെ തെരഞ്ഞെടുത്തു;
എന്നാൽ അവർ സ്വയം നിരസിച്ചുകളഞ്ഞു.
ഞാൻ അപരിച്ഛേദിതരെ നിരസിച്ചു;
എന്നാൽ അവർ സ്വയം സമർപ്പിച്ചു.

**9.** അതുകൊണ്ട്, പേരിലല്ല തെരഞ്ഞെടുപ്പ്;
കാരണം, പ്രവൃത്തികൾ കടന്നുവന്ന് പേരിനെ മാറ്റിവയ്ക്കുന്നു.

**10.** പേരിനെ പരിശോധിക്കുന്ന തീച്ചൂളയാണ് പ്രവൃത്തി;
സത്യനാമം ആണോ എന്ന് അതിൽ പരിശോധിക്കപ്പെടുന്നു.

**11.** കാരണം, കാഴ്ചയ്ക്കു ഭംഗിയുള്ള ചില പഴങ്ങളുണ്ട്;
എന്നാൽ അവയുടെ രുചി ഭംഗിക്കു കടകവിരുദ്ധമാണ്.

**12.** ഏറ്റവും നിസ്സാര ജീവിയായ തേനീച്ചയുടെ നിസ്സാരതപോലും
മാധുര്യത്തിൻെറ ഉറവിടമാണ്.

**13.** എബ്രായഭവനത്തിൻെറ കുലീനനാമങ്ങൾ
കയ്പുജലം ഒഴുക്കുന്ന മധുരനാമങ്ങളാണ്.

**14.** അവരുടെ പേരുച്ചരിക്കുന്നത് കാതിന് ഇമ്പകരമാണ്;
അവരുടെ ഫലത്തിൻെറ രുചി വായ് കയ്പുള്ളതാക്കുന്നു.

**15.** മോശ തടിക്കഷണംകൊണ്ട് വെള്ളത്തെ മധുരമുള്ളതാക്കി.[259]
വാർത്ത കാളക്കുട്ടി നിമിത്തം തൻെറ സമൂഹം കയ്പുള്ളതായി.[260]

---

259. പുറ. 17:1-7 260. പുറ. 30

www.malankaralibrary.com



16. നിൻെറ ഒളിച്ചോട്ടം വഴി കടലിനെ കയ്പുള്ളതാക്കിയ നീ
നിൻെറ കാഹളധ്വനികൊണ്ട് നിനിവേയെ മധുരമുള്ളതാക്കി.

17. ശാരീരികമായി പരിച്ഛേദിതനാണെങ്കിലും ഹൃദയത്തിൽ
പരിച്ഛേദനം ഇല്ലാത്തവൻ ബാഹ്യമായി പരിച്ഛേദിതനാണ്;
എന്നാൽ ആന്തരികമായി അപരിച്ഛേദിതനത്രേ.

18. എന്നാൽ ശാരീരികമായി അപരിച്ഛേദിതനാണെങ്കിലും
ഹൃദയത്തിൽ പരിച്ഛേദനം ഉള്ളവൻ,
ആത്മാവിൽ പരിച്ഛേദിതനാണ്
നയനങ്ങൾക്ക് അപരിച്ഛേദിതനും.

19. തൻെറ പരിച്ഛേദനത്തിൻെറ പേരിൽ
പരിച്ഛേദിതൻ വ്യഭിചാരം ചെയ്യുന്നു;
തൻെറ ശുദ്ധതയുടെ പാനപാത്രത്തിൽ
അവൻ ചെളിവെള്ളം കുടിക്കുന്നു.

20. പരിച്ഛേദിതഹൃദയത്താൽ അപരിച്ഛേദിതൻ
വിശുദ്ധനായിതീരുന്നു;
അവൻെറ ഹൃദയത്തിൻെറ മണവറയിൽ സ്രഷ്ടാവ് വസിക്കുന്നു.

21. ഹാബേലിനെ ശ്രേഷ്ഠനാക്കിയത് അവൻെറ പേരല്ല;
അവൻ നിഷ്കളങ്കതയെ കാമിച്ചതിനാൽ,
അവൻെറ നാമം കാമ്യമായിത്തീർന്നു.

22. കായേൻ എന്ന പേര് ഹവ്വാ തെരഞ്ഞെടുത്തു;
അവൻ തൻെറ സഹോദരനെ വെറുത്തതിനാൽ,
എല്ലാവരും അവൻെറ നാമം വെറുത്തു.

23. അസ്സീറിയാക്കാർ! പ്രോജ്വല നാമങ്ങൾ!
അവർ കാമ്യമായ രുചികളുള്ള ഫലങ്ങൾ തന്നു.

www.malankaralibrary.com



# ഗീതം 45

## യോനാ - 4

അതേ രാഗം

1. ഓ, മത്തായിയുടെ മകനേ, നിനിവേ നഗരം നശിച്ചുപോകുന്നതു കാണാൻ കാത്തിരിക്കത്തക്കവിധം അതു നിന്നോട് എന്തു തെറ്റു ചെയ്തു?

2. നീ തീക്ഷ്ണത ഉള്ളവൻ ആണെങ്കിൽ,
ഞാൻ മനോഹരമായി നിർമ്മിച്ചെങ്കിലും
ശുഷ്കഫലങ്ങൾ തന്ന നഗരത്തെ ആദ്യമേ പോയി പിഴുതെറിയുക.

3. അവിശ്വസ്തരോട് നീ കരുണയുള്ളവനാണെങ്കിൽ,
അനുതാപികളുടെമേൽ നീ എന്തിനു നിന്റെ കോപം വർഷിക്കുന്നു?

4. വധുവിനെപ്പോലെ ഞാൻ ഒരു മുന്തിരിയെ ഈജിപ്തിൽനിന്നു കൊണ്ടുവന്നു. പൂക്കൾക്കു പകരം അവൾ പാപങ്ങൾ വഹിച്ചു.[261]

5. മുന്തിരിക്കുലകൾപോലെ നിനിവേ ഉപവാസവും
മുന്തിരിക്കുലകൾ പോലെ സദ്പ്രവൃത്തികളും വഹിച്ചു.

6. ഇലകൾക്കിടയിലെ നിറന്ന കുലകൾക്കു പകരം
അവളുടെ മക്കൾ ചാക്കുവസ്ത്രം ധരിച്ചു.

7. ശിശുക്കൾ വളരാൻ വേണ്ടവ നൽകുന്നതിനുപകരം,
അവരുടെ അധരങ്ങളിൽനിന്ന് പാൽ പിൻവലിച്ചു.

8. കാളക്കുട്ടിയെ സ്നേഹിച്ച കാട്ടുപന്നി
അതിന്റെ തണലിൽ യാക്കോബിന്റെ മുന്തിരി തിന്നു.[262]

9. തെറ്റിലൂടെ കൊത്തുരൂപങ്ങൾ സമ്പാദിച്ച നിനിവേ, തകർക്കപ്പെടാതിരിക്കാൻ അവളുടെ വിഗ്രഹങ്ങൾ തകർത്തുകളഞ്ഞു.

---

261. സങ്കീ. 80:8
262. സങ്കീ. 80:13

www.malankaralibrary.com



10. അവിടുന്നവനെ കരയിലേക്ക് അയച്ചു; അവൻ കടലിലേക്ക് ഓടി.
അവിടുന്നവനെ നിനിവേയിലേക്ക് അയച്ചു; അവൻ കപ്പൽ കയറി.

11. ജനങ്ങളെ ഉണർത്താനായി അവിടുന്ന് അവനെ നിനിവേയിലേക്ക്
അയച്ചു; അവൻ കപ്പലിൽ കിടന്നുറങ്ങി;
ജനങ്ങൾ അവനെ ഉണർത്തി.

12. കരയ്ക്കുള്ള പാപങ്ങളെപ്പറ്റി ബോധ്യമുള്ളവരാക്കുന്നതിനു
പകരം അവൻ കടലിലെ തിരമാലകളെ ഇളക്കാൻ പോയി.

13. നഗരത്തിന്റെ ദുഷ്ടത ഇല്ലാതാക്കുന്നതിനുള്ള പദ്ധതി അവൻ
ഉപേക്ഷിച്ചു. കടലിൽ കൊടുങ്കാറ്റ് ഇളക്കിവിടാനായി പോയി.

14. ദുഷിച്ച നഗരത്തെ വിശുദ്ധീകരിക്കുന്നതിനുപകരം
അവൻ കടലിലെ ഒരു കപ്പലിനെ തകിടം മറിക്കാൻ പോയി.

15. കരയ്ക്കു കാവൽ നിന്ന് ദുഷ്ടതയെ മയക്കുന്നതിനുപകരം
അവൻ കടലിൽ ഉറങ്ങാൻ പോകുകയും
ജലത്തെ ഇളക്കുകയും ചെയ്തു.

16. കപ്പലിൽ മൗനിയായിരുന്നവൻ ജലത്തെ ആർത്തിരമ്പിച്ചു;
കരയ്ക്ക് വിളിച്ചുപറഞ്ഞവൻ ദുഷ്ടതയെ നിശ്ശബ്ദമാക്കി.

17. ആർത്തിപൂണ്ട വായ് വിഴുങ്ങിയ നഗരത്തെ സ്വതന്ത്രമാക്കാൻ
പോകാത്തവനെ മത്സ്യം വിഴുങ്ങി.

18. ദൃശ്യമായ വായ് അവനെ ഛർദിച്ചു.
നിഗൂഢമായ വായ് നഗരത്തെ ഛർദിച്ചു.

19. വിഴുങ്ങപ്പെട്ടവൻ വിടുവിക്കപ്പെട്ടപ്പോൾ അവനെ കരയ്ക്കു
സ്വീകരിക്കുകയും പിന്നെ വിട്ടയയ്ക്കുകയും ചെയ്ത നഗരത്തിന്
അവൻ ഒരു പ്രഘോഷകനായി തീർന്നു.

20. അവൻ കടലിൽ വീണപ്പോൾ മത്സ്യത്തെ തൃപ്തിപ്പെടുത്തി.
അവൻ കരയ്ക്ക് പ്രസംഗിച്ചപ്പോൾ,
അത്യാർത്തിപൂണ്ടവനെ നിശ്ശേഷം നശിപ്പിച്ചു.

www.malankaralibrary.com



**21.** "നീ ആരാണ്? നീ ആരുടേതാണ്?" എന്ന്
കപ്പലിൽ വച്ച് അവർ അവനോടു ചോദിച്ചു.
ചോദ്യം ചെയ്യൽ കൂടാതെ നിനിവേക്കാർ അവനെ വിശ്വസിച്ചു.

**22.** കപ്പലിൽ വച്ച് നാവികരെല്ലാംകൂടി അവനെ കടലിലെറിഞ്ഞു.
നിനിവേയിൽ പാപികളെല്ലാം കൂടി അവനെ സുഖപ്പെടുത്തി.

**23.** അവൻെറ കപ്പൽ കയറ്റത്താൽ കുറികൾ കപ്പലിന്മേൽ നിപതിച്ചു;
അവൻ നിനിവേയിൽ പ്രവേശിച്ചപ്പോൾ
ചാക്കുവസ്ത്രം അതിന്മേൽ വിരിക്കപ്പെട്ടു.

**24.** എല്ലാ കുറികളിന്മേലും തിരുലിഖിതം വിതറപ്പെട്ടു.
എല്ലാ ചാക്കുവസ്ത്രങ്ങളിന്മേലും ചാരം വിതറപ്പെട്ടു.

**25.** കുറികൾ വീണത് മരണത്തിനെന്നവണ്ണം ആയിരുന്നു;
വിരിക്കപ്പെട്ട ചാക്കുവസ്ത്രം ജീവനുവേണ്ടി എന്നവണ്ണവും.

**26.** ഓടിപ്പോയ ദാസനെ കുറി പിടികൂടി.
എന്നാൽ, മത്സരിച്ച നഗരത്തെ ചാക്കുവസ്ത്രം ശാന്തമാക്കി.

**27.** കുറി ഒരുത്തനെതിരെ അനേകരെ അണിനിരത്തി;
എന്നാൽ ചാക്കുവസ്ത്രം ഒരുത്തനിലൂടെ അനേകരെ ജീവിപ്പിച്ചു.

**28.** കുറ്റപ്പെടുത്താനായി കുറിമൂലം വായ്കൾ തുറക്കപ്പെട്ടു;
ചാക്കുവസ്ത്രം വഴി അപേക്ഷയ്ക്കായി വായ്കൾ തുറക്കപ്പെട്ടു.

**29.** കൊല്ലാനായി കുറി ഒരുത്തനെ കുറ്റപ്പെടുത്തി; ചാക്കുവസ്ത്രത്തിന്
അനേകരിൽ കരുണതോന്നി അവരെ രക്ഷിച്ചു.

**30.** കുറി കൊല്ലാനുള്ള വിധിവാചകത്തിൻെറ ഹേതുവായി;
എന്നാൽ ചാക്കുവസ്ത്രം രക്ഷിക്കാനുള്ള നിക്ഷേപം ആയിത്തീർന്നു.

**31.** കുറി കപ്പലിൽ പേരുകൾ രേഖപ്പെടുത്തി;
ചാക്കുവസ്ത്രം ഉയരത്തിൽ പേരുകൾ എഴുതി.

www.malankaralibrary.com



# ഗീതം 46

## യോനാ - 5

അതേ രാഗം

1. ദൈവത്തിൽനിന്ന് കപ്പലിൽ കയറി ഒളിച്ചോടാൻ
കടലിലേക്കു പോകുന്നതിന് യോനാ പദ്ധതിയിട്ടു.

2. എന്നാൽ ചാളത്തടിപോലെ തിരമാലകൾ അവനെ ഉരുട്ടി.
ഒരു കുറി അവനെ പിടികൂടി തിരമാലകൾക്കു നൽകി.

3. ഒളിച്ചോട്ടക്കാരൻ എന്ന പേരിൽ കുറി അവനെ പിടികൂടി.
അതുടൻതന്നെ അവനെ വിധിച്ചു.

4. അത് അവനെ മുക്കുകയും പൊക്കുകയും
പിന്നീട് വിധിക്കുകയും ചെയ്തു.
അവൻ താഴുകയും പിന്നെ ഉയർന്നുവരികയും
ചെയ്യുമെന്ന് അത് അവനോടു പ്രവചിച്ചു.

5. ഉത്ഥാനശേഷം നമ്മുടെ പാപങ്ങൾ നമ്മെ കുറ്റപ്പെടുത്തും എന്ന്
പാപങ്ങളെപ്പറ്റിപോലുള്ള ഒരു പ്രതീകം അതു വരച്ചുകാട്ടി.

6. നിനിവേ മരണത്തിൽനിന്നു രക്ഷപെടാൻ ഇടയായതിനാൽ
അവരെ രക്ഷിക്കാൻ വരാനിരുന്നവനെ കുറി ചിത്രീകരിച്ചു.

7. മരണത്തിനെന്നപോലെയുള്ള കുറി
ഒന്നേകാൽ ലക്ഷം ജനങ്ങളെ രക്ഷിച്ചു.

8. കടലിൽ വച്ച് ഒരാളുടെ മേലുണ്ടായ വിധിവാചകം
കരയിൽ ആയിരക്കണക്കിനാളുകളുടെ
വിധിവാചകം നീക്കിക്കളഞ്ഞു.

9. ഒരുവനെ വിധിച്ച വിധി അടിമത്തത്തിൻെറ
പന്തീരായിരം എഴുത്തുകൾ കീറിക്കളഞ്ഞു.

www.malankaralibrary.com



**10.** അതുകൊണ്ട് അവസാനം നിലവിളിക്കാനായി
നമ്മിൽ നിഗൂഢമായിരിക്കുന്ന പാപത്തിൻെറ കടച്ചീട്ട്
ഇപ്പോൾ നന്നായി നിശ്ശബ്ദമാക്കപ്പെട്ടു.

**11.** അത് നമ്മോടൊത്ത് സംസ്കരിക്കപ്പെട്ടിരിക്കുന്നു;
നമ്മോടൊത്ത് ഉയിർക്കുന്നു.
ന്യായാസനം സജ്ജമാക്കപ്പെടുമ്പോൾ
കുറ്റപ്പെടുത്താനായി അത് നിലവിളിക്കും.

**12.** നമ്മുടെ കണ്ണുകളിൽ കണ്ണുനീർ ഉള്ളിടത്തോളംകാലം
നമ്മുടെ പാപത്തിൻെറ കടച്ചീട്ട് നമ്മുടെ കണ്ണുനീർകൊണ്ട്
നാം തുടച്ചുകളയും.

**13.** നമ്മുടെ കൈകളിൽ സദ്പ്രവൃത്തികൾ ഉള്ളിടത്തോളം കാലം
എല്ലാ മുറിവുകളും നമ്മുടെ സദ്പ്രവൃത്തികൾ വഴി നാമുണക്കും.

**14.** മറഞ്ഞിരിക്കുന്ന പാപങ്ങളെ മായിച്ചുകളയുവാൻ
ദൃശ്യമായ കണ്ണുനീരിന്, ആര് നമുക്ക് സാധ്യത തരും?

**15.** ദൃശ്യസംഗതികൾകൊണ്ട് അദൃശ്യമായ മുറിവു കരിക്കാൻ,
ആര് നമുക്ക് സാധ്യത തരും?

**16.** സൗജന്യജലം ഉള്ളിടത്തോളം കാലം
അമൂല്യമായ കപ്പ് കുടിക്കാൻ കൊടുക്കുക.

**17.** സ്നാനപ്പെട്ടവൻ വിശുദ്ധരുടെ പാദങ്ങൾ കഴുകി;
അവിടെ തളിക്കൽ അല്ലാതെ, സ്നാനമില്ല.[263]

**18.** സ്നാനാനന്തരമുള്ള പാപത്തിൻെറ തുപ്പൽ
രോഗീലേപനത്തിലൂടെ കഴുകിക്കളയാം.

---

263. യോഹ. 13:4-17. തൈലാഭിഷേകത്തെപ്പറ്റി പരാമർശം; ഒരേഒരു സ്നാനമേയുള്ളു, രണ്ടാമത് ഒന്നില്ല എന്ന് വിവരണം.

www.malankaralibrary.com



**19.** നീതി നമ്മെ ചുറ്റി വളഞ്ഞു.
നമുക്ക് വീണ്ടും ഒരവസരം ഉണ്ട് - കൃപ

**20.** നാം കൊള്ളയടിക്കപ്പെടാതിരിക്കാൻ
നീതി നമ്മെ പൊതിഞ്ഞു.
നാം കീഴമർത്തപ്പെടാതിരിക്കാൻ,
കൃപയ്ക്ക് നമ്മോടു കാരുണ്യം തോന്നി.

**21.** വീണ്ടും സ്നാനം ഇല്ലാത്തതിനാൽ
വീണ്ടും പാപം ചെയ്യാൻ പാടില്ല;
എന്നാൽ ദുഷിപ്പിക്കൽ ഉള്ളതിനാൽ, തളിക്കൽ ആവശ്യമാണ്.

**22.** പ്രത്യാശ വിച്ഛേദിക്കപ്പെടാതിരിക്കാൻ
സ്നാനത്തിൽ പ്രത്യാശ തന്നവൻ അനുതാപവും തന്നു.

**23.** എന്നാൽ സ്നാനത്തിനു മുമ്പെന്നതിനേക്കാൾ
സ്നാനാനന്തരം ആ ജോലി കഠിനതരമാണ്.

**24.** നിസ്സാരസംഗതികൾ കൊണ്ട്
സ്നാനത്തിനു മുമ്പുള്ള പാപങ്ങൾക്കു പരിഹാരം ചെയ്യാം.

**25.** പാപമുറിവുകളുടെ പാടുകൾ ക്രിസ്ത്യാനിയെ അലട്ടുന്നെങ്കിൽ
സ്നാനം വെണ്മയാക്കുകയും വൃത്തിയായി തുടയ്ക്കുകയും
ചെയ്യുന്നു.

**26.** എന്നാൽ സ്നാനാനന്തര പാപങ്ങൾ
നീക്കാൻ ഇരട്ടി അധ്വാനം ആവശ്യമാണ്.

**27.** പ്രവൃത്തികളും കാരുണ്യവും യഥാർത്ഥത്തിൽ
സൗഖ്യമാക്കുമ്പോൾ,
മുറിവിൻെറ പാടുകൾ അത്ഭുതം ആവശ്യപ്പെടും.

www.malankaralibrary.com



# ഗീതം 47

## യോനാ - 6

അതേ രാഗം

1. പാവന ശിശുക്കളുടെ പാവനമായ ഉപവാസം എന്ന കാഴ്ച
സമർപ്പിക്കുവാനായി നിനിവേക്കാർ അനുതപിച്ചു.

2. കരുണാപ്രവാഹം ശിശുക്കൾ നുകരാനായി,
ഒഴുകിക്കൊണ്ടിരുന്ന മുലപ്പാൽ അവരിൽ നിന്നു തടഞ്ഞു.

3. നിനിവേയിൽ അനുതാപക്കണ്ണുനീർ ഒഴുകി,
അവളുടെ നാട് എല്ലാ പരാക്രമങ്ങളും നീക്കിക്കളഞ്ഞു.

4. അനുതപിച്ച ഈ നാട്ടിലെ ഫലങ്ങൾ വളരാൻ എളുപ്പമാണ്.

5. കണ്ണുനീർ അവളെ നനച്ചു; അവളുടെമേൽ കരുണയുണ്ടായി;
കരച്ചിൽ അവളിൽ ഉടലെടുത്തു.
സഹതാപം അവളിൽ മുളയെടുത്തു.

6. നിനിവേ ആഴത്തിൽ വളർന്നു എന്ന് ഉയരത്തിലെ രാജാവ്
കാണുകയും ഫലങ്ങൾ ഇഷ്ടപ്പെടുകയും ചെയ്തു.

7. സ്വർഗീയൻ മാധുര്യമേറിയ ഫലങ്ങൾ ഇഷ്ടപ്പെട്ടു:
കണ്ണുനീർ പ്രവാഹം വളർത്തിയ ഫലങ്ങൾ!

8. അവളുടെ ഫലങ്ങളിൽ ഉന്നതൻ ദുഃഖം നുകർന്നതിനാൽ,
അവളുടെ കണ്ണുനീരിനായി അത്യധികം ദാഹിച്ചു.

9. തന്റെ ദാസരുടെ ഫലങ്ങൾ
തന്റെ കാരുണ്യത്താൽ വാങ്ങുന്നതിനായി
അവിടുന്ന് താഴേക്കുവന്ന് തന്റെ കാരുണ്യച്ചെപ്പു തുറന്നു.

www.malankaralibrary.com



10. അവിടുന്ന് കാരുണ്യം നൽകി ഫലങ്ങൾ ശേഖരിച്ചപ്പോൾ,
അത് ആവശ്യപ്പെട്ടു എന്നതിൽ പ്രതികാരകൻ സന്തോഷിച്ചു.

11. തങ്ങളുടെ യജമാനനുമായി കരുണയുടെ ഫലങ്ങൾ
കൈമാറുന്ന ദാസരെ ആര് കണ്ടിട്ടുണ്ട്?

12. കണ്ണീരും കാരുണ്യവും അളക്കാൻ കഴിവുള്ള
ഏത് അളവുകോൽ ആണ് അവിടെ ഉണ്ടായിരുന്നത്?

13. അനുതാപവും കൃപയും എന്ന രണ്ടെണ്ണം
അളന്ന് മുദ്രവച്ച അളവുകോലായിരുന്നു അത്.

14. അതിനാൽ അനുതാപം ഫലങ്ങൾ നൽകി;
അതിനാൽ കൃപ കാരുണ്യം നൽകി.

15. രണ്ടിൽനിന്നും രണ്ടും രുചിച്ചു;
കൊടുക്കുന്നതിലും സ്വീകരിക്കുന്നതിലും രണ്ടും സന്തോഷിച്ചു.

16. അവ സന്തോഷിച്ചെങ്കിലും മറ്റു രണ്ടെണ്ണം അതൃപ്തരായിരുന്നു:
താഴെ പാപവും മുകളിൽ നീതിയും.

17. തിന്മ മന്ദീഭവിച്ചതിൽ പാപം അതൃപ്തമായി;
സ്നേഹം തണുത്തതിൽ നീതി അതൃപ്തമായി.

18. കോപവർഷത്തെ കണ്ണീർവർഷം കീഴടക്കി;
വിധിവാചകത്തെ ഉപവാസവാചകം നീക്കിക്കളഞ്ഞു.

19. പാപങ്ങൾ ഓളങ്ങളായി പാപികളെ മുക്കിയപ്പോൾ
ഉപവാസം പങ്കായമായി അവരെ രക്ഷിച്ചു.

20. നിനിവേ ഒരു കപ്പലായി തീർന്നു; ക്രോധം അതിനെ കുലുക്കി;
അനുകമ്പ അതിനെ നേരേ നിർത്തി.

21. ഓരോ നാവികനും തൻെറ കപ്പലിനെ സംരക്ഷിക്കുന്നു.
യോനായാകട്ടെ, തൻെറ കപ്പൽ താണുപോകുന്നതു പ്രതീക്ഷിച്ചു.

www.malankaralibrary.com



**22.** കരയ്ക്കുള്ള നഗരം തകർക്കപ്പെടാൻ പാടില്ലെന്ന്
അവൻ ഗ്രഹിക്കാനായി അവർ അവനെ കടലിലേക്ക് എറിഞ്ഞു.

**23.** ആ മനുഷ്യൻ താണുപോയി; എന്നാൽ കാരുണ്യത്താൽ
അവൻ പൊങ്ങി വന്നു;
കൃപ രക്ഷിച്ചവൻ, താണുപോകുമെന്ന് കരുതി.

**24.** കാരുണ്യത്താൽ അവൻ പൊങ്ങിവന്നു;
എന്നാൽ അവൻ കാരുണ്യം വിസ്മരിച്ചു.
അവൻ കടലിൽ വച്ചു ഗ്രഹിച്ചത്
കരയ്ക്കു വച്ച് തള്ളിക്കളഞ്ഞു.

# ഗീതം 48

## യോനാ - 7

**1.** യോനായുടെ കപ്പലിൽ ഒരു വിധി തീർപ്പുണ്ടായി.
ഒരു കോടതിയിലും ഇതുപോലൊന്ന് ഉണ്ടായിട്ടില്ല.

**2.** കുറി അവനു ന്യായാസനം പോലെയായിത്തീർന്നു;
ന്യായാധിപനെപ്പോലെ മത്സ്യം അവൻെറ മണം പിടിച്ചു.

**3.** തടവറയായ അതിൻെറ വയറ്റിൽ അത് അവനെ അടച്ചു;
അങ്ങനെ എല്ലാറ്റിൻെറയും സ്രഷ്ടാവിൽനിന്നു
രക്ഷപെടാൻ അവനു കഴിഞ്ഞില്ല.

**4.** ഉന്നതനിൽനിന്ന് ഓടിപ്പോയ നികൃഷ്ടനെ
വൻകടൽ വലിയ മത്സ്യത്തിനു കയ്യാളിച്ചു.

**5.** അവൻ ഓടിപ്പോയതിനാൽ മത്സ്യത്തിന് ആഹാരമായിത്തീർന്നു;
അവൻ നിനിവേയ്ക്ക് മരണം ആഹാരമായി നൽകി.

www.malankaralibrary.com



6. എല്ലാ വഴിപിഴയ്ക്കലുകളും നേരേയാക്കുന്ന കരുണാവാരിധി
യോനായുടെ എതിർക്കലിനെ നേരേയാക്കി.

7. അവനെ അവിടുന്ന് മത്സ്യത്തിനുള്ളിൽനിന്നു തിരിച്ചുകൊണ്ടുവന്നു.
അത്യാർത്തിയുള്ളവൻെറ വായിൽനിന്ന് നിനിവേയെ
പിടിച്ചെടുത്തു.

8. മത്സ്യം വിഴുങ്ങിയവനെ അവിടുന്നു ദർശിച്ചു;
ഭക്ഷണത്തിനായി അവിടുന്നു മത്സ്യത്തെ സൃഷ്ടിച്ചു.
അതിനെ ഭക്ഷിക്കുന്നവനെ അതു വിഴുങ്ങി.

9. വീണ്ടും, പേടിത്തൊണ്ടൻ പിടിച്ചെടുത്ത നിനിവേയെ
അവിടുന്നു ദർശിച്ചു.
തടവറയ്ക്കായി അവിടുന്ന് സാത്താനെ സൃഷ്ടിച്ചു;
അവനെ തടവുകാരനാക്കുന്നവനെ സാത്താൻ തടവറയിലാക്കി.

10. വഴിപിഴയ്ക്കലുകൾ നേരേയാക്കാൻ കാരുണ്യം ഓടിയെത്തി,
എതിർക്കലിനെ നേരേയാക്കി.

11. അങ്ങനെ ഛർദ്ദിക്കാനും മത്സ്യം മനുഷ്യന് ആഹാരമായി
തീരാനും അവിടുന്നു മത്സ്യത്തോടു കല്പിച്ചു.

12. അവൻ ദുഷ്ടനെ ശകാരിക്കുകയും
നിനിവേയെ വിടുവിക്കുകയും ചെയ്തു.
പിടിക്കപ്പെട്ടവൾ, തന്നെ പിടിച്ചവനെ തിരിച്ചുപിടിച്ചു.

13. തല തിരിഞ്ഞതും തിരിച്ചുമറിച്ചതും സ്വാതന്ത്ര്യത്താലാണ്.
ക്രമീകരിച്ചതും നേരേയാക്കിയതും കൃപാവരത്താലാണ്.

14. വഴിപിഴയ്ക്കാനായി നമ്മുടെ സ്വാതന്ത്ര്യം അവസാനിക്കുന്നില്ല.
നേരെയാക്കാനായി അവിടുത്തെ കൃപ അവസാനിക്കുന്നില്ല.

15. മനുഷ്യനായ .... ദൈവമാകാനായി
സ്വാതന്ത്ര്യം ആദത്തിൻെറ സൗന്ദര്യത്തെ വെറുക്കത്തക്കതാക്കി.

www.malankaralibrary.com



16. എന്നാൽ കൃപ അതിൻെറ കുറവുകളെ പരിഹരിച്ചു.
മനുഷ്യനാകാനായി ദൈവം കടന്നുവന്നു.

17. മനുഷ്യകുലത്തെ രക്ഷിച്ചുയർത്താനായി
ദൈവം താഴേക്കു പറന്നുവന്നു.

18. ദാസൻ ആഗ്രഹിച്ചതുപോലെ ദൈവമായിത്തീരാനായി
ഇതാ, പുത്രൻ, ദാസൻെറ കുറവുകളെ പരിഹരിച്ചു.

19. എല്ലാ തെറ്റുകളെയും നേരേയാക്കുന്നവനേ, നിനക്കു സ്തുതി.
എല്ലാ കുറവുകളെയും പരിഹരിക്കുന്നവനേ, നിനക്കു നന്ദി

20. നമ്മുടെ സ്വാതന്ത്ര്യം നിലനില്ക്കുന്നതിനാൽ
അതിനെ മെച്ചപ്പെടുത്തുന്നതിൽ നിന്ന് ഔന്നത്യം പിന്മാറുന്നില്ല.

21. കത്തിപ്പടരുന്ന അഗ്നിക്ക് സമാധാനത്തിൻെറ അരുവിയായ
നിൻെറ കൃപ, ഞങ്ങളുടെ ദുഷ്ടതയെ അനുഗമിക്കുന്നു.

22. അഗ്നി കത്തി പടരുന്നിടത്തെല്ലാം
നിൻെറ കരുണയുടെ പ്രവാഹം കടന്നുവന്ന്
കെടുത്താൻ തിടുക്കം കൂട്ടുന്നു.

# ഗീതം 49

## യോനാ - 8

അതേ രാഗം

1. അപരിച്ഛേദിത ജനത്തിൻെറ ഹൃദയത്തെ
പരിച്ഛേദനം ചെയ്യാൻ,
അത്യുന്നതൻ പരിച്ഛേദിതനായ ഒരു വൈദ്യനെ അയച്ചു.

www.malankaralibrary.com


2. ജോഷ്വാ തൻെറ വാൾകൊണ്ട് എബ്രായരെ പരിച്ഛേദനം ചെയ്തു;
യോനാ തൻെറ വാക്കുകൊണ്ട് നിനിവേക്കാരെയും.

3. അപരിച്ഛേദിതർ തങ്ങളുടെ ഹൃദയത്തെ
പരിച്ഛേദനം ചെയ്തു എന്നു കണ്ടതിനാൽ,
പരിച്ഛേദിതരെപ്പറ്റി പരിച്ഛേദനം ചെയ്ത യോനാ ലജ്ജിച്ചു.

4. മോശ വൈകിയപ്പോൾ, പരിച്ഛേദിതർ കാളക്കുട്ടിയെക്കൊണ്ട്
ഹൃദയത്തിൻെറ പരിച്ഛേദനാരാഹിത്യം കാട്ടിയതിനാൽ,
അവൻ അവരെ വെളിപ്പെടുത്തി.

5. നാല്പതു ദിവസത്തെ പോരാട്ടത്തിൽ
പരിച്ഛേദിതർ ലജ്ജിതരായി.
അപരിച്ഛേദിതർ വിജയിച്ചു.

6. നാല്പതുദിവസംകൊണ്ട് നിനിവേക്കാർ കീഴടക്കി;
തങ്ങളുടെ ശരീരങ്ങൾക്കു പകരം
അവർ ഹൃദയങ്ങളെ പരിച്ഛേദനം ചെയ്തു.

7. ഈജിപ്തിലെ പുളിമാവ് ജനങ്ങളിൽ മറഞ്ഞിരുന്നു;
അന്യമായതിനുവേണ്ടി അത് അവരുടെ ഹൃദയങ്ങളെ
കീഴ്മേൽ മറിച്ചു.

8. അബ്രഹാമിൻെറ പുളിമാവ് ജനങ്ങളിൽ നിഗൂഢമായിരുന്നു;
വിശ്വാസത്തിനുവേണ്ടി അത് അവരുടെ വിഗ്രഹങ്ങളെ
തകിടം മറിച്ചു.

9. മോശയുടെ ജനം മാധുര്യം രുചിച്ചു;
എന്നാൽ നാല്പതു ദിവസത്തോളം
കഠോരവചനങ്ങൾ അവൻെറ നേരേ അവർ തൊടുത്തുവിട്ടു.

10. യോനാ നിനിവേക്കാർക്ക് കയ്പ് കുടിക്കാൻ കൊടുത്തെങ്കിലും
നാല്പതു ദിവസംകൊണ്ട് അവളുടെ ഫലങ്ങൾ മധുരമുള്ളവയായി.

www.malankaralibrary.com



11. ഇസഹാക്ക് വാക്കുകൾകൊണ്ടും ഏങ്ങലുകൾകൊണ്ടും
നാല്പതുദിവസത്തോളം തൻെറ പിതാവിനെ പ്രേരിപ്പിച്ചു.

12. ന്യായാസനത്തിലെന്നതുപോലെ യോനാ നിനിവേയെ പൊക്കി
തൻെറ വാക്കുകൾകൊണ്ട് നാല്പതുദിവസത്തോളം പീഡിപ്പിച്ചു.

13. മോശ പഠിപ്പിച്ചെങ്കിലും ജനം വിശ്വാസധ്വംസനം നടത്തി.
തൻെറ പ്രത്യൗഷധം ഫലം ഉളവാക്കാഞ്ഞതിൽ
വൈദ്യൻ രോഷാകുലനായി.

14. നിനിവേ അനുതപിച്ചു; അത് യോനായെ ദുഃഖിപ്പിച്ചു.
തൻെറ ഔഷധം ഫലിച്ചു എന്നു കണ്ടതിൽ
വൈദ്യൻ രോഷാകുലനായി .

15. ഒരു വൈദ്യൻ നൽകിയ മരുന്നുകൊണ്ട്
വളരെയധികം രോഗികൾ സുഖം പ്രാപിച്ചു.

16. അനുതാപികളുടെ മരുന്ന് ഉന്നതത്തിൽനിന്നു വന്നു;
അവിടുന്ന് പാപികളുടെ ഇടയിൽ മോചനം വിതച്ചു.

17. യോനായേ, നീ കോപിച്ചത്രയും സന്തോഷിക്കുക;
കാരണം പ്രവാചകരുടെ ഇടയിൽ
നിൻെറ ഔഷധമാണ് ഏറ്റവും വിജയിച്ചത്.

18. നാവികനേ, നീ പര്യാകുലനായത്രയും, സന്തുഷ്ടനാകുക;
കാരണം, മുങ്ങാൻ തുടങ്ങിയ കപ്പലിനെ അമരക്കാർ രക്ഷിച്ചു.

19. മുങ്ങാൻപോയ കപ്പലിന് അത്യുന്നതൻ പ്രത്യുത്തരം നൽകി;
കാരണം, ആ കപ്പൽ നിറയെ അനുതാപികളായിരുന്നു.

20. അവിടുന്ന് കടലിൽ പ്രത്യുത്തരിച്ചു; അവിടുന്ന് കരയ്ക്കു പ്രത്യു
ത്തരിച്ചു; കടലിലും കരയിലും അവിടുന്നു രക്ഷിച്ചു.

21. യോനായുടെ സ്വരം ജീവൻെറ ഔഷധമായിത്തീർന്നു;
അവൻ അതോടൊപ്പം മരണം വിതച്ചു;
എന്നാൽ അതിൽനിന്നു ജീവൻ പൊട്ടിമുളച്ചു.

www.malankaralibrary.com



# ഗീതം 50

## യോനാ - 9

അതേ രാഗം

1. യോനായേ, നീ രക്ഷിച്ച തലമുറകൾ നിന്നെ വാഴ്ത്തി;
ശാപങ്ങൾക്കു പകരം നിനക്ക് അനുഗ്രഹം കിട്ടി.

2. അവർ അനുതാപകിരീടങ്ങൾ നിർമിച്ചു.
അവർ നീവഴി ജീവിച്ചതിനാൽ,
നിന്നിലൂടെ എന്നെ കിരീടം ധരിപ്പിച്ചു.

3. അവർ വാടാത്ത പൂക്കൾ കൊരുത്തു.
പൂക്കൾക്കുപകരം അനുതാപജീവിതം സ്വീകരിച്ചു.

4. ഒഴുകുന്ന കണ്ണുനീരിൽ തഴച്ചുവളർന്ന പ്രാർത്ഥനകൾ
ലില്ലികൾപോലെ അവർ അർപ്പിച്ചു.

5. അവർ ഉപവാസത്തോടുകൂടെ എളിമപ്പെടുത്തലും
പ്രാർത്ഥനകളോടുകൂടെ സദ്പ്രവൃത്തികളും കൂട്ടിച്ചേർത്തു.

6. സൗന്ദര്യം മങ്ങിപ്പോകാൻ ഇടയാക്കുന്ന ചാക്കിലും ചാരത്തിലും
വിശുദ്ധരുടെ കിരീടങ്ങൾ സന്തോഷിച്ചു.

7. കണ്ണിനെ മങ്ങിക്കുന്ന കരച്ചിലും ചാരവും
നിനിവേക്കാരുടെ കണ്ണു തുറപ്പിച്ചു.

8. രക്തത്തിൻെറ വിലയായി അവൾ ചാക്കും ചാരവും സമർപ്പിച്ചു.
തൻെറ എതിരാളിയുടെ അനീതിയെ വാദത്തിൽ തോല്പിച്ചു.

9. ചാരം വിതറിയവൾ സംശയത്തിൽ കടന്നുപോയി.
ചാക്കുവസ്ത്രം ധരിച്ചവൾ കോപത്തെ ശമിപ്പിച്ചു.

www.malankaralibrary.com



**10.** ചാരവും കണ്ണീരുമായിരുന്നു അർപ്പിതവസ്തുക്കൾ.
സ്വർഗവാതിൽക്കൽ അവ അനുരഞ്ജനം സാധിച്ചു.

**11.** കണ്ണുകളിൽ ഒളിഞ്ഞിരുന്ന കണ്ണീർ ഒഴുകി.
സ്വർഗത്തിൽ മറഞ്ഞിരുന്ന കാരുണ്യം ഒഴുകി.

**12.** കണ്ണീർ ഒഴുകി, അത് മുഖത്തെ ദുഃഖിപ്പിച്ചു.
കാരുണ്യം ഒഴുകി, അത് അവരെ സന്തുഷ്ടരാക്കി.

**13.** ഓ, യോനാ, നീ ശാപങ്ങൾ ഉയർത്തിക്കൊണ്ടുവന്നു.
എന്നാൽ അസൂയാവഹങ്ങളായ അനുഗ്രഹങ്ങൾ
നീ വഹിക്കുകയും കൊണ്ടുവരികയും ചെയ്തു.

**14.** കാരണം, അവർ നിന്നിൽനിന്ന് കോപവചസുകൾ കേട്ടു.
എനിക്കുള്ളതു ശ്രവിക്കാൻ അവർ ഇടയാക്കി: സ്തുതിയുടെ ശബ്ദം.

**15.** നീ ഒരു മൺവെട്ടി എടുത്ത് പിഴുതെറിയാൻ പുറപ്പെട്ടു.
നിന്റെ മൺവെട്ടി ഫലം ഉല്പാദിപ്പിക്കുന്നവന്റേതായിരുന്നു.

**16.** എന്റെ പ്രിയന്റെ മുന്തിരത്തോപ്പിനെ ലജ്ജിപ്പിച്ച
മുന്തിരിത്തോട്ടം,[264] തവിടിനു പകരം അനുഗ്രഹങ്ങൾ വഹിച്ചു.

**17.** കമർപ്പുള്ള മുന്തിരിങ്ങാകൾ പഴുത്തു
അതിന്റെ പഴങ്ങൾ അതിന്റെ മുന്തിരിമുകുളങ്ങളെ നനച്ചു.

**18.** ആവണക്കിൻ ചെടിയിൽ യോനാ സന്തോഷിച്ചു.
എന്നാൽ മുന്തിരിങ്ങാ വഹിക്കുന്ന കുലകളിൽ അവൻ ദുഃഖിച്ചു.

**19.** ആ ചെടി വാടിക്കരിഞ്ഞുപോയി; യോനാ രോഷാകുലനായി.
മുന്തിരിക്കുലകൾ ഈറേദൂതന്മാരെ സന്തുഷ്ടരാക്കി.

**20.** തന്റെ കോപം കാരുണ്യത്തിന്റെ കച്ചവടക്കാരനായിരിക്കാനായി
അതിനെ നിനിവേയിലെക്കയച്ചവന് നന്ദിപറയുവിൻ.

---

264. നിനിവേ നഗരം.

www.malankaralibrary.com



21. ആഴത്തിലെ നിക്ഷേപവും ഉയരത്തിലെ നിക്ഷേപവും എന്ന
രണ്ടു നിക്ഷേപങ്ങൾക്കായി അവിടുത്തെ കോപം വിജ്രംഭിച്ചു.

22. ഫലം വളരെ വേഗം ആഴത്തിൽനിന്ന് ഉയരത്തിലേക്കു കയറി.
കാരുണ്യം വളരെ വേഗം ഉയരത്തിൽനിന്ന് ആഴത്തിലേക്ക് ഒഴുകി.

23. രക്തത്തിന്റെ പണം വളരെവേഗം
ആഴത്തിൽനിന്ന് ഉയരത്തിലേക്കു കയറി.
സഹതാപം വളരെവേഗം ഉയരത്തിൽനിന്ന് ആഴത്തിലേക്ക് വന്നു.

24. അത്തിവൃക്ഷം വെട്ടി ശരിപ്പെടുത്തേണ്ട സമയമായി.
മൃതഫലംകൊണ്ട് ജോലിക്കാരൻ പണയംവച്ചു.

25. പെട്ടെന്ന് ആരോഗ്യം പ്രാപിച്ച അത്തിവൃക്ഷത്തെ
വേരോടെ പിഴാനായി യോനാ കോടാലി ഉയർത്തി.

26. രാജാവിന്റെ പ്രിയപ്പെട്ടതിനെ വെട്ടിക്കളയാൻ
അവൻ ആഗ്രഹിച്ചതിനാൽ
അവന്റെ പ്രിയപ്പെട്ട ചെറിയ ചെടിയെ പുഴു തിന്നുകളഞ്ഞു.

27. അവൻ സമാധാനപുത്രനായി സമാധാനത്തിൽ സന്തോഷിക്കാ
ഞ്ഞതിനാൽ, തർക്കിക്കുന്ന വ്യക്തി എന്ന നിലയിൽ കടലിലേക്ക്
എറിയപ്പെട്ടു.

# ഗീതം 51

## പ്രകാശം - 1

രീതി: "എന്റെ സഹോദരങ്ങളും എന്റെ പിതാക്കന്മാരും എന്റെ മക്കളുമേ, എന്റെ പ്രബോധനത്താൽ പ്രേരിതരാകുവിൻ".

1. പ്രകാശം ഞായറാഴ്ച ജേതാവായി,
ഒരുപമയിലെന്നപോലെ ഉയർത്തപ്പെട്ടു.
ആഴ്ചയിലെ മറ്റ് ആറുദിവസങ്ങളും,

www.malankaralibrary.com



അവനു പ്രിയംകരങ്ങളായ സൃഷ്ടികളും
അതിനെ സമീപിച്ച് അതിനെ കിരീടം ധരിപ്പിച്ചു;
സൃഷ്ടിക്കപ്പെട്ട ആടുമാടുകളുടെ കൂട്ടങ്ങൾ,
എല്ലാ പറവകളോടുംകൂടി പ്രാവുകൾ, വിവിധതരം മത്സ്യങ്ങൾ.
പുതിയ ആൺവർഗങ്ങൾ പുതിയ പെൺവർഗങ്ങളെ
കണ്ടതിൽ സന്തോഷിച്ചു.
അവൻ ഉയർത്തപ്പെട്ടു; അവൻ അവയെ ഉയർത്തുകയും ചെയ്തു.
നമ്മുടെ കർത്താവിൻെറ പ്രതീകമായി
അന്ധകാരത്തെ കീഴടക്കിയ കിരീടം
പൂക്കൾകൊണ്ട് അവ അടുത്തിട കൊരുത്തു.

*പ്രതിസ്തോത്രം: നുണയരെ ഖണ്ഡിച്ച സത്യവാനു സ്തുതി.*

**2.** മൂന്നു ദിവസത്തേക്ക് പ്രകാശം സേവിക്കുകയും
മറഞ്ഞിരിക്കുകയും ചെയ്തു:
മൂന്നു വർഷത്തേക്ക് നമ്മുടെ പ്രകാശം സേവിക്കുകയും
ഉയർത്തപ്പെടുകയും ചെയ്തു.
എല്ലാ നഗരങ്ങളിലും വച്ച് അവിടുന്ന് യൂദായിൽമാത്രം ഉദിച്ചു.
രണ്ടാമത്തൊരു പ്രതീകമാണ് സൂര്യൻ.
അതിൻെറ നാഥനെപ്പോലെ അതും എല്ലായിടത്തും ഉദിക്കുന്നു.
നാലാം ദിവസം അതു പ്രകാശിച്ചു.
നാല് ഗ്രന്ഥങ്ങളാൽ നമ്മുടെ സൂര്യൻ പ്രകാശിച്ചു.
ആദ്യത്തെ അന്ധകാരം ദുർബലമായി.
തൻെറ കിരണങ്ങൾകൊണ്ട് അവിടുന്ന് രണ്ടാമതു തിരിച്ചുവന്ന്
അതിനെ നിഷ്കാസനം ചെയ്തു.

**3.** പ്രതീകാത്മകമായി നമ്മുടെ കർത്താവ്
പ്രകാശം സൗജന്യമായി വിതരണം ചെയ്യുന്നു.
കൃപയായി അവിടുന്നു തൻെറ നിക്ഷേപം തുറന്ന് വാരി വിതറുന്നു.
തന്നെ സമീപിക്കുന്നവർക്കെല്ലാം നൽകി,
അവിടുന്ന് അവരെ സമ്പന്നരാക്കുന്നു.
എല്ലാ നയനങ്ങൾക്കും, അസൂയകൂടാതെ,
അവിടുത്തെ ദാനം തുല്യമാണ്.
ബലഹീനമായ കണ്ണിനുപോലും, തൻെറ വിജ്ഞാനത്തിൽ

www.malankaralibrary.com



തൻെറ അനുഗ്രഹങ്ങളിൽനിന്ന് അവിടുന്ന് കൊടുക്കുന്നു;
തൻെറ രശ്മികളാൽ അവിടുന്ന് അതിനെ എത്തിപ്പിടിക്കുന്നു.
അതിൻെറ പ്രകാശത്തെ സ്വീകരിക്കാൻ
ബലഹീനമായ കണ്ണിന് കഴിവില്ലാത്തതിനാൽ
തൻെറ സ്നേഹത്താൽ തൻെറ ശക്തി കുറച്ച്
അവിടുന്ന് അതിന്മേൽ വർഷിക്കുന്നു.

4. സാധാരണ മുഖങ്ങൾ പ്രകാശം ധരിച്ച്
സൗന്ദര്യമുള്ളവയായിതീരുന്നു.
കാരണം, നവമായ നയനത്തിൻെറ വസ്ത്രമാണ് പ്രകാശം.
കണ്ണ് അതു ധരിക്കുമ്പോൾ പ്രകാശം അതിനോട് പറ്റിച്ചേർന്നു
എന്നല്ല അനുഭവപ്പെടുന്നത്, പ്രത്യുത പ്രകാശം അടിച്ചു എന്നത്രേ.
പ്രകാശം ചിതറപ്പെട്ട് കണ്ണിലടിക്കുമ്പോൾ,
അതിൻെറ അനുഭവം അവിടെ ഉണ്ടാകുന്നില്ല.
അന്വേഷണത്തിന് ഉപരിസ്ഥനായ കർത്താവിൻെറ
പ്രതീകമാണിത്.
കണ്ണിൻെറ പ്രതീകത്തിൽ ആത്മാവ് നിറയപ്പെടുന്നു;
എന്നാൽ അവിടുത്തെ ജനനത്തെ ധ്യാനിക്കാൻ അശക്തമാകുന്നു.

5. എല്ലാ ജീവജാലങ്ങൾക്കും അവയുടേതായ
സൗന്ദര്യവും വൈവിധ്യവും ഉണ്ട്.
പ്രകാശത്താൽ പൊതിയപ്പെടാതിരിക്കുന്നത് അദൃശ്യമാണ്.
കാരണം, ഏറ്റവും മനോഹരവും ഏറ്റവും അഭിഗാമ്യവുമായ
വസ്ത്രമാണിത്.
നഗ്നമായ നയനം, സംശയലേശമെന്യേ ഇരുട്ടിനെ ധരിച്ചിരിക്കുന്നു.
കാഴ്ചയ്ക്ക് പറ്റാത്ത നിറത്താൽ അതു പൊതിയപ്പെട്ടിരിക്കുന്നു.
സ്വേച്ഛയാ നമ്മുടെ രക്ഷകനെ ഉരിഞ്ഞുകളയുന്നവൻ
കറുത്ത സാത്താനെ ധരിക്കുന്നു.
ദുഃഖിതമായ തെറ്റിൻെറ നിറത്തോടുകൂടി
നിർഭാഗ്യവാൻ വീണ്ടും പൊതിയപ്പെടുന്നു.

6. കരയിലോ കടലിലോ പാതയില്ലെങ്കിൽ, യാത്ര ദുർഘടമാണ്.
നിന്നിൽ പാതകൾ ഋജുവും സുവ്യക്തവുമാണ്.

www.malankaralibrary.com



നിൻെറ വരവുകൊണ്ട് ഞങ്ങളുടെ എല്ലാ ഇടർച്ചക്കല്ലുകളും
നീക്കപ്പെട്ടു. ആരും നിർബന്ധിക്കാതെ തന്നെ വന്യമൃഗങ്ങളും
ഇഴജന്തുക്കളും നിന്നെ വണങ്ങുന്നു.
നിന്നെ കാണുമ്പോൾ അവ തങ്ങളുടെ മാളങ്ങളിലേക്കു പതുങ്ങുന്നു.
കള്ളൻ നിന്നെ കാണുമ്പോൾ വടി കൂടാതെയും
വാളെടുക്കാതെയും പിൻവാങ്ങുന്നു.
അത് കൊലയാളിയുടെ വാളിനെ പിൻവലിപ്പിക്കുകയും
ഒളിപ്പിക്കുകയും ചെയ്യുന്നു.

7. ആദവും ഹവ്വായും പുതുതായി നിന്നെ കണ്ടുമുട്ടി.
അവർ പ്രകാശമായ നിന്നിൽ അവരുടെ ശോഭ കണ്ടു സന്തുഷ്ടരായി.
വീണ്ടും, നിന്നിൽ അവർ തങ്ങളുടെ ഇലകൾകണ്ട് ദുഃഖിച്ചു.
സത്യപ്രകാശം ഉദയം ചെയ്തു.
പാപിനി പരിപാകതയിൽ സ്വയം പൊതിഞ്ഞു.
കള്ളൻപോലും സൗഭാഗ്യപറുദീസായിൽ കയറി;
ഇരുട്ട് അവനെയും ചുംബിച്ചു...അവൻെറ ന്യൂനത.
എന്നാൽ അന്ധകാരം അന്ധകാരത്തിൽ അഭയം തേടാൻ പാഞ്ഞു.

8. സാത്താനും മരണവും തങ്ങളുടെ സ്നേഹിതനായ
സർപ്പത്തോടുകൂടി പുഷ്പത്തെ പെട്ടെന്ന് കാംക്ഷിക്കുകയും
തങ്ങളുടെ അസംബ്ലിയിൽ തടഞ്ഞുവയ്ക്കുകയും ചെയ്തു.
അവരുടെ വഞ്ചനയിൽ ദുഃഖകരമായ ചൂടുകാറ്റുകൾ അതിനെ ചുറ്റി.
ദുഃഖത്താലും ഇരുട്ടിനാലും രാത്രിയാലും ശല്യപ്പെടുത്തപ്പെട്ട
പൂമൊട്ട് പാതാളത്തിൽ ഒരു പുഷ്പമായി മുളച്ചുവന്നു.
അത് ജീവൻെറ വൃക്ഷമായി തീർന്ന് സൃഷ്ടിയെ രക്ഷിച്ചു.
അത് കിരീടധാരണത്തിനായി ആരോഹണം ചെയ്തു.
ജേതാക്കളെ കീഴടക്കുന്നവൻെറ കിരീടധാരണത്തെ
ദൈവം മഹത്ത്വപ്പെടുത്തി.

9. മൃഗങ്ങൾ പ്രകാശമായ നിന്നെ കണ്ടു സന്തോഷിച്ചു.
ആത്മാക്കൾ സത്യപ്രകാശം കണ്ട് വെടിപ്പുള്ളവരായി.
നിന്നെ കണ്ടുമുട്ടിയ ആടുമാടുകളുടെ കൂട്ടങ്ങളുടെ പ്രതീകത്താൽ,
ശബ്ദമുള്ള ബൗദ്ധികസമൂഹങ്ങൾ

www.malankaralibrary.com



നമ്മുടെ കർത്താവിനെ കാണാൻ എത്തുകയും
അവിടുത്തെ സ്വീകരിക്കാൻ ഓശാനകളാൽ
പുറപ്പെടുകയും ചെയ്തു.
പ്രകാശത്തെ ദർശിക്കാനെത്തിയ ആദ്യ നിശ്ശബ്ദതയ്ക്കു പകരം
പിന്നീട് സ്വർഗീയരുടെ വായ്കൾ മഹത്ത്വത്തോടുകൂടി
നമ്മുടെ പ്രകാശത്തെ എതിരേൽക്കാൻ വന്നു.

**10.** എൻെറ പ്രിയപ്പെട്ടവരേ, ഇതാ, ഒരത്ഭുതം!
തങ്ങൾ ആഗ്രഹിക്കുന്നതിനെല്ലാം മതിയായ ഒരു പ്രകാശം.
അത് അടഞ്ഞ ചെവികളും വായ്കളുംപോലും തുറന്നു.
അത് വരണ്ട കൈകളെ നേരേയാക്കി;
തൻെറ സ്നേഹത്തിൽ, വിശന്നവരെ തീറ്റിപ്പോറ്റി.
അവൻ നേരേയാക്കിയ കൈകൾ മഹത്ത്വം നൽകുന്നു.
അവൻ തുറന്ന വായ്കൾ സ്തുതി പാടുന്നു.
അവൻ നേരേയാക്കിയ പാദങ്ങൾ സന്തോഷംകൊണ്ട് നൃത്തം
വയ്ക്കുന്നു. അവൻ ജീവിപ്പിച്ച പരേതരുടെ ശവപ്പെട്ടികൾ അവനെ
എതിരേല്ക്കാൻ വരുന്നു.
വിശന്നവർ തങ്ങളുടെ ആഹാരവുമായും
സംശയഗ്രസ്തർ സംശയനിവാരണവുമായും കടന്നുവരുന്നു.
"നിൻെറ ആഗമനം വാഴ്ത്തപ്പെട്ടതാകുന്നു" എന്ന്
അവർ ആർത്തുവിളിച്ചു.

**11.** തൻെറ ആഗമനത്താൽ ജീവനുള്ളവരെ ക്ഷീണിപ്പിക്കുന്ന
പ്രകാശത്തിനു പകരം
സത്യപ്രകാശം ക്ഷീണിതർക്ക് വിശ്രമം നൽകുന്നു.
മുക്കുവരെ മീൻപിടിത്തം എന്ന കഠിന ജോലിയിൽനിന്ന്
അവിടുന്ന് വിമുക്തരാക്കി;
എല്ലാവരെയും എല്ലാറ്റിൽനിന്നും വിടുവിക്കുന്നു.
"ആലയിൽ കിടന്ന് അലയ്ക്കുന്ന ആട്ടിൻകൂട്ടത്തെയും
മലകളിൽ അമറുന്ന കന്നുകാലികൂട്ടത്തെയും
ചതുപ്പുസ്ഥലങ്ങളിൽ മേയുന്ന കൂട്ടത്തെയും
പൊട്ടിപ്പിളർന്ന മലകളെയും എല്ലാം വിട്ടുപേക്ഷിക്കുക.
ഇവയെയെല്ലാം നിന്ദിച്ചുപേക്ഷിച്ചിട്ട് സ്വയം രക്ഷിക്കുക".

www.malankaralibrary.com



12. ദൃശ്യപ്രകാശം സ്പർശനാതീതമാണെങ്കിൽ
നിഗൂഢ പ്രകാശത്തെ എങ്ങനെ ഗ്രഹിക്കാനാവും?
എന്നാൽ ചിന്തകൊണ്ടുപോലും അവിടുത്തെ സ്പർശിക്കാൻ
ആവില്ലെങ്കിൽ, പിന്നെങ്ങനെ അവരവനെ പിടിച്ച് ക്രൂശിച്ചു?
പ്രകാശം ഇരുട്ടിൽനിന്ന് ഉണർന്നെഴുന്നേറ്റു.
നിൻെറ പ്രതീകത്തിൽ അവനും കല്ലറയിൽനിന്നു പുറത്തുവന്നു.
പ്രകാശത്തിലേക്ക് കടന്നുവന്ന് അലംകൃതമായ
ആറു ദിവസങ്ങൾക്കു പകരം, ഉയരവും ആഴവും നാല് ദിക്കുകളും
എന്ന ആറെണ്ണം നിന്നെ ആരാധിക്കുന്നു.

# ഗീതം 52

## പ്രകാശം - 2

അതേ രാഗം

1. പ്രകാശം രാജാവിനെപ്പോലെ അന്ധകാരത്തെ കീഴടക്കുകയും
അന്ധകാരം കീഴടക്കപ്പെടുകയും ചെയ്തു.
എന്നാൽ അന്ധകാരം ഒരു യാഥാർത്ഥ്യമല്ലാത്തതിനാൽ,
അതു കീഴടക്കപ്പെടുകയും നീക്കപ്പെടുകയും ചെയ്തു.
ദുഷ്ടൻ ആദത്തെ കീഴടക്കുകയും
കീഴടങ്ങാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തു.
നമ്മുടെ പ്രകാശം നിഗൂഢമായിരുന്നെങ്കിലും
അടുത്തുള്ള ആ പ്രകാശത്താൽ അവിടുന്ന് ചിത്രീകരിക്കപ്പെട്ടു.
അത് അന്ധകാരത്തെ കീഴടക്കുന്നതിനാൽ,
നമ്മുടെ കർത്താവിൻെറ ആഗമനത്തോടുകൂടി
സാത്താൻ കീഴടങ്ങുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു.
ആരംഭത്തിൽ അന്ധകാരം കീഴടങ്ങി;
അവസാനം ദുഷ്ടനും കീഴടങ്ങുമെന്ന് അത് അറിയിച്ചു.

www.malankaralibrary.com



2. അതുകൊണ്ട് അവൻെറ നിന്ദ്യമായ വിജയത്തിനുമുമ്പ്,
ആദത്തെ അവൻ കീഴടക്കി ജയഭേരി മുഴക്കുന്നതിനുമുമ്പ്,
അവന് സദൃശ്യമായ കീഴടക്കപ്പെട്ട അന്ധകാരത്തിൻെറ
നിന്ദ്യതയിൽ അവൻ ആദ്യം ചിത്രീകരിക്കപ്പെട്ടു.
അന്ധകാരം അന്ധകാരത്തെ പ്രഘോഷിച്ചു.
പ്രകാശം നമ്മുടെ പ്രകാശത്തെപ്പറ്റി നമ്മെ പഠിപ്പിച്ചു.
പ്രഘോഷിക്കുന്നവർ പ്രഘോഷിതനെ സദൃശീകരിക്കുന്നു.
ഞായറാഴ്ച, പ്രകാശം കീഴടക്കി.
അതു നമ്മുടെ രക്ഷകനെയും അവിടുത്തെ ദിവസത്തെയും
അവിടുത്തെ ജയഭേരിയെയും ചിത്രീകരിച്ചു.

3. സൂര്യൻ ലോകത്തിൽ മൂന്നു പ്രതീകങ്ങൾ പ്രഘോഷിച്ചു;
അതിൻെറ പ്രഭയിൽ നോക്കുവാൻ
കുറച്ചുപേർക്കുമാത്രം സാധിക്കുന്നു.
ആരോഗ്യമുള്ളവർക്കാണ് അതിൻെറ ഉജ്ജ്വല പ്രകാശം.
രോഗികൾക്ക് അതിൻെറ രശ്മികളും.
നമ്മുടെ സൂര്യനും മൂന്നു പ്രതീകങ്ങൾ നൽകുന്നു.
അവിടുത്തെ പരിപൂർണമായ കല്പനകൾ പരിപൂർണർക്കാണ്;
ചെറിയ കല്പനകൾ സാധാരണക്കാർക്കാണ്.
പരിപൂർണർക്ക് മിശിഹായുടെ ബലഹീനതയിൽ
അവിടുത്തെ എത്തിപ്പിടിക്കാനാവും.
അഹങ്കാരം രോഗമാണ്;
വിനയത്തിൻെറ ശക്തി പരിഗണിക്കാൻ അതിനാവില്ല.

4. നമ്മുടെ രക്ഷകൻെറ ആ ജനനമാണ്
കിരണങ്ങളുടെ ഉത്ഭവസ്ഥാനം.
അതേപ്പറ്റി അന്വേഷിക്കാൻ നമ്മുടെ മനസ്സ് വളരെ ബലഹീനമാണ്.
അപഗ്രഥിക്കാമെന്ന് കരുതിയാൽ,
അതിൻെറ ഉത്ഭവസ്ഥാനത്തെത്താൻ കഴിയില്ലെന്നു മനസിലാകും;
അതിൻെറ രശ്മികൾ അവനെ തള്ളിക്കൊണ്ടിരിക്കുകയും
കടക്കുന്നതിനെ തടയുകയും ചെയ്യും.
അവ അവനെ തള്ളിപ്പുറത്താക്കി,
തങ്ങളുടെ രശ്മികൾ അവൻെറ മേൽ നിപതിപ്പിക്കും.

www.malankaralibrary.com



സൂര്യൻ സഞ്ചരിക്കുമ്പോഴും നിശ്ചലമാണെന്ന്
നിനക്കു കഴിയുമെങ്കിൽ നോക്കിക്കാണുക.
അതിന്റെ പ്രയാണത്തിലും നിശ്ചലതയിലും
അത് അത്ഭുതം തന്നെ.

5. ദൃശ്യപ്രകാശം സ്പർശനാതീതമാണ്.
എപ്പോഴും അപഗ്രഥനാതീതമായിരിക്കുന്ന കിരണം കണക്കെ
നിഗൂഢപ്രകാശവും സ്പർശനാതീതമാംവിധം സൂക്ഷ്മമാണ്.
നമ്മുടെ കണ്ണുകൾ അടച്ച്
അതിനുള്ളിൽ പ്രകാശത്തെ ഉൾക്കൊള്ളാൻ ശ്രമിച്ചാൽ,
അത് മങ്ങി, അതിന്റെ പുറപ്പെടൽ അന്ധകാരമയമാക്കുന്നു.
ഞങ്ങളുടെ പ്രകാശമേ, നിന്നെ പരിശോധനാവിധേയമാക്കുന്ന
ഞങ്ങളുടെ മനസ്സും അന്ധകാരമയമാകുന്നു.
കാരണം, നിന്റെ ജനനം വിശകലനാതീതമാകുന്നു;
നിന്റെ സമ്പൽസമൃദ്ധി അഗ്രാഹ്യമാകുന്നു.
നിന്റെ നിക്ഷേപം അപഗ്രഥനാതീതമാകുന്നു.

6. ധിക്കാരികളായ താർക്കികരുടെ അഹങ്കാരത്തെ നീ വിനീതമാക്കി.
ആഞ്ഞടിക്കുന്ന അന്വേഷകരുടെ ശബ്ദത്തെ നീ വിനീതമാക്കി.
കടന്നാക്രമിക്കുന്ന പരിശോധകരുടെ കൂട്ടത്തെ നീ ചിതറിച്ചു.
നിന്റെ പ്രകാശത്തെ അപഗ്രഥിക്കാമെന്ന് അവർ കരുതി;
എന്നാൽ നിന്റെ വ്യാപ്തി അന്വേഷണപരിധിയിൽ നിന്നില്ല.
ഗ്രഹിക്കാനായി നിന്റെ പ്രത്യക്ഷീകരണം വെട്ടിമുറിക്കപ്പെടാനായില്ല.
അളക്കാനായി നിന്റെ ഉറവിടത്തിന്റെ ഒഴുക്കിനെ
തടഞ്ഞു നിർത്താനാവില്ല.
നീ നിന്റെ പിതാവിൽ മറഞ്ഞിരുന്നു.
അവന്റെ അന്തസ്സത്ത അപഗ്രഥനാവിഷയമാകുമെങ്കിൽ,
അവന്റെ പുത്രനെയും ഗ്രഹിക്കാനാവും!

7. നിന്റെ ജനനം ഞങ്ങളെ അമ്പരപ്പിക്കുന്നു;
അത് തികച്ചും അഗ്രാഹ്യമാണ്.
നിന്നെക്കുറിച്ചുള്ള അന്വേഷണം ഞങ്ങളെ സ്തംഭിപ്പിക്കുന്നു;
അത് പരിശോധനാതീതമാണ്.

www.malankaralibrary.com



നിൻെറ പ്രകാശം ഞങ്ങളെ നിറയ്ക്കുന്നു; അത് അഗ്രാഹ്യമാണ്.
നമ്മുടെ സൂര്യനെ ആര് പരിശോധിച്ചിട്ടുണ്ട്?
ഞങ്ങൾക്കറിയാൻ നിൻെറ വ്യാപ്തി ഞങ്ങളുടെ കഴിവിനതീതമാണ്.
ഞങ്ങൾ അളക്കാൻ, നിൻെറ പ്രത്യക്ഷീകരണം അഗ്രാഹ്യമാണ്.
ദിവ്യയാഥാർത്ഥ്യം സുഗ്രാഹ്യമെങ്കിൽ, അവൻെറ ജനിപ്പിക്കലും
അപഗ്രഥനാവിധേയമാകുമായിരുന്നു.
പിതാവിനെ വിശദീകരിക്കാനായാൽ,
അവൻെറ പുത്രനെ വിശദീകരിക്കാൻ എളുപ്പമാണ്.

8. പല സൃഷ്ടികളെക്കാളും ചെറുതായ കൊതുകിനെ
നമുക്കു പരിശോധിക്കാം; അതിൻെറ ശരീരം ചെറുതാണ്.
ബൗദ്ധിക അളവുകോലിൻെറ അന്വേഷണത്താൽ
അതിനെ തൂക്കിനോക്കാനാവില്ല!
കൊതുകേ, നിൻെറ ആന്തരാവയവങ്ങളും
ഞങ്ങൾ സ്പർശിക്കാനായി നിൻെറ കണ്ണും കാതും എവിടെ?
നിൻെറ അവയവങ്ങളെ ഏതു കൈ നിർമിച്ചു?
നീ നിൻെറ സ്രഷ്ടാവിൻെറ പ്രഘോഷകനാണ്!
തൻെറ സത്തയിൽ കൊതുക് ഒരു മലയായിത്തീർന്നു.
അതിൻെറ ശരീരം ചെറുതാണെങ്കിലും,
അതിനെപ്പറ്റിയുള്ള അന്വേഷണം വലുതാണ്!

9. അതുകൊണ്ട് എല്ലാ ബലിഷ്ഠ ജീവികളെയും നമുക്കു വിട്ടുകളയാം.
അവയെക്കാളുപരി, മഹനീയരായ മനുഷ്യരെയും,
അതിനും ഉപരി അകലെയുള്ള സ്വർഗീയജീവികളെയും വിട്ടുകളയാം.
നാം നിന്ദിച്ചെങ്കിലും നമ്മെ നിലനിർത്തിയ
ഈ ശിശു എത്ര നിഗൂഢനാണെന്ന് നിശ്ശബ്ദതയിൽ
ധ്യാനിക്കയല്ലാതെ നമുക്കു മറ്റൊന്നും ചെയ്യുവാനില്ല.
അവർ ചോദ്യങ്ങൾവഴി അവനെ കോപിപ്പിക്കുകയും
അന്വേഷണത്തിലൂടെ അവമാനിക്കുകയും
തർക്കങ്ങളിലൂടെ പരിമിതപ്പെടുത്തുകയും ചെയ്തു.
ഭീതിജനകനായ അവിടുത്തേക്ക്
നമ്മുടെ കൃതജ്ഞതാസ്തോത്രം അർപ്പിക്കാം.

www.malankaralibrary.com



10. എല്ലാറ്റിനും പരിമാണവും ഭാരവും അളവും ഉണ്ട്.
ശബ്ദരഹിതവും ശാന്തവും മൂകവുമാണ് അവയുടെ പ്രകൃതി.
സംസാരശക്തി ഉണ്ടെന്നമട്ടിൽ, തങ്ങളുടെ മൗനത്താൽ,
പരിമാണവും ഭാരവും അളവും ഉള്ള നമ്മെ അവ പ്രേരിപ്പിക്കുന്നു.
ഞങ്ങളുടെ കർത്താവേ, മനസ്സും ബുദ്ധിയുമാകുന്ന നീ
ഒരിക്കലും പരിമാണമോ, ഭാരമോ, തൂക്കമോ ഉള്ളവനല്ല.
നിന്റെ ജനനം അപഗ്രഥിക്കാൻ ആവില്ലെന്നും
നിന്റെ ആഴത്തെ അളക്കാനാവില്ലെന്നും
നിന്റെ ഔന്നത്യത്തെ ഗ്രഹിക്കാനാവില്ലെന്നും
ബുദ്ധിജീവികൾ സൃഷ്ടിയിൽ ഉദ്ഘോഷിക്കുന്നു.